# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 സെപ്റ്റംബർ 30, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 30, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1055/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....74

**II അറിയിപ്പ്**

ഇന്ത്യൻ സൈന്യത്തിന് അഭിനന്ദനം—

മി. സ്പീക്കർ ....319

**III അടിയന്തരപ്രമേയം**

സ്വാശ്രയ മെഡിക്കൽ പ്രവേശനം—

ശ്രീ. വി. ടി. ബൽറാം ....321

(അവതരണാനുമതി നിഷേധിച്ചു.)

**IV ശ്രദ്ധ ക്ഷണിക്കൽ**

ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾ—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ ....349

**V സബ്മിഷൻ**

(1) പറമ്പിക്കുളം-ആളിയാർ നദീജല കരാർ—

ശ്രീ. ബി. ഡി. ദേവസ്സി ...352

(2) മുൻസിഫ് മജിസ്ട്രേറ്റ് കോടതി—

ശ്രീ. കാരാട്ട് റസാഖ് ....353

(3) വയൽ കമ്മിറ്റി പുനഃസ്ഥാപിക്കൽ—

ശ്രീ. സി. കൃഷ്ണൻ ....354

(4) കടൽഭിത്തി നിർമ്മാണം—

ശ്രീമതി ഗീതാ ഗോപി ...356

(5) നാളികേര സംഭരണം—

ശ്രീ. കെ. കുഞ്ഞിരാമൻ ...357

(6) അദ്ധ്യാപക നിയമനം—

ശ്രീ. ആർ. രാമചന്ദ്രൻ ...359

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47 (2) അനുസരിച്ചുള്ള കടലാസുകൾ ...360

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 സെപ്റ്റംബർ 30, വെള്ളി*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2016 സെപ്റ്റംബർ മാസം 30-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ കോൺഗ്രസ്സ് (എം)-ഉം ബി.ജെ.പി.-യും ഒഴികെയുള്ള പ്രതിപക്ഷ അംഗങ്ങൾ കറുത്ത ബാഡ്ജ് ധരിച്ചും സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ചും എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *121 പ്ലീസ്..... പ്ലീസ്........ ദയവായി സീറ്റിൽ ഇരിക്കണം ........

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

1(*121) <u>ശ്രീമതി യു. പ്രതിഭ ഹരി</u> :

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :

<u>ശ്രീ. എ. എൻ. ഷംസീർ</u> :

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ പ്രധാന പോരായ്മകൾ എന്തൊക്കെയായിരുന്നു;

(ബി) 2014-15 വർഷം കൃഷി, വ്യവസായം തുടങ്ങിയ ഉൽപ്പാദന മേഖലകളിലെ ചെലവ് വളരെ കുറവായതിന്റെ കാരണം നിശ്ചിത വിഹിതം ഉൽപ്പാദന മേഖലയിലേക്ക് മാറ്റി വയ്ക്കണമെന്ന നിബന്ധന മുൻസർക്കാർ എടുത്തു കളഞ്ഞതാണോ; എങ്കിൽ അത് പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലകളിൽ മുതൽമുടക്ക് വർദ്ധിപ്പിക്കാൻ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് ഉദ്ദേശിക്കുന്നത്;

(സി) 2014-15 വർഷത്തിൽ പട്ടികജാതിക്കാർക്കായി ആവിഷ്കരിച്ച പദ്ധതിയിൽ നാമമാത്രമായ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്ത് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സി.&എ.ജി.-യുടേയും സ്റ്റേറ്റ് ഓഡിറ്റ് വിഭാഗത്തിന്റേയും പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റേതുമായ മൂന്ന് തരത്തിലുള്ള പരിശോധനകളാണ് നടന്നുവരുന്നത്. സി.&എ.ജി. 2014-15 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ പ്രധാനപ്പെട്ട 9 പോരായ്മകൾ താഴെപ്പറയുന്നവയാണ്:

1. മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നില്ല.
2. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പദ്ധതികൾ നടപ്പിലാക്കുന്നു.
3. ഉൽപ്പാദന മേഖലയ്ക്ക് പദ്ധതി വിഹിതം കുറഞ്ഞുവരുന്നു.
4. വനിതാ ഘടക പദ്ധതികളുടെ ധനവിനിയോഗം കാര്യക്ഷമമല്ല.
5. പട്ടികജാതിക്കാർക്കുള്ള ഘടക പദ്ധതികളിൽ പോരായ്മകളുണ്ട്.
6. പാലിയേറ്റീവ് പരിചരണം, ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ എന്നിവർക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ അപാകതകൾ സംഭവിക്കുന്നു.
7. പരിസ്ഥിതി ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയ ആരോഗ്യ ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പല തദ്ദേശ ഭരണസ്ഥാപനങ്ങളും വീഴ്ച വരുത്തുന്നു.
8. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ധനനഷ്ടവും പാഴ്ച്ചെലവുകളുമുണ്ടാക്കുന്നു.
9. സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സബ്സിഡി നൽകുന്നു.

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ...... ദയവായി സീറ്റിൽ ഇരിക്കണം....

(ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെ തുടർന്ന് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരായി.)

ഡോ. കെ. ടി. ജലീൽ: സർ, സ്റ്റേറ്റ് ഓഡിറ്റ് വിഭാഗത്തിന്റെ കണ്ടെത്തലുകൾ അഞ്ചായി സംഗ്രഹിക്കാം.

1. നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചുവരുന്നു.
2. നദീതീര സംരക്ഷണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരാജയം സംഭവിക്കുന്നു.
3. ക്ഷേമ പെൻഷനുകളുടെ ഗുണഭോക്തൃ നിർണ്ണയത്തിലും വിതരണത്തിലും പാകപ്പിഴകൾ സംഭവിക്കുന്നു.
4. മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ ശരിയായ ഇടപെടലുകൾ നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.
5. ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള ക്ഷീരവികസന ഫാമുകളുടെ നടത്തിപ്പിൽ ക്രമക്കേടുകളുണ്ട്.

(ബി) 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ ഉൽപ്പാദന മേഖലയ്ക്ക് നിശ്ചിത ശതമാനം തുക നീക്കി വയ്ക്കുന്നതിന് നിഷ്കർഷതയുണ്ടായിരുന്നില്ല. എന്നാൽ 2016-17 വർഷത്തെ പദ്ധതിയിൽ 20% തുക ഉൽപ്പാദനമേഖലയ്ക്ക് നീക്കിവയ്ക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്.

(സി) 2014-15 വർഷം 1253.97 കോടി രൂപ പട്ടികജാതി വികസന പദ്ധതികൾക്കായി വകയിരുത്തിയതിൽ 811.57 കോടി രൂപ (64.72%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നടപടികളിലൂടെ വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

ശ്രീമതി യു. പ്രതിഭ ഹരി : സർ, ഫിനാൻസ് കമ്മീഷന്റെ പണം ഉപാധി രഹിതമായാണ് പഞ്ചായത്തുകൾക്ക് നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ ഉപാധികളോടെ നൽകുന്നതായും ഏഴ് മേഖലകളിലേക്കായി ചുരുങ്ങിയിട്ടുണ്ട് എന്നുമാണ് അറിയാൻ സാധിക്കുന്നത്. ഫിനാൻസ് കമ്മീഷന്റെ പണം ലഭിക്കുന്നതിൽനിന്ന് കൃഷി, ഗ്രാമവികസനം എന്നീ മേഖലകൾ ഒഴിവായതായി പഞ്ചായത്തുകളുടെ റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുന്നു. ഉപാധിരഹിതമായി പണം വിനിയോഗിക്കാൻ അനുവാദം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 500 കോടി രൂപ ഉപാധികളോടെയാണ് അനുവദിച്ചിരുന്നത്. എന്നാൽ ഉപാധി രഹിതമായി തുക കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത തുക നൽകുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u> : സർ, പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഏറ്റവും ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ പറയുന്നത്. തെരുവുനായശല്യം രൂക്ഷമായ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും അവയെ ഉന്മൂലനം ചെയ്യാൻ പര്യാപ്തമാണോ എന്ന സംശയമുണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് പുതിയ നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുമോ? ശ്രീമതി മേനകാ ഗാന്ധി പാർട്ടി പരിപാടിയിൽ പങ്കെടുക്കാൻ കേരളത്തിലെത്തിയപ്പോൾ സംസ്ഥാന ഡി.ജി.പി.-യെ വിളിച്ചുവരുത്തുകയും നായ്ക്കളെ കൊന്നവർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ശ്രീമതി മേനകാ ഗാന്ധി സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടിയുള്ള വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രിയാണ്. ആ മന്ത്രി ഒരു രാഷ്ട്രീയ പാർട്ടിയുടെ പരിപാടിയിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്തെ ഡി.ജി.പി.-യെ വിളിച്ചുവരുത്തി ഇങ്ങനെയൊരു നിർദ്ദേശം നൽകുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ? തെരുവുനായശല്യത്തിന്റെ പശ്ചാത്തലത്തിൽ നിരവധി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയെ കൊല്ലാനായി രംഗത്തിറങ്ങി. തെരുവുനായ്ക്കളെ കൊല്ലാനിറങ്ങിയവർക്കെതിരെ നിരവധി കേസുകൾ രജിസ്റ്റർ ചെയ്യുകയും ഇതൊരു ക്രമസമാധാന പ്രശ്നമായി പല സ്ഥലങ്ങളിലും ഉയർന്നുവരികയുമുണ്ടായി. ഈ സാഹചര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, തെരുവുനായ്ക്കളുടെ ശല്യം സംസ്ഥാനത്ത് വർദ്ധിച്ചിരിക്കുകയാണ്. ആളുകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തെരുവുനായ്ക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നു. ഈ സാഹചര്യത്തെ ഫലപ്രദമായി എങ്ങനെ നേരിടാം എന്നതുസംബന്ധിച്ച് ഗവൺമെന്റ് ചില പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. 1960-ലെ 'Prevention of Cruelties Against Animals' എന്ന നിയമത്തിലെ 11(3) വകുപ്പുപ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ കൊല്ലാവുന്നതാണ്. 1994-ലെ കെ.പി.ആർ. ആക്ടുപ്രകാരം ആക്രമണകാരികളായ തെരുവുനായ്ക്കളെ കൈകാര്യം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നുണ്ട്. എന്നാൽ പിന്നീടുണ്ടായ സുപ്രീം കോടതി വിധിയാണ് ഇത് നടപ്പിലാക്കുന്നതിന് വിഘാതമായി നിൽക്കുന്നത്. തെരുവുനായ്ക്കൾ പെറ്റുപെരുകുന്നത് തടയുക എന്നതാണ് ഫലപ്രദമായ മാർഗ്ഗം. ഇതിന് വന്ധ്യംകരണ പ്രക്രിയ ഊർജ്ജിതമാക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിച്ചിട്ടുണ്ട്. അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽനിന്ന് അനിമൽ ബർത്ത്

കൺട്രോളിന് (ABC Programme) നിർബന്ധമായും തുക നീക്കിവയ്ക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീമതി മേനകാ ഗാന്ധി കേരളത്തിൽ വന്നപ്പോൾ നടത്തിയ പ്രസ്താവന സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സർക്കാരിന് ലഭിച്ചിട്ടില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പട്ടികജാതിക്കാർക്കായുള്ള പദ്ധതികളുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദാസീനത പ്രകടിപ്പിച്ചു എന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്. 191 പദ്ധതികളിൽ 107 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. അനുവദിച്ച തുകയുടെ 11.78 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഈ വിഷയത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന കാര്യം വകുപ്പ് ശ്രദ്ധിച്ചിട്ടുണ്ടോ? ഉദാഹരണമായി നഗരപ്രദേശങ്ങളിൽ പട്ടികജാതിക്കാർക്കുള്ള ഭവന പദ്ധതി നടപ്പിലാക്കുമ്പോൾ അവിടെ ഭൂമി ലഭിക്കാനും വാങ്ങാനും പ്രയാസമാണ്. അതുകൊണ്ട് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾ കുറവാണെന്ന് മാത്രമല്ല പലപ്പോഴും ഗുണഭോക്താക്കൾ ഉണ്ടാകാറുമില്ല. അതുകൊണ്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പദ്ധതി നടപ്പിലാക്കുമ്പോൾ ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ രൂപീകരിക്കുന്നതിന് വകുപ്പ് നിർദ്ദേശം നൽകുമോ; ആ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, നഗര പ്രദേശങ്ങളിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട എസ്. സി. പദ്ധതികൾ നടപ്പിലാക്കുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. പട്ടണ പ്രദേശങ്ങളിൽ വസ്തു വാങ്ങുന്നതിന് വലിയ തുക വേണ്ടിവരുന്നു. കൂടുതൽ തുക നൽകി സ്ഥലം വാങ്ങുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും പറയുന്നത്, നഗരപ്രദേശങ്ങളിൽ ദുർബല വിഭാഗങ്ങളുടെ ഭവന രഹിതമായ അവസ്ഥ ഇല്ലാതാക്കുന്നതിന് ഫ്ലാറ്റ് സമുച്ചയങ്ങൾ നടപ്പിലാക്കണമെന്നതാണ്. തീർച്ചയായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അത്തരമൊരു നിർദ്ദേശം സർക്കാർ നൽകും.

ശ്രീ. എ. എൻ. ഷംസീർ : സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കാനും പദ്ധതി നിർവ്വഹണം സാമ്പത്തിക വർഷത്തിലെ രണ്ട് മാസംകൊണ്ട് പൂർത്തിയാക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, പദ്ധതി രൂപീകരിക്കുന്നതിന് 9 മാസവും പദ്ധതി നിർവ്വഹണത്തിന് മൂന്ന് മാസവുമാണ് ഇപ്പോൾ ലഭിക്കുന്നത്. ഇത് പദ്ധതികളുടെ നിർവ്വഹണത്തിന് വലിയ വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ചുരുങ്ങിയത് മൂന്നോ നാലോ

മാസത്തിനുള്ളിൽത്തന്നെ പദ്ധതികൾ രൂപീകരിക്കുകയും ബാക്കിയുള്ള മാസങ്ങൾ പദ്ധതിയുടെ നിർവ്വഹണത്തിനായി വിനിയോഗിക്കുകയും ചെയ്യണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : സർ, പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജന പദ്ധതിയിൽ ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗവും ന്യൂനപക്ഷ വിഭാഗങ്ങളും മാത്രമാണ് ഗുണഭോക്താക്കളായിട്ടുള്ളത്. ജനറൽ വിഭാഗത്തിൽപ്പെട്ട ധാരാളം പേർക്ക് ഇതിന് അർഹതയുണ്ട്. ഈ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽപ്പെട്ട ദുർബലരെക്കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രമാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, പി.എം.എ.വൈ. പദ്ധതിപ്രകാരം എസ്‌സി. വിഭാഗങ്ങൾക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കുമാണ് വീടുകൾ നൽകുന്നത്. ഭവന രഹിതരായ എസ്‌സി. വിഭാഗങ്ങളും ന്യൂനപക്ഷ വിഭാഗങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ ശേഷിക്കുന്ന ഭവനങ്ങൾ ജനറൽ വിഭാഗത്തിലെ ദുർബലർക്ക് നൽകാൻ അനുമതി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ പി.എം.എ.വൈ. പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ അധീഷണലായി ഭവനങ്ങൾ അനുവദിക്കണമെന്ന കാര്യവും കേന്ദ്ര മന്ത്രിയുടെ മുന്നിൽ നിർദ്ദേശമായി സമർപ്പിച്ചിട്ടുണ്ട്. അനുകൂലമായ പ്രതികരണം ഉണ്ടാകുമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്.

ശ്രീ. കെ. ദാസൻ : സർ, പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ് സംസ്ഥാനത്തെ തോടുകളിലെയും കുളങ്ങളിലെയും ഓടകളിലെയും ഒഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. ഇവയെ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, ഇതിനായി ഗവൺമെന്റ് ഹരിതകേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകുന്ന സമഗ്ര ഇടപെടലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, സംയോജിത നീർത്തട പരിപാലനം, ഉറവിട മാലിന്യ സംസ്കരണം, കമ്പോസ്റ്റ് ഉപയോഗിച്ചുള്ള ജൈവകൃഷി എന്നിവയാണ് ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, പട്ടികജാതിക്കാർക്കായി ഭൂരഹിത-ഭവനരഹിത പദ്ധതി നിലവിലുണ്ട്. എന്നാൽ ഭൂമി രജിസ്റ്റർ ചെയ്ത് പ്രമാണം ബന്ധപ്പെട്ട അധികാരികളായ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ സൂക്ഷിക്കുകയാണ്.

അതുകൊണ്ടുതന്നെ പട്ടികജാതിക്കാർക്ക് ലോണുകൾ എടുക്കാനുള്ള സാഹചര്യം നിഷേധിക്കപ്പെടുന്നുണ്ട്. ആയതിനാൽ പ്രമാണങ്ങൾ അവർക്ക് വിട്ടുകൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ : സർ, ആ ഭവനങ്ങൾ അവരുടേതായിത്തന്നെ 10-15 വർഷം നിലനിൽക്കണമെന്ന നല്ല ഉദ്ദേശ്യത്തോടെയാണ് നിശ്ചിതവർഷം പ്രമാണങ്ങൾ സൂക്ഷിക്കുകയെന്നുള്ള പദ്ധതി നടപ്പിലാക്കിയത്. ആത്മാർത്ഥമായ സമീപനമാണ് അത്തരം നിലപാടിലേക്ക് നയിച്ചത്. എന്നാൽ ഇതിനുചില ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എന്തെങ്കിലും ആവശ്യങ്ങൾക്ക് ലോണെടുക്കേണ്ടിവരുമ്പോൾ പ്രമാണം ധനകാര്യ സ്ഥാപനങ്ങളിൽ ഈട് നൽകാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇത്തരം സാഹചര്യം എങ്ങനെയാണ് മറികടക്കാൻ കഴിയുകയെന്നത് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി കൂടിയാലോചിച്ചതിനു ശേഷം തീരുമാനിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, കഴിഞ്ഞ സർക്കാർ പുതിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 100 കോടി രൂപയും അതോടൊപ്പം 'Urban 20-20' എന്ന പദ്ധതിയും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ നിലവിലെ സ്ഥിതിയെന്താണ്? ഒട്ടേറെ കാര്യങ്ങൾ ചെയ്യാവുന്ന പൊതുശ്മശാനം, മാലിന്യ നിർമ്മാർജ്ജനം എന്നീ കാര്യങ്ങളിൽ ടീമായി പ്രവർത്തിക്കുന്നത് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമാണ്. സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരിക്കാനായി ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കാനുള്ള എന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, പുതിയതായി രൂപീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 100 കോടി രൂപ കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും അത് കേവലം പ്രഖ്യാപനം മാത്രമായിരുന്നു. പദ്ധതിയിൽ അതിനാവശ്യമായ തുക വകയിരുത്തിയിരുന്നില്ല. അതോടൊപ്പം തൽസംബന്ധമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമില്ല. 'Urban 20-20' എന്ന പദ്ധതിയും തുക വകയിരുത്താതെയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാതെയും പ്രഖ്യാപനത്തിൽ ഒതുക്കുകയാണ് ചെയ്തത്. ശ്മശാനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ കാര്യങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം ഓരോ തദ്ദേശഭരണ സ്ഥാപനവും 10 ശതമാനം തുക പദ്ധതി വിഹിതത്തിൽ നിന്നും നിർബന്ധമായും നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പൊതുശ്മശാനങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ സംസ്ഥാനത്ത് നഗരപ്രദേശങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലും അനിവാര്യമാകുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിഷയം വളരെ ഗൗരവമായിത്തന്നെ കാണണമെന്ന് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാം : സർ, ഉൽപ്പാദന മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്ന തുക ഓരോ പദ്ധതിവർഷവും കടന്നുപോകുമ്പോൾ 75 ശതമാനത്തിൽ കൂടുതൽ എക്സ്പെൻഡിച്ചറായി കാണിക്കാറില്ല. അവശേഷിക്കുന്ന തുക സേവന മേഖലയ്ക്കോ പശ്ചാത്തല മേഖലയ്ക്കോ മാറ്റിവയ്ക്കാൻ സാധിക്കുമോ; പദ്ധതി നിർവ്വഹണത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗ്രാമസേവകരുടെ സേവനമാണ്. പല ഗ്രാമപഞ്ചായത്തുകളിലും ഗ്രാമസേവകർ ആവശ്യത്തിനില്ലെന്ന പരാതി ഉയരുന്നുണ്ട്. പ്രത്യേകിച്ച് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പദ്ധതി നിർവ്വഹണത്തിന് ഗ്രാമസേവകർ അനിവാര്യമാണ്. ഗ്രാമസേവകരുടെ സേവനം ഗ്രാമപഞ്ചായത്തുകളിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ഉൽപ്പാദന മേഖലയിൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി നീക്കിവയ്ക്കുന്ന തുകയുടെ ശതമാനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാലുവർഷത്തെ പദ്ധതികൾ പരിശോധിച്ചാൽ കേവലം 10.5 ശതമാനം മാത്രമാണ് ഉൽപ്പാദന മേഖലയ്ക്ക് നീക്കിവച്ചിരിക്കുന്ന വിഹിതമെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഇത്തരമൊരു സാഹചര്യം സംസ്ഥാനത്ത് ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് വലിയ പ്രയാസങ്ങൾ ഉണ്ടാക്കുന്നുവെന്ന അഭിപ്രായം ഉയർന്നുവന്നതിന്റെ പശ്ചാത്തലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ നിർബന്ധമായും മൊത്തം വികസന ഫണ്ടിന്റെ 20 ശതമാനം ഉൽപ്പാദന മേഖലയ്ക്കായി നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉൽപ്പാദന മേഖലയിൽ നീക്കിവയ്ക്കുന്ന പണംതന്നെ വിനിയോഗിക്കപ്പെടാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ പണം ഉൽപ്പാദന മേഖലയിൽത്തന്നെ ഫലപ്രദമായി വിനിയോഗിക്കാൻ എന്തൊക്കെയാണ് വഴികൾ എന്നുള്ളതിനെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. നാമമാത്രമായി മാറ്റിവയ്ക്കുന്ന തുകപോലും ആ മേഖലയിൽ ചെലവഴിക്കപ്പെടാതെ പോയാൽ സംസ്ഥാനത്തിന്റെ വികസനം lopsided ആകുമെന്നാണ് സർക്കാർ കരുതുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, പദ്ധതി രൂപീകരണത്തിനുള്ള സമയം കൂടുതലും നിർവ്വഹണത്തിനുള്ള സമയം കുറവുമാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കാനുള്ള ശ്രമം നടത്തുമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരില്ലാത്ത പ്രശ്നമാണ് പല പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും അനുഭവപ്പെടുന്നത്. ടാർ ഒന്നിച്ചെടുത്ത് കരാറുകാർക്ക് ആവശ്യത്തിന് നൽകുന്ന സമ്പ്രദായമാണ് പഞ്ചായത്തുകളിൽ നേരത്തെ ഉണ്ടായിരുന്നത്. രണ്ടോ മൂന്നോ ബാരൽ ടാർ ആവശ്യമുള്ള സ്ഥലങ്ങളിൽ കരാറുകാർ തന്നെ വാങ്ങണമെന്നും ബിൽ വൗച്ചറാക്കണമെന്നും പറയുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. ചെറിയ ആവശ്യങ്ങൾക്ക് പഞ്ചായത്ത് ഒന്നിച്ച് ടാർ വാങ്ങി കരാറുകാർക്ക് സപ്ലൈ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവം തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രയാസപ്പെടുത്തുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വി.ഇ.ഒ.-മാരുടെ കുറവ് സംസ്ഥാനത്തുണ്ടായിരുന്നു. എന്നാൽ അത് നികത്താൻവേണ്ടി എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഡ്വൈസ് മെമ്മോ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. വി.ഇ.ഒ.-മാർക്ക് 6 മാസം പരിശീലനം നൽകണമെന്നുള്ളതാണ് വ്യവസ്ഥ. എന്നാൽ 6 മാസം നൽകേണ്ട പരിശീലനം കാലദൈർഘ്യം ചുരുക്കിനൽകി എത്രയുംവേഗം വി.ഇ.ഒ.-മാരെ ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിക്കാനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. അതോടൊപ്പം ഇവിടെ സൂചിപ്പിച്ചതുപോലെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവം ഇല്ലാതാക്കുന്നതിനും ലോക്കൽ സെൽഫ് ഗവൺമെന്റുകളെ സെൽഫ് സഫിഷ്യന്റാക്കുന്നതിനും ഉപയുക്തമായ മാർഗ്ഗങ്ങൾ സംബന്ധിച്ചും സർക്കാർ ആലോചിച്ചുവരികയാണ്. ഒരു പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ ടാർ പ്രസ്തുത പഞ്ചായത്തുതന്നെ നേരിട്ട് വാങ്ങി കരാറുകാർക്ക് നൽകണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പർ മുന്നോട്ട് വയ്ക്കുകയുണ്ടായി. അക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാകാത്ത രീതിയിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്നുള്ളത് സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ഭാഗമായ 2556 സാക്ഷരതാ പ്രേരക്മാർ നിലവിൽ ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ 18 വർഷത്തിലധികമായി പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാരെ പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ കൊണ്ടുവന്ന് പദ്ധതിനിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ : സർ, സാക്ഷരതാ പ്രേരക്മാരുടെ സേവനം സാക്ഷരതാ രംഗത്താണ് സമർത്ഥമായി ഉപയോഗിക്കേണ്ടത്. അവരെക്കൂടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേക്ക് കൊണ്ടുവരുന്നതിനെ കുറിച്ച് ഇപ്പോൾ സർക്കാർ ആലോചിച്ചിട്ടില്ല.

ശ്രീ. കെ. ആൻസലൻ : സർ, പലപ്പോഴും പഞ്ചായത്തിനെയും ഭരണ സമിതികളെയും കുറ്റപ്പെടുത്തിക്കൊണ്ടാണ് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് പൂർത്തീകരിക്കപ്പെടുന്നത്. അതിൽ പ്രധാനമായും അഴിമതിയും പ്രവൃത്തികളെ സംബന്ധിച്ച ന്യൂനതകളുമാണ് ചൂണ്ടിക്കാണിക്കുന്നത്. ഇതുപരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ;

പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 5 ലക്ഷം രൂപവരെ ഗുണഭോക്തൃ സമിതിവഴി പ്രവൃത്തി നടത്തുന്നതിനുള്ള അനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. അതിന്റെ പരിധി കുറച്ച് ഒരു ലക്ഷം രൂപയാക്കുകയും ബാക്കി തുക ടെണ്ടർ നടപടികൾ നടത്തി ചെയ്യുകയും വേണമെന്നാണ് എന്റെ അഭ്യർത്ഥന. ടെണ്ടർ നടപടി സ്വീകരിച്ച് ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നേരത്തെ തീരുമാനിച്ചിട്ടുണ്ടെങ്കിലും അതും നടക്കാറില്ല. ഇക്കാര്യങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ പരാമർശങ്ങളാണ് ഞാൻ 9 എണ്ണമായി ആദ്യം സൂചിപ്പിച്ചത്. ഇത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്. സ്റ്റേറ്റ് ഓഡിറ്റ് വിഭാഗവുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവരുടേതായ പരാതികളുണ്ട്. സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നുള്ള സ്റ്റാറ്റസ് അംഗീകരിക്കാതെ തദ്ദേശഭരണ സ്ഥാപനങ്ങളെ കേവലം ഒരു ഡിപ്പാർട്ടുമെന്റായി കാണുന്നുവെന്ന പരാതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നുണ്ട്. ഇക്കാര്യം ഇരുവിഭാഗത്തേയും ഒരുമിച്ചിരുത്തി പരിശോധിച്ച് ഇത്തരത്തിലുള്ള പരാതികൾ രണ്ടുഭാഗത്തുനിന്നും വരാത്തവിധം ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റിംഗ് എങ്ങനെയാണ് കാര്യക്ഷമമാക്കാൻ സാധിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ മുമ്പിലുള്ള പരിഗണനാവിഷയം.

ശ്രീ. പി. സി. ജോർജ് : സർ, പട്ടികജാതി വിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള തുക 3 ലക്ഷം രൂപയാക്കി ഉയർത്തിയെന്ന പ്രഖ്യാപനം വന്നുകഴിഞ്ഞു. പക്ഷേ പഞ്ചായത്തുകളിൽ ആ പണം ഇപ്പോഴും എത്തിയിട്ടില്ല. അതു വലിയൊരു പ്രശ്നമാണ്. പഞ്ചായത്തുകളിൽ വീട് പൂർത്തീകരിക്കാൻ സാധിക്കാത്തതിനുള്ള പ്രധാനപ്പെട്ട ഒരു കാരണമിതാണ്. അത് വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെതന്നെ, സെക്രട്ടേറിയറ്റിലിരുന്ന് നോക്കിയാൽ കാണുന്ന ചെങ്കൽച്ചൂള കോളനിയിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ കുറേ ഫ്ലാറ്റുകൾ നിർമ്മിച്ചു. ആ കോളനിയിൽ ഈയിടെ പോകാനിടയായിപ്പോൾ ഒരു ചെറിയ കൂരയ്ക്കകത്ത് എട്ടും ഒൻപതും കുടുംബങ്ങളാണ് താമസിക്കുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെയധികം ശ്രദ്ധചെലുത്തണം. നമ്മുടെ തലസ്ഥാനമായ തിരുവനന്തപുരം സിറ്റിയിലാണിത്. വിദേശത്തുനിന്നുള്ള ആളുകൾ വരുമ്പോൾ നമുക്ക് അപമാനമുണ്ടാകാത്ത രീതിയിൽ മാറ്റം വരുത്തുന്നതിനെ കുറിച്ച് സർക്കാർ ആലോചിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, എസ്. സി. വിഭാഗത്തിന് വീടുനിർമ്മാണത്തിനായി ഇപ്പോൾ ഡിപ്പാർട്ടുമെന്റ് നൽകുന്നത് 3 ലക്ഷം രൂപയാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിവന്നിരുന്നത് 2 ലക്ഷം രൂപയാണ്. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് പ്രസ്തുത തുക 3 ലക്ഷം രൂപയാക്കി ഉയർത്തിയത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയിലും എസ്. സി. വിഭാഗത്തിന് എസ്. സി. ഡിപ്പാർട്ടുമെന്റ് നൽകുന്ന തുകയിലും ഒരു പാരിറ്റി വേണമെന്നുള്ള കാര്യത്തിൽ സർക്കാരിന് അഭിപ്രായവ്യത്യാസമില്ല. അങ്ങനെതന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ സി.സി.-യിൽ അക്കാര്യത്തിൽ തീരുമാനമെടുക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായിട്ടുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ചെങ്കൽച്ചൂളയിലെ എസ്. സി. വിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഫ്ലാറ്റ് സമുച്ചയങ്ങളുണ്ടാക്കാനും എസ്‌സി. ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് ഒരു പദ്ധതിക്ക് രൂപംനൽകുവാനുമാണ് സർക്കാർ ആഗ്രഹിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് പറഞ്ഞത് വളരെ ശരിയാണ്. ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം 18,000 വീടുകൾ നൽകേണ്ടതായിരുന്നു. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2.5 ലക്ഷം രൂപ, സംസ്ഥാന ഗവൺമെന്റ് 50,000 രൂപ, പട്ടികജാതി വകുപ്പ് 1 ലക്ഷം രൂപ എന്ന ക്രമത്തിലാണ് തുക നൽകേണ്ടത്. പട്ടികവർഗ്ഗ വിഭാഗത്തിന് 1.5 ലക്ഷം രൂപ കൂടുതൽ നൽകേണ്ടതാണ്. ഇന്ദിരാ ആവാസ് യോജനയുടെ കോൺട്രിബ്യൂഷൻ നൽകാത്തതിന്റെ ഭാഗമായി 18,000 വീടുകളിൽ ഒരു വീടുപോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. പി. സി. ജോർജ് : സർ, അതിനുള്ള പരിഹാരമെന്താണെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. എ. കെ. ബാലൻ : സർ, അത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. ജോയി : സർ, പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതിവിഹിതം ചെലവഴിക്കുന്നത് വളരെ കുറച്ചു മാത്രമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഡിപ്പാർട്ടുമെന്റും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ ആനുകൂല്യം നൽകുന്നതിലുള്ള അന്തരം ഇന്നും നിലനിൽക്കുകയാണ്. അതിലാകെ ഇപ്പോൾ പരിഹരിച്ചത് പട്ടികജാതി വിഭാഗങ്ങൾക്കുള്ള വീടുനിർമ്മാണത്തിനുള്ള തുക രണ്ട് ലക്ഷം രൂപയെന്നുള്ളത് 3 ലക്ഷം രൂപയാക്കി എന്നുള്ളതാണ്. എന്നാൽ വീട് മെയിന്റനൻസിനും സാനിട്ടറിക്കും ഭൂമി വാങ്ങുന്നതിനും നൽകുന്ന തുകയുടെ അന്തരം നിലനിൽക്കുകയാണ്. എസ്.സി.

ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് നൽകുന്ന തുക കൂടുതലാണ്. ഇവ തമ്മിൽ ഈ പദ്ധതി നിർവ്വഹണ കാലത്തെങ്കിലും ഒരു ഏകീകൃത രൂപം വന്നില്ലെങ്കിൽ എസ്‌സി. ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാകും രണ്ടാമതായി ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം കേരളത്തിലെ ജനറൽ വിഭാഗങ്ങൾക്കുള്ള വീട് കേന്ദ്ര സർക്കാർ നിഷേധിച്ചതായി അങ്ങേക്കറിയാമോ?

ഡോ. കെ. ടി. ജലീൽ : സർ, പട്ടികജാതി/പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റ് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും അതേ രൂപത്തിൽത്തന്നെ നൽകാൻ സാധിക്കുമോയെന്നുള്ള കാര്യം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആലോചിക്കേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വീടുകളുടെ കാര്യത്തിലാണ് ഇപ്പോഴൊരു തീരുമാനമുണ്ടായിട്ടുള്ളത്. എസ്‌സി./എസ്‌ടി. വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് എല്ലാ കാര്യങ്ങളിലും ഒരു പാരിറ്റി വരുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കും. എസ്‌സി. ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കൂടുതൽ പണം ലഭിക്കുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് കുറഞ്ഞ പണം ലഭിക്കുന്നതുമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ (എസ്.സി.പി.) സ്കീമിലെ ഫണ്ട് വിനിയോഗിക്കുന്നതിന് വിഘാതമായി നിൽക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഇത് പരിഹരിച്ച് പോയാൽ മാത്രമെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. 2015-16 വർഷം 768 കോടി രൂപയാണ് എസ്.സി.പി.-യിലേക്ക് നീക്കിവച്ചിരുന്നത്. എന്നാൽ നടപ്പു സാമ്പത്തിക വർഷത്തിൽ, അതായത് 2016-17-ൽ 1038 കോടി രൂപയാണ് എസ്‌സി. വിഭാഗത്തിന്റെ വികസനത്തിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ നീക്കിവച്ചിരിക്കുന്നത്.

മി. സ്പീക്കർ: ചോദ്യം നമ്പർ *122

**ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ**

2(*122) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണുകളിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവ പച്ചക്കറികൾ ശേഖരിച്ച് വിപണിയിലെത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എവിടെ നിന്നെല്ലാമാണ് പച്ചക്കറികൾ ശേഖരിക്കുന്നതെന്ന് വിവരിക്കുമോ;

(സി) ശേഖരിക്കുന്ന പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിന് മുമ്പ് ഇവ കേടുകൂടാതെ സൂക്ഷിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ നശിച്ചുപോകുന്ന സ്ഥിതിവിശേഷം ഉണ്ടാകാറുണ്ടോ;

(ഇ) ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ&ബി) ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് വിപണിയിലെത്തിക്കാറുണ്ട്. സംസ്ഥാനത്തെ കർഷക സംഘങ്ങൾ, ആറ് കാർഷിക മൊത്തവ്യാപാര വിപണികൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽനിന്നും കൂടാതെ കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണിയിൽ എത്തിക്കുന്നുണ്ട്. ഈ കഴിഞ്ഞ ഓണക്കാലത്ത് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് മറ്റു വ്യാപാരികൾ നൽകുന്നതിനേക്കാൾ 10% അധികവില നൽകി കർഷകരിൽനിന്നും സംഭരിക്കുകയും കമ്പോള വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് 1350 ഔട്ട്‌ലെറ്റുകളിലൂടെ വിൽപ്പന നടത്തുകയും ചെയ്തു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന 274 സ്വാശ്രയ കർഷക സമിതികളിലെത്തിച്ച് ലേലംവഴി വിപണനം നടത്തുകയാണ് ചെയ്തത്.

(സി) ഹോർട്ടികോർപ്പിന് സംഭരിക്കുന്ന പച്ചക്കറികൾ സൂക്ഷിക്കുവാനുള്ള ഗോഡൗണുകളുണ്ട്. പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംഭരണികൾ പരിമിതമാണ്. പ്രവർത്തനസജ്ജമല്ലാത്തതോ മറ്റ് ഉപയോഗങ്ങൾക്ക് നൽകുകയോ ചെയ്തിരുന്നത് പുനഃസ്ഥാപിക്കാനും പുതിയ ശീതീകരണ സംവിധാനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ശീതീകരണ സംഭരണികൾ പര്യാപ്തമല്ലാത്തതിനാൽ അധിക ദിവസം സൂക്ഷിക്കാതെതന്നെ വിതരണം ചെയ്യുന്ന സംവിധാനമാണ് ഇപ്പോൾ ഹോർട്ടികോർപ്പിൽ നിലവിലുള്ളത്. പച്ചക്കറികൾ കേടുകൂടാതെ സംഭരിക്കുന്നതിനായി 10 മൊബൈൽ കൂൾ ചേമ്പറുകൾ ആർ.കെ.വി.വൈ. ധനസഹായത്തോടെ സ്വാശ്രയ കർഷക സമിതികൾക്കായി വി.എഫ്.പി.സി.കെ. നൽകിയിട്ടുണ്ട്.

(ഡി) ഹോർട്ടികോർപ്പ് മുഖേന ഉത്സവ സീസണുകളിൽ ആവശ്യമനുസരിച്ച് മാത്രം പച്ചക്കറികൾ സംഭരിക്കുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഈ ഓണക്കാലത്ത് പടവലം, വെള്ളരി, കുമ്പളം, പയർ തുടങ്ങിയവ ചില സ്ഥലങ്ങളിൽ കർഷകർ കൂടുതലായി ഉൽപ്പാദിപ്പിച്ചതിനാൽ ഹോർട്ടികോർപ്പ് അവ മുഴുവനും സംഭരിക്കുകയും ആവശ്യത്തിലധികം ലഭിച്ചതിനാൽ കേടായിപ്പോകുന്നത് ഒഴിവാക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ അഗതി മന്ദിരങ്ങളിലും ആതുരാലയങ്ങളിലും സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്. വി.എഫ്.പി.സി.കെ. ഉത്സവ സീസണുകളിൽ സംഭരിക്കുന്ന പച്ചക്കറികൾ ചില്ലറ വിൽപ്പനശാലകൾവഴി വിറ്റഴിക്കാറുണ്ട്.

(ഇ) ഈ സ്ഥിതി ഭാവിയിലൊഴിവാക്കുന്നതിനായി ശാസ്ത്രീയമായ പച്ചക്കറിവിള ആസൂത്രണ കലണ്ടർ തയ്യാറാക്കുവാൻ സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, ഹോർട്ടികോർപ്പ് എന്നിവിടങ്ങളിലെ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ ബ്ലോക്കിലും പഞ്ചായത്തുതലങ്ങളിൽ ഏതിനം പച്ചക്കറി എത്രമാത്രം ഏതൊക്കെ സമയങ്ങളിൽ കൃഷി ചെയ്യണമെന്നും അതിൽനിന്നും എത്ര വിളവ് പ്രതീക്ഷിക്കുന്നുവെന്നും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആസൂത്രണ കലണ്ടർ തയ്യാറാക്കി കൂടുതൽ വിളവ് കൊണ്ടുള്ള വിലനഷ്ടവും വിളവ് കുറയുന്നതുകൊണ്ടുള്ള ഉൽപ്പന്ന അപര്യാപ്തതയും ഒഴിവാക്കാൻ വരുംനാളുകളിൽ സാധിക്കും.

ശ്രീ. അൻവർ സാദത്ത് : സർ, ഇന്ന് കേരളമാകെ ചർച്ച ചെയ്യുന്ന വിഷയം എതാണെന്നാണ് നമുക്കെല്ലാവർക്കുമറിയാം. പ്രതിപക്ഷത്തെ 5 എം.എൽ.എ.-മാർ വിദ്യാഭ്യാസ കച്ചവടത്തിനെതിരെ സഭയിൽ നിരാഹാര സമരം കിടക്കുകയാണ്. ഈ സമരത്തിനെതിരെ സർക്കാർ ധിക്കാരപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. അൻവർ സാദത്ത്, കൃഷിയാണ് വിഷയം. താങ്കൾ ചോദ്യത്തിലേക്ക് വരൂ.

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ ചോദ്യത്തിലേക്ക് വരികയാണ്. ചർച്ചയ്ക്കുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുന്നില്ല. സമരത്തിനെതിരെ വളരെ ധിക്കാരപരമായ നിലപാടുകളുമായി സർക്കാർ മുമ്പോട്ടുപോകുമ്പോൾ...

മി. സ്പീക്കർ : ഉത്സവ സീസണുകളിലെ പച്ചക്കറിയാണ് വിഷയം.

ശ്രീ. അൻവർ സാദത്ത് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും സാഡിസ്റ്റ് മനോഭാവമാണ് ഈ സമരത്തിനെതിരെ സ്വീകരിച്ചിരിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. അൻവർ സാദത്ത്, എന്താണ് താങ്കളുടെ ചോദ്യം; താങ്കൾ ചോദ്യം ചോദിക്കൂ.

ശ്രീ. അൻവർ സാദത്ത് : സർ, ജനവികാരം ഈ സർക്കാരിനെതിരെ ആഞ്ഞടിക്കും. സത്യം പറഞ്ഞാൽ അഴിമതിയാണ് ഈ വിദ്യാഭ്യാസ കച്ചവടത്തിലുള്ളത്. അതുകൊണ്ട് ഗവൺമെന്റിന് തക്കതായ താക്കീത് ഇവിടത്തെ ജനങ്ങൾ നൽകും. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ ചോദ്യോത്തരങ്ങളിൽ പങ്കെടുക്കുന്നില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പച്ചക്കറിയും സത്യാഗ്രഹവും തമ്മിലൊരു ബന്ധവുമില്ല. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനാണ് ശ്രമിക്കുന്നത്. .... (ബഹളം)......

മി. സ്പീക്കർ : ശ്രീ. അൻവർ സാദത്ത്, അങ്ങ് സംസാരിച്ചുകഴിഞ്ഞല്ലോ, അങ്ങ് ഇരിക്കൂ.. പ്ലീസ്.. അങ്ങേക്കുള്ള പ്രതിഷേധം അങ്ങ് പ്രകടിപ്പിച്ചുകഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെയൊരു ചോദ്യം ചോദിക്കാനുള്ള പരിതസ്ഥിതിയും അതിനു കഴിയത്തക്ക രീതിയിലുള്ള ഒരു സാഹചര്യവും വേണ്ടേ? പച്ചക്കറിപോലും കരിഞ്ഞുപോകുന്ന സാഹചര്യമാണ് ഇവിടെ രൂപപ്പെട്ടിരിക്കുന്നത്. പിന്നെയെങ്ങനെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ചോദ്യം ചോദിക്കാൻ കഴിയും; ചോദ്യം ചോദിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പരിതസ്ഥിതി ഇതിനകത്ത് ഉണ്ടാക്കണ്ടേ? അത്തരം സഹാചര്യമുണ്ടാകുന്നതിനാവശ്യമായ ചില നടപടികളെക്കുറിച്ച് ശ്രീ. അൻവർ സാദത്ത് ഇവിടെ പറഞ്ഞു. അത്തരം ഒരു സാഹചര്യത്തിനുവേണ്ടി ശ്രമിച്ച് കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനുള്ള നടപടിയെടുക്കണം. അതിനുവേണ്ടിയുള്ള ശ്രമം സർക്കാർ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇവിടെയൊരു സർക്കാർ ഉണ്ടെന്ന് കൃഷിക്കാർക്ക് മനസ്സിലായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ്. അതുവരെ ഇവിടെ പച്ചക്കറിയല്ല, കൃഷിക്കാരന്റെ കരൾ കരിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ അഴിമതി മാത്രമേ ഉണ്ടായിരുന്നുള്ളൂ. പച്ചക്കറി ഉൽപ്പാദന മേഖലയിലും വിതരണ മേഖലയിലുമുണ്ടായിരുന്ന അഴിമതി ഇല്ലാതാക്കി; കൃഷിക്കാരന്റെ കരൾ കരിയുന്നത് മാറ്റി; അതിപ്പോൾ തുടിക്കുകയാണ്. പച്ചക്കറിയും സത്യാഗ്രഹവും തമ്മിൽ ഒരു ബന്ധവുമില്ല.

ശ്രീ. വി. ടി. ബൽറാം : സർ, ഉത്സവ സീസണുകളിൽ പച്ചക്കറി സംഭരിക്കുന്നതിനെക്കുറിച്ചാണ് ഇവിടത്തെ ചോദ്യം. ഇവിടെ ഉത്സവ സീസണാണ്, ചാകരക്കാലമാണ്; അത് ഈ നാട്ടിലെ കർഷകർക്കല്ല, ഇവിടത്തെ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്കാണ്. ........(മൈക്ക് ഓഫ്)......

<u>മി. സ്പീക്കർ</u> : യെസ്.....യെസ്.. അവിടെ ഇരിക്കൂ. വിഷയവുമായി ബന്ധമില്ലാത്ത ചോദ്യം ചോദിക്കണ്ട. പ്ലീസ്.... ഇരിക്കൂ. ....(ബഹളം)...... അങ്ങ് വിഷയവുമായി ബന്ധമില്ലാത്ത ചോദ്യമാണ് ചോദിക്കുന്നത്. പച്ചക്കറി സംഭരണമാണ് വിഷയം. ....(ബഹളം)..... അങ്ങ് പ്രതിഷേധം പ്രകടിപ്പിച്ചു. പ്ലീസ്... ഇരിക്കൂ.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, എന്റെ പേര് വിളിച്ചിട്ടാണ് ഞാൻ എണീറ്റ് നിൽക്കുന്നത്. ഇവിടെ കർഷകരുടെയല്ല, വിദ്യാർത്ഥികളുടെ കരൾ കരിയുന്ന അന്തരീക്ഷമാണ് സംജാതമായിരിക്കുന്നത്. ഇവിടെ സംഭരിക്കുന്നത് പച്ചക്കറിയല്ല, പച്ച നോട്ടുകളാണ്. ........(മൈക്ക് ഓഫ്)......(ബഹളം)......

<u>മി. സ്പീക്കർ</u> : അങ്ങയുടെ പ്രതിഷേധം പ്രകടിപ്പിച്ചു. പ്ലീസ്.. ഇരിക്കൂ.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉത്സവ സീസണെന്നല്ല മറ്റ് സീസണിലും പച്ചക്കറിയുടെ വിളവെടുപ്പുമായി ബന്ധപ്പെട്ട് അതിന്റെ കണക്കെടുപ്പോ സംഭരണമോ കൃത്യമായി ഉണ്ടായിരുന്നോ; ആ കാലത്ത് സംഭരിച്ചതിന്റെയും വിറ്റതിന്റെയും കണക്ക് രേഖപ്പെടുത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കഴിഞ്ഞ ഓണത്തിന് സംഭരിച്ച പച്ചക്കറിയുടെ കണക്കും കമ്പോളത്തിൽ വിറ്റഴിച്ചതിന്റെ കണക്കും എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, കഴിഞ്ഞ അഞ്ച് കൊല്ലക്കാലം ഉത്സവ സീസണുകളിൽ പച്ചക്കറി സംഭരിക്കുന്ന സംവിധാനം ഉണ്ടായിരുന്നില്ല. ഉത്സവ സീസണുകളിൽ ജനങ്ങൾക്ക് ഇതുപോലെ വില കുറച്ച് കൊടുക്കുന്നതിനോ ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് കൃഷിക്കാരിൽനിന്നും പച്ചക്കറി സംഭരിക്കാനോ ഉള്ള യാതൊരു സംവിധാനവും ഉണ്ടായിരുന്നില്ല എന്നുമാത്രമല്ല അതുസംബന്ധിച്ച് യാതൊരു കണക്കുകളും സൂക്ഷിച്ചിട്ടുമില്ല. അതിനുപകരം സംസ്ഥാനത്തെ കൃഷിക്കാരിൽനിന്നും പച്ചക്കറി സംഭരിക്കാൻ ഉത്തരവാദപ്പെട്ട ഹോർട്ടികോർപ്പ് തമിഴ്നാട്ടിലെ ഇടനിലക്കാരിൽനിന്നും പച്ചക്കറി വാങ്ങി നാടൻ പച്ചക്കറി എന്ന രീതിയിൽ ഇവിടെ വിൽപ്പന നടത്തിക്കൊണ്ടിരുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 4873 മെട്രിക് ടൺ പച്ചക്കറി ഇക്കഴിഞ്ഞ ഓണക്കാലത്ത് മാത്രമായി സംഭരിച്ചു. ഏറ്റവും വലിയ പ്രത്യേകത അതിൽ 3042 മെട്രിക് ടൺ പച്ചക്കറിയും കേരളത്തിലെ കൃഷിക്കാരിൽനിന്നും സംഭരിച്ചവയായിരുന്നു എന്നതാണ്. ഇവിടെ ഉൽപ്പാദിപ്പിക്കാത്തതും പരിമിതമായി ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവ വാങ്ങുന്നതിന് സുതാര്യമായൊരു മെക്കാനിസം രൂപീകരിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ വാങ്ങിയ 1831 മെട്രിക് ടൺ അടക്കം 10 കോടി 98 ലക്ഷം രൂപയുടെ പച്ചക്കറി ജനങ്ങൾക്ക് 30 ശതമാനം വിലകുറച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടേൺ ഓവറുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ഈ മേഖലയിൽ നിലവിലുള്ള ശീതീകരണ സംവിധാനങ്ങൾ പ്രവർത്തനസജ്ജമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ എന്തൊക്കെയാണ്; അധികമായി ഉൽപ്പാദനമുണ്ടാകുമ്പോൾ സംഭരിക്കുന്ന പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണ ശേഷിയുള്ള സംഭരണശാലകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഇപ്പോൾ കേരളത്തിൽ ശീതീകരണ സംവിധാനങ്ങളുള്ളത് നെടുമങ്ങാട്, വേങ്ങേരി, മരട്, മൂവാറ്റുപുഴ, ആനയറ, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിലാണ്. സുൽത്താൻബത്തേരിയിലെ ശീതീകരണ സംവിധാനം ഉടൻ ഉദ്ഘാടനം ചെയ്യുന്നതാണ്. പക്ഷേ, നിലവിലുള്ള ഈ സംവിധാനങ്ങളൊന്നും കൃഷിക്കാർക്കുവേണ്ടിയിട്ടല്ല ഉപയോഗിച്ചുകൊണ്ടിരുന്നത്. കോഴിക്കോട്ട് വേങ്ങേരിയിലുള്ള അഞ്ച് ചേമ്പറുകളും അവിടെയുള്ള കച്ചവടക്കാർക്ക് കൊടുത്തിരിക്കുകയായിരുന്നു. അതെല്ലാം ഒഴിപ്പിക്കാനും ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി പുതുതായി 10 കൂൾ ചേമ്പറുകൾകൂടി ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കൂൾ ചേമ്പറുകളെല്ലാം ഒഴിവാക്കാൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. മൂന്നാറിൽ ബൃഹത്തായ ഒരു കൂൾ ചേമ്പർ ഉണ്ടായിരുന്നു. അതിനകത്തുള്ള മെഷിനറിയെല്ലാം ആരോ ഊരിക്കൊണ്ടുപോയിരിക്കുകയാണ്. അവിടെ പുതിയവ സ്ഥാപിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കറണ്ട് ഉപയോഗിക്കാതെ തന്നെ മറ്റ് മാർഗ്ഗങ്ങളിലൂടെ അഞ്ചും ആറും ദിവസം പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന ചില സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് ചില പ്രാദേശിക സ്ഥലങ്ങളിൽ ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനകം സഹകരണ വകുപ്പുമായി ഒരു ചർച്ച നടത്തുകയും അവരുടെ ചില കേന്ദ്രങ്ങളിൽ കൂൾ ചേമ്പറുകൾ നിർമ്മിച്ചുതരാൻ അവർ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അധികമായി പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ കണ്ടെത്തി അവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വില ഇടിയുന്ന സമയത്ത് സംഭരിച്ച് വില കൂടുന്നതുവരെ കേടുകൂടാതെ സൂക്ഷിക്കാനുമുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതായിരിക്കും.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കേരളത്തിലാകെ ജൈവ പച്ചക്കറി കൃഷിയും ജൈവ നെൽക്കൃഷിയും വ്യാപകമായി നശിച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.കെ.ടി.യു. പോലുള്ള സംഘടന അവരുടെ സംസ്ഥാന സമ്മേളനത്തിനും ഡിവൈ.എഫ്.ഐ. അവരുടെ അഖിലേന്ത്യാ സമ്മേളനത്തിനും ഉപയോഗിക്കാനുള്ള ജൈവ പച്ചക്കറിയും ജൈവ അരിയുമെല്ലാം ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത് കേരളത്തിന്റെ ഒരു പൊതുവികാരമായി വളർത്തിയെടുക്കാൻ കൃഷി വകുപ്പ് എന്തെല്ലാമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, കെ.എസ്.കെ.ടി.യു.-വിന്റെ സമ്മേളനത്തിന് അവർക്ക് ആവശ്യമായിട്ടുള്ള ഉൽപ്പന്നങ്ങൾ അവർതന്നെ ഉൽപ്പാദിപ്പിക്കുന്ന രീതി വളരെ നല്ലതാണ്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംസ്ഥാന സമ്മേളനത്തിനും സി.പി.ഐ.-യുടെ സമ്മേളനത്തിനും ഇതുപോലെ ചെയ്യുകയുണ്ടായി. ഏത് രാഷ്ട്രീയ പാർട്ടികൾക്കും അവരുടെ സമ്മേളനത്തിന് ആവശ്യമായ സാധനങ്ങൾ അവർതന്നെ ഉൽപ്പാദിപ്പിക്കുന്ന ഒരു ട്രെന്റുണ്ടാകുന്നത് വളരെ നല്ല കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതനുസരിച്ച് 50,000 ഹെക്ടർ സ്ഥലത്തുകൂടി വിഷരഹിതമായ പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഓർഗാനിക് പച്ചക്കറി ഉൽപ്പാദനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി അഞ്ച് വർഷത്തെ ആക്ഷൻ പ്ലാൻ സർക്കാർ തയ്യാറാക്കിയിരിക്കുകയാണ്. 2016-17-ൽ 10,000 ഹെക്ടർ, 2017-18-ൽ 15,000 ഹെക്ടർ, 2018-19 -ൽ 15,000 ഹെക്ടർ, 2019-20-ൽ 5,000 ഹെക്ടർ, 2020-21-ൽ 5,000 ഹെക്ടർ എന്ന രീതിയിൽ ആകെ 50,000 ഹെക്ടറിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനുപുറമെ ഇതിന്റെ ഭാഗമായി 146 ബ്ലോക്കുകളിലും രണ്ട് ക്ലസ്റ്ററുകൾവീതം പുതിയതായി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൃഷിക്കാരുടെ ക്ലസ്റ്ററുകൾ വ്യാപകമായി രൂപീകരിക്കാനും ആ ക്ലസ്റ്ററുകളെല്ലാം ഏകോപിപ്പിച്ചുകൊണ്ട് അവിടെ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിതമായ പച്ചക്കറി സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള മാർക്കറ്റിംഗ് സ്ട്രാറ്റജി സർക്കാർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി സി. കെ. ആശ</u> : സർ, ഇക്കഴിഞ്ഞ ഉത്സവ സീസണിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ഇടപെടലുകളെ ഈയവസരത്തിൽ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. ഒക്ടോബർ ആദ്യവാരം അപ്പർ കുട്ടനാടൻ മേഖലയിൽ കൊയ്ത്ത് ആരംഭിക്കുകയാണ്. ഈയവസരത്തിൽ നെല്ല് സംഭരിക്കുന്നതിനാവശ്യമായ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നെല്ലിന്റെ വില തീരുമാനിച്ചിട്ടുണ്ടോ; കർഷകരുടെ നെല്ല് പാടത്തുനിന്നുതന്നെ സംഭരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും കേന്ദ്ര സർക്കാരിന്റെ സർക്കുലർ അനുസരിച്ച് ഒക്ടോബർ ഒന്നാം തീയതി മുതലാണ് നെല്ല് സംഭരണം നടത്താൻ കഴിയുന്നത്. എന്നാൽ ഗവൺമെന്റ് ഇതിനകംതന്നെ ചർച്ച നടത്തി സഹകരണ സ്ഥാപനങ്ങൾ വഴിയും സർക്കാരിൽ തന്നെയുള്ള സംഭരണ ഏജൻസികൾ വഴിയും ഒക്ടോബർ 1-നു മുമ്പുള്ള നെല്ല് പാടത്ത് നിന്നുതന്നെ സംഭരിക്കുവാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില 60 പൈസ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, ബഹുമാനപ്പെട്ട അംഗം സി. കെ. ആശ ചോദിച്ചതിന്റെ അനുബന്ധമായിട്ടാണ് ചോദിക്കാനുള്ളത്. അപ്പർ കുട്ടനാട് മേഖലകളിലെല്ലാം ഈ ആഴ്ചകളിൽ കൊയ്ത്ത് കഴിഞ്ഞു. പക്ഷേ നെല്ല് പാടത്ത് കെട്ടിക്കിടക്കുകയാണ്. പാഡി ഓഫീസർമാർ ശ്രദ്ധിക്കുന്നില്ല; മില്ലുകൾ നെല്ല് എടുക്കുന്നില്ല; ഈ പ്രതിസന്ധി പരിഹരിക്കാനായി അടിയന്തരമായി ഇടപെടുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, അതിന് പരിഹാരമുണ്ടാക്കുന്നതിനു വേണ്ടിയുള്ള നടപടിയാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. മിൽ ഉടമസ്ഥർ അവരുടെ ഹാൻഡ്ലിംഗ് ചാർജിന്റെ കാര്യത്തിൽ അമിതമായ വർദ്ധനവ് വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു തീരുമാനമെടുക്കുകയുണ്ടായി. ആ തീരുമാനം ഒരു ഉത്തരവായി വരാത്തതിനെ തുടർന്ന് അതുസംബന്ധിച്ച ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. മിൽ ഉടമസ്ഥർ അവരുടെ ഹാൻഡ്ലിംഗ് ചാർജായ 1.90 രൂപ കുടിശ്ശികയടക്കം നൽകാത്തതിനാൽ നെല്ല് എടുക്കില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. മിൽ ഉടമസ്ഥരുടെ സമ്മർദ്ദത്തിനു വഴങ്ങി ഇവിടത്തെ കൃഷിക്കാരുടെ നെല്ല് എടുക്കാതിരിക്കുന്ന സാഹചര്യം ഒരു കാരണവശാലും കേരളത്തിൽ അനുവദിക്കില്ല. എന്നുമാത്രമല്ല, അതിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കും. മിൽ ഉടമസ്ഥരുമായി വീണ്ടും ഒരു ചർച്ചകൂടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ കെട്ടിക്കിടക്കുന്ന നെല്ല് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക തന്നെ ചെയ്യും. കൃഷിക്കാർക്ക് ഒരു കാരണവശാലും ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രശ്നമുദിക്കുന്നില്ല.

<u>ശ്രീ. ജി. എസ്. ജയലാൽ</u> : സർ, അങ്ങിവിടെ കാർഷിക കലണ്ടർ എന്ന ശാസ്ത്രീയ സമീപനത്തെക്കുറിച്ച് പറഞ്ഞു. വളരെ നല്ല കാര്യമാണ്. മാർക്കറ്റിൽ നടത്തിയ ഇടപെടൽ നമ്മുടെ സബ്സിഡി സമ്പ്രദായത്തിനുതന്നെ വലിയൊരു മാറ്റമാണുണ്ടാക്കിയിട്ടുള്ളത്. മാർക്കറ്റിംഗ് ഇൻസെന്റീവ് അല്ലെങ്കിൽ ഔട്ട്പുട്ട് സബ്സിഡി എന്ന രീതിയിൽ കർഷകരിൽ നല്ല ആത്മവിശ്വാസമുണ്ടായിട്ടുണ്ട്. കാർഷിക കലണ്ടർ എന്ന ശാസ്ത്രീയ സമീപനത്തിലേക്ക് പോകുമ്പോൾ സബ്സിഡി സമ്പ്രദായങ്ങളെ സംബന്ധിച്ച് പരിശോധിക്കണം. വിവിധ സ്ഥലങ്ങളിലെ കാലാവസ്ഥയുടെയും മണ്ണിന്റെ ഘടനയുടെയും അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ വലിയ വ്യത്യാസം വരുന്നുണ്ട്. സബ്സിഡി നൽകുന്നത് ഓരോ സ്ഥലത്തും ഏതൊക്കെ വിളകൾക്കാണ്; അതിന്റെ ഉൽപ്പാദനം ഓരോ സ്ഥലത്തും എങ്ങനെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കി പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നുള്ളത് മാറ്റി ഔട്ട്പുട്ട് സബ്സിഡി എന്ന രീതിയിലേക്ക് കൊണ്ടുവരുന്നതിന് ശ്രമിക്കണം. പൊതുമരാമത്ത് വകുപ്പ് പല ജില്ലകളിലെയും സാധനങ്ങളുടെ വില പരിശോധിച്ച് ഓരോ സ്ഥലത്തും ഓരോ റേറ്റ്

നിശ്ചയിക്കുന്നതുപോലെ സമഗ്രമായ ഒരു സബ്സിഡി സമ്പ്രദായത്തിലേക്ക് കൊണ്ടുവരുന്നതിന് ശ്രമിക്കുമോ? കേരളത്തിൽ ഇപ്പോൾ കൃഷി സാങ്കേതികമല്ലാതെ വൈകാരികമായി ഏറ്റെടുക്കുന്ന തലത്തിലേക്ക് വന്നിട്ടുണ്ട്. ആ തരത്തിലുള്ള ക്യാമ്പയിനുകൾ ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സബ്സിഡിയുടെ പാറ്റേൺ മാറ്റുന്നത് സംബന്ധിച്ച വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. ഒറ്റയടിക്ക് അത് പരിപൂർണ്ണമായി നടപ്പാക്കാൻ കഴിയുന്നതല്ലെങ്കിൽ പോലും ഉൽപ്പാദനത്തെ അടിസ്ഥാനപ്പെടുത്തി കൃഷിക്കാർക്ക് സഹായം ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ച് സർക്കാർ ആലോചിച്ചുവരികയാണ്. സബ്സിഡി സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതടക്കമുള്ള കാര്യങ്ങളാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കാൻ മാർക്കറ്റിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കാറില്ല. അതുകൊണ്ട് ഉൽപ്പാദനവും സംഭരണവും ഡിമാന്റിനനുസരിച്ചുള്ള വിൽപ്പനയും നടത്താനാവശ്യമായ സൗകര്യവും ചെയ്യാനാവശ്യമായ ഒരു മാറ്റമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഉത്സവകാലം കഴിഞ്ഞാലും 52 ആഴ്ചകളിൽ ഓരോ മാസവും വരുന്ന ഉൽപ്പാദനം എത്രയാണ്; ഏതൊക്കെ ഉൽപ്പാദിപ്പിക്കാൻ കഴിയും തുടങ്ങിയവയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ സാധിച്ചാൽ കൃഷിക്കാർ ഏതെങ്കിലും സാധനങ്ങൾ അമിതമായി ഉൽപ്പാദിപ്പിക്കപ്പെട്ടാൽ അതിന് വില ലഭിക്കാൻ ആവശ്യമായ നടപടിയുണ്ടാകും. അതിനുപുറമെ, ഓരോ ഉൽപ്പന്നത്തിനും മിനിമം വില ഉറപ്പാക്കുന്ന രീതിയിൽ ഈ സമ്പ്രദായത്തിൽ മാറ്റം വരുത്താനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ആർ. രാജേഷ് : സർ, എന്റെ പ്രദേശമായ ഓണാട്ടുകര നന്നായി പച്ചക്കറി കൃഷി ചെയ്യുന്ന ഒരു പ്രദേശമാണ്. എന്റെ മണ്ഡലത്തിലെ 7 പഞ്ചായത്തുകൾ ഉത്സവകാലത്ത് പഞ്ചായത്തിനു പുറത്തേക്ക് പച്ചക്കറി കയറ്റുമതി ചെയ്യുന്നുണ്ട്. പാലമേൽ പഞ്ചായത്തിൽ നിന്നും ഈ ഓണക്കാലത്ത് 100 ടൺ പച്ചക്കറി ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയുണ്ടായി. മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകൾ നന്നായി കൃഷി ചെയ്യുമ്പോൾ മണ്ഡലത്തിലുള്ള ജില്ലാ കൃഷിത്തോട്ടം നോക്കുകുത്തിയായി നിൽക്കുകയാണ്. ഈ ജില്ലാ കൃഷിത്തോട്ടം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലാ പഞ്ചായത്തിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്തതാണ്. അവിടെ കൃഷി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. ഇത്രയധികം കൃഷി ചെയ്യുന്ന സ്ഥലത്ത് ജില്ലാ കൃഷിത്തോട്ടം കേന്ദ്രീകരിച്ചുകൊണ്ട് കർഷകർക്ക് എക്കാലവും ഗുണം ലഭിക്കുന്ന നിലയിൽ ഒരു സംഭരണശാല ആരംഭിക്കുന്നതിനും ജില്ലാ കൃഷിത്തോട്ടത്തെ മെച്ചപ്പെടുത്തുന്നതിനുമാശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ ജില്ലാ പഞ്ചായത്തിൽ നിന്നും ഏറ്റെടുത്ത ഒരു വലിയ തോട്ടം അവിടെയുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നല്ല നിലയിലല്ല നടക്കുന്നതെന്ന റിപ്പോർട്ടുണ്ട്. അടുത്തയാഴ്ച ആ തോട്ടം സന്ദർശിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തോട്ടം മാത്രമല്ല, വളരെ കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന 64-ഓളം ഫാമുകൾ കൃഷി വകുപ്പിന് കീഴിലുണ്ട്. ഈ ഫാമുകൾ കേന്ദ്രീകരിച്ച് അതിൽ എല്ലാ മേഖലകളിലും കൃഷി ചെയ്യാൻ തീരുമാനിച്ചാൽ നമ്മുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള ഉൽപ്പന്നമുണ്ടാക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഫാമുകളും പുനരുദ്ധരിക്കാൻവേണ്ടിയിട്ടുള്ള വിപുലമായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദനത്തിന്റെ ഹോട്ട്സ്പോട്ടുകളായി ഐഡന്റിഫൈ ചെയ്ത സ്ഥലങ്ങളിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം പറഞ്ഞ സ്ഥലത്ത് ഒരു സംഭരണ കേന്ദ്രം തുടങ്ങുന്നതുസംബന്ധിച്ച് അതിന്റെ വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം തീരുമാനമെടുക്കുന്നതായിരിക്കും.

മി. സ്പീക്കർ: ചോദ്യം നമ്പർ *123

## റോഡ് സുരക്ഷാ അതോറിറ്റി

3(*123) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശം അറിയിക്കാമോ;

(ബി) ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ധൂർത്തിനെക്കുറിച്ചും അഴിമതിയെക്കുറിച്ചും പരിശോധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് സ്രോതസ്സ് ഏതൊക്കെ യാണെന്നും ഫണ്ട് യഥാസമയം ലഭ്യമാക്കിയോ എന്നും അറിയിക്കാമോ;

(ഡി) ഫണ്ടിന്റെ അപര്യാപ്തത അതോറിറ്റിയുടെ പ്രവർത്തനത്തെ എങ്ങനെ സ്വാധീനിച്ചെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രശ്നം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ,

(എ) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ 2008-09 മുതൽ 2015-16 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 11 ഇനങ്ങളിലായി ദീർഘമായ ഒരു റിപ്പോർട്ടാണതെന്നതുകൊണ്ട് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളെല്ലാം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച് എ.ജി.-ക്ക് റിപ്പോർട്ട് നൽകുന്നതിലേക്ക് 3-8-2016-ലെ 31-ാമത് റോഡ് സുരക്ഷാ അതോറിറ്റി മീറ്റിംഗിൽ ഓഡിറ്റ് റിപ്പോർട്ട് തന്നെ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശങ്ങളിന്മേൽ അടിയന്തരമായി മറുപടി നൽകുവാനും ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള എക്സിക്യൂട്ടീവ് മീറ്റിംഗ് വിളിക്കുവാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 9-9-2016-ന് 21-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഓഡിറ്റ് പരാമർശങ്ങൾ ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളിൽ നിന്നും ഓഡിറ്റ് പരാമർശങ്ങളിൽ ലഭിച്ച മറുപടി പരിശോധനയ്ക്കായി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

(സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ 10, 11 വകുപ്പുകൾ പ്രകാരമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ഫണ്ട് ലഭിക്കുന്നത്. അപ്രകാരം സംസ്ഥാനത്ത് ഉപയോഗിക്കുന്നതോ ഉപയോഗിക്കുന്നതിനായി സൂക്ഷിച്ചിട്ടുള്ളതോ ആയ ഏതൊരു മോട്ടോർ വാഹനത്തിന്മേലും അങ്ങനെയുള്ള വാഹനങ്ങൾക്കായി ആക്ടിന്റെ പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള നിരക്കുകളിൽ ഒറ്റത്തവണ സെസ്സ് ഈ ആക്ടിലെ ആവശ്യങ്ങൾക്കായി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നു. കൂടാതെ, സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്ന ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ, പൊതു സ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ലഭിക്കുന്ന സംഭാവനകൾ, 28-ാം വകുപ്പിൻ കീഴിൽ ശേഖരിച്ച രാജിയാക്കൽ ഫീസ്, എന്നിവ ഫണ്ട് സ്രോതസ്സുകളാണ്. അതുപോലെ, 1988-ലെ മോട്ടോർ വാഹന ആക്ട് (1988-ലെ 59-ാം കേന്ദ്ര ആക്ട്) 200-ാം വകുപ്പിൻകീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ അൻപത് ശതമാനത്തിന് തുല്യമായ തുകയും ഓരോ വർഷവും ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിഹിതവും ഫണ്ട് സ്രോതസ്സാണ്. നാളിതുവരെ റോഡ് സുരക്ഷാ അതോറിറ്റിക്ക് 173.12 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ അപര്യാപ്തത റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും അപകടമരണങ്ങളും അപകടമരണങ്ങളുടെ വർദ്ധനയും കണക്കിലെടുത്ത് രൂപീകരിച്ചതാണ് റോഡ് സുരക്ഷാ അതോറിറ്റി. റോഡ്സുരക്ഷാ അതോറിറ്റി നിലവിൽ വന്നിട്ടും കേരളത്തിൽ ഇപ്പോഴും ദേശീയപാതകളിൽ സ്പീഡ് ബ്രേക്കറുകളും ഹമ്പുകളും വാഹനക്കുരുക്ക് നിലനിൽക്കുന്ന മേഖലകളും ധാരാളമായി കാണുന്നു. അതുപോലെ അപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കാൻ സഹായിക്കുന്ന ട്രോമാ കെയർ യൂണിറ്റിന്റെ അഭാവവും റോഡ് സുരക്ഷയെ സംബന്ധിച്ച ശാസ്ത്രീയ ഗവേഷണങ്ങളും തീരെ കുറഞ്ഞുപോകുന്നു. ഇതിന്റെ ഫലമായി റോഡപകടങ്ങൾ കൂടിവരുന്നു. ഇത്തരം ഗൗരവതരമായ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പോരായ്മകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ശ്രീ. മാത്യു ടി. തോമസ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലത്ത് റോഡ് സുരക്ഷാ നിയമം കേരള നിയമസഭ പാസ്സാക്കിയത്. ഇത് കേന്ദ്ര നിയമത്തോട് ചേർന്നുനിന്നുള്ള നിയമമായിരുന്നു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പരിഹരിക്കത്തക്ക വിധത്തിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ള കാര്യം സംശയം തന്നെയാണ്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്കാവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് തന്നെയാണ് സർക്കാരും ചിന്തിക്കുന്നത്.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, റോഡ് സുരക്ഷയുടെയും റോഡ് അപകടങ്ങളുടെയും കാര്യത്തിൽ പ്രധാന ശ്രദ്ധ വേണ്ടത് ഡ്രൈവർമാരുടെ കാര്യത്തിലാണ്. ഡ്രൈവിംഗ് ലൈസൻസ് നേടിക്കൊടുക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതും അമിതമായ ഫീസ് ഈടാക്കുന്ന പ്രവണതയും ഡ്രൈവിംഗ് പഠിപ്പിക്കാൻ വേണ്ട നിശ്ചിത സൗകര്യങ്ങളും യോഗ്യതയുമില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യങ്ങൾ കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, ഡ്രൈവിംഗ് സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കണമെങ്കിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ലൈസൻസ് കരസ്ഥമാക്കിയതിനുശേഷം മാത്രമേ പാടുള്ളൂവെന്ന നിബന്ധനയാണുള്ളത്.

എന്നാൽ, ലൈസൻസ് ഇല്ലാതെ അനധികൃതമായി ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ചൂണ്ടിക്കാണിച്ചാൽ തീർച്ചയായും അത്തരം സ്കൂളുകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നതായിരിക്കും.

ശ്രീ. ജെയിംസ് മാത്യു : സർ, പ്രതിവർഷം നാലായിരത്തിലധികം ആളുകൾ റോഡപകടത്തിൽ മരണപ്പെടുകയാണ്. ഇന്നലെ എന്റെ നിയോജക മണ്ഡലത്തിൽ ഒരു കുട്ടിയും ഇന്ന് ബഹുമാന്യനായ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നിയോജക മണ്ഡലത്തിൽ രണ്ടുപേരും റോഡപകടത്തിൽ മരണപ്പെട്ടിരിക്കുകയാണ്. പ്രതിദിനം 15 പേരാണ് കേരളത്തിൽ റോഡപകടങ്ങളിൽ മരണപ്പെടുന്നത്. റോഡ് സുരക്ഷാ അതോറിറ്റിക്ക് റോഡപകടങ്ങൾ കുറയ്ക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ സാധിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട ചുമതലയുണ്ട്. അതുപ്രകാരം കോടിക്കണക്കിന് രൂപ ഈ ഫണ്ടിലേയ്ക്ക് വരുന്നുണ്ടെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ലായെന്നത് ആക്ഷേപകരമാണ്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചാൽ വലിയ തോതിലുള്ള ക്രമക്കേടുകൾ ഇക്കാര്യത്തിൽ നടന്നിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ഇത് പരിഹരിക്കുന്നതിനും പ്രസ്തുത ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നതിനും നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. നിലവിലുള്ള ചട്ടം അനുസരിച്ച് സൈൻ ബോർഡുകൾ, റോഡ് സൈഡിലെ ക്യാരേജ് വെയിറ്റേജുള്ള ബോർഡർ ലൈൻ അതുപോലെതന്നെ ബോധവൽക്കരണ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ നടത്തുകയെന്നതാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതല. റോഡപകട നിവാരണത്തിനുവേണ്ടി കഴിഞ്ഞ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിറ്റി അഞ്ച് വർഷം പഠനം നടത്തി കേരളത്തിലെ റോഡപകടങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ദൗർഭാഗ്യവശാൽ, ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചില്ല. റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിധിയിൽ വരുന്ന ഫണ്ടുപയോഗിച്ച് ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുള്ള അപകടകരമായ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും കേവലം ബോധവൽക്കരണ പ്രവർത്തനവും സൈൻ ബോർഡും മാർക്കിംഗും മാത്രമല്ല, മറ്റ് പ്രവർത്തനങ്ങൾകൂടി നടത്തുന്നതിനുമായി ചട്ടം ഭേദഗതി ചെയ്ത് ഈ ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഫലപ്രദമായ പരിപാടികൾ നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട്. അത്തരം പരിമിതികൾ

മറികടന്നുകൊണ്ട് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെയാണ് ഓഡിറ്റിൽ അപാകതയായി പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഉദാഹരണത്തിന്, കോട്ടയത്തെ ശീമാട്ടി ജംഗ്ഷനിൽ യാത്രാക്കുരുക്ക് ഒഴിവാക്കാനും ജനങ്ങൾക്ക് സൗകര്യപ്രദമായി റോഡ് മുറിച്ചുകടക്കുന്നതിനുമായി ആവിഷ്കരിച്ച സ്കൈ വാക്ക് പദ്ധതിയുണ്ട്. ആ പദ്ധതി ഇപ്പോഴുള്ള മാനദണ്ഡങ്ങളിൽപ്പെടുന്നതല്ലായെന്ന ആക്ഷേപമാണ് ഓഡിറ്റ് വിഭാഗത്തിൽനിന്നും പ്രത്യേകിച്ച് എ.ജി.-യിൽ നിന്നുമുണ്ടായിട്ടുള്ളത്. ആ സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച്, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, റോഡിന്റെ ഇരുവശത്തുമുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കൽ മാത്രമല്ല കാൽനട യാത്രകാർക്ക് സഞ്ചരിക്കാനുള്ളത്, റോഡ് ക്രോസ് ചെയ്യുമ്പോഴുള്ള നിയമങ്ങൾ, ജംഗ്ഷൻ വികസനം തുടങ്ങിയ നിരവധി പരിഷ്കാരങ്ങൾകൂടി നടത്തേണ്ടത് ആവശ്യമാണ്. അങ്ങനെ ചെയ്താൽ മാത്രമേ റോഡപകടങ്ങൾ കുറയ്ക്കാൻ സാധിക്കുകയുള്ളൂവെന്ന അങ്ങയുടെ പരാമർശം ശരിയായ കാര്യമാണ്. അതിനനുസരിച്ച് ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവത്തിൽ ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. രാജഗോപാലൻ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിയിലെ ചില ഉദ്യോഗസ്ഥരും ബന്ധുക്കളും ബിനാമികളും ചേർന്ന് കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയെന്നും മോട്ടോർ വാഹന വകുപ്പ്, കെൽട്രോൺ, നാറ്റ്പാക് തുടങ്ങിയ ഏജൻസികൾ വഴി ചെലവഴിച്ച 50 കോടി രൂപയ്ക്ക് കണക്കോ ബില്ലുകളോ റോഡ് സുരക്ഷാ അതോറ്റിയിൽ ഇല്ലായെന്നും ഇതുവരെ ഓഡിറ്റ് വിഭാഗം സംസ്ഥാന റോഡ് സുരക്ഷാ അതോറ്റിയിൽ യാതൊരു പരിശോധനയും നടത്തിയിട്ടില്ലായെന്നുമുള്ള വാർത്തകളാണ് പുറത്തുവന്നിട്ടുള്ളത്. റോഡ് സുരക്ഷാ നടപടികൾക്കായി വാഹന ഉടമകളിൽ നിന്ന് സെസ്, പിഴ ഇനങ്ങളിൽ ഈടാക്കിയിട്ടുള്ള 130 കോടി രൂപയുടെ വിനിയോഗത്തിലെ ക്രമക്കേടുകളെ സംബന്ധിച്ചും വാർത്തകൾ വന്നിട്ടുണ്ട്. ആയിരം രൂപയ്ക്ക് മുകളിലുള്ള സാമ്പത്തിക ഇടപാടുകൾ ചെക്ക് മുഖേനയേ പാടുള്ളൂവെന്ന വ്യവസ്ഥ നിലവിലിരിക്കെ റോഡ് സുരക്ഷാ വാരാചരണത്തിന്റെ പേരിൽ നാൽപ്പത് ലക്ഷത്തോളം രൂപ ചെലവാക്കിയതിന്റെ രേഖകൾ അതോറിറ്റിയിൽ ഇല്ലെന്നുമുള്ള പരാതിയുണ്ട്. ഇതുസംബന്ധിച്ച വസ്തുതകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു?

ശ്രീ എ. കെ. ശശീന്ദ്രൻ : സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ബോധവൽക്കരണ പരിപാടികൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സംഖ്യ ആയിരം രൂപയാണ്. പക്ഷേ, ആയിരം രൂപ ഉപയോഗിച്ചുകൊണ്ട് ബോധവൽക്കരണ

പരിപാടികൾ ഫലപ്രദമായി നടത്താൻ കഴിയില്ല. അതാണ് നിയമത്തിലെ അപാകതയെന്ന് ഞാൻ പറഞ്ഞത്. കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ വിധത്തിലുള്ള ഒരു ഐഡിയ അല്ല ആ നിയമത്തിന്റെ വ്യവസ്ഥകളിലുള്ളത്. അതേസമയം നിയമരഹിതമായാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളതെന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശരിയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് ഓഡിറ്റ് വിഭാഗത്തെ ബോദ്ധ്യപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. എന്നാൽ ഇത്തരം കാര്യങ്ങളിൽ ഇതിനുപരിയായ ചില ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിയമവിരുദ്ധമായി ക്രമക്കേട് കാണിക്കുകയും അനധികൃതമായി കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുള്ളതു സംബന്ധിച്ച് പ്രത്യേകമായ അന്വേഷണം നടത്തുന്നതും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. ആന്റണി ജോൺ : സർ, നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് 2007-ൽ റോഡ് സുരക്ഷാ അതോറിറ്റിക്ക് രൂപം നൽകിയത്. വർഷങ്ങൾ കഴിയുന്തോറും റോഡപകടങ്ങൾ ഓരോ ദിവസവും വർദ്ധിച്ചുവരുന്ന നിലയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. അതുമായി ബന്ധപ്പെട്ട് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഈ സർക്കാർ പുതിയതായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണുദ്ദേശിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മെയാകെ ഉൽക്കണ്ഠപ്പെടുത്തുന്ന വിധത്തിലാണ് റോഡപകടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതെന്നത് വസ്തുതയാണ്. റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം റോഡ്നിയമങ്ങൾ പാലിക്കുന്നതിൽ കേരളീയ സമൂഹം കാണിക്കുന്ന അലംഭാവമാണ്. റോഡ് നിയമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള അതിശക്തമായ പ്രവർത്തനത്തിനാണ് ഈ സഭയിലെ മുഴുവൻ അംഗങ്ങളും സഹകരിക്കേണ്ടത്. അങ്ങനെ വരുമ്പോൾ റോഡപകട നിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിയും. എന്നാൽ വീതിയുള്ള റോഡുകൾ, സിഗ്നലുകൾ തുടങ്ങിയ കാര്യങ്ങൾ സ്ഥാപിച്ചുകൊണ്ട് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. അങ്ങനെയുള്ള സംയുക്ത ശ്രമത്തിന്റെ ഭാഗമായാണ് റോഡപകടങ്ങൾ കുറച്ച് ആശ്വാസമുണ്ടാകുന്ന സാഹചര്യത്തിലേക്ക് എത്തിച്ചേരാനാകുന്നത്. അതുകൊണ്ടുതന്നെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഇപ്പോഴത്തെ നിയമാവലിയിൽ മാറ്റം വരുത്തിക്കൊണ്ട് കൂടുതൽ ഫലപ്രദമായ നടപടികൾ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ ആവിഷ്കരിക്കുന്ന പുതിയ പരിപാടികളെക്കുറിച്ച് സഭയെ യഥാസമയം അറിയിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ : സർ, സർവ്വേ അനുസരിച്ച് ഏഷ്യാ ഉപഭൂഖണ്ഡത്തിൽ ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള പ്രദേശം വൈപ്പിനാണ്. അവിടെ ഒറ്റ റോഡ് മാത്രമാണുള്ളത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, പെട്രോനെറ്റ് എൽ.എൻ.ജി., കൊച്ചി റിഫൈനറി പ്രോജക്റ്റ് തുടങ്ങി വിവിധങ്ങളായ പ്രോജക്ടുകൾ വന്നതോടുകൂടി ഉത്തര കേരളത്തിൽ നിന്ന് കൊച്ചിയിലേക്കുള്ള പ്രധാന പ്രവേശന കവാടം വൈപ്പിൻ റോഡാണ്. ഒരു സർവ്വേ നടത്തിയപ്പോൾ അപകടമരണം കൂടുതലും അവിടെയാണ് നടക്കുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതുമനസ്സിലാക്കി എക്സ്പെർട്ടുകളും പ്രധാനപ്പെട്ട ആളുകളുമൊക്കെ ചേർന്ന് അപകടം ഒഴിവാക്കുന്നതിനായി ഇ-യാത്ര പ്രോജക്റ്റ് തയ്യാറാക്കി അങ്ങേക്ക് സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിക്ക് അംഗീകാരം നൽകി നടപടി സ്വീകരിക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു നല്ല പദ്ധതി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ച് റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ടിൽനിന്ന് പണം അനുവദിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നു. അങ്ങനെയാണ് ഈ ചട്ടങ്ങളിൽ മാറ്റം ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടത്. ഫലപ്രദവും ആകർഷകവും പ്രായോഗികവുമായ നിർദ്ദേശങ്ങളടങ്ങിയ ഒരു പ്രൊപ്പോസൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന റോഡ് സേഫ്റ്റി അതോറിറ്റി മുഖാന്തരം വരികയാണെങ്കിൽ തീർച്ചയായും അനുഭാവപൂർവ്വം പരിഗണിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മോട്ടോർ വാഹനങ്ങളിലെ അടയാള പ്രദർശനങ്ങൾ

4(*124) ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മോട്ടോർ വാഹനത്തിലും അതിന്റെ രജിസ്ട്രേഷൻ നമ്പർ, ഉടമാവകാശവും ഉപയോഗ പ്രത്യേകതകളും (സർക്കാർ/പൊതുമേഖല/സ്വകാര്യ/ടാക്സി) വ്യക്തമാക്കുന്നതിന് ആവശ്യമായതിലേറെ അടയാളങ്ങൾ, കൊടികൾ, മറ്റ് അലങ്കാരങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ അനുമതി നല്കുന്നതിന്റെ ഉദ്ദേശ്യവും മാനദണ്ഡവും എന്താണെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കാതെ ഏതെങ്കിലും മോട്ടോർ വാഹനത്തെ ഗതാഗതത്തിന് ഉപയോഗിക്കാൻ അനുമതി നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ വാഹനങ്ങൾക്കാണ് അത്തരം അനുമതി നൽകാറുള്ളതെന്നും ഇപ്രകാരം അനുമതി നൽകുന്നതിനുള്ള കാരണവും മാനദണ്ഡവും എന്താണെന്നും വ്യക്തമാക്കുമോ;

(സി) രജിസ്ട്രേഷൻ നമ്പർ ഒഴികെയുള്ള ചിഹ്നങ്ങളും കൊടികളും പ്രത്യേക നിറത്തിലെ ബോർഡുകളും പ്രദർശിപ്പിച്ചിട്ടുള്ള മോട്ടോർ വാഹനങ്ങൾക്ക് റോഡു നിയമങ്ങൾ ലംഘിക്കാനോ നിയമത്തിൽ ഇളവുകൾ ആവശ്യപ്പെടാനോ അവകാശം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) :

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടങ്ങൾ 50, 51 എന്നിവ പ്രകാരം വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കുന്നതിനുള്ള അനുവാദവും 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 92 എ പ്രകാരം സർക്കാർ വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നതിനുള്ള അനുമതിയുമാണ് നിലവിൽ നൽകിയിട്ടുള്ളത്. സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ അനധികൃതമായി ബോർഡ് പ്രദർശിപ്പിക്കുന്ന പ്രവണത ഒഴിവാക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് കേരള മോട്ടോർ വാഹന ചട്ടം 92 എ പ്രകാരം ചട്ടഭേദഗതി കൊണ്ടുവന്നത്. കൂടാതെ സർക്കാർ വാഹനങ്ങളെ മറ്റ് വാഹനങ്ങളിൽനിന്നും വേഗത്തിൽ വിവേചിച്ചറിയുവാനും അടിയന്തര കൃത്യനിർവ്വഹണത്തിന് വിവിധ സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിനും ഇത് സഹായിക്കുന്നുണ്ട്. ഉദ്യോഗസ്ഥരെ അടിയന്തര കൃത്യനിർവ്വഹണത്തിന് സഹായിക്കൽ, സർക്കാർ/അർദ്ധസർക്കാർ/മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വിഭാഗത്തിലേതു വാഹനമാണെന്ന തിരിച്ചറിയൽ, ഉന്നത പദവികൾ വഹിക്കുന്ന ഉദ്യോഗസ്ഥരെ തിരിച്ചറിയൽ എന്നീ ഉദ്ദേശ്യങ്ങളാണ് ഇത്തരം ബോർഡുകൾ വാഹനത്തിൽ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 2(28)-ാം വകുപ്പുപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ളതും പൊതുനിരത്തിൽ ഉപയോഗിക്കുന്നതുമായ വാഹനങ്ങൾക്കാണ് രജിസ്ട്രേഷൻ മാർക്ക് നൽകുന്നത്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ 92 എ ചട്ടപ്രകാരം (എസ്.ആർ.ഒ. നമ്പർ.796/15) സംസ്ഥാന ഗവർണർ, പാർലമെന്റിലെ അംഗങ്ങൾ, സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ, ജില്ലാ കളക്ടർ, വകുപ്പ് തലവന്മാർ എന്നിവർക്ക് തങ്ങളുടെ പദവി സൂചിപ്പിക്കുന്ന ബോർഡ് തങ്ങളുടെ വാഹനത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. രാജ് ഭവന് സർക്കാർ നൽകിയിട്ടുള്ള വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പ്ലേറ്റിനു സമീപം 'രാജ് ഭവൻ' എന്ന ബോർഡ് സ്ഥാപിക്കാവുന്നതാണ്. സംസ്ഥാന മന്ത്രിമാർക്ക് നൽകിയിട്ടുള്ള വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന ബോർഡും പ്രദർശിപ്പിക്കാവുന്നതാണ്.

ഇത് കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ഭരണഘടനാപരമായ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ തുടങ്ങിയവയുടെ തലവൻമാർ സഞ്ചരിക്കുന്ന വാഹനങ്ങളിൽ അവരുടെ പദവി സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും ബോർഡുകളും നാഷണലൈസ്ഡ് ബാങ്കുകളും 'കേന്ദ്ര അഥവാ സംസ്ഥാന സർക്കാർ സംരംഭം' എന്ന ബോർഡോടെ തങ്ങളുടെ സ്ഥാപനത്തിന്റെ പേര് അടങ്ങിയ ബോർഡ് പ്രദർശിപ്പാക്കാവുന്നതാണ്. ബഹുമാനപ്പെട്ട കോടതികൾ ബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്കും ബോർഡുകൾ പ്രദർശിപ്പിക്കാവുന്നതാണ്. ഇത്തരം ബോർഡുകൾ ഇളം നീല നിറത്തിൽ കറുത്ത അക്ഷരങ്ങളോടെയാവണം. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർക്ക് അദ്ദേഹത്തിന്റെ പദവി സൂചിപ്പിക്കുന്ന ബോർഡും യൂണിവേഴ്സിറ്റിയുടെ വാഹനങ്ങൾക്ക് യൂണിവേഴ്സിറ്റിയുടെ ബോർഡും നീല ബോർഡിൽ വെളുത്ത അക്ഷരങ്ങളിൽ പ്രദർശിപ്പിക്കാവുന്നതാണ്.

കേരള ഹൈക്കോടതിയിലെ ലോ ഓഫീസർമാർ, മറ്റ് ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് അവരുടെ പദവി സൂചിപ്പിക്കുന്ന ബോർഡും വാഹനത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. ഡെപ്യൂട്ടി സെക്രട്ടറി പദവിക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും ലോക് അദാലത്തിന്റെ ചെയർമാൻ തുടങ്ങിയവർക്കും തങ്ങളുടെ പദവി സൂചിപ്പിക്കുന്ന ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കുവാൻ അനുവാദമുള്ള വ്യക്തികൾ സഞ്ചരിക്കാത്തപ്പോൾ അത്തരം വാഹനങ്ങളിലെ ബോർഡുകൾ നീക്കം ചെയ്യുകയോ അല്ലെങ്കിൽ പൂർണ്ണമായും മറയ്ക്കുകയോ ചെയ്യേണ്ടതാണ്. 19-3-2014-ലെ ജി.ഒ.(പി) നമ്പർ. 28/2014/ട്രാൻ., 7-6-2014-ലെ ജി.ഒ.(പി) നമ്പർ.41/2014/ട്രാൻ., 20-10-2014-ലെ ജി.ഒ.(പി) നമ്പർ.76/2014/ട്രാൻ., 26-8-2015-ലെ ജി.ഒ.(പി) നമ്പർ.49/2015/ട്രാൻ. തുടങ്ങിയ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഔദ്യോഗിക വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് വിവിധ സ്ഥാനമാനങ്ങൾ വഹിക്കുന്നവർക്ക് അധികാരം നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവുകൾ പ്രകാരം സംസ്ഥാന ഗവർണർ, സംസ്ഥാന മുഖ്യമന്ത്രി, ഹൈക്കോടതി ചീഫ് ജസ്റ്റിസ്, കേരള നിയമസഭാ സ്പീക്കർ, കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ്, സംസ്ഥാന മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ എന്നിവർക്ക് ഫ്ലാഷറോട്ടു കൂടിയ ചുമന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കേരളാ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ, കേരള സർക്കാർ ചീഫ് സെക്രട്ടറി, സംസ്ഥാന അഡ്വക്കേറ്റ് ജനറൽ, സംസ്ഥാന ഇലക്ഷൻ കമ്മീഷണർ, കേരള പബ്ലിക്

സർവ്വീസ് കമ്മീഷൻ ചെയർമാൻ, കേരള സംസ്ഥാന മൈനോരിറ്റീസ് കമ്മീഷൻ ചെയർമാൻ, കേരള സംസ്ഥാന ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മീഷൻ ചെയർമാൻ എന്നിവർക്ക് ഫ്ലാഷറില്ലാത്ത ചുമന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ, സംസ്ഥാന ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, ജില്ലാ കളക്ടർമാർ, നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ, ഡിസ്ട്രിക്റ്റ് പോലീസ് ചീഫ് റാങ്കിലും അതിനു മേലെയുമുള്ള പോലീസ് ഉദ്യോഗസ്ഥർ, ട്രാൻസ്പോർട്ട് കമ്മീഷണർ, എസ്കോർട്ട് അല്ലെങ്കിൽ പൈലറ്റ് വാഹനങ്ങളായി ഉപയോഗിക്കുന്ന പോലീസ് വാഹനങ്ങൾ, വിവിധ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റാങ്കിലും അതിനു മേലെയുമുള്ള ഉദ്യോഗസ്ഥർ, വിജിലൻസ് ട്രിബ്യൂണലിലെ എൻക്വയറി കമ്മീഷണർമാർ, സ്പെഷ്യൽ ജഡ്ജിമാർ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് കമാൻഡന്റ്-കം-ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ എന്നിവർക്ക് ഫ്ലാഷറോടു കൂടിയതോ അല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. ആംബുലൻസ് സർവ്വീസ്, ഫയർ സർവ്വീസ് എന്നിവ നടത്തുന്ന വാഹനങ്ങൾ, എമർജൻസി മെയിന്റനൻസ് വാഹനങ്ങൾ, ക്രമസമാധാന പാലനത്തിന് ഉപയോഗിക്കുന്ന പോലീസ് വാഹനങ്ങൾ, ടെറിട്ടോറിയൽ വിംഗിന്റെ ചുമതലയുള്ള ഫോറസ്റ്റ് ഓഫീസറുടെ വാഹനങ്ങൾ, വൈൽഡ് ലൈഫ് വിംഗ്, ഫ്ലയിംഗ് സ്ക്വാഡ് വാഹനങ്ങൾ തുടങ്ങി തങ്ങളുടെ ചുമതല തുടരുന്നതിനായി നിർബാധം റോഡ് ഉപയോഗിക്കേണ്ടി വരുന്ന വാഹനങ്ങൾക്ക് ചുമപ്പ്, നീല, വെളുപ്പ് നിറങ്ങൾ ഉൾപ്പെടുന്ന മൾട്ടി കളർ ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കൊടികൾ, അടയാളങ്ങൾ, അലങ്കാരങ്ങൾ എന്നിവ വാഹനങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് യാതൊരു പ്രത്യേക അനുമതിയും നൽകിയിട്ടില്ല.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 50, 51 എന്നിവ പ്രകാരം നിരത്തിലോടുന്ന ഓരോ മോട്ടോർ വാഹനത്തിലും നിർബന്ധമായും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കാതെ ഗതാഗതത്തിന് ഉപയോഗിക്കാൻ ഒരു വാഹനത്തിനും അനുമതി നൽകാറില്ല.

(സി) റോഡ് നിയമങ്ങൾ ലംഘിക്കുന്നതിനോ നിയമത്തിൽ ഇളവുകൾ ആവശ്യപ്പെടുന്നതിനോ അവകാശമില്ല. ഇത്തരത്തിലുള്ള യാതൊരു ഇളവുകളും നൽകിയിട്ടുമില്ല.

**ഹരിതകേരളം**

5(*125) ശ്രീ. എം. വിൻസെന്റ് :

ശ്രീ. അനിൽ അക്കര :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കാൻ 'ഹരിതകേരളം' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനം ശുചിയാക്കാനും ഹരിതാഭമാക്കാനുമുള്ള എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തം എങ്ങനെ ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) ശുചിത്വ-മാലിന്യസംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകുന്ന സമഗ്ര ഇടപെടലാണ് 'ഹരിതകേരളം പദ്ധതി'. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, സംയോജിത നീർത്തട പരിപാലനം, ഉറവിട മാലിന്യസംസ്കരണം, കമ്പോസ്റ്റ് ഉപയോഗിച്ചുള്ള ജൈവകൃഷി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കേരളത്തിൽ ബഹുജന പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരത, അധികാര വികേന്ദ്രീകരണം, കുടുംബശ്രീ തുടങ്ങിയ മഹാ പ്രസ്ഥാനങ്ങൾപോലെ ഹരിത കേരള മിഷൻ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സന്നദ്ധപ്രവർത്തനം, പങ്കാളിത്തം, കൂട്ടായ്മ, പൗരധർമ്മം എന്നിവ ഉറപ്പാക്കുംവിധമുള്ള കാമ്പയിനാണ് രൂപം നൽകുന്നത്. മാലിന്യ സംസ്കരണമെന്നത് വിഭവ വികസനമാണെന്ന സമീപനം സമൂഹത്തിൽ വ്യവസ്ഥാപിതമാക്കുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടെ ജൈവകൃഷിക്കുള്ള അനുകൂല മനോഭാവവും ജീവിതരീതിയും ശൈലിയും ഓരോ വ്യക്തിയിലും കുടുംബത്തിലും ഓരോ സ്ഥാപനത്തിലും സാമൂഹിക ജീവിതത്തിലും ഉറപ്പുവരുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സമഗ്ര കേരള വികസനം ലക്ഷ്യമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന ഹരിതകേരളം അടക്കമുള്ള പദ്ധതികളുടെ വിശദമായ കർമ്മപരിപാടി 28-9-2016-ലെ സ.ഉ.(പി) നമ്പർ.41/2016/ആ.സ.വ. ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

**പ്രധാനമന്ത്രി ആവാസ് യോജന**

6 (*126) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ഇന്ദിരാ ആവാസ് യോജന പിൻവലിച്ച് പകരം ആരംഭിച്ച പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം കേരളത്തിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; കുറവുണ്ടായെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ;

(ബി) പി.എം.എ.വൈ. പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അവലംബിച്ചിട്ടുള്ള രീതി എന്താണ്; ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനു പകരം കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കാൻ സാധ്യമാണോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ഉണ്ട്. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം 2016-17 വർഷം 24341 വീടുകളാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽ 14605 വീടുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും 9736 വീടുകൾ ന്യൂനപക്ഷ വിഭാഗത്തിനുമാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. കുറവ് വരുത്തിയത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയമാണ്. കുറവ് വന്നതിന് പ്രത്യേക കാരണമൊന്നും മന്ത്രാലയം അറിയിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കേന്ദ്ര സർക്കാർ മാനദണ്ഡമായ 2011-ൽ നടന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി.) പ്രകാരമാണ്. എസ്.ഇ.സി.സി. ലിസ്റ്റിൽപ്പെട്ട ഭവന രഹിതരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ലിസ്റ്റിൽപ്പെട്ടവരുടെ നിലവിലെ സ്ഥിതി ഗ്രാമ പഞ്ചായത്ത് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ചതിന് ശേഷം അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭാ അംഗീകാരത്തിനുശേഷം പി.എം.എ.വൈ. വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്താണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നത്. ഭവനരഹിതരായ 16-നും 59-നും പ്രായപരിധിയിൽ അംഗങ്ങളില്ലാത്ത കുടുംബത്തിനും ഗൃഹനാഥൻ വനിതയായവർക്കും 25 വയസ്സിന് മുകളിലുള്ള സാക്ഷരരായ പുരുഷന്മാർ ഇല്ലാത്ത കുടുംബത്തിനും കുടുംബത്തിൽ ശാരീരിക ക്ഷമതയുള്ളവരില്ലാത്തതും ഭിന്നശേഷിയുള്ളവർ ഉൾപ്പെട്ടതും കൂലിവേല ഉപജീവനമായവർമാത്രം ഉൾപ്പെട്ടതുമായ കുടുംബത്തിനും അർഹതാ മാനദണ്ഡങ്ങളിൽ മുൻഗണനയുണ്ട്. ചേരിനിവാസികളായ നിരാലംബർ, തോട്ടിപ്പണിക്കാർ, പ്രാക്ഗോത്രവർഗ്ഗത്തിലുൾപ്പെട്ടവർ, അടിമത്തൊഴിലിൽനിന്ന് മോചിതരായവർ എന്നിവർ ഈ പദ്ധതിയിൽ ഉൾപ്പെടാൻ അർഹരാണ്.

താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന കുടുംബങ്ങൾ അനർഹരായിരിക്കും:

1. രണ്ടു ചക്രം മുതലുള്ള മോട്ടോർ വാഹനം സ്വന്തമായുള്ള കുടുംബം
2. മൂന്ന്-നാല് ചക്ര കാർഷിക യന്ത്രങ്ങൾ സ്വന്തമായുള്ള കുടുംബം
3. 50,000 രൂപയ്ക്ക് മുകളിൽ കിസാൻ ക്രഡിറ്റ് കാർഡുള്ള കുടുംബം
4. സർക്കാർ ജീവനക്കാരുള്ള കുടുംബം
5. സർക്കാരിൽ രജിസ്റ്റർചെയ്ത കാർഷികേതര സംരംഭകൻ ഉള്ള കുടുംബം
6. 10,000 രൂപയിൽ കൂടുതൽ കുടുംബ മാസവരുമാനമുള്ള കുടുംബം
7. ആദായ നികുതി ദായകൻ ഉൾപ്പെടുന്ന അംഗങ്ങളുള്ള കുടുംബം
8. തൊഴിൽ നികുതി ദായകൻ ഉൾപ്പെടുന്ന കുടുംബം
9. റഫ്രിജറേറ്റർ സ്വന്തമായുള്ള കുടുംബം
10. ലാന്റ് ഫോൺ ഉള്ള കുടുംബം
11. 2.5 ഏക്കർ കാർഷിക ഭൂമിയുള്ള കുടുംബം

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കക്കാനുള്ള മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയമാണ്. ഇതിന് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും കത്ത് നൽകിയിട്ടുണ്ട്.

## കേരഫെഡിന്റെ പ്രവർത്തനം

7(*127) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് മുൻസർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഈ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മുൻ ഭരണകാലത്ത് നടന്ന അഴിമതിയെക്കുറിച്ച് കൃഷി വകുപ്പ് വിജിലൻസ് സ്പെഷ്യൽ സെൽ നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേര കർഷകരുടെ താൽപര്യം സംരക്ഷിക്കാനായി കേരഫെഡിന്റെ പ്രവർത്തനം അഴിമതി മുക്തമാക്കുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ&ബി) ഉണ്ട്. കൃഷി വകുപ്പ് വിജിലൻസ് സ്പെഷ്യൽ സെൽ കേരഫെഡിൽ നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരികയാണ്. വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ വിശദാംശം/റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(സി) കേരഫെഡിലെ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുകയാണ്. കേരകർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും കേരഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

8 (*128) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിൽ ആഹാര സാധനങ്ങളുടെ പരിശോധനയ്ക്കും ഹോട്ടലുകൾ, തട്ടുകടകൾ, ബേക്കറികൾ എന്നിവിടങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിമാസം നിശ്ചിത എണ്ണം പരിശോധനകൾ നടത്തണമെന്ന് നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നഗരസഭകളിൽ ഹെൽത്ത് വിഭാഗത്തിൽ അനുവദനീയമായ തസ്തികയിലുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പുതിയതായി രൂപീകരിച്ച നഗരസഭകളിൽ ജീവനക്കാരെ നിയമിച്ചുവരുന്നു. ടി വിഭാഗം ജീവനക്കാർക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്. ഓരോ വിഭാഗം ജീവനക്കാരുടെയും ചുമതലകൾ നിജപ്പെടുത്തി ഉത്തരവ് നിലവിലുള്ളതാണ്. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മാലിന്യം കൈകാര്യം ചെയ്യുമ്പോൾ ധരിക്കേണ്ട കയ്യുറ, ഗംബൂട്ട്, യൂണിഫോം, റെയിൻകോട്ട് മുതലായവ നഗരസഭകൾ നൽകിവരുന്നുണ്ട്. സ്ഥിരം തൊഴിലാളികൾ കുറവുള്ള നഗരസഭകളുടെ ആവശ്യം പരിഗണിച്ച് താൽക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകാറുണ്ട്.

(ബി) ഉണ്ട്. ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാരും പരിശോധന നടത്താറുണ്ട്. വൃത്തിഹീനമായ ചുറ്റുപാടിലാണോ ആഹാരം പാകം ചെയ്യുന്നത്, പഴകിയ ആഹാരസാധനങ്ങൾ വിൽപ്പന നടത്തുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് നഗരസഭാ ആരോഗ്യ വിഭാഗം പ്രധാനമായും പരിശോധിക്കുന്നത്. നിലവിലുള്ള ഉദ്യോഗസ്ഥർ ടി പ്രവൃത്തികൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ഈ വിഭാഗത്തിലെ ഒഴിവുകൾ നിലവിലുള്ള നഗരസഭകളിൽ അതു നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നഗരസഭാ പരിധിയിലുള്ള കടകളിലും കച്ചവട സ്ഥാപനങ്ങളിലും ഇടയ്ക്കിടെ പരിശോധന നടത്തി ശുചിത്വം ഉറപ്പാക്കണമെന്നും മറ്റുമുള്ള ഹെൽത്ത് വിഭാഗം ജീവനക്കാരുടെ ചുമതലകൾ അടങ്ങുന്ന 23-7-1964-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 526/64/HLD നിലവിലുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ആവശ്യമായ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ആഹാര സാധനങ്ങളിൽ മായംചേർക്കൽ

നിയമപ്രകാരം നഗരസഭകളിലെ ഫുഡ് ഇൻസ്പെക്ടർമാർ ഓരോ മാസവും നിശ്ചിത എണ്ണം പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് ആക്ട് നിലവിൽ വന്നതോടെ ഇതിന്റെ നിയന്ത്രണം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കാണ്. അതിനാൽ നഗരകാര്യ വകുപ്പിൽനിന്നും ഇപ്പോൾ ഇക്കാര്യത്തിൽ നിർദ്ദേശം നൽകാറില്ല.

**ഓണം സമൃദ്ധി പദ്ധതി**

9 (*129) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഓണം സമൃദ്ധി പദ്ധതി' വിജയകരമായിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിഷരഹിത പച്ചക്കറികൾ സമാഹരിയ്ക്കുന്നതിലും സംഭരിയ്ക്കുന്നതിലും വിപണനം ചെയ്യുന്നതിലും വിജയിക്കാൻ സാധിച്ചുവോ; വ്യക്തമാക്കുമോ;

(സി) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കാർഷികോല്പന്നങ്ങൾ നേരിട്ട് സമാഹരിയ്ക്കുന്നതിനും ഫലപ്രദമായി സംഭരിയ്ക്കുന്നതിനും വിപണനം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) :

(എ&ബി) വിജയകരമായിരുന്നു. കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ കർഷകരിൽനിന്നുള്ള ഉൽപ്പന്നങ്ങൾ മൊത്ത വ്യാപാര വിലയേക്കാൾ 10% കൂടിയ നിരക്കിൽ സംഭരണം നടത്തുകയും ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് വിഷരഹിത 'ഫാം ഫ്രഷ്' പച്ചക്കറികൾ സംസ്ഥാനത്ത് 1350 വിപണന ശാലകളിലൂടെ നൽകുകയും ചെയ്തു. ഇതിനായി സബ്സിഡി അനുവദിക്കുകയും ഉണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാർഷികോൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വിപുലമായ പ്രചരണം നൽകിക്കൊണ്ട് ജനകീയമായി സംഘടിപ്പിച്ച ഓണ വിപണികൾ കർഷകർക്കും ഉപഭോക്താക്കൾക്കും വളരെയധികം പ്രയോജനപ്രദമായിരുന്നു. ഇതുമൂലം ഓണ വിപണിയിൽ പച്ചക്കറിയുടെ വില വർദ്ധിക്കാതിരിക്കുകയും ചെയ്തു.

(സി) കാർഷികോൽപ്പന്നങ്ങൾ നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും ജില്ലാതല വിപണന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ടി കമ്മിറ്റിയിൽ ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറും വിപണന ചുമതലയുള്ള കൃഷി ഉദ്യോഗസ്ഥരും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും കർഷക പ്രതിനിധിയും ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി വിപണന സാദ്ധ്യതകൾ മുൻകൂട്ടി വിലയിരുത്തുകയും ഉൽപ്പന്നങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് ജില്ലയ്ക്കകത്ത് വിപണനത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കുകയും വിപണനം ഉറപ്പാക്കുന്നതിന് ആവശ്യാനുസരണമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സംസ്ഥാനത്തെ ആറു മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകരിൽനിന്നുമുള്ള ഉൽപ്പന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആഴ്ചയിൽ നിശ്ചിത ലേല ദിവസങ്ങളിൽ കർഷകർക്ക് ഉൽപ്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലം മുഖേന വിപണനം ചെയ്യുന്നതിലൂടെ ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്.

## പ്ലാസ്റ്റിക് മാലിന്യങ്ങൾ

10 (*130) ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വൻതോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ആവശ്യമായ ബോധവത്കരണം നടത്തുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുന്നതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് കൂടുതൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ഡയോക്സിൻ, ഫ്യൂറാൻ പോലുള്ള വിഷവാതകങ്ങൾ വമിക്കുന്നതിനും ഇത് ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമാകുന്നു. ഇക്കാര്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ഈ പ്രവണത അവസാനിപ്പിക്കുന്നതിനുള്ള വിവിധ വിവരവിജ്ഞാന വ്യാപന പരിപാടികൾ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) തദ്ദേശഭരണ സ്ഥാപനതലത്തിൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനും തുടർന്ന് റീസൈക്കിൾ ചെയ്യുന്നതിലേക്ക് കൈമാറുന്നതിനുമായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി/റിസോഴ്സ് റിക്കവറി സെന്ററുകളെന്ന പശ്ചാത്തലസൗകര്യം എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും സ്ഥാപിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. ഈ പശ്ചാത്തല സൗകര്യത്തിന്റെ ഒരു ഘടകമായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളുമുണ്ടാകും.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

11 (*131) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയനുസരിച്ച് നടത്തിയിട്ടുണ്ട് വിശദമാക്കുമോ;

(സി) പദ്ധതിയനുസരിച്ച് ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ എന്ന് പ്രവർത്തനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം തുറമുഖ കമ്പനിയും കൈക്കൊള്ളുന്നുണ്ട്. കൺസഷൻ കരാർ നിഷ്കർഷിക്കുന്നതുപ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ നിഷ്കർഷിച്ചിട്ടുണ്ട് (Milestones). ഇതിന്റെ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയായ (Independent Engineer) STUP Consultants Private Limited-നെ പദ്ധതി കരാർ പ്രകാരമുള്ള ഒരു ടെണ്ടർ പ്രക്രിയയിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു Empowered Committee-യും ഒരു Project Implementation Committee-യും രൂപീകരിച്ച് പ്രവർത്തിക്കുന്നു.

(ബി) നിർമ്മാണം ആരംഭിച്ച ഡിസംബർ 5-ാം തീയതി മുതൽ മണ്ണുപരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൂടാതെ ഭാഗികമായുള്ള dredging & reclamation, 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിൽ 400 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.

(സി) കൺസഷൻ കരാർ അനുസരിച്ച് കൺസഷണയർ പൂർത്തിയാക്കേണ്ട ശേഷിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. ബ്രേക്ക് വാട്ടർ
2. ഡ്രെഡ്ജിംഗ് & റിക്ലമേഷൻ
3. ബർത്തുകളുടെ നിർമ്മാണം
4. ഉപകരണങ്ങളുടെ (വിവിധയിനം ക്രെയിനുകൾ, കണ്ടെയ്നർ നീക്കുന്നതിനുള്ള മറ്റ് ഉപകരണങ്ങൾ മുതലായവ) സ്ഥാപിക്കൽ
5. പദ്ധതിയെ ദേശീയ പാത 66-മായി ബന്ധിപ്പിക്കുന്ന 2 കി.മീ. നീളമുള്ള റോഡ്
6. പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം

സംസ്ഥാന സർക്കാർ അഥവാ വിഴിഞ്ഞം തുറമുഖ കമ്പനി പൂർത്തിയാക്കേണ്ട ശേഷിക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. ശേഷിക്കുന്ന ഭൂമിയുടെ ഏറ്റെടുക്കൽ
2. പദ്ധതിയെ നിലവിലെ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന റെയിൽ പാതയുടെ നിർമ്മാണം.
3. സീ ഫുഡ് പാർക്കിന്റെ നിർമ്മാണം.

(ഡി) കരാർപ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാ നത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനായി ഒരു ആയിരം ദിന ഉത്സുക കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

## വല്ലാർപാടം ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ

12 (*132) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണോ; വ്യക്തമാക്കുമോ;

(ബി) ഒരു മില്ല്യൻ ടി.ഇ.യു. (ടെന്റിഫൂട്ട് ഇക്വലന്റ് യൂണിറ്റ്) പ്രതിവർഷം കൈകാര്യം ചെയ്യാൻ സാധിക്കുന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് പ്രതിവർഷം 3 ലക്ഷം ടി.ഇ.യു. മാത്രമേ കൈകാര്യം ചെയ്യേണ്ടിവരുന്നുള്ളൂവെന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് സ്ഥാപിതശേഷി ഉപയോഗിക്കാനാകാതെ വരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കൊച്ചി തുറമുഖം വല്ലാർപാടത്ത് സ്ഥാപിച്ചിട്ടുള്ള ICTT ടെർമിനൽ 2011 ഫെബ്രുവരി 11 മുതൽ പ്രവർത്തനക്ഷമമായി. DP വേൾഡ് എന്ന സ്ഥാപനമാണ് ടെർമിനൽ നിർമ്മിച്ച് നടത്തിവരുന്നത്. നാളിതുവരെയുള്ള പ്രവർത്തനം തൃപ്തികരമായിരുന്നില്ല എങ്കിലും, 2015 ഏപ്രിൽ മുതൽ ടെർമിനൽ 14.5% വളർച്ച കൈവരിക്കുകയും 4,20,000 TEUS കൈകാര്യം ചെയ്യുകയും ചെയ്തു.

(ബി) ഒരു മില്ല്യൻ ടി.ഇ.യു. പ്രതിവർഷം കൈകാര്യം ചെയ്യാനുള്ള ശേഷി ടെർമിനലിനുണ്ട്. 2015-16 സാമ്പത്തിക വർഷം 4,20,000 TEUS കൈകാര്യം ചെയ്ത ടെർമിനൽ നടപ്പു സാമ്പത്തിക വർഷമായ 2016-17-ൽ 5,00,000 TEUS കൈകാര്യം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്ഥാപിതശേഷി ഉപയോഗപ്പെടുത്താത്തതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. കൊളംബോ വഴിയുള്ള ട്രാൻസ്ഷിപ്‌മെന്റ് കണ്ടെയ്‌നേഴ്സ് കൊച്ചി വഴി തിരിച്ചുവിടുക എന്നതാണ് വല്ലാർപാടം ICTT-യുടെ ഉദ്ദേശ്യലക്ഷ്യം. എന്നാൽ ഇപ്പോഴും പ്രധാന ഷിപ്പിംഗ് ലൈനുകൾ കൊളംബോയിൽ തന്നെ ട്രാൻസ്ഷിപ്പ്‌മെന്റ് തുടരുന്നു.

2. കൊച്ചിയിൽ വേണ്ടത്ര ചരക്ക് കൈകാര്യം ചെയ്യാനില്ലാത്തതാണ് ട്രാൻസ്ഷിപ്പ്‌മെന്റ് ഇപ്പോഴും കൊളംബോ വഴി തുടരാനുള്ള പ്രധാന കാരണം.

3. ഇതര സംസ്ഥാനങ്ങളിലെ എക്സ്പോർട്ടേഴ്സ്/ഇംപോർട്ടേഴ്സിന്റെ വിദേശ പങ്കാളികൾ കൊളംബോയിൽനിന്നും കൊച്ചിയിലേക്ക് ചരക്കുനീക്കം മാറ്റാൻ വിമുഖത കാണിക്കുന്നു.

4. അമേരിക്ക പോലുള്ള വൻകിയ കയറ്റുമതി രാജ്യങ്ങളിലേക്ക് കാർഗോ കൈകാര്യം ചെയ്യുന്നതിൽ കൊച്ചി വഴിയും കൊളംബോ വഴിയുമുള്ള നിരക്കുകളിൽ വലിയ വ്യതിയാനം ഇല്ലാത്തതിനാലും ട്രാൻസ്ഷിപ്പ്‌മെന്റ് ഇപ്പോഴും മാറ്റമില്ലാതെ കൊളംബോയിൽ തന്നെ തുടരുന്നു.

**മോട്ടോർ വാഹന നിയമ ഭേദഗതി**

13 (*133) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ഉണ്ണി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ;

(ബി) നിർദ്ദിഷ്ട ഭേദഗതി നിയമമായാൽ ഓട്ടോറിക്ഷകളെയും വൻകിട ടാക്സി സർവ്വീസുകൾ ഒഴികെയുള്ള ടാക്സി സർവ്വീസുകളെയും ദോഷകരമായി ബാധിക്കുമെന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് ഈ നീക്കത്തിൽ നിന്ന് പിൻതിരിയാൻ ആവശ്യപ്പെടുമോ;

(സി) നിയമ ഭേദഗതി വഴി സംസ്ഥാനങ്ങൾക്ക് നിലവിലുള്ള അധികാരങ്ങളിൽ മാറ്റം വരാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) നിർദ്ദിഷ്ട മോട്ടോർ വാഹനനിയമ ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

(1) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 9(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 5(iii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിനുള്ള അധികാരം എടുത്ത് കളഞ്ഞിട്ടുണ്ട്.

(2) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2)(ബി) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 9(ii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് ഹോൾഡറുടെ വയസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും.

(3) നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ ലൈസൻസ്, കാലാവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. എന്നാൽ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 10(iii)(ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് 5 വർഷ കാലാവധി 6 മാസമായി കുറച്ചിരിക്കുകയാണ്.

(4) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 41(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 18 അനുസരിച്ച് പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി വാഹനം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല.

(5) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(i) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് 1-10-2018 മുതൽ വാഹനം ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ ടെസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.

(6) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(iii)(ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് വാഹനത്തിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിന് നിർദ്ദിഷ്ട അതോറിറ്റിക്ക് വാഹന ഉടമ തെരഞ്ഞെടുത്തിട്ടുള്ള ഓതറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ നിന്നുമുള്ള കൺഫർമേഷൻ ആവശ്യമാണ്.

(7) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 164(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 49 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് വാഹനാപകടത്തിൽ മാരകമായി പരിക്കേറ്റ ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരം 5 ലക്ഷം രൂപയും വാഹനാപകടത്തിൽ മരണപ്പെട്ട ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരം 10 ലക്ഷം രൂപയുമാണ്.

(8) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 215 എ (1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 89 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതിയനുസരിച്ച് കേന്ദ്ര സർക്കാരിലും സംസ്ഥാന സർക്കാരിലും നിർദ്ദിഷ്ട നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഏത് അധികാരവും സർക്കാർ നിശ്ചയിക്കുന്ന ഏതൊരു വ്യക്തിയേയോ, വ്യക്തി സമൂഹത്തിനെയോ ഏൽപ്പിക്കാവുന്നതാണ്.

(ബി) പുതിയ നിയമ പരിഷ്കാരങ്ങളിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾക്കൂടി പരിഗണിച്ചുമാത്രമേ നിയമനിർമ്മാണം നടത്താൻ പാടുള്ളൂവെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) മാറ്റം വരാൻ ഇടയുണ്ട്.

**വിഴിഞ്ഞം പദ്ധതി**

14(*134) ശ്രീ. ബി. സത്യൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിക്ക് എല്ലാ അനുമതികളും ലഭിച്ച സാഹചര്യത്തിൽ പദ്ധതി പ്രവർത്തനം രൂപരേഖപ്രകാരം സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ സംവിധാനമുണ്ടോ;

(ബി) മറ്റ് പദ്ധതികളുടെ സാമീപ്യം എന്ന കാര്യം ഉയർത്തി ഈ പദ്ധതിക്ക് അംഗീകാരം വൈകിക്കാനായി, വളരെയടുത്തുള്ള കുളച്ചലിൽ പുതിയ തുറമുഖത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത് രാഷ്ട്രീയപരമോ കേന്ദ്ര അവഗണനയുടെ ഭാഗമായോ ആണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഭാഗമായി സർക്കാർ ചെയ്യേണ്ട പുനരധിവാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ സമയബന്ധിതമായി ചെയ്യുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിന് കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം തുറമുഖ കമ്പനിയും കൈക്കൊള്ളുന്നുണ്ട്. കൺസഷൻ കരാർ നിഷ്കർഷിക്കുന്നതുപ്രകാരം പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണച്ചുമതല കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിനാണ്. ഇത് ഉറപ്പുവരുത്തുന്നതിനായി കൺസഷൻ കരാറിൽ നാല് നിർമ്മാണ നാഴികക്കല്ലുകൾ (Milestones) നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയായ (Independent Engineer) STUP Consultants Private Limited-നെ പദ്ധതി കരാർ പ്രകാരമുള്ള ഒരു ടെണ്ടർ പ്രക്രിയയിലൂടെ തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു Empowered Committee-യും ഒരു Project Implementation Committee-യും രൂപീകരിച്ച് പ്രവർത്തിക്കുന്നു.

(ബി) 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാരിന്റെ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കേന്ദ്ര മന്ത്രിസഭ തീരുമാനം വിശദമാക്കിയിട്ടുള്ള കുറിപ്പുപ്രകാരം കുളച്ചലിന് അടുത്തുള്ള ഇനയം തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി മനസ്സിലാക്കുന്നു. കുളച്ചൽ ഒരു കേന്ദ്ര പദ്ധതിയായി വികസിപ്പിക്കുമ്പോൾ വിഴിഞ്ഞം ഒരു സംസ്ഥാന പദ്ധതിയാണ്. വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്ര സർക്കാരിൽനിന്ന് ആവശ്യമായുള്ള അനുമതികളും അംഗീകാരങ്ങളുമായ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി, കേന്ദ്ര ധനമന്ത്രാലയത്തിന്റെ തത്വത്തിലുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (വി.ജി.എഫ്.) അനുമതി എന്നിവ ലഭിച്ചുകഴിഞ്ഞു. കുളച്ചൽ തുറമുഖത്തിന് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിന് മുമ്പുതന്നെയാണ് ഇത് ലഭിച്ചത്. പ്രധാനപ്പെട്ട അനുമതികൾ പദ്ധതിക്ക് ലഭിച്ചുകഴിഞ്ഞതിനാൽ മറ്റു പദ്ധതികളുടെ സാമീപ്യം എന്ന കാര്യം ഉയർത്തി ഈ പദ്ധതിക്ക് അംഗീകാരം വൈകിക്കാനാണോ എന്ന് പരിശോധിച്ചിട്ടില്ല.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായുള്ള പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു. ഭൂമിയും വീടും നഷ്ടപ്പെട്ട 82 കുടുംബങ്ങളെ പുനരധിവസിപ്പിച്ച് കഴിഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണംമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടാവുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്തി നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം ആർ.ഡി.ഒ. ചെയർമാനായ ഒരു ഉപജീവനാഘാത നിർണ്ണയസമിതിയും (Livelihood Impact Appraisal Committee - LIAC) തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ മറ്റൊരു അഞ്ചംഗ അപ്പീൽ സമിതിയും 20-7-2015-ലെ G.O(Rt.) 577/2015/F&PD ഉത്തരവ് മുഖാന്തരം രൂപീകരിച്ചു.

LIAC തയ്യാറാക്കിയ റിപ്പോർട്ട് 17-9-2015-ലെ G.O(Rt) 772/2015/F&PD ഉത്തരവുപ്രകാരം പ്രസിദ്ധീകരിക്കുകയും ഇത് സംബന്ധിച്ച പരാതികൾ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് അവസരം നൽകുകയുമുണ്ടായി. ഇതിന്മേൽ ലഭിച്ച 18000-ത്തിൽപ്പരം പരാതികൾ മത്സ്യബന്ധന ഗ്രാമങ്ങളുടെയും മത്സ്യബന്ധന രീതികളുടെയും അടിസ്ഥാനത്തിൽ തരംതിരിക്കാനും തീർപ്പാക്കാനും തീരുമാനിച്ചു. ചിപ്പി-ലോബ്സ്റ്റർ മത്സ്യബന്ധനം, കരമടി മത്സ്യബന്ധനം, റിസോർട്ട് തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരെയാണ് ആദ്യഘട്ടത്തിൽ ബാധിക്കുന്നത് എന്നതിനാൽ അവരുടെ നിജസ്ഥിതി കണ്ടെത്തുന്നതിനായി സ്ഥലപരിശോധനയും രേഖാപരിശോധനയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികളുടെ പരിശോധനയ്ക്കായി മത്സ്യബന്ധന വകുപ്പിലെ ഫീൽഡ് ഓഫീസർമാർ ഉൾപ്പെടുന്ന സബ് കമ്മിറ്റിയും റിസോർട്ട് തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരുടെ പരിശോധനയ്ക്കായി തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറെയും ചുമതലപ്പെടുത്തി.

<u>മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം</u> :

പദ്ധതി പ്രദേശത്തെ തൊഴിൽ ബാധിക്കുന്ന ചിപ്പി-ലോബ്സ്റ്റർ മത്സ്യബന്ധനം, കരമടി മത്സ്യബന്ധനം എന്നിവയിലേർപ്പെട്ടിരിക്കുന്നവരുടെ സ്ഥലപരിശോധനയും രേഖാപരിശോധനയും പൂർത്തീകരിക്കുകയും ഇവരുടെ ഒന്നാംഘട്ട റിപ്പോർട്ട് 1-3-2016-ലെ സ.ഉ (കൈ) നമ്പർ 7/2016/മതുവ ഉത്തരവുപ്രകാരം സർക്കാർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവുപ്രകാരം ടി തൊഴിലാളികൾക്ക് നഷ്ടപരിഹാരത്തുകയായി 23.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിജസ്ഥിതി സ്ഥിരീകരിച്ച 185 പേരുടെ നഷ്ടപരിഹാരത്തുകയായി 11.7 കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. ശേഷിക്കുന്നവരുടെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം LIAC സബ് കമ്മിറ്റി മുഖാന്തരം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ച രണ്ടാം ഘട്ടറിപ്പോർട്ടുകൾ 2016 ഒക്ടോബർ 7-ന് മുമ്പ് LIAC അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്. ഈ റിപ്പോർട്ടുകൾ ലഭ്യമായാലുടൻ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

<u>റിസോർട്ട് തൊഴിലാളികളുടെ പുനരധിവാസം</u> :

പദ്ധതി പ്രദേശത്തെ തൊഴിൽ ബാധിക്കുന്ന റിസോർട്ട് തൊഴിലാളികളെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് 2016 ജൂലൈ മാസം ജില്ലാ ലേബർ ഓഫീസർ സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ LIAC അപ്പീൽ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. LIAC അപ്പീൽ കമ്മിറ്റി ലേബർ

ഓഫീസർ നിർദ്ദേശിച്ച 12 മാസത്തെ ശമ്പളം 16 മാസമായി വർദ്ധിപ്പിക്കുവാൻ ശിപാർശ ചെയ്യുകയുണ്ടായി. ഇത് മനസ്സിലാക്കിയ റിസോർട്ട് ജീവനക്കാരുടെ പ്രതിനിധികൾ കൂടുതൽ മെച്ചപ്പെട്ട നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിച്ചിരുന്നു. നഷ്ടപരിഹാരത്തുക നേരിയ തോതിൽ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**തെരുവുനായ പ്രശ്നം പരിഹരിക്കാൻ നടപടി**

15(*135) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം വലിയ തോതിൽ വർദ്ധിച്ചു വരുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ നിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലുന്നതിന് നിയമ തടസ്സം ഉണ്ടോ; സാമൂഹ്യ വിപത്തായി മാറിയ തെരുവുനായ പ്രശ്നം പരിഹരിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം അടക്കമുള്ള അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിന് വേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്ക്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമ പഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219-എ, 219-എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവർത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു*). ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാപഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ website-ൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

(സി) 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പുപ്രകാരം പേ വിഷബാധയേറ്റ നായ്ക്കളെ കൊല്ലുന്നത് മാത്രമേ അനുവദനീയമായിട്ടുള്ളൂ. അനിമൽ ബർത്ത് കൺട്രോൾ റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളൂ. 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമം പാർലമെന്റ് പാസാക്കിയിട്ടുള്ളതിനാൽ ആയതിന്മേലുള്ള ഭേദഗതി കേന്ദ്രസർക്കാരാണ് വരുത്തേണ്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാരിടൈം ബോർഡ്

16(*136) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത ബോർഡിലൂടെ കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ഇല്ല. തുറമുഖവകുപ്പ്, കേരളാ മാരിടൈം സൊസൈറ്റി, കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള ബില്ല് 17-12-2014-ന് കേരളാ നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ കേന്ദ്ര ആഭ്യന്തര വകുപ്പ് ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കത്തിടപാടുകൾ നടന്നുവരുന്നു.

(ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തന പരിപാലനം, പരിരക്ഷ തുടങ്ങി സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾമൂലം നിക്ഷിപ്തമായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റെയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ വിവിധ വകുപ്പുകളെയും വിവിധ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുക എന്നിവയാണ് മാരിടൈം ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കേരളത്തിലെ മുഴുവൻ തുറമുഖങ്ങളെയും പുനരുജ്ജീവിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്ത് നിലവിൽ റോഡ് മാർഗ്ഗമുള്ള ചരക്കുനീക്കം തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകളും നൽകുക, തുറമുഖങ്ങളിലെ വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കുക എന്നീ പ്രവർത്തനങ്ങളും കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ രൂപം കൊടുക്കുന്ന തുറമുഖങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നിർവ്വഹിക്കുക തുടങ്ങിയവയുമുൾപ്പെടെ നിലവിൽ തുറമുഖ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളാണ് മാരിടൈം ബോർഡ് നടപ്പിലാക്കുക.

## തെരുവുനായ ശല്യം

17(*137) <u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യജീവനു ഭീഷണി ഉയർത്തുന്ന തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) തെരുവുനായ്ക്കളുടെ എണ്ണവും അവയുടെ സംഘടിത ആക്രമണങ്ങളും അതുമൂലമുള്ള ജീവഹാനിയും നാശനഷ്ടങ്ങളും കൂടിവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>):

(എ) 1960-ലെ മൃഗങ്ങൾക്കെതിരെ- യുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പുപ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ കൊല്ലുന്നത് മാത്രം അനുവദനീയമാണ്. അനിമൽ ബർത്ത് കൺട്രോൾ (ABC) റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളൂ. 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുള്ളതിനാൽ ആയതിന് ഭേദഗതി വരുത്തേണ്ടത് കേന്ദ്രസർക്കാരാണ്.

(ബി) ഉണ്ട്.

(സി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നുള്ളതാണ്. ആയതിന് വേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.
2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.
3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.
4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമ പഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.
5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവർത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.
6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു*) ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാപഞ്ചായത്ത് ഭാരവാഹികൾക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ website-ൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

**നഗര-ഗ്രാമ ആസൂത്രണ മാസ്റ്റർ പ്ലാനുകൾ**

18(*138) ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. പി. കെ. ശശി :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര-ഗ്രാമ ആസൂത്രണ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ നഗരങ്ങളുടെ ആസൂത്രണ മാസ്റ്റർപ്ലാനുകളാണ് ഇതിനകം തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജനങ്ങളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാതെയും, ആശങ്കകൾ ദൂരീകരിക്കാതെയും ഏകപക്ഷീയമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് ജനകീയ പ്രതിഷേധത്തിനു കാരണമാകാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാർ തയ്യാറാക്കി അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനിനെതിരെയുള്ള വ്യാപക പ്രതിഷേധം കണക്കിലെടുത്ത് അതു പിൻവലിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 2016-ൽ നിലവിൽവന്ന കേരള നഗര ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ ഒരു പങ്കാളിത്ത പ്രക്രിയയിലൂടെ തയ്യാറാക്കേണ്ടതും അത് തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ വികസനം ഏത് രീതിയിലാണ് നിർവ്വഹിക്കേണ്ടതെന്നും ഭൂമിയുടെ ഉപയോഗം ഏതു രീതിയിലാണ് നിയന്ത്രിക്കേണ്ടതെന്നും സാമാന്യമായി സൂചിപ്പിക്കേണ്ടതാണെന്നും അനുശാസിക്കുന്നു. 74-ാം ഭരണഘടനാ ഭേദഗതി, കേരളാ മുനിസിപ്പാലിറ്റി ആക്ട്-1994 എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം. ഇതിനായുള്ള സാങ്കേതിക സഹായം നഗരസഭകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്നത് നഗരാസൂത്രണ വകുപ്പാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഓരോ നഗരത്തിനും/പട്ടണത്തിനും നഗരസഭ ചെയർപേഴ്സൺ,

സെക്രട്ടറി, എഞ്ചിനീയറിംഗ് വിംഗിന്റെ തലവൻ, ഓരോ വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രതിനിധി, ജില്ലാ ടൗൺ പ്ലാനർ, റിസോഴ്സ് പേഴ്സൺ എന്നിവർ അംഗങ്ങളായുള്ള Spatial Integration Committee (SIC) രൂപീകരിക്കുന്നു. കൂടാതെ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ Deputy Town Planner/Assistant Town Planner, മറ്റ് സാങ്കേതിക ജീവനക്കാർ എന്നിവരടങ്ങുന്ന പ്ലാനിംഗ് ടീമിനെ രൂപീകരിക്കുന്നു. ചീഫ് ടൗൺ പ്ലാനറുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും നിലവിലെ മറ്റ് ആക്ടുകൾ, കോഡുകൾ, കൈപ്പുസ്തകങ്ങൾ മുതലായവയെ അടിസ്ഥാനമാക്കിയാണ് മാസ്റ്റർ പ്ലാനിന് സാങ്കേതിക അടിത്തറ നൽകുന്നത്. വിവിധ ഘട്ടങ്ങളിൽ നഗര/പട്ടണത്തിന്റെ വിവിധതലങ്ങളിൽ നടത്തുന്ന ശിൽപ്പശാലകൾ, ചർച്ചകൾ, വിവരശേഖരണങ്ങൾ എന്നിവയിലൂടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങളേയും നിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കിയുമാണ് മാസ്റ്റർ പ്ലാനിന് രൂപം നൽകുന്നത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്രധാനപ്പെട്ട നാലു ഘട്ടങ്ങളാണുള്ളത്.

1. വിവരശേഖരണവും ഏകോപനവും:

ഇതിൽ പ്രാഥമിക വിവരശേഖരണവും ദ്വിതീയ വിവരശേഖരണവും ഉൾപ്പെടുന്നു. ഇതിൽ പ്രാഥമിക വിവരശേഖരണത്തിൽ ഭൂവിനിയോഗ സർവ്വേ, സാമൂഹിക സാമ്പത്തിക സർവ്വേ, ട്രാഫിക് സർവ്വേ എന്നിവ ഉൾപ്പെടുന്നു. ഇത് നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടോ നഗരസഭ തിരഞ്ഞെടുക്കുന്ന സർവ്വേയർ ട്രെയിനീസിന് നഗര-ഗ്രാമാസൂത്രണ വകുപ്പ് പരിശീലനം നൽകി അവരെക്കൊണ്ട് നടത്തിക്കുകയോ പൂർണ്ണമായും ഔട്ട്സോഴ്സ് ചെയ്തുകൊണ്ടോ നടത്താവുന്നതാണ്. പ്രാഥമിക വിവരശേഖരണം ജില്ലാ ടൗൺപ്ലാനർമാരുടെ ഉത്തരവാദിത്വത്തിലാണ് നടത്തുന്നത്. ഓരോ സെക്ടറുകൾ സംബന്ധിച്ചുള്ള ദ്വിതീയ വിവരശേഖരണവും വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന SIC ആണ് നടത്തുന്നത്.

2. വിശകലനം:

ഇതിൽ പ്രാദേശിക വിശകലനം, സ്ഥലപര വിശകലനം എന്നിവ ഉൾപ്പെടുന്നു. ഓരോ സെക്ടറുകളിലെയും വികസന സാധ്യതകൾ, ബുദ്ധിമുട്ടുകൾ, ജനങ്ങളുടെ പ്രതീക്ഷകൾ എന്നിവ പ്രാദേശിക വിശകലനത്തിലൂടെ കണ്ടെത്തുന്നു. ഇതിന്റെ ഉത്തരവാദിത്തം SIC-ക്കാണ്. ഇതിനായി വികസന സെമിനാറുകളും സംഘടിപ്പിക്കുന്നു. ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവാദിത്തത്തിലാണ് സ്ഥലപര വിശകലനം നടത്തുന്നത്. മാസ്റ്റർ പ്ലാൻ ഏരിയയിലെ ജനസംഖ്യാ പഠനം, പ്രവർത്തന ശൃംഖലകളുടെ പഠനം, ഭൂവിനിയോഗം, പശ്ചാത്തല സൗകര്യങ്ങൾ മുതലായവയുടെ പഠനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

3. വികസന സങ്കൽപ്പ രൂപീകരണം:

പഠനങ്ങളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിൽ അടുത്ത 15-20 വർഷത്തേക്കുള്ള നഗരവികസന സങ്കൽപ്പ രൂപീകരണം, ഇതിനായുള്ള Goals, Objectives, Development concept, Policies, Strategies എന്നിവ രൂപീകരിക്കുന്നു.

4. ഡിറ്റേയ്‌ലിംഗ്:

ഓരോ സെക്ടറിലെയും ഭാവി ആവശ്യങ്ങൾ കണക്കാക്കുകയും വികസന നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. Proposed land use Plan, മേഖലാ നിയന്ത്രണങ്ങൾ എന്നിവയും തയ്യാറാക്കുന്നു. SIC, നഗരാസൂത്രണ വകുപ്പ് എന്നിവർ ചേർന്നാണ് ഈ പ്രക്രിയ നടത്തുന്നത്. മേൽപ്പറഞ്ഞ രീതിയിൽ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനിന്, കൗൺസിൽ അംഗീകാരം ലഭിക്കുന്നതിനെ തുടർന്ന്, കേരള നഗര-ഗ്രാമാസൂത്രണ നിയമം അനുശാസിക്കുന്ന രീതിയിൽ മുഖ്യ നഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരം നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ 20 അംഗീകൃത മാസ്റ്റർ പ്ലാനുകളും 14 പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളും നിലവിലുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു*. സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങളിലും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് മൂന്നുഘട്ടത്തിലായി (2009, 2012, 2015) മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. നിലവിലുള്ള അംഗീകൃത/പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനുകളുടെ പുതുക്കലും (Revision) ഇതിൽ ഉൾപ്പെടും. ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന ഘട്ടത്തിൽ ജനങ്ങളുടെ വികസന കാഴ്ചപ്പാടുകൾ മനസ്സിലാക്കുന്നതിന് വികസന സെമിനാറുകൾ, ചർച്ചകൾ മുതലായവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ തയ്യാറാക്കലിന്റെ ഏതു ഘട്ടത്തിലും ഇതു സംബന്ധിച്ച അഭിപ്രായങ്ങൾ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും നൽകാവുന്നതാണ്. ഈ വികസന നിർദ്ദേശങ്ങൾ കണക്കിലെടുത്താണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. സാമൂഹിക – സാമ്പത്തിക സർവ്വേകളിൽക്കൂടിയും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാറുണ്ട്. ജനപ്രതിനിധികൾ അടങ്ങിയ കൗൺസിൽ ചർച്ച ചെയ്താണ് കരട് മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നത്. കൂടാതെ ഇപ്രകാരം തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ ജനങ്ങളുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളുംകൂടി പരിഗണിച്ചാണ് അന്തിമമാക്കുന്നത്. പ്രസിദ്ധീകരണ കാലയളവിൽ ജനങ്ങളെ കേൾക്കാനുള്ള (Hearing) അവസരം രേഖാമൂലം ആവശ്യപ്പെടാവുന്നതും ഇപ്രകാരം ലഭിച്ച എല്ലാ അഭിപ്രായങ്ങളും ആക്ഷേപങ്ങളും ഇതിനായി രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി കേട്ടശേഷം റിപ്പോർട്ട് തയ്യാറാക്കി കൗൺസിലിന് നൽകുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുമ്പും തയ്യാറാക്കിയ ശേഷവും അന്തിമ അംഗീകാരം നൽകുന്നതിന് മുമ്പും ജനപങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2013-ൽ തയ്യാറാക്കിയ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടില്ല. ജനങ്ങളുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും ക്ഷണിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷൻ തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ കരട് 2013-ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസിദ്ധീകരണ കാലയളവിൽ ലഭിക്കുന്ന ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ കരട് മാസ്റ്റർ പ്ലാൻ ഭേദഗതി ചെയ്യുവാൻ കഴിയുകയുള്ളൂ.

**തെരുവുനായ്ക്കളെ സംബന്ധിച്ച കേരള ഹൈക്കോടതി വിധി**

19(*139) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ കാര്യത്തിൽ 2015 നവംബർ 4-ന് കേരള ഹൈക്കോടതി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കുമോ;

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന വ്യക്തിക്ക് നഷ്ടപരിഹാരത്തിന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 2015 നവംബർ 4-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(i) All Local Authorities shall exercise the power of:

(a) capturing of stray dogs in accordance with Rule 7 of the 2001 Rules and take immediate action on receipt of complaint.

(b) Carry on destruction of stray dogs in accordance with Rules 9 and 10 of the 2001 Rules and directions of the Monitoring Committee under rule 5(b) if any as well as any instruction of the Animal Welfare Board given under Section 9(f) of the 1960 Act.

(ii) All the Local Authorities who have not yet formed Monitoring Committee as required by Rule 4 of the 2001 rules shall form the Monitoring Committee within two weeks from the date a copy of this judgement is produced before the Commissioner/Chief of the Local Authority.

(iii) All the Local Authorities in consultation with the Monitoring Committee shall set up a dog control cell to receive complaints about dog menace, dog bites and information about rabid dogs within two weeks from formation of the Monitoring Committee. Public notice of such dog control cell shall also be given.

(iv) All Local Authorities shall provide for dog ponds (including kennels, shelter), dog vans with driver and dog catchers, ambulance-cum-clinical van, incinerators as required by Rule 6 of the 2001 Rules at the earliest and not later than by the next financial year.

(v) The State Government shall also ensure that necessary infrastructure as directed above be acquired by all the Local Authorities and the financial commitment be fulfilled by the Local Authorities. The State shall also provide necessary financial assistance to the extent necessary to the Local Authorities.

(vi) All the Local Authorities under the supervision of Animal Husbandry Department shall carry on vaccination and sterilization programme of stray dogs as contemplated by Government Order dated 17-9-2015.

(vii) The Animal Husbandry Department of the State in collaboration with the concerned Local Authorities shall ensure that veterinary hospitals are set up if not already in existence at all District level, poly clinics at Taluk Head Quarters level and Taluk level as contemplated by Government Order dated 17-9-2015.

(viii) The Animal Welfare Board of India shall also take steps for providing financial assistance wherever necessary for construction of sheds, water-troughs and the like and by providing for veterinary assistance as contemplated by section 9(d) and rescue homes and animal shelters as contemplated by Section 9(g) of the 1960 Act.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. എം. ആർ. അജയൻ ഫയൽചെയ്ത 4-11-2015-ലെ 28255/11 നമ്പർ ഹർജിയിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് എട്ടിന നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. പ്രസ്തുത വിധിന്യായം പുറപ്പെടുവിക്കപ്പെട്ടതിനുശേഷം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 18-11-2015-ലെ 691/2009 നമ്പർ SLP-യിന്മേൽ പുറപ്പെടുവിച്ച വിധിന്യായം ലഭ്യമാകുകയും പ്രസ്തുത വിധിന്യായത്തിൽ തെരുവുനായ്ക്കളുടെ കടിയേറ്റവരുടെ വിവരങ്ങൾ, തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിൽക്കുന്ന SLP-യിന്മേൽ സത്യവാങ്മൂലം ഫയൽ ചെയ്യാവുന്നതാണെന്നും വ്യക്തത വരുത്തിയിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പ്രസ്തുത വിധിന്യായത്തിൽ 1960-ലെ ABC ആക്ട്, 2001-ലെ ABC (Dog Rules) എന്നിവയിന്മേൽ ഉത്തരവുകളൊന്നും പുറപ്പെടുവിക്കരുതെന്ന് (തെരുവുനായ്ക്കളുടെ സംഗതിയിൽ) ഹൈക്കോടതികൾക്ക് നിർദ്ദേശവും നൽകിയിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ഉൾപ്പെടുത്തി സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി 5-4-2016-ലെ 599/15 നമ്പർ റിട്ട് (സിവിൽ) പെറ്റീഷനിന്മേൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ബഹുമാനപ്പെട്ട ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശപ്രകാരം തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായിട്ടുള്ളവർ പ്രസ്തുത കമ്മിറ്റി മുമ്പാകെ പരാതികൾ ബോധിപ്പിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയാണ് നഷ്ടപരിഹാരം സംബന്ധിച്ച് തുടർനടപടികൾ നിർദ്ദേശിക്കുന്നത്.

## കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി

20(*140) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി സംസ്ഥാനത്തെ ഏതു തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാന താത്പര്യത്തിന് എതിരായുള്ള ഭേദഗതിയിൽ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകളും നിർദ്ദേശങ്ങളും ബഹു. കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയെ നേരിൽ അറിയിക്കുകയും നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് യഥാക്രമം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## മലബാർ മേഖലയിലെ യാത്രാക്ലേശം

21 (*141) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത മേഖലയിലെ പ്രധാനപ്പെട്ട പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ ചെയിൻ സർവ്വീസുകളും ടൗൺ റ്റു ടൗൺ സർവ്വീസുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതിനായി പുതിയ ഓപ്പറേറ്റിംഗ് സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. മുൻപത്തേതിലും കൂടുതൽ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ബസിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസൃതമായി ഒരു സമഗ്രപദ്ധതി ഇതിലേക്കായി ആവിഷ്കരിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്. മലബാർ മേഖലയിൽ നാഷണലൈസ്ഡ് സ്കീമിന് വിരുദ്ധമല്ലാത്ത എല്ലാ പെർമിറ്റ് അപേക്ഷകളിലും അനുകൂലമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) മലബാർ മേഖലയിലെ പ്രധാന പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. നിലവിൽ ചെയിൻ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസൃതമായി കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പുതിയ ഓപ്പറേറ്റിംഗ് സെന്ററുകൾ തുടങ്ങുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്. ഉടൻ പരിഗണനയിലില്ല.

## പച്ചക്കറികളിലെ വിഷാംശം

22(*142) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷപച്ചക്കറിയുടെ വരവും വിൽപ്പനയും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറിയിലെ വിഷാംശത്തിന്റെ അളവ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറഞ്ഞതായി പഠനങ്ങളോ പരിശോധനകളോ വെളിപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ 'സേഫ് ടു ഈറ്റ്' മാനദണ്ഡ പ്രകാരമുള്ളതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പച്ചക്കറികളിൽ അനുവദനീയമായ പരിധിയിൽ കൂടുതൽ വിഷാംശം കണ്ടെത്തിയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ VFPCK, HORTICORP എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിച്ച വിഷരഹിത പച്ചക്കറികൾ ന്യായവില നൽകി നേരിട്ട് ശേഖരിക്കുകയും സബ്സിഡി നൽകി ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുകയും ചെയ്തു. കഴിഞ്ഞ ഓണത്തോടനുബന്ധിച്ച് ഇത്തരത്തിൽ 1350 'ഓണ സമൃദ്ധി' പച്ചക്കറി സ്റ്റാളുകൾ പ്രവർത്തിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ ഉപഭോഗത്തിനനുസരിച്ച് വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി കർഷക കൂട്ടായ്മയുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹകരണത്തോടെ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും നല്ല കാർഷിക മുറകൾ (GAP) അവലംബിച്ചുള്ള ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കിയും വരുന്നു. ഇത്തരം നടപടികളിലൂടെ അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറിയുടെ ഒഴുക്ക് ഒരു പരിധിവരെ തടയാൻ കഴിഞ്ഞു. ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ കർഷകർക്ക് വിഷരഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുവാൻ പ്രാദേശിക ഭാഷയിൽ ബോധവൽക്കരണം നൽകിവരുന്നു. നിരോധിച്ച കീടനാശിനികളുടെ പ്രദർശനം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിത കീടനാശിനികളുടെ ഉപയോഗം തടയുന്നതിനും ഉറപ്പുവരുത്തുന്നതിനുമുള്ള ശക്തമായ നടപടികൾ കൃഷി ഓഫീസർ തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് വിവിധ മാധ്യമങ്ങളെ ഉപയോഗിച്ച് ശക്തമായ ബോധവൽക്കരണ പരിപാടികളും സംസ്ഥാനതല ക്യാമ്പയിനുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. മായം ചേർത്ത പഴം, പച്ചക്കറി എന്നിവയുടെ വിപണനം നടത്തുന്നത് തടയുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാവകുപ്പ് മുഖേന അന്യ ജില്ലകളിൽനിന്നുള്ള കീടനാശിനിയുടെ വരവ് നിയന്ത്രിക്കാൻ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന വിജിലൻസ് സ്ക്വാഡും ജില്ലകളിൽ പരിശോധന നടത്തിവരുന്നു. വെള്ളായണി കാർഷിക കോളേജിൽ ലഭ്യമായിട്ടുള്ള ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനാ സംവിധാനങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രായോഗികതല പരിപാടികളും നടപ്പാക്കിവരുന്നു. ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനാ സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധതല അവാർഡുകൾ നൽകിവരുന്നു.

(ബി) ഉണ്ട്. കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലബോറട്ടറിയിൽ പരിശോധിച്ച 188 പച്ചക്കറി സാമ്പിളുകളിൽ 91.5%-വും ഭക്ഷ്യ സുരക്ഷിത മായിട്ടാണ് കണ്ടെത്തിയത്. വിഷാംശം കൂടുതലായി അടങ്ങിയിട്ടുള്ള പച്ചക്കറികളെ

സംബന്ധിച്ച വിവരം മാധ്യമങ്ങളിലൂടെ ഉപഭോക്താക്കളെ അറിയിക്കുന്നതുമൂലം ഉപഭോഗം കുറയ്ക്കാൻ കഴിയുന്നു.

(സി) ഉണ്ട്.

(ഡി) ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പച്ചക്കറികളുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള അത്യാധുനിക ഉപകരണം സ്ഥാപിക്കുകയും 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

**വാഹനങ്ങളുടെ വേഗപരിധി നിശ്ചയിക്കാൻ നടപടി**

23(*143) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈവേകളുൾപ്പെടെയുള്ള റോഡുകളുടെ ഉറപ്പും സ്ഥിതിയും വിലയിരുത്തി ഓരോ തരം വാഹനങ്ങൾക്കുമുള്ള വേഗപരിധി കണക്കാക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ റോഡുകളിൽ സുരക്ഷിത യാത്ര ഉറപ്പുവരുത്താനും അപകടമുണ്ടാകുന്ന സാഹചര്യത്തിൽ നാശനഷ്ടം കുറയ്ക്കാനും വേണ്ടി ഓരോ തരം വാഹനങ്ങളും ഓടിക്കാവുന്ന പരമാവധി വേഗം ശാസ്ത്രീയമായി നിശ്ചയിച്ച് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വേഗപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ നല്കാവുന്ന ഇളവുകൾ കൂടി കണക്കിലെടുത്തുള്ള വേഗപരിധിക്കപ്പുറം വേഗതയുള്ള എൻജിനോടുകൂടിയ വാഹനങ്ങൾ സംസ്ഥാനത്തെ റോഡുകളിൽ നിന്ന് ഒഴിവാക്കാൻ അവശ്യവും സാധ്യവുമായ നിയമ നടപടികൾ സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ&ബി) നിശ്ചയിച്ചിട്ടുണ്ട്. 28-2-2014-ലെ ജി.ഒ.(പി) നമ്പർ.20/2014/ഗതാ. (എസ്.ആർ.ഒ. നമ്പർ. 192/2014) എന്ന സർക്കാർ വിജ്ഞാപനത്തിലൂടെയാണ് വിവിധതരം വാഹനങ്ങൾക്ക് റോഡുകളിൽ വേഗതാപരിധി കണക്കാക്കി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനം അനുസരിച്ച് വിവിധതരം വാഹനങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപവും ഗാട്ട് റോഡുകളിലും തിരുവനന്തപുരം,

കൊച്ചി, കോഴിക്കോട് നഗരങ്ങൾ, മുനിസിപ്പൽ ടൗണുകൾ, ബിൽറ്റ് അപ് ഏരിയ എന്നിവിടങ്ങളിലും ദേശീയപാതയിലും സംസ്ഥാനപാതയിലും നാലുവരി പാതയിലും മറ്റ് പ്രദേശങ്ങളിലും വിവിധ വേഗതകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. വിവിധതരം വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള മണിക്കൂറിലുള്ള വേഗത താഴെപ്പറയും വിധമാണ്:

മോട്ടോർ കാർ :

| | | |
|---|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം | – | 30 കിലോ മീറ്റർ |
| സംസ്ഥാനപാത | – | 80 കിലോ മീറ്റർ |
| ദേശീയപാത | – | 85 കിലോ മീറ്റർ |
| നാലുവരിപ്പാത | – | 90 കിലോ മീറ്റർ |

മോട്ടോർ സൈക്കിൾ :

| | | |
|---|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം | – | 30 കിലോ മീറ്റർ |
| സംസ്ഥാനപാത | – | 50 കിലോ മീറ്റർ |
| ദേശീയപാത | – | 60 കിലോ മീറ്റർ |
| നാലുവരിപ്പാത | – | 70 കിലോ മീറ്റർ |

മീഡിയം/ഹെവി പാസ്സഞ്ചർ വാഹനങ്ങൾ :

| | | |
|---|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം | – | 30 കിലോ മീറ്റർ |
| സംസ്ഥാനപാത | – | 65 കിലോ മീറ്റർ |
| ദേശീയപാത | – | 65 കിലോ മീറ്റർ |
| നാലുവരിപ്പാത | – | 70 കിലോ മീറ്റർ |

(സി) ഇത്തരത്തിൽ വാഹനങ്ങൾ നിരത്തിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമല്ല.

**മഴവെള്ള സംഭരണികൾ**

124(*144) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. വി. അൻവർ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട സമുച്ചയങ്ങളും, ഫ്ലാറ്റുകളും മറ്റും നിർമ്മിക്കുമ്പോൾ അതോടൊപ്പം മഴവെള്ള സംഭരണികളും നിർബന്ധമായി പണിയണം എന്ന് നിഷ്കർഷിക്കുന്ന ചട്ടം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇപ്രകാരം കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പ്രസ്തുത നിയമം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സംവിധാനമുണ്ടോ; വിശദമാക്കുമോ;

(സി) വലിയ ഫ്ലാറ്റുകളിലും മറ്റും മഴവെള്ള സംഭരണികൾ നിർമ്മിക്കാതെ ഭൂഗർഭ ജലം അനിയന്ത്രിതമായി ഊറ്റിയെടുത്ത്, ക്രമാതീതമായി ജലം ഉപയോഗിക്കുന്നതുമൂലം സമീപ പ്രദേശങ്ങളിലെ കിണറുകൾ വറ്റി പ്രദേശവാസികൾക്ക് കുടിവെള്ളക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 2004 മുതൽ നിലവിലുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI-A, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVI എന്നിവയിൽ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം കൊണ്ടുള്ള ഭൂജലപോഷണ സംവിധാനം, മഴവെള്ള സംഭരണ സംവിധാനം എന്നിവ വിവിധ കെട്ടിട നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ഗ്രൂപ്പ് A1 ഗാർഹികം (150 ചതുരശ്ര മീറ്റർ വരെ ഫ്ലോർ ഏരിയയും 320 ചതുരശ്ര മീറ്റർ വരെ പ്ലോട്ട് ഏരിയയും വരുന്ന ഏക കുടുംബ വാസഗൃഹം ഒഴികെ), ഗ്രൂപ്പ് A2 സ്പെഷ്യൽ റസിഡൻഷ്യൽ/ലോഡ്ജിംഗ്, ഗ്രൂപ്പ് B വിദ്യാഭ്യാസം, ഗ്രൂപ്പ് D മെഡിക്കൽ ആശുപത്രി, ഗ്രൂപ്പ് E ഓഫീസ്/ ബിസിനസ്സ്, ഗ്രൂപ്പ് F മെർക്കന്റൈൽ/കൊമേഴ്സ്യൽ (100 ചതുരശ്ര മീറ്റർ വരെ ഫ്ലോർ ഏരിയയും 200 ചതുരശ്ര മീറ്റർ വരെ പ്ലോട്ട് ഏരിയയും വരുന്നവ ഒഴികെ), ഗ്രൂപ്പ് G1, G2 വ്യവസായം (വർക്ക് ഷോപ്പുകൾ, അസംബ്ലി പ്ലാന്റ്, ലബോറട്ടറികൾ, ഡ്രൈക്ലീനിംഗ് പ്ലാന്റുകൾ, പവർ പ്ലാന്റുകൾ, ഗ്യാസ് പ്ലാന്റുകൾ, റിഫൈനറികൾ, ഡയറികൾ, ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റുള്ളവ എന്നിവയ്ക്ക്) ഗ്രൂപ്പ് 1-ഹസാർഡസ് (ഓട്ടോമൊബൈൽ വാഷ്സ്റ്റാളുകൾ, ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷനുകൾ, റിപ്പയറിംഗ് സൗകര്യമുള്ള സർവ്വീസ് ഗ്യാരേജുകൾ, സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റുള്ളവ എന്നിവയ്ക്ക്) നിർദ്ദിഷ്ട അളവിലുള്ള മഴവെള്ള സംഭരണി ഉണ്ടായിരിക്കണമെന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(1), (2) പ്രകാരം അപേക്ഷകൻ സമർപ്പിക്കുന്ന പ്ലാൻ/ഡ്രോയിംഗുകൾ/സ്പെസിഫിക്കേഷൻ എന്നിവ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ട ശേഷമാണ് ടി പ്ലാനുകൾക്ക് അംഗീകാരം നൽകുന്നതും പെർമിറ്റ് നൽകുന്നതും. കൂടാതെ ഭൂവികസനം/നിർമ്മാണം നടത്തിയശേഷം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 22(2), (3) പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2),(3) എന്നിവ പ്രകാരവും ഡവലപ്മെന്റ്/ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് ആയത് പെർമിറ്റിന് അനുസൃതമാണോ നടത്തിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## മാലിന്യസംസ്കരണം സംബന്ധിച്ച മാനദണ്ഡങ്ങൾ

25(*145) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെയും ഹോട്ടലുകളിലെയും മാലിന്യസംസ്കരണം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ മാലിന്യം സംസ്കരിക്കുന്ന രീതി പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള അനുമതി നൽകുമോ;

(സി) ഇപ്രകാരമുള്ള മാലിന്യസംസ്കരണത്തിന് കരാർ ഏറ്റെടുക്കുന്നവർ പാതയോരങ്ങളിലും മറ്റു പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 8-4-2016 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആശുപത്രികളിൽ നിന്നുണ്ടാകുന്ന ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് Bio-medical Waste Management Rule 2016-ഉം നിലവിലുണ്ട്. കൂടാതെ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 334 എ പ്രകാരം മാലിന്യങ്ങൾ

ഉറവിടത്തിൽത്തന്നെ കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലും ഇതുസംബന്ധമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടിലേയും (1986-ലെ 29-ാം കേന്ദ്ര ആക്ട്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിടസ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്തുവച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിന് നഗരസഭകൾക്ക് കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ബി) ഹോട്ടലുകൾ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് (മാലിന്യ സംസ്കരണം ഉൾപ്പെടെ) കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 451, 344, കേരള പഞ്ചായത്ത് രാജ് ആക്ട് 219 (ആർ) എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനാധികാരികൾക്ക് അധികാരമുണ്ട്.

(സി) ഈ മേഖലയിൽ പരിചയവും അംഗീകാരവും ഇല്ലാത്ത വ്യക്തികൾ/ ഏജൻസികൾ പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പൊതുസ്ഥലങ്ങളിലും പാതയോരങ്ങളിലും ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശന നടപടി തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചുവരുന്നു. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴിയും ഈ പ്രവണത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റബ്ബറിന് താങ്ങുവില

26(*146) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് താങ്ങുവില പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു;

(ബി) ഇറക്കുമതിയിൽ നിയന്ത്രണം വരുത്തി വിലത്തകർച്ച തടയാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ശ്രമമുണ്ടായിട്ടുണ്ടോ;

(സി) അന്താരാഷ്ട്ര കരാറുകളിൽ തന്നെ വ്യവസ്ഥയുള്ള കർഷക സുരക്ഷ നികുതി ചുമത്തൽ, റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെ നികുതി രഹിത ഇറക്കുമതി തടയൽ എന്നീ കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) വിലത്തകർച്ച കൊണ്ട് പ്രതിസന്ധി നേരിടുന്ന കർഷകരെ സഹായിക്കാൻ റബ്ബർ ബോർഡിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും തരത്തിലുള്ള ശ്രമം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ-സി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് 2015 ഏപ്രിൽ 30 മുതൽ ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ചെന്നൈ, മുംബൈ എന്നീ തുറമുഖങ്ങൾ വഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തുകയും ചെയ്തു. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ചുങ്കമില്ലാത്ത ഇറക്കുമതിമൂലം വിലത്തകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽക്കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) റബ്ബർ കൃഷി ഇപ്പോൾ സംസ്ഥാന കൃഷി വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയമല്ല. എന്നിരുന്നാലും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം കൃഷിക്കാർക്ക് നൽകേണ്ട തുക കൃഷിവകുപ്പ് ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും റബ്ബർ ബോർഡ് നൽകുന്ന വിവരം അനുസരിച്ച് കൃഷിക്കാർക്ക് ധനകാര്യ വകുപ്പ് പ്രൊഡക്ഷൻ ഇൻസെന്റീവ് തുക നൽകുകയുമാണിപ്പോൾ ചെയ്യുന്നത്. റബ്ബറിനെ സംബന്ധിച്ച വിഷയം റബ്ബർ ബോർഡാണ് കൈകാര്യം ചെയ്യുന്നത്. റബ്ബർ ബോർഡ് ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ കൂട്ടുന്നതിനും വരുമാനം കൂട്ടുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. ഇതിനായി റീജിയണൽ ഓഫീസ് തലത്തിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുമായും കർഷകരുമായും ബന്ധപ്പെട്ട് വിശദമായ പ്രവർത്തനങ്ങളാണ് രൂപകൽപ്പന ചെയ്ത് നടപ്പാക്കി വരുന്നത്.

**വാഹനാപകടങ്ങൾ**

27(*147) ശ്രീ. വി. ജോയി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളും അതുവഴി വർദ്ധിച്ചുവരുന്ന ജീവഹാനിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡപകടങ്ങളുടെ മുഖ്യകാരണങ്ങൾ എന്തൊക്കെയാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു പരിഹരിക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും എന്തു പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) തലസ്ഥാന നഗരിയിലെ സിറ്റി ബസ് സ്റ്റാന്റിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങളും ജീവഹാനിയും ഒഴിവാക്കുന്നതിന് ഏതു തരത്തിലുള്ള സത്വര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരളം പോലുള്ള ജനസാന്ദ്രതകൂടിയ ഒരു സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യവും അതിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അശ്രദ്ധമായും അമിതവേഗതയിലും മദ്യപിച്ചും ലഹരിവസ്തുക്കൾ ഉപയോഗിച്ചും മൊബൈൽ ഫോണിൽ സംസാരിച്ചും വാഹനം ഓടിക്കുന്നത് റോഡപകടങ്ങൾക്കുള്ള മുഖ്യ കാരണങ്ങളാണ്. പൊതുജനങ്ങൾക്ക് ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിലുള്ള വൈമുഖ്യവും റോഡപകടങ്ങൾക്ക് കാരണമായി തീരുന്നുണ്ട്.

(സി) അമിതവേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് ക്യാരേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ്തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അപകടങ്ങളിൽപ്പെടുന്ന ഡ്രൈവർമാർക്ക് കെ.എസ്.ആർ.ടി.സി. അപ്പപ്പോൾത്തന്നെ കറക്റ്റീവ് പരിശീലനം നൽകിവരുന്നുണ്ട്. വാഹന യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഹ്രസ്വകാലാടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുകയും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. അപകടകരമായ രീതിയിലും അശ്രദ്ധമായും അമിതവേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെ ആൾക്കോമീറ്ററുകൾ, സ്പീഡ് റഡാറുകൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് വാഹന പരിശോധന കാര്യക്ഷമമായി നടത്തി കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്നവരിൽനിന്നും പിഴ ഈടാക്കിയും യുവജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നൽകിവരുന്നു. ദീർഘകാലാ ടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായി 'ശുഭയാത്ര' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. Brasilia declaration പ്രകാരം 2020-ഓടുകൂടി അപകടങ്ങൾ 50% കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) തലസ്ഥാന നഗരിയിലെ സിറ്റി ബസ് സ്റ്റാൻഡിലുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി ബസ് ബേകളുടെയും നടപ്പാതകളുടെയും നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ പെഡസ്ട്രിയൻ ക്രോസിംഗുകളും ഒരുക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവിലെ ലഭ്യമായ സ്ഥലത്ത് നിലവിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നമുറയ്ക്ക് പ്രസ്തുത സ്ഥലത്തേക്ക് ബസ് പാർക്കിംഗ് മാറ്റുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടി പ്രദേശത്ത് നിർമ്മിച്ചിരുന്ന അശാസ്ത്രീയമായ ഡിവൈഡറുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. കൂടുതൽ ട്രാഫിക് ഉദ്യോഗസ്ഥരേയും ട്രാഫിക് വാർഡൻമാരേയും നിയമിച്ച് ഗതാഗത കുരുക്കിനും അപകടങ്ങൾക്കും ഒരു പരിധിവരെ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്.

**നെൽക്കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി**

28(*148) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നെൽകൃഷി ഏതൊക്കെ തരത്തിൽ പുനരുജ്ജീവിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കൊല്ലവർഷം 1192 ചിങ്ങമാസം ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് "നെൽവർഷം" ആഘോഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) നെൽകൃഷി തുടങ്ങുന്ന കർഷകന് ന്യായവില ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മെത്രാൻ കായൽ, ആറന്മുള എന്നീ മേഖലകളിൽ കൃഷി ചെയ്യാനുള്ള പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം നെൽകൃഷി എത്ര ഹെക്ടറിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) നെൽക്കൃഷി വിസ്തൃതി 2011-12-ൽ 208161 ഹെക്ടറായിരുന്നത് 2014-15-ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. 2015-16-ലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 1.94 ലക്ഷം ഹെക്ടർ നെൽക്കൃഷിയാണ് നിലവിലുള്ളത്. 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽക്കൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല, നെൽക്കൃഷിയുടെ വിസ്തീർണ്ണം ഇപ്പോൾ നിലവിലുള്ളതിൽനിന്നും ഇനിയും കുറയാതിരിക്കാനും പരമാവധി പ്രദേശങ്ങളിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനായും അതിലൂടെ നെൽക്കൃഷി വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽക്കൃഷിവികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽക്കൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ളഫണ്ട്
3. വൈവിധ്യമാർന്ന പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി
5. കരനെൽക്കൃഷി വികസനം
6. നെൽക്കൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.)

റാണികായൽ, മെത്രാൻ കായൽ, ആറന്മുള എന്നിവിടങ്ങളിലെ നെൽക്കൃഷി, ഇതിനുപുറമേ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരവും നെൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നെൽക്കൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽക്കൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരനെൽക്കൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2560 ഹെക്ടർ ലക്ഷ്യമിട്ടിരുന്നു. 2663 ഹെക്ടർ കൃഷി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമെ കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. 2016 ഒക്ടോബർ 20-നുമുമ്പായി വിത പൂർത്തീകരിക്കുന്നതാണ്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽക്കൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽക്കൃഷി പുനരാരംഭിക്കും.

(ബി) തീരുമാനിച്ചിട്ടുണ്ട്. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽക്കൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസ്സോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽക്കൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനു ബന്ധിച്ചും നഗരങ്ങളിലും നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽക്കൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ 11-8-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയും ഓയിൽപാം മുഖേനയും എല്ലാ ജില്ലകളിലേയും കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില, ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഉയർന്ന സംഭരണവില നൽകിയാണ് നെല്ല് സംഭരിക്കുന്നത്. സംസ്ഥാന സർക്കാർ നെല്ലിന് നൽകിയിരുന്ന സംഭരണവില കിലോക്ക് 19.00 രൂപയായിരുന്നത് 7-11-2015-ലെ സ.ഉ.(എംഎസ്.) നമ്പർ.34/2015/ഭ.സി.സ.വ. പ്രകാരം 2015 ഒക്ടോബർ മുതൽ കിലോക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. സംഭരിക്കുന്ന നെല്ലിന്റെ സബ്സിഡി വിഹിതം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള ശീർഷകത്തിലൂടെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില 2016 ഒക്ടോബർ മുതൽ കിലോക്ക് 14.70 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ SIB (സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ്) നൽകുന്നതിനാവശ്യമായ തുക തിട്ടപ്പെടുത്തി 2016-17-ലെ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ആറന്മുള മേഖലയിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിന് 22-9-2016-ന് നിലം ഒരുക്കുന്നതിനുള്ള നടപടി കൃഷി വകുപ്പ് തുടങ്ങി. പദ്ധതിക്ക് 9-9-2016-ലെ ജി.ഒ.(ആർറ്റി.) നമ്പർ.786/2016/കൃഷി പ്രകാരം കൃഷി വകുപ്പ് 153.76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെത്രാൻ കായൽ പാടശേഖരത്തിൽ പുഞ്ചകൃഷി ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ട്. പുറംബണ്ട് ബലപ്പെടുത്തൽ, പെട്ടി-പറ എന്നിവ സ്ഥാപിക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മെത്രാൻ കായൽ പാടശേഖരത്തിലെ വെള്ളം വറ്റിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിലെ വിധിക്കു വിധേയമായി കുമരകം പഞ്ചായത്തിലെ പ്രാദേശികതല നിരീക്ഷണ സമിതി 19-9-2016-ൽ യോഗം ചേരുകയും ഭൂഉടമകളായ കമ്പനി അധികൃതരോട് തരിശിട്ടിരിക്കുന്ന പാടശേഖരത്തിൽ അടിയന്തരമായി പുഞ്ചകൃഷി ആരംഭിക്കുന്നതിന് തയ്യാറാകണമെന്ന് അറിയിച്ചുകൊണ്ട് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. 20-9-2016-ലെ ജി.ഒ.(ആർറ്റി.) നമ്പർ. 799/2016/കൃഷി പ്രകാരം മെത്രാൻ കായൽ പാടശേഖരത്തിൽ പുഞ്ച കൃഷി ആരംഭിക്കുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ഈ വർഷം ഏകദേശം 215000 ഹെക്ടറോളം നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആയതിലേക്കായി 2016-17 വർഷം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ജൈവകർഷകർക്ക് ധനസഹായത്തിന് നടപടി**

29(*149) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/ സംഘങ്ങൾക്ക് നിലവിൽ നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ്;

(ബി) നിലവിൽ നല്കിവരുന്ന ധനസഹായങ്ങളുടെ പരിധി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജൈവകൃഷിയിലേർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകർക്ക് പ്രസ്തുത മേഖലയിൽ നിലനിൽക്കുന്നതിന് ഉതകുന്ന ധനസഹായങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ജൈവകാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/സംഘങ്ങൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 645.49 ലക്ഷം രൂപയ്ക്ക് തുടർ അനുമതി ലഭിച്ചതിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് നല്ല കൃഷിമുറ (ജി.എ.പി.) സർട്ടിഫിക്കേഷനുവേണ്ടി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഒരു ബ്ലോക്കിൽ രണ്ട് ക്ലസ്റ്ററുകൾ വീതം 292 ക്ലസ്റ്ററുകൾ രൂപീകരിച്ചു. കർഷകരുടെ കൃഷിയിടത്തിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി 1460 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1460 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും നിർമ്മിക്കുന്നു. നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ്, ലേബലിംഗ് ഉൾപ്പെടെ റസിഡന്റ്സ് അസോസിയേഷനുകളിൽ വിൽപ്പന നടത്തുന്നതിന് 18 മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് ധനസഹായം നൽകുന്നു. ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകുന്നു.

മേൽ ഘടകങ്ങൾ കൂടാതെ 152 ബ്ലോക്കുകളിൽ ക്ലസ്റ്റർ രൂപീകരണത്തിനും പുതിയതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും അവാർഡ് തുക ഉയർത്തുന്നതിനും നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ടി രീതിയിൽ കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങൾ ലേബലും സർട്ടിഫിക്കേഷനോടുംകൂടി ഇക്കോ ഷോപ്പ് മുഖാന്തരം വിൽപ്പന നടത്തുന്നതിന് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നതിനുമായി 261.31 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2015-16-ലെ 45 ഇക്കോ ഷോപ്പുകളിൽ 34 എണ്ണം പ്രവർത്തനം തുടങ്ങി. 11 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഒരു പ്രത്യേക ബ്രാൻഡായി വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു.

(ബി) ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുമുള്ള അവാർഡ് തുക ഉയർത്തുന്നതിനുള്ള നടപടി ആരംഭിച്ചു.

(സി) ജൈവ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകർ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്നതിന് ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന രീതിയിൽ 2015-16-ലെ 45 ഇക്കോ ഷോപ്പുകളിൽ 34 എണ്ണം പ്രവർത്തനം തുടങ്ങി. 11 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഒരു പ്രത്യേക ബ്രാൻഡായി വിപണനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജൈവ കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/സംഘങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നൽകിവരുന്ന സാമ്പത്തിക സഹായങ്ങളും വിവിധ ഇനം പദ്ധതികളും പഞ്ചഗവ്യം, ജീവാമൃതം പോലുള്ള ജൈവ കൂട്ടുകളും ജൈവകീടനാശിനികളും നിർമ്മിക്കുന്നതിനും പ്രായോഗിക പരിശീലന ക്ലാസ്സുകളും ഈ മേഖലയിൽ കർഷകർ നിലനിൽക്കുന്നതിന് ഉതകുന്ന നടപടികളാണ്.

## റബ്ബറിന്റെ വിലത്തകർച്ച തടയുന്നതിന് പദ്ധതികൾ

30(*150) ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. എം. മണി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവ് മൂലം കർഷകർ പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റബ്ബറിന്റെ വിലത്തകർച്ച തടയുന്നതിനായി എന്തെല്ലാം നൂതന പദ്ധതികൾ ആവിഷ്കരിയ്ക്കാനാണ് ഉദ്ദേശിയ്ക്കുന്നത്;

(ഡി) റബ്ബർ വില സ്ഥിരതാ ഫണ്ട് പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി&സി) റബ്ബറിന് കിലോക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. ടി പദ്ധതി പ്രകാരം വില വ്യത്യാസം സബ്സിഡിയായി കർഷകർക്ക് നേരിട്ട് അക്കൗണ്ടുവഴി നൽകിവരുന്നു.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ വില സ്ഥിരത ഉറപ്പാക്കുന്നതിനായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പച്ചക്കറികളുടെ വിലവർദ്ധന

1(962) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദീർഘകാലം കേടുകൂടാതെയിരിക്കുന്ന നാടൻ പച്ചക്കറികളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട് ലെറ്റുകൾ വഴി കുറഞ്ഞ നിരക്കിൽ അഞ്ചു വർഷക്കാലം വിലവർദ്ധിപ്പിക്കാതെ വില്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

നാടൻ പച്ചക്കറികളുടെ ഉൽപ്പാദനവും ശേഖരണവും വിൽപ്പനയും ത്വരിതപ്പെടുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കൃഷി വകുപ്പ്, കർഷക കൂട്ടായ്മകൾ, സ്വയം സഹായ സംഘങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനമാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇത്തരം പദ്ധതികളിലൂടെ ഇടനിലക്കാരെ ഒഴിവാക്കി വിഷരഹിത നാടൻ പച്ചക്കറികൾ സംഭരിച്ച് ജനങ്ങൾക്ക് ന്യായവിലയ്ക്ക് വർഷം മുഴുവനും എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## വിലനിലവാരം പിടിച്ചുനിർത്തൽ

2(963) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണം വിപണി വില നിലവാരം പിടിച്ചു നിർത്തുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) അതിനായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് നൽകുമോ?

ഉത്തരം

(എ&ബി) ഓണക്കാലത്ത് കാർഷികോൽപ്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിലേക്ക് 'ഓണ സമൃദ്ധി പദ്ധതി' പ്രകാരം സെപ്റ്റംബർ മാസത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം 1350 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. അതാത് ജില്ലകളിലേക്കാവശ്യമായ പച്ചക്കറികൾ ജില്ലയ്ക്കകത്തുനിന്നുള്ള കർഷകരിൽനിന്നും പത്ത് ശതമാനത്തോളം കൂടിയ വില നൽകി പരമാവധി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് 30% സബ്സിഡിയോടെ വിൽപ്പന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് ലഭ്യമാകാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽനിന്നും ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്തിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട കമ്മിറ്റിയാണ് സംഭരണ വിലയും വിൽപ്പന വിലയും നിശ്ചയിച്ചത്. സംസ്ഥാനത്തെ കർഷകരിൽനിന്നും 3042 ടണ്ണോളം പച്ചക്കറികൾ സംഭരിച്ചതുൾപ്പെടെ 4800 ടൺ കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട് എന്നാണ് പ്രാഥമിക വിലയിരുത്തൽ.

## നീര ഉൽപ്പാദനം

3(964) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉല്പാദനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഏജൻസി മുഖേനയാണ് നീര ഉല്പാദനം നടത്തുന്നതെന്നും, ഇതിന് സർക്കാർ എത്ര തുക നീക്കി വെച്ചുവെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നീരയുടെ ഉല്പാദനം സംസ്ഥാനത്ത് ലാഭകരമായി മുന്നോട്ട് പോകുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ ഏജൻസികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽനിന്ന് നീരയും തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുമുണ്ട്. നീര പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾക്കായി 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും ഇടപ്പള്ളിയിലുള്ള വിൽപ്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തിവരുന്നു. പൈലറ്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് നീര ഉൽപ്പാദനത്തിനുള്ള പൈലറ്റ് പ്രോജക്ടുകൾ കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്. 22-6-2015-ലെ സ.ഉ. (എംഎസ്.) നമ്പർ.111/2015/കൃഷി പ്രകാരം നീര ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. 22-3-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 57/2016/കൃഷി പ്രകാരം നീര ഉൽപ്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്ന നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ ഫെഡറേഷനുകൾ/കൃഷി വകുപ്പിനുകീഴിലുള്ള ഏജൻസികൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായധനമായി ചെലവിന്റെ 25% പരമാവധി 50 ലക്ഷം രൂപ സഹായധനം അനുവദിക്കുന്നതാണ്. നീര ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി 10,000 രൂപ അനുവദിക്കുന്നുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾ എന്നിവയിലൂടെ നീര ഉൽപ്പാദനം നടത്തുന്നുണ്ട്. 2015-16-ൽ കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനി, കുറ്റ്യാടി ഫാർമേഴ്സ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി എന്നിവയ്ക്ക് നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. 2016-17-ലെ ബഡ്ജറ്റിൽ നീര ടെക്നീഷ്യൻ പരിശീലനത്തിനായി 50 ലക്ഷം രൂപയും നീര ഉൽപ്പാദക യൂണിറ്റ് സ്ഥാപിക്കുന്നതിനായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉൽപ്പാദക സൊസൈറ്റികളിലൂടെയും ഫെഡറേഷനുകളിലൂടെയും നീര ഉൽപ്പാദനം ലാഭകരമായി നടപ്പിലാക്കിവരുന്നു. കേരള കാർഷിക സർവ്വകലാശാലയിൽ പടന്നക്കാട് കാർഷിക കോളേജിലും വെള്ളായണിയിലെ ഇൻസ്ട്രക്ഷണൽ ഫാമിലും സ്ഥാപിച്ചിട്ടുള്ള നീര പൈലറ്റ് യൂണിറ്റുകൾ മുഖേന നീര ഉൽപ്പാദനവും വിതരണവും നടത്തിവരുന്നു.

## ജൈവ കാർഷിക കേരളം പദ്ധതി

4(965) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക കേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ജൈവ കാർഷിക കേരളം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടില്ല. 10-10-2010-ലെ സ.ഉ. (പി) 39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിക്കുകയും ആയതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടത്തിവരികയും ചെയ്യുന്നു. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി 277 ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജൈവകൃഷി വ്യാപനത്തിനായി ജൈവസന്ദേശ കൃഷിയാത്ര നടത്തിയിട്ടുണ്ട്. ക്ലസ്റ്ററുകൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി 40 ഇക്കോഷോപ്പുകൾ അനുവദിച്ചു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തിയ നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകിവരുന്നു. 2016-17 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി 292 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഒരു ക്ലസ്റ്ററിൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ കൃഷി ആരംഭിച്ചു. 13 ജില്ലകളിലെ 146 ബ്ലോക്കുകളിലും 2 ക്ലസ്റ്റർ വീതമാണ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഒരു ക്ലസ്റ്ററിന് 75,000 രൂപയാണ് ധനസഹായം അനുവദിക്കുന്നത്. കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റൂറൽ കമ്പോസ്റ്റ്, 10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ (1460 റൂറൽ കമ്പോസ്റ്റ് + 1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിക്കും. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7500 രൂപ വീതവും ധനസഹായം അനുവദിക്കും.

നല്ല കൃഷി മുറകൾ (ജി.എ.പി.) പാലിച്ച് ക്ലസ്റ്ററുകളിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ് ലേബലിംഗോടുകൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വിൽപ്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് മൂന്ന് ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും അവർക്ക് സാമ്പത്തിക സഹായവും ഫണ്ട് കിട്ടുന്ന മുറയ്ക്ക് അനുവദിക്കും.

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും ജൈവ കീടനാശിനികൾ പ്രോത്സാഹിപ്പിക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശിൽപ്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്.

2. സംസ്ഥാനത്ത് ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 16 ഇനം കീട/കുമിൾ/കളനാശിനികളുടെ സംഭരണം, വിതരണം, ഉപയോഗം എന്നിവ സംസ്ഥാനത്ത് നിരോധിക്കുകയും 7 ഇനങ്ങളുടെ ഉപയോഗം അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. നിയന്ത്രണം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഡിപ്പോ പരിശോധനകൾ കാര്യക്ഷമമാക്കുന്നതിന് ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. വിള ആരോഗ്യപരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണവും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

4. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവ കീടരോഗ നിയന്ത്രണോപാധികൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിച്ചുവരുന്നു.

5. മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലാബിൽനിന്നും സ്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോ കാർഡ്സ്, ബ്യൂവേറിയ മുതലായ കീടരോഗ നിയന്ത്രണോപാധികൾ ആവശ്യമനുസരിച്ച് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ മുഖേനയും ലഭ്യമാക്കുന്നു.

6. കർഷകർക്ക് ആവശ്യമായ ട്രൈക്കോഡർമ (രോഗ നിയന്ത്രണത്തിനുള്ള ജൈവിക മാർഗ്ഗം) അവരുടെ കൃഷിയിടങ്ങളിൽത്തന്നെ ഉണ്ടാക്കുന്നതിനുള്ള ചെറിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായം വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.

7. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിച്ച് എതിർ പ്രാണികളുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

8. മങ്കൊമ്പ് ആസ്ഥാനമായുള്ള കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു pheromone-lures ഉൽപ്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കീടനാശിനി ഉൽപ്പാദന കമ്പനികൾ കർഷകരുമായി നേരിട്ട് കീടനാശിനി വിതരണമോ ഫീൽഡ് ഡെമോൺസ്ട്രേഷനോ ചെയ്യാൻ പാടുള്ള തല്ല എന്ന നിർദ്ദേശവും നൽകി. കീടനാശിനികളുടെ ഉപയോഗം കർശനമായി നിയന്ത്രിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും 2016 ആഗസ്റ്റ് 29 മുതൽ ഒക്ടോബർ 7 വരെ കൃഷി വകുപ്പ് സംസ്ഥാനതല ക്യാമ്പയിൻ നടത്തിവരുന്നു.

**ജൈവ പച്ചക്കറി ഉത്പന്നങ്ങളുടെ സംഭരണം**

5(966) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ജൈവ പച്ചക്കറി ഉത്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഹോർട്ടി കോർപ്പ് മുഖേന സംഭരണം നേരിട്ട് നടത്തി കർഷകർക്ക് വിളകൾ സംഭരിക്കുമ്പോൾ തന്നെ വില നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; ?

ഉത്തരം

(എ) കർഷകരിൽനിന്നുള്ള ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി 40 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 31 ഇക്കോഷോപ്പുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. നല്ല കൃഷിമുറകൾ പാലിക്കുന്ന കർഷക ക്ലസ്റ്ററുകളിൽനിന്നും ജി.എ.പി. സാക്ഷ്യപത്രത്തോടുകൂടിയ പച്ചക്കറികൾ ശേഖരിച്ച് ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുന്നതിലേക്കായി 18

മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ഉപഭോക്താക്കൾക്ക് 50 രൂപ, 100 രൂപ എന്നീ നിരക്കിൽ പച്ചക്കറി കിറ്റുകൾ വിൽപ്പന നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ എവിടെയും ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികൾ കർഷകരിൽനിന്ന് നേരിട്ടും കൂട്ടായ്മകൾവഴിയും ഏറ്റെടുക്കണമെന്ന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിളവെടുപ്പിനുമുമ്പ് അറിയിക്കുകയാണെങ്കിൽ തക്കസമയത്തുതന്നെ അവ സംഭരിക്കുവാനും കൂടാതെ വി.എഫ്.പി.സി.കെ. വഴിയും കൃഷിഭവനുകൾ വഴിയും സംഭരണം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംഭരണം നടത്തുന്ന പച്ചക്കറികളുടെയും പഴങ്ങളുടെയും വില 5 ദിവസത്തിനുള്ളിൽ കർഷകർക്ക് നൽകുവാൻ ഹോർട്ടികോർപ്പിൽ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്.

**ജൈവ പച്ചക്കറി കൃഷി**

6(967) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയമ്പതി ഓറഞ്ച് ഫാമിന്റെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) നെല്ലിയാമ്പതിയിലെ ആദിവാസി വിഭാഗക്കാരുടെ തൊഴിൽ സാധ്യത ഉപയോഗപ്പെടുത്തി ജൈവ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കൃഷിയോഗ്യമായതും ജലസേചന സൗകര്യമുള്ളതുമായ സ്ഥലങ്ങളിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി&സി) നിലവിൽ 90 സ്ഥിരം തൊഴിലാളികളുടെയും തദ്ദേശീയരായ ആദിവാസികൾ ഉൾപ്പെടെ 86 കാഷ്വൽ തൊഴിലാളികളുടെയും സേവനം ഉപയോഗപ്പെടുത്തി പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജൈവ വൈപ്പിൻ പദ്ധതി**

7(968) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ വീരൻപുഴ ഡ്രഡ്ജിംഗ് സംബന്ധിച്ച തുടർപ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതി അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായ പ്രകൃതിദത്തമായ ഡ്രെയിനേജ് കനാലുകളുടെ നവീകരണത്തിനായി 13-3-2015-ലെ സ.ഉ. (സാധാ) നമ്പർ 505/2015/എഡി. പ്രകാരം 36.9178 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. വീരൻപുഴ ഉൾപ്പെടെ പത്ത് തോടുകളുടെ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ടെണ്ടർ വിളിച്ച് 9-2-2016-ന് എഗ്രിമെന്റ് വച്ച് ആരംഭിച്ചു. എന്നാൽ വീരൻപുഴയുടെ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തി പരിസ്ഥിതിക്ക് ദോഷം ചെയ്യുമെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പ്രവൃത്തികൾ തടഞ്ഞുകൊണ്ട് കടമക്കുടി പഞ്ചായത്ത് സെക്രട്ടറിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പണികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. പ്രസ്തുത സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് പണികൾ പുനരാരംഭിക്കാനായി അനുമതി തേടിയിട്ടുണ്ട്.

(ബി) പദ്ധതി അവലോകനം ചെയ്യുന്നതിനായി സ്ഥലം എം.എൽ.എ.-യുടെ ആവശ്യപ്രകാരം ചേർന്ന അനൗദ്യോഗിക യോഗത്തിൽ ഡ്രെഡ്ജിംഗ് നിർത്തിവച്ചുകൊണ്ടുള്ള സ്റ്റോപ്പ് മെമ്മോ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഡ്രെഡ്ജ് ചെയ്തെടുത്ത മണ്ണ് നീക്കം ചെയ്യുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയോടെ ഡംബിംഗ് യാർഡിലേക്ക് താൽക്കാലിക ബണ്ട് നിർമ്മിക്കാനും ഡംബിംഗ് യാർഡിന്റെ സർവ്വേ മാപ്പ് തയ്യാറാക്കുന്നതിനുമായി അതിര് വ്യക്തമാക്കിക്കൊണ്ടുള്ള ഫെൻസിംഗ് നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകി. കൂടാതെ പ്രസ്തുത പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനായി പ്രാദേശിക നിരീക്ഷണ സമിതിയെ നിയമിക്കാനും അതിന്റെ കൺവീനറായി കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(സി) അനൗദ്യോഗിക യോഗമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കിയിട്ടില്ല.

## ജൈവ പച്ചക്കറി ഉൽപ്പാദനം

8(969) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി എന്ന വ്യാജേന കീടനാശിനി തളിച്ച പച്ചക്കറികൾ വ്യാപകമായി വിതരണം ചെയ്തുവരുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകൾ കേന്ദ്രീകരിച്ച് ജൈവ പച്ചക്കറികൾ ഉല്പാദിപ്പിച്ച് കേരളത്തെ ജൈവ പച്ചക്കറികൾ മാത്രമുള്ള സംസ്ഥാനമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) നടീൽ വസ്തുക്കളും വളവും കർഷകർക്ക് നൽകി അവർ നൽകുന്ന വിളകൾക്ക് തൂക്കം നോക്കി സബ്സിഡി നൽകിയും, ബോണസ്സ് നൽകിയും സമഗ്രവും സത്യസന്ധവുമായി പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളിൽ പ്രധാനമായും വിത്തുകളുടെയും തൈകളുടെയും മറ്റു നടീൽ വസ്തുക്കളുടേയും ഉൽപ്പാദനമാണ് നടന്നുവരുന്നത്. കൃഷി വകുപ്പിന്റെ അധീനതയിലുള്ള പരമാവധി സ്ഥലം ജൈവ പച്ചക്കറി കൃഷിക്ക് ഉപയോഗിച്ചുവരുന്നു.

(ബി) നിലവിൽ ജൈവ പച്ചക്കറി കൃഷിക്കായി നടീൽ വസ്തുക്കളും വളവും കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ട്. ഉൽപ്പാദനത്തിന്റെ തൂക്കം നോക്കി സബ്സിഡി, ബോണസ്സ് എന്നിവ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പദ്ധതി ആസൂത്രണം സമഗ്രവും സത്യസന്ധവുമായാണ് ചെയ്തുവരുന്നത്.

## പഴം, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

9(970) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി ഭവനുകളിലെ ജീവനക്കാർ തദ്ദേശീയമായി എന്തെല്ലാം സഹായങ്ങളും നിർദ്ദേശങ്ങളുമാണ് കർഷകർക്ക് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നൂതന പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും മട്ടുപ്പാവിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെയും നഴ്സറികളുടെയും വികസനം, മഴ മറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ വിതരണം, സൂക്ഷ്മ ജലസേചനം, തരിശുനില കൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ 'സേഫ് റ്റു ഈറ്റ്' പ്രോജക്ട്, കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പഞ്ചായത്തുകൾതോറും കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും അവയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകർക്ക് നേരിട്ടും കർഷക ഗ്രൂപ്പുകൾ മുഖേനയും വാർത്താ മാധ്യമങ്ങളിലൂടെയും എത്തിക്കുകയും ചെയ്യുന്നു. വാർഡുതല ഗ്രാമസഭകളുടെ മീറ്റിംഗിൽ പങ്കെടുക്കുകയും കാർഷിക പദ്ധതികളെപ്പറ്റി വിശദീകരണം നൽകുകയും കർഷകരിൽനിന്ന് അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുന്നു. നൂതന സാങ്കേതിക വിദ്യകൾ പകർന്ന് കൊടുക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നു. രോഗ കീടബാധ നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നു. വിള ഇൻഷ്വറൻസ് പദ്ധതികൾ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ എന്നിവയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. മണ്ണ് പരിശോധിച്ച് ആവശ്യമായ വളം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. വിത്ത്, വളപ്രയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകുന്നു. ജലസേചനം, കാർഷിക വിളകളുടെ സംസ്കരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നു.

(സി) കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി വിള ആരോഗ്യ പരിപാലനം, വിവിധ വിളകൾക്കുള്ള ധനസഹായം, ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതി, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന, ജൈവകൃഷി പ്രോത്സാഹനം, കിസാൻ കാൾ സെന്റർ എന്നീ നൂതന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ വിള ആരോഗ്യ പരിപാലത്തിനായി 1690 ലക്ഷം രൂപയും ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതിക്ക് 1340 ലക്ഷം രൂപയും അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3100 ലക്ഷം രൂപയും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**വിഷാംശം പരിശോധിക്കുന്നതിനുള്ള ലാബുകൾ**

10(971) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴം, പച്ചക്കറി എന്നിവയിലെ വിഷാംശം പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള ലാബോറട്ടറികൾ എവിടെയെല്ലാമാണ് ഉള്ളതെന്ന് അറിയിക്കുമോ;

(ബി) മാരകമായ തോതിൽ വിഷാംശം ഉണ്ടെന്നകാര്യം കണക്കിലെടുത്ത് പഴം/പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ലാബുകൾ പ്രധാന ചെക്ക്പോസ്റ്റുകളിലും എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിലും ഇത്തരം സൗകര്യം ലഭ്യമാണ്.

(ബി) നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കേന്ദ്രങ്ങളിൽ അത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

11(972) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി 60 വയസ്സ് കഴിഞ്ഞ അംഗത്തിന് അതിവർഷാനുകൂല്യം നൽകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ 2016 ആഗസ്റ്റ് 31 വരെയുള്ള അപേക്ഷകളിൽ ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ 1/P2/33/2226 എന്ന അംഗ നമ്പരിലുള്ള വ്യക്തി പ്രസ്തുത അതിവർഷാനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നോ; വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം നൽകാൻ എപ്പോൾ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധികാരണം 60 വയസ്സ് കഴിഞ്ഞ കർഷക തൊഴിലാളികൾക്ക് നൽകുന്ന റിട്ടയർമെന്റ് ആനുകൂല്യം (അതിവർഷാനുകൂല്യം) യഥാസമയം വിതരണം ചെയ്യുന്നതിന് ബോർഡിന് സാധിക്കുന്നില്ല. 2010 മുതലുള്ള റിട്ടയർമെന്റ് ആനുകൂല്യം തൊഴിലാളികൾക്ക് നൽകുന്നതിന് കുടിശ്ശികയായുണ്ട്.

(ബി) 264355 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ 1/P2/33/2226, ശ്രീമതി സ്വർണ്ണമ്മാൾ തടത്തരികത്ത് വീട്, അങ്കമാലിക്കൽ, ആനാട്. പി.ഒ. എന്നയാൾ അതിവർഷാനുകൂല്യം ലഭിക്കുന്നതിനായി ബോർഡിന്റെ തിരുവനന്തപുരം ഡിവിഷണൽ ഓഫീസിൽ 31-10-2012-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം ബോർഡിന് ക്ഷേമാനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കുന്നതിന് സാധിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ 15-3-2010 വരെ ലഭിച്ച അപേക്ഷകളിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിലാണ് ആനുകൂല്യം നൽകുന്നത്. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് 31-10-2012-ലെ അപേക്ഷകളുടെ ക്രമം എത്തുമ്പോൾ പ്രസ്തുത വ്യക്തിക്ക് ആനുകൂല്യം നൽകുന്നതാണ്.

**ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം**

12(973) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവ അടക്കം ഉയർന്ന തോതിൽ കീടനാശിനികൾ ഉപയോഗിച്ച പച്ചക്കറികൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഇത്തരം പച്ചക്കറികളുടെ വിപണനം തടയുന്നതിനും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും നടന്നുവരുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) വിഷം ഉപയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികൾ തടയുവാൻ സംസ്ഥാനത്തുതന്നെ നമുക്കാവശ്യമായ പച്ചക്കറികൾ നല്ല കൃഷിമുറ പരിപാലന രീതിയിൽ സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് ഉൽപ്പാദിപ്പിക്കുക എന്നതാണ് ശാശ്വതമായ പരിഹാരമാർഗ്ഗം. കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയുടെ നേതൃത്വത്തിലും സംയുക്ത ആഭിമുഖ്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളെയും കർഷക കൂട്ടായ്മകളെയും സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളെയും സംഘടിപ്പിച്ച് നല്ല കാർഷിക മുറകളിൽ അധിഷ്ഠിതമായ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള തീവ്രപരിപാടികൾ നടപ്പാക്കിവരുന്നു. പ്രസ്തുത കൃഷി പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധതലങ്ങളിൽ അവാർഡുകൾ നൽകിവരുന്നു. കൂടാതെ വിവിധതലങ്ങളിൽ കീടനാശിനിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു.

ജൈവപച്ചക്കറി കൃഷിയിലേർപ്പെടുന്ന കർഷക സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിലേക്കായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും ആവശ്യമായ തുക വകയിരുത്തുകയും ചെയ്തു. ഗുണനിലവാരം ഉറപ്പാക്കുന്ന ജി.എ.പി. സർട്ടിഫിക്കേഷനുവേണ്ടി സംസ്ഥാനത്തൊട്ടാകെ 292 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ജൈവവളം ഉൽപ്പാദനത്തിനും ഉൽപ്പന്നങ്ങൾക്ക് ലേബലിംഗ് നൽകുന്നതിനും ധനസഹായം നൽകിയും വരുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുവഴി വിൽപ്പന നടത്തുന്നതിനും പ്രോത്സാഹന തുക നൽകുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

**കീടനാശിനി പ്രയോഗിച്ച പച്ചക്കറികളുടെ നിയന്ത്രണം**

13(974) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ കീടനാശിനി ഉപയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികളുടെ നിയന്ത്രണത്തിനും അവ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇക്കഴിഞ്ഞ ഓണക്കാലത്ത് മാരക കീടനാശിനി പ്രയോഗിച്ച് കൃഷി ചെയ്ത പച്ചക്കറികൾ കേരളത്തിലേക്ക് കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവിരം നൽകുമോ?

ഉത്തരം

(എ) ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിന് നിലവിൽ സംവിധാനങ്ങളില്ല. എന്നാൽ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിലും വിഷാംശം പരിശോധിച്ച് കണ്ടെത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇത്തരം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിഷരഹിത ജൈവ പച്ചക്കറികളുടെ വ്യാപനത്തിനായി ബൃഹത്തായ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇതുസംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും നടപ്പാക്കിവരുന്നുണ്ട്.

(ബി) നടപ്പാക്കിവരുന്ന പദ്ധതികൾമൂലം വലിയതോതിലുള്ള അവബോധം സൃഷ്ടിക്കുന്നതിനും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും വിഷലിപ്ത പച്ചക്കറി വിപണനവും ഉപഭോഗവും ഒരു പരിധിവരെ തടയുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) ഇത്തരം കേസ്സുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. "ഓണം സമൃദ്ധി" സ്റ്റാളുകൾവഴി വിഷരഹിത പച്ചക്കറികൾ കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച് സബ്സിഡി നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പച്ചക്കറികൾ**

14(975) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ മാരകമായ കീടനാശിനികൾ പ്രയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെക്ക്പോസ്റ്റുകളിൽ വച്ച് തന്നെ പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മാരകമായ കീടനാശിനിയുടെ സാന്നിധ്യമുള്ളവ തിരികെ അയയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ മൊബൈൽ പരിശോധനാ ലാബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെക്ക്പോസ്റ്റുകളിൽ വച്ചുതന്നെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇപ്പോൾ നിലവിലില്ല. എന്നാൽ തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിലും ഇത്തരം സൗകര്യം ലഭ്യമാണ്. നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കേന്ദ്രങ്ങളിൽ പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ ഒരു മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തനം ആരംഭിക്കുകയും നടപ്പു സാമ്പത്തിക വർഷംതന്നെ ഒന്നുകൂടി പ്രവർത്തന സജ്ജമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

15(976) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷി ഓഫീസർമാരുടേയും, കൃഷി അസിസ്റ്റന്റുമാരുടേയും തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ കൃഷി ഭവനിൽ കൃഷി ഓഫീസറായി നിയമനം ലഭിച്ചയാൾ തിരുവനന്തപുരത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ കൃഷി ഓഫീസറായി ജോലിചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള വർക്കിംഗ് അറേഞ്ച്മെന്റ് കാൻസൽ ചെയ്ത് കൃഷി ഓഫീസർമാരെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 146 കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്. വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ജില്ലകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**ഡാറ്റാ ബാങ്ക്, തണ്ണീർത്തട നിയമങ്ങൾ**

16(977) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാ ബാങ്ക്, തണ്ണീർത്തട നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമങ്ങളുടെ കാർക്കശ്യംമൂലം സാധാരണക്കാരായ ആളുകൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാരമ്പര്യമായി കിട്ടിയ സ്വത്തിൽ എന്നോ കൃഷി ചെയ്തിരുന്നതിന്റെ പേരിൽ സാധാരണക്കാരുടെ ഭവനനിർമ്മാണ അവകാശം നിഷേധിക്കുന്നത് നീതിനിഷേധമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; ഈ നിയമംമൂലം കേവലം അഞ്ചു സെന്റിൽ പോലും വീട് നിർമ്മിക്കാൻ സാധിക്കാത്തവർക്ക് വേണ്ടി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(സി) ഡാറ്റാബാങ്ക് തണ്ണീർത്തട നിയമംമൂലം വീട് നിർമ്മിക്കാൻ കഴിയാത്ത എത്ര കുടുംബങ്ങൾ കേരളത്തിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കു നൽകാമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ 17-11-2015-ലെ ജി.ഒ.(പി) 611/2015/ആർ.ഡി. പ്രകാരം സെക്ഷൻ 3 എ ഭേദഗതി വരുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതി പിൻവലിക്കുന്നതായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമിയില്ലാത്ത നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനായി പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റ് നിലം നികത്തുന്നതിനായി പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകുവാനുള്ള വ്യവസ്ഥ നിലവിലുണ്ട്. ഇത്തരം അപേക്ഷകളിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാതല അധികൃത സമിതി അനുമതി നൽകിവരുന്നു.

(സി) നിയമപ്രകാരം അർഹരായവർക്ക് വീട് നിർമ്മിക്കാൻ തടസ്സങ്ങളില്ല.

**തരിശ് നെൽപ്പാടങ്ങളിൽ നെൽകൃഷി**

17(978) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ ജില്ലകളിൽ തരിശിട്ട നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് 11 ജില്ലകളിലായി 2567.82 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. മെത്രാൻ കായൽ,

ആറന്മുള, ചിത്തിര കായൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടും. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ നെൽകൃഷി പുനരാരംഭിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**കർഷക ഭവൻ**

18(979) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന 'കർഷക ഭവൻ' കൃഷിക്കാരുടെ താമസത്തിനു വാടകയ്ക്കു നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ 2011 മേയ് മുതൽ 2016 മാർച്ച് വരെ കർഷക ഭവൻ എത്ര കർഷകർക്ക് താമസത്തിനു നൽകിയെന്നും ആയിനത്തിൽ എത്ര രൂപ വരുമാനമുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011 മേയ് മുതൽ 2016 മാർച്ചുവരെ കർഷക ഭവൻ 837 കർഷകർക്ക് താമസത്തിന് നൽകിയിട്ടുണ്ട്. ഈയിനത്തിൽ ആകെ 54,900 രൂപ (അൻപത്തിനാലായിരത്തി തൊള്ളായിരം രൂപ) വരുമാനമുണ്ടായിട്ടുണ്ട്.

**വിത്തുബാങ്ക്**

19(980) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിത്ത് ബാങ്ക് എന്ന ആശയം കൊണ്ടു വരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ സ്ഥലത്താണ് കൃഷി വകുപ്പിന്റെ വിത്ത് ഉത്പാദനവും ഗവേഷണവും നടക്കുന്നത്; ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിത്ത് വിതരണം മിതമായ നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൃഷി വകുപ്പിന്റെ കീഴിലുള്ള കടുത്തുരുത്തിയിലെ കോഴി കൃഷി ഫാം ആധുനികവത്ക്കരിക്കുന്നതിനും ഇതിന്റെ കീഴിലുള്ള സ്ഥലം കാർഷിക മേഖലയ്ക്ക് ഉപയോഗപ്രദമായി തീർക്കുന്നതിനും നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിത്തുബാങ്ക് സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. അന്യംനിന്നുകൊണ്ടിരിക്കുന്ന നെൽവിത്തുകൾ, മറ്റു കാർഷിക വിളകളുടെ വിത്തുകൾ എന്നിവ സംരക്ഷിക്കുന്നതിനും അവയുടെ ഇനവർദ്ധനവ് വരുത്തി കർഷകരിൽ എത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കൃഷി വകുപ്പ് ഉദ്ദേശിക്കുന്നു. വിത്തുൽപ്പാദന ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയാണ് നടത്തിവരുന്നത്. കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കോളേജുകളിലും ഗവേഷണ കേന്ദ്രങ്ങളിലുമായി 28 കേന്ദ്രങ്ങളിൽ വിത്തുൽപ്പാദനം നടക്കുന്നുണ്ട്. കൂടാതെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും വെള്ളാനിക്കര (തൃശ്ശൂർ) ഹോർട്ടികൾച്ചറൽ കോളേജിലും വിത്തിന്റെ ഗവേഷണ പദ്ധതികളും നടന്നുവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള 33 സംസ്ഥാന വിത്തുൽപ്പാദന ഫാമുകളിൽ ഫൗണ്ടേഷൻ വിത്തുകളുടെ ഉൽപ്പാദനം നടത്തിവരുന്നുണ്ട്. പ്രസ്തുത ഫാമുകളുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതിപ്രകാരം പാടശേഖര സമിതി/കർഷകർ മുഖേന സർട്ടിഫൈഡ് വിത്തുൽപ്പാദിപ്പിക്കുന്നതിനുള്ള നടപടിയും കൃഷി വകുപ്പ് സ്വീകരിക്കുന്നുണ്ട്. കർഷകർക്ക് ഉപകാരപ്രദമായ രീതിയിലും ന്യായമായ നിരക്കിലും വിത്തുവിതരണം ചെയ്യുന്നതിലേക്കായി കേരള സംസ്ഥാന വിത്തുവികസന അതോറിറ്റിയും വി.എഫ്.പി.സി.കെ.-യും കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയും വിത്തിന് സബ്സിഡി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്.

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ ജില്ലാ കൃഷിത്തോട്ടം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത കൃഷിത്തോട്ടം ആധുനികവൽക്കരിക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി സഹായത്തോടെ 50 ലക്ഷം രൂപയുടെ ഒരു പ്രോജക്ടിന് 2015-16 വർഷം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

**കർഷക പെൻഷൻ**

20(981) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ കുടിശ്ശികയായി എത്ര രൂപ നൽകാനുണ്ടെന്നും എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പെൻഷൻ അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഭാവിയിൽ പെൻഷൻ തുക ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം നിർദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016 സെപ്റ്റംബർ മാസം വരെ 3,56,663 പേർക്ക് പെൻഷൻ ഇനത്തിൽ 191.51 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 151.45 കോടി രൂപ 2015 സെപ്റ്റംബർ മുതൽ 2016 ജനുവരി മാസം വരെയുള്ള കുടിശ്ശിക തീർത്തുനൽകിയതിനുശേഷമുള്ള തുകയാണിത്.

(ബി) 1-6-2016 മുതൽ കർഷക പെൻഷൻ 600 രൂപയിൽനിന്നും 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം ഒരുമാസത്തെ തുക നൽകുന്നതിന് 37.895 കോടി രൂപ ഓണത്തിനുമുമ്പുതന്നെ അനുവദിച്ച് ജില്ലകളിലേക്ക് കൈമാറി ഉത്തരവായിട്ടുണ്ട്.

(സി) പെൻഷൻ അർഹരുടെ മാനദണ്ഡം നിശ്ചയിക്കുന്ന ലിസ്റ്റ് തയ്യാറാക്കുന്നതിൽ ധാരാളം അപാകതകൾ ഉള്ളതായും നിരവധി അനർഹരായവർ പെൻഷൻ വാങ്ങുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**നാടൻ പച്ചക്കറി ഉൽപ്പാദനവും വിപണനവും**

21(982) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വ്രതകാലത്തും, വേനൽക്കാലത്തും നാടൻ പച്ചക്കറികളുടെ വർദ്ധിച്ച ആവശ്യം നേരിടാൻ കർഷകരെക്കൊണ്ട് നാടൻ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന്, നിയോജക മണ്ഡല അടിസ്ഥാനത്തിൽ കൃഷി ആഫീസർമാരെ ഏകോപിപ്പിച്ച് ഓരോ പ്രദേശത്തും വിളയുന്ന പച്ചക്കറികളുടെ കൃഷി ഇറക്കുന്നതിന് ആവശ്യമായ സഹായം ചെയ്യുന്നതിനും, പച്ചക്കറികളുടെ ശേഖരണത്തിനും, വിപണനത്തിനും ഹോർട്ടികോർപ്പിനെ അധികാരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഹോർട്ടി കോർപ്പിന്റെ പച്ചക്കറി ശേഖരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിൽ അവ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ആവശ്യമുള്ള പച്ചക്കറിയുടെ സിംഹഭാഗവും കേരളത്തിൽ ഉൽപ്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി കൃഷി ഭവനുകൾ മുഖേന സമഗ്ര പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ഹോർട്ടികോർപ്പുവഴി സംഭരണം നടത്തുകയും വിതരണം ചെയ്യുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ശബരിമല വ്രതകാലത്തും വേനൽക്കാലത്തും ആവശ്യാനുസരണം പച്ചക്കറികൾ ലഭ്യമാക്കുവാൻ കൃഷിഭവൻ വരെയുള്ള കൃഷി വകുപ്പിന്റെ ഓഫീസുകളെക്കൂടി ബന്ധപ്പെടുത്തി സംഭരണം കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഹോർട്ടികോർപ്പിന് 150-ഓളം വിപണന സ്റ്റാളുകളുണ്ട്. ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളില്ലാത്ത കാസർഗോഡ്, വയനാട്, മലപ്പുറം എന്നീ ജില്ലകളെക്കൂടി ഉൾപ്പെടുത്തി സ്റ്റാളുകൾ ഒരു വർഷത്തിനുള്ളിൽ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പോൾ എല്ലാ നിയോജക മണ്ഡലങ്ങളിലും സ്റ്റാളുകൾ ഉണ്ടാവും.

**മിതമായ വിലയ്ക്ക് പച്ചക്കറികൾ**

22(983) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം-ബക്രീദ് കാലത്ത് കൃഷി വകുപ്പിന്റെ ഓണ ചന്തകൾ മുഖേനയും, ഹോർട്ടികോർപ്പിന്റെ ശാഖകൾ വഴിയും എത്ര കോടി രൂപയുടെ പച്ചക്കറികളാണ് വില്പന നടത്തിയിട്ടുള്ളത്;

(ബി) മുൻ വർഷങ്ങളിലേതു പോലെ ഓണക്കാലത്ത് പച്ചക്കറികൾക്ക് വൻ വിലവർദ്ധനവ് ഉണ്ടായില്ല എന്നതു സംബന്ധിച്ച് കൃഷി വകുപ്പ് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം ഉത്സവ സീസണുകളിൽ പച്ചക്കറി വില നിയന്ത്രണ വിധേയമാക്കുന്നതിന് തുടർന്നും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏകദേശം 10.06 കോടി രൂപയുടെ പച്ചക്കറികളാണ് വിൽപ്പന നടത്തിയത്.

(ബി) പൊതു വിപണിയിലുള്ള സർക്കാരിന്റെ സമയോജിത ഇടപെടൽമൂലം പഴം-പച്ചക്കറി വില കഴിഞ്ഞ ഓണക്കാലത്തെ അപേക്ഷിച്ച് ഗണ്യമായി കുറയ്ക്കുന്നതിന് ഇത്തവണ കഴിഞ്ഞു.

(സി&ഡി) അതെ. ഈ വർഷത്തെ ഓണക്കാലത്തേതുപോലെ ഉത്സവ സീസണുകളിൽ കർഷകരിൽനിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും സബ്സിഡി നിരക്കിൽ വിപണനം ചെയ്യുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**അരിയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

23(984) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയുടെ ഉത്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര നാളുകൾക്കുള്ളിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി ഈ വർഷം 2600 ഹെക്ടർ ആയി വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമെ കൃഷിയോഗ്യമായ തരിശ് ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റാണി കായൽ, മെത്രാൻ കായൽ, ആറന്മുള കായൽ എന്നിവിടങ്ങളിലെ നെൽകൃഷിയും കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അരിയുടെ ഉൽപ്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ സർക്കാർ നെൽകൃഷിയുടെ വിസ്തീർണ്ണം, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനുതകുന്ന ചുവടെ ചേർക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നുണ്ട്.

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായുള്ളപദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി
8. ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)

2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാദ്ധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. നെൽകൃഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധമേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ 11-8-2016-ലെ ഉത്തരവ് നമ്പർ 124/2016/കൃഷി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കേരളത്തിലെ ജനസംഖ്യ കണക്കുപ്രകാരം ഏകദേശം 40 ലക്ഷം മെട്രിക് ടൺ അരി സംസ്ഥാനത്ത് ആവശ്യമായുണ്ട്. എന്നാൽ ആഭ്യന്തര ഉൽപ്പാദനം 20 ശതമാനത്തിൽ താഴെയാണ്. സംസ്ഥാനത്ത് അരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായും സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേക്കെത്തിക്കുക എന്നത് വളരെ ബുദ്ധിമുട്ടായ കാര്യമാണ്.

**കയ്പാട് കൃഷി**

24(985) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും 1023.51 ലക്ഷം രൂപയുടെ ഭരണാനുമതി 10-2-2016 ന് ലഭിച്ചിരുന്നുവെങ്കിലും ടെണ്ടർ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എപ്പോൾ തുടങ്ങാൻ സാധിക്കും; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി അടുത്ത വർക്കിംഗ് സീസണിൽത്തന്നെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്

**സംയോജിത കൃഷി പദ്ധതി**

25(986) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലത്തകർച്ചയെത്തുടർന്ന് നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി കർഷകർ മറ്റു കൃഷിയിലേക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലം ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ റബ്ബർ വെട്ടിമാറ്റിയ സ്ഥലങ്ങളിൽ സംയോജിത കൃഷി പദ്ധതി എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഒന്നെങ്കിലും ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനത്തെപ്പറ്റി വിശദമാക്കുമോ;

(സി) ഇത്തരത്തിൽ പദ്ധതി ആലോചിച്ചിട്ടില്ലെങ്കിൽ കേരളത്തിലെ പഴം-പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളുടെയും സഹകരണ ബാങ്കുകളുടെയും സഹകരണത്തോടെ ഇവിടങ്ങളിൽ കൃഷിയും കോഴിവളർത്തലും ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ഇതുസംബന്ധിച്ച കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി & സി) സംയോജിത കൃഷി വ്യാപനമാണ് സർക്കാരിന്റെ നയപരിപാടി. ഇതിലധിഷ്ഠിതമായ പദ്ധതികളാണ് കൃഷിവകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ഇതുവഴി ഏതെങ്കിലും ഒരു വിളയ്ക്ക് നേരിടുന്ന വിലത്തകർച്ച നേരിടാൻ കർഷകന് സാധിക്കുന്നതാണ്. സഹകരണ ബാങ്കുവഴി പലിശരഹിത വായ്പ ലഭ്യമാക്കി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഇതിനായി ത്രിതല പഞ്ചായത്തുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിന് ശ്രമിച്ചുവരികയുമാണ്.

**കൃഷി വകുപ്പിനു കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം**

26(987) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത എൻജിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത എൻജിനീയറിംഗ് വിഭാഗത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത എൻജിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ പഞ്ചായത്ത് ഏൽപ്പിക്കുന്ന പ്രോജക്ടുകളും മറ്റ് ജോലികളും കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന വിവിധ സ്കീമുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ (ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ., അഗ്രോ സർവ്വീസ് സെന്റർ തുടങ്ങിയവ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ഓഫീസിനോടനുബന്ധിച്ച് കസ്റ്റം ഹയറിംഗ് സെന്ററിൽനിന്നും യന്ത്രോപകരണങ്ങൾ വാങ്ങുകയും കർഷകർക്ക് വാടകയ്ക്ക് നൽകുകയും ചെയ്യുന്ന പ്രവൃത്തികൾ എന്നിവയാണ്.

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ആയതിനാൽ പണി തീരുന്നമുറയ്ക്ക് ഫണ്ട് ലഭ്യമാകുന്നുണ്ട്.

(ഡി) ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

മാന്നാർ ഡിവിഷൻ :

1. ബുധനൂർ ഗ്രാമപഞ്ചായത്ത് - കോയിക്കൽപ്പടി പ്ലാക്കാത്തറ പുത്തൻ കത്തിൽപ്പടി ബണ്ട് സംരക്ഷണം.
2. മാന്നാർ ഗ്രാമപഞ്ചായത്ത് - മുക്കം വാലയിൻപുറം ബണ്ട് മണ്ണിട്ട് ഉയർത്തി ബലപ്പെടുത്തൽ
3. പുലിയൂർ ഗ്രാമപഞ്ചായത്തിൽ താമരച്ചാൽ പുനരുദ്ധരിക്കൽ ജലസംരക്ഷണം

വെൺമണി ഡിവിഷൻ :

1. വെൺമണി ഗ്രാമപഞ്ചായത്ത് മാമ്പ്ര പാടശേഖരം കരിപ്പോട്ടിൽ ഷാപ്പുപടി റോഡുകളിൽ കലുങ്ക് നിർമ്മാണം
2. വരേണിക്കൽ പാടശേഖര തെക്കേക്കര മോട്ടോർ തറ നിർമ്മാണം

## നാളികേര സംഭരണം

27(988) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നാളികേര സംഭരണം നിർത്തി വച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) നാളികേര സംഭരണം എപ്പോൾ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നാളികേരത്തിന് താങ്ങുവില വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ നാളികേര സംഭരണം തുടർന്നുവരുന്നു.

(സി) കിലോയ്ക്ക് 25 രൂപ എന്ന തോതിൽ കമ്പോളവിലയേക്കാൾ ഉയർന്ന നിരക്കിലാണ് ഇപ്പോൾ നാളികേരം സംഭരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപോലെ പച്ചത്തേങ്ങ കിലോയ്ക്ക് 27 രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേരഫെഡ് അഴിമതി**

28(989) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ നടന്നതായി ആക്ഷേപമുള്ള കേരഫെഡ് അഴിമതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കുറ്റാരോപിതരായവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) കേരഫെഡ് അഴിമതി സംബന്ധിച്ച് കൃഷി വകുപ്പ് വിജിലൻസ് സെൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിശദമായ അന്വേഷണം നടത്തിവരികയാണ്. വിജിലൻസ് അന്വേഷണത്തെ ബാധിക്കുന്നതിനാൽ വിശദവിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

**തൊഴിലാളികളുടെ അഭാവം**

29(990) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകർക്കും തൊഴിൽ നഷ്ടമാകുന്ന ടാപ്പിംഗ് തൊഴിലാളികൾക്കും മറ്റനുബന്ധ തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ആശ്വാസ നടപടികൾ വിശദമാക്കാമോ;

(ബി) തൊഴിൽ നഷ്ടമായതോടെ മറ്റുതൊഴിൽ തേടി പോകുന്നതുമൂലം റബ്ബർ ടാപ്പിങ്ങിന് മതിയായ തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) റബ്ബർ ടാപ്പിംഗ് മേഖലയുടെ ആധുനികവൽക്കരണത്തിനും പരിശീലനം നല്കി തൊഴിലാളികളെ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി താങ്ങുവില കിലോക്ക് 150 രൂപയായി നിശ്ചയിക്കുകയും ഇതിനായി സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നതിനായി നടപ്പു സാമ്പത്തികവർഷം 500 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബർ ബോർഡ് മുഖേന "ടാപ്പേഴ്സ് ബാങ്ക് " എന്ന പദ്ധതി സ്വയംസഹായ സംഘങ്ങളുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിനും വിലയിടിവിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും അതിൻപ്രകാരം കേന്ദ്രസർക്കാർ സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25%-മോ അല്ലെങ്കിൽ കിലോക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് ഉയർത്തി നിശ്ചയിക്കുകയും ചെയ്തു. കൂടാതെ റബ്ബർ ഇറക്കുമതി രണ്ടു തുറമുഖങ്ങൾവഴി മാത്രമായി നിജപ്പെടുത്തി. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതിമൂലം വിലത്തകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽക്കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ബി-ഡി) വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് റബ്ബർ ബോർഡുമുഖേന തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും ജോലിസ്ഥിരത ഉറപ്പാക്കുന്നതിനുമായി 'ടാപ്പേഴ്സ് ബാങ്ക്' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

**റബ്ബർ വിലയിടിവ്**

30(991) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവ്മൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) റബ്ബർ വിലസ്ഥിരതാ ഫണ്ട് പുനഃസ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. ആയതിന് നടപ്പു സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിപ്രകാരം കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25%-മോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ രണ്ട് തുറമുഖങ്ങൾവഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തി കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതിമൂലം വിലത്തകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽക്കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**റബ്ബർ വിലത്തകർച്ച**

31(992) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റബ്ബർ വില എത്രയായിരുന്നു; ഇപ്പോഴത്തെ വില എത്രയാണെന്നു പറയാമോ;

(ബി) റബ്ബർ വില ഇടിയാനുണ്ടായ കാരണം എന്തെന്ന് വിശദീകരിക്കാമോ; വിലത്തകർച്ച തടയാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) റബ്ബർ വിലത്തകർച്ചയിൽ നിന്നും കർഷകരെ രക്ഷിക്കാൻ ഏർപ്പെടുത്തിയ സബ്സിഡി വിതരണം ഇപ്പോൾ നടക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര രൂപ വരെ സബ്സിഡിയിനത്തിൽ കർഷകർക്ക് വിതരണം ചെയ്തു; സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തു; സംസ്ഥാനത്ത് എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്;

(ഇ) വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കാൻ പരമാവധി കർഷകർക്ക് സബ്സിഡി തുക കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വാഭാവിക റബ്ബർ RSS 4 ഗ്രേഡിന് കിലോയ്ക്ക് 127 രൂപ ആയിരുന്നു. ഇപ്പോൾ അത് 122 രൂപയാണ്.

(ബി) അന്താരാഷ്ട്ര വിലയുമായി താരതമ്യപ്പെടുത്തിയാണ് സ്വാഭാവിക റബ്ബറിന്റെ രാജ്യത്തിലെ വില നിശ്ചയിക്കപ്പെടുന്നത്. ആഗോള സാമ്പത്തിക മാന്ദ്യം സ്വാഭാവിക റബ്ബറിനെ സ്വാധീനിക്കുകയും സ്വാഭാവിക റബ്ബറിന്റെ സ്റ്റോക്ക് കൂടിയതും ലഭ്യതക്കൂടുതലും വിലയിടിവിനു കാരണമായി. ക്രൂഡ് ഓയിലിന്റെ വില വളരെ കുറഞ്ഞതുകാരണം സിന്തറ്റിക്ക് റബ്ബറിന്റെ വിലയിടിവ് വിലത്തകർച്ചയ്ക്ക് കാരണമായി. വിലസ്ഥിരത ഉറപ്പാക്കുന്നതിനായി റബ്ബറിന് താങ്ങുവില നിശ്ചയിക്കുകയും പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിപ്രകാരം കിലോയ്ക്ക് 150 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുകയും ഇതിനായി നടപ്പു വർഷം 500 കോടി രൂപ വകയിരുത്തുകയുമുണ്ടായി. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി തീരുവ ചെറിയതോതിലെങ്കിലും ഉയർത്തുന്നതിനും ചില കാലയളവിൽ ഇറക്കുമതി തടയുന്നതിനും ഇറക്കുമതി രണ്ട് തുറമുഖംവഴി മാത്രമായി നിജപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. റബ്ബർ കൃഷി ഇപ്പോൾ സംസ്ഥാന കൃഷി വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയമല്ല. എന്നിരുന്നാലും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിപ്രകാരം കൃഷിക്കാർക്ക് നൽകേണ്ട തുക കൃഷി വകുപ്പ് ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും റബ്ബർ ബോർഡ് നൽകുന്ന വിവരം അനുസരിച്ച് കൃഷിക്കാർക്ക് ധനകാര്യ വകുപ്പ് പ്രൊഡക്ഷൻ ഇൻസെന്റീവ് തുക നൽകുകയുമാണിപ്പോൾ ചെയ്യുന്നത്. റബ്ബറിനെ സംബന്ധിച്ച വിഷയം റബ്ബർ ബോർഡാണ് കൈകാര്യം ചെയ്യുന്നത്.

(സി) ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 379.70 കോടി രൂപയും അധികാരത്തിൽ വന്നതിനുശേഷം 203.49 കോടി രൂപയും സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2,98,295 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഇ) കാലതാമസം ഒഴിവാക്കുന്നതിലേക്കായി സബ്സിഡി കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് കൈമാറിവരുന്നത്. രണ്ടാഴ്ചയിലൊരിക്കൽ ഇപ്രകാരം കൈമാറുന്നുണ്ട്.

**അഗ്രോ പാർക്ക്**

32(993) ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് ഉത്പാദനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ആരംഭിക്കുവാൻ പോകുന്ന അഗ്രോ പാർക്ക് അരി ഉത്പാദനത്തിന് പ്രശസ്തി കേട്ട പെരുമ്പാവൂർ ഒക്കലിലെ സംസ്ഥാന നെല്ല് ഉത്പാദന കേന്ദ്രത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വിവിധ അഗ്രോ പാർക്കുകൾക്കായി തനതു വർഷം പുതുക്കിയ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ പാലക്കാട്, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നെല്ലിനെ അടിസ്ഥാനമാക്കിയുള്ള അഗ്രോ പാർക്കുകൾ തുടങ്ങാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഏറ്റവും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**ചെറുകിട കർഷകർക്ക് പെൻഷൻ**

33(994) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പെൻഷൻ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ നിലവിലെ 600 രൂപയിൽനിന്നും 1-6-2016 പ്രാബല്യത്തിൽ 1000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കോൾ നിലങ്ങളിലെ ബണ്ട് നിർമ്മാണം**

34 (T *995) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോൾനിലങ്ങളിൽ കൃഷി നശിക്കാതിരിക്കാൻ ഏനാമാവ്, മുനയം, ഇടിയഞ്ചിറ തുടങ്ങിയ ചിറകളിൽ യഥാസമയം താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനും കോൾ ചാലുകളിലെ ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി അടിയന്തരമായി ഫണ്ട് അനുവദിക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കാൻ ഏനാമാവ്, മുനയം, ഇടിയൻചിറ എന്നീ താൽക്കാലിക ബണ്ടുകൾ നിർമ്മിക്കുന്നതിനും കോൾ ചാലുകളിലെ ചണ്ടി, കുളവാഴ എന്നിവ നീക്കം ചെയ്യുന്നതിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കുമായി 4.87 കോടി രൂപയുടെ കർമ്മ പദ്ധതി സമർപ്പിച്ചിട്ടുണ്ടെങ്കിലും 2.50 കോടി രൂപ മാത്രമാണ് പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**കൃഷിക്ക് പലിശരഹിത വായ്പ**

35(996) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് പലിശരഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തുക വരെയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതുതരം പച്ചക്കറി കൃഷിക്കാണ് ഇത്തരത്തിലുള്ള പലിശരഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡം, തിരിച്ചടവ് രീതി എന്നിവ വിശദമാക്കാമോ;

(ഡി) സഹകരണ സംഘങ്ങളിൽ അംഗത്വമില്ലാത്ത കർഷകർക്ക് പ്രസ്തുത വായ്പ ലഭ്യമാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സഹകരണ സംഘങ്ങൾവഴി മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് ഈ ആനുകൂല്യം നൽകുവാൻ ഉദ്ദേശിക്കുന്നത്.

(ബി) എല്ലാ തരത്തിലുമുള്ള പച്ചക്കറി കൃഷിക്കും പലിശരഹിത വായ്പ നൽകാൻ ഉദ്ദേശിക്കുന്നു.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ളവർക്കാണ് ഈ വായ്പ ലഭ്യമാകുന്നത്. ഹ്രസ്വകാല വായ്പ 12 മാസ കാലാവധിക്ക് തുല്യ ഗഡുക്കളായാണ് തിരിച്ചടയ്ക്കേണ്ടത്.

(ഡി) ഇല്ല. നിലവിലുള്ള ചട്ടങ്ങൾപ്രകാരം സഹകരണ സംഘങ്ങളിൽ അംഗങ്ങളല്ലാത്തവർക്ക് വായ്പ അനുവദിക്കുവാനാകില്ല.

## കൃഷി ഓഫീസുകളിലെ തസ്തികകൾ

36(997) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ എത്ര തസ്തികകൾ നിലവിലുണ്ട്; ഒഴിഞ്ഞു കിടക്കുന്നവയെത്ര; കാറ്റഗറി തിരിച്ച് വിശദമാക്കാമോ?

ഉത്തരം

വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ആകെ 39 തസ്തികകൾ നിലവിലുണ്ട്. അതിൽ കൃഷി ഓഫീസറുടെ ഒരു തസ്തിക ഒഴിഞ്ഞുകിടക്കുന്നു. കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## പച്ചക്കറി വിപണന കേന്ദ്രങ്ങൾ

37(998) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം, ബക്രീദ് ആഘോഷ വേളയിൽ ആവശ്യമായ പച്ചക്കറി ലഭ്യമാക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) കൃഷി വകുപ്പിന്റെയും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഏജൻസികളുടെയും മേൽനോട്ടത്തിൽ എത്ര വിപണന കേന്ദ്രങ്ങൾ പ്രസ്തുത സമയത്ത് പ്രവർത്തിച്ചെന്നും അതിലൂടെ എത്ര രൂപയുടെ വിറ്റുവരവ് നടന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഓണം, ബക്രീദ് ആഘോഷവേളയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിലേക്ക് 'ഓണസമൃദ്ധി പദ്ധതി' പ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തുടനീളം 1350 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു. അതാത് ജില്ലകളിലേക്കാവശ്യമായ പച്ചക്കറികൾ ജില്ലയ്ക്കകത്തുനിന്നുള്ള കർഷകരിൽനിന്നും മൊത്തവ്യാപാര വിലയേക്കാൾ പത്ത് ശതമാനത്തോളം കൂടിയ വില നൽകി പരമാവധി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് 30% സബ്സിഡിയോടെ വിൽപ്പന നടത്തുകയും ചെയ്തിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ലഭ്യമാകാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽനിന്നും ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്യുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട കമ്മിറ്റിയാണ് സംഭരണ വിലയും വിൽപ്പന വിലയും നിശ്ചയിച്ചത്. ഈ വിപണികൾ മുഖേന ഏകദേശം 10.06 കോടി രൂപയുടെ വിറ്റുവരവ് നടത്തിയിട്ടുണ്ടെന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്.

**നെൽകൃഷി വികസനം**

38 (999) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽ കർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ;

(ബി) നെൽകൃഷി വികസനത്തിനായി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നെൽ കർഷകർക്ക് ഉല്പാദന ബോണസ് നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള സൗകര്യം സുതാര്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(ബി) 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ ഒരു വർഷക്കാലം സംസ്ഥാന സർക്കാർ നെല്ലിന്റെ വർഷമായി പ്രഖ്യാപിച്ച് നൂറിന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ നെൽകൃഷി വികസനത്തിനായി ഈ സർക്കാർ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി :

2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

2. <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u> :

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം</u> :

പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവയുടെ കൃഷി പ്രോത്സാഹനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. <u>പാടശേഖരസമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി</u> :

പാടശേഖര സമിതികളുടെ സുഗമമായ പ്രവർത്തനത്തിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 125000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. <u>കരനെൽകൃഷി വികസനം</u> :

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

6. <u>നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)</u> :

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. <u>കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)</u> :

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

8. <u>ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.)</u> :

ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം

ലഭിച്ചിട്ടുണ്ട്. റാണി കായൽ, മെത്രാൻ കായൽ, ആറന്മുള കായൽ എന്നിവിടങ്ങളിലെ നെൽകൃഷി പുനരുജ്ജീവനം, ഇതിനുംപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരവും നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെൽകൃഷിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കരനെൽകൃഷി 5 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടറായി വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമെ കൃഷിയോഗ്യമായ തരിശുഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ ഉൽപ്പാദന ബോണസ് നൽകിവരുന്നുണ്ട്. 2016-17-ലെ ഉൽപ്പാദന ബോണസ് ജില്ലാ ഓഫീസിൽനിന്നും ബ്ലോക്കുതല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള സൗകര്യം സുതാര്യമാണ്.

**മോഡേൺ റൈസ് മിൽ**

39 (1000) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി ആരംഭിചിട്ടുണ്ടോ ;

(ബി) മോഡേൺ റൈസ് മില്ലിലെ യന്ത്രഭാഗങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ;

(സി) യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കും സോർട്ടക്സ് മെഷീൻ വാങ്ങുന്നതിനും എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രവർത്തനരഹിതമായിരുന്ന ആലത്തൂർ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മോഡേൺ റൈസ് മില്ലിലെ യന്ത്രഭാഗങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള ടെണ്ടർ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ക്ഷണിക്കുകയും അതുപ്രകാരം യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടന്നുവരികയുമാണ്.

(സി) യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്കും സോർട്ടക്സ് മെഷീൻ വാങ്ങുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

## കാർഷിക നഷ്ടം

40(1001) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വെള്ളായണിക്കായൽ പ്രദേശത്ത് ഈ വർഷത്തെ ഇടവപ്പാതി മഴമൂലമുണ്ടായ കാർഷിക നഷ്ടത്തിന്റെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കർഷകർക്കുള്ള നഷ്ട പരിഹാരത്തിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 213 കർഷകർക്കായി 12,95,373 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. നഷ്ടപരിഹാരത്തുക സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും കണ്ടെത്തി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ

41(1002) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറെ വിപണനസാധ്യതയുള്ള വിളകളായ പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനായി ടെക്നോളജി സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി മഴമറകൾ, പോളീഹൗസുകൾ എന്നിവ സ്ഥാപിച്ച് വിഷവിമുക്തമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ച് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി ജൈവ രീതിയിലുള്ള (പി.ജി.എസ്.) പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും പച്ചക്കറികൾക്ക് ജൈവ ഉൽപ്പാദന ബോണസ് നൽകുക, ഹൈബ്രിഡ് പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക, കിഴങ്ങുവർഗ്ഗ

വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പച്ചക്കറി കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുക, നൂതന സാങ്കേതികവിദ്യകൾ വ്യാപിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇൻഡോ ഡച്ച് ആക്ഷൻ പ്ലാനിന്റെ ഭാഗമായി പച്ചക്കറി, പൂക്കൾ എന്നിവയുടെ ഹൈടെക് കൃഷി സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിനായി ഒരു മികവിന്റെ കേന്ദ്രം (Centre of Excellence) സ്ഥാപിക്കുന്നതിനായുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**നെൽകൃഷി വികസനത്തിന് നൂതന പദ്ധതികൾ**

42(1003) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെൽക്കർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കാമോ;

(ബി) നെൽകൃഷി വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെൽകർഷകർക്ക് ഉൽപ്പാദന ബോണസ് ഉൾപ്പെടെ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ള സൗകര്യം സുതാര്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്.

(ബി) 1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെ സംസ്ഥാന നെല്ലുവർഷമായി പ്രഖ്യാപിച്ച് വിപുലമായ പദ്ധതി നടപ്പിലാക്കുന്നതാണ്. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന ക്യാമ്പയിൻ വിപുലമാക്കും. ഇതിനുപുറമെ നെൽകൃഷി വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി
2. വികസന ഏജൻസികൾക്കുള്ളധനസഹായം
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ളപ്രോത്സാഹനം

4. പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായുള്ളപദ്ധതി
5. കരനെൽകൃഷി വികസനം
6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)
8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി

(സി) നിലവിൽ നെൽകർഷകർക്ക് ഉൽപ്പാദന ബോണസ് നൽകിവരുന്നുണ്ട്.

(ഡി) നിലവിൽ വിള ഇൻഷ്വറൻസ് ലഭിക്കുന്നതിനുള്ളസൗകര്യം സുതാര്യമാണ്.

**പച്ചക്കറി ഉൽപ്പാദനം**

43(1004) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 കാലയളവിൽ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറി-പഴവർഗ്ഗങ്ങൾ വിപണിയെക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 കാലയളവിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും വിഷരഹിത പച്ചക്കറി വ്യാപനത്തിനുമായുള്ള ഒരു പദ്ധതി ആർ.കെ.വി.വൈ. ധനസഹായത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി. പ്രസ്തുത പദ്ധതി മുഖാന്തരം 4357.33 ഹെക്ടറിൽ (ഹെക്ടറിന് 15,000 രൂപ സബ്സിഡി) 653.6 ലക്ഷം രൂപ ധനസഹായത്തോടെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

(ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് പച്ചക്കറികൾ വിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പും വി.എഫ്.പി.സി.കെ.-യും ഹോർട്ടികോർപ്പും ചേർന്ന് 1350 ചില്ലറ വിൽപ്പനശാലകൾ നടത്തി. സുരക്ഷിതമായ ഭക്ഷ്യോൽപ്പന്നങ്ങൾ എന്ന നിലയ്ക്ക് 'സേഫ് റ്റു ഈറ്റ്' നിലവാരത്തിലുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളുമാണ് സംഭരിച്ച് വിതരണം ചെയ്തത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാ പച്ചക്കറികൾക്കും 30% സബ്സിഡി

ഏർപ്പെടുത്തുകയും ഓണക്കാലത്ത് കൃഷി വകുപ്പ്, കുടുംബശ്രീ, സഹകരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ പച്ചക്കറികൾ മാർക്കറ്റ് വിലയേക്കാൾ വില കുറച്ച് നൽകുകയും ചെയ്തു. അതുകൊണ്ട് പൊതു കമ്പോളത്തിലെ വിലക്കയറ്റം ഒഴിവാക്കുവാനും ഉപഭോക്താക്കൾക്ക് വിലക്കുറവിൽ പഴം,പച്ചക്കറികൾ ലഭ്യമാക്കുവാനും സാധിച്ചു.

**കൃഷിഭൂമിയുടെ വിസ്തൃതി**

44 (1005) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ കൃഷിഭൂമിയുടെ വിസ്തൃതി തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കൃഷി ഭവനുകളിലെ ഒഴിവുള്ള ഉദ്യോഗസ്ഥ തസ്തികകളിൽ നിയമനം നടത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മറവക്കാട് പാടശേഖരം**

45(1006) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കൊച്ചി മണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ മറവക്കാട് പാടശേഖരത്തിലെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി) 2016 ആഗസ്റ്റ് മാസം വരെയുള്ള വിവരങ്ങൾ പ്രകാരം 750.60 മീറ്റർ നീളത്തിൽ പി.ആർ. വർക്കുകളും 750.60 മീറ്റർ നീളത്തിൽ ആർ.ആർ. വർക്കുകളും ചെയ്തു തീർത്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

## തരിശുഭൂമി കൃഷിയോഗ്യമാക്കൽ

46(1007) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ തരിശുഭൂമി കൃഷിയോഗ്യമാക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണോ ഇതിന്റെ ചുമതല ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) താനൂർ നിയോജക മണ്ഡലത്തിലെ കാർഷികയോഗ്യമല്ലാത്ത കൃഷി ഭൂമി കൃഷിക്ക് യോഗ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നിലവിൽ അവിടെ പ്രവർത്തിക്കുന്ന "മോര്യാകാപ്പ്" പാടശേഖര സമിതിക്ക് വിദഗ്ധ പരിശീലനം നൽകി ചുമതല ഏൽപ്പിക്കാൻ കഴിയുമോ; നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

ഉത്തരം

(എ) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 7000 രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പുവർഷം നിലവിലുണ്ട്. കൂടാതെ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഹെക്ടർ ഒന്നിന് 30,000 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി പുതുതായി ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) താനൂർ നിയോജക മണ്ഡലത്തിലേക്ക് മാത്രമായി കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

## വിലസ്ഥിരതാ ഫണ്ട്

47 (1008) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന് കിലോയ്ക്ക് 150 രൂപ ലഭിക്കുന്നതിനുവേണ്ടി മുൻ സർക്കാർ ആവിഷ്കരിച്ച വിലസ്ഥിരതാ ഫണ്ടിലേക്ക് ഈ സർക്കാർ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും റബ്ബർ കർഷകർക്ക് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ എന്ത് തുക അനുവദിച്ചു;

(സി) വിലസ്ഥിരതാ പദ്ധതിയിൽ എത്ര റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വിലയിടിവിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; റബ്ബർ നയം പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 203.49 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) 3,66,606 കർഷകർ.

(ഡി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും വിലയിടിവിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും അതിൻപ്രകാരം കേന്ദ്ര സർക്കാർ സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിലയ്ക്ക് ഉയർത്തി നിശ്ചയിക്കുകയും ചെയ്തു. കൂടാതെ റബ്ബർ ഇറക്കുമതി രണ്ടു തുറമുഖങ്ങൾവഴി മാത്രമായി നിജപ്പെടുത്തി. കേന്ദ്ര സർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതിമൂലം വിലത്തകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽക്കണ്ടുകൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

**പോളി ഹൗസിനുവേണ്ടി ചെലവഴിച്ച തുക**

48(1009) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം പോളി ഹൗസിനു വേണ്ടി 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു;

(ബി) ഈ കാലയളവിൽ എത്ര പോളി ഹൗസുകളാണ് അനുവദിച്ചത്;

(സി) അതിൽ പ്രവർത്തിക്കുന്നവ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ വിജയപരാജയങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കേരള മുഖാന്തരം പോളി ഹൗസുകൾ സ്ഥാപിക്കുന്നതിനായി 2011-12 മുതൽ 2015-16 വരെ 2608.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഈ കാലയളവിൽ 767 പോളി ഹൗസുകൾ അനുവദിച്ചിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇതിൽ 721 പോളി ഹൗസുകളിൽ നിലവിൽ കൃഷി ചെയ്തുവരുന്നു.

(ഡി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിജയപരാജയങ്ങളുടെ വിലയിരുത്തൽ കേരള കാർഷിക സർവ്വകലാശാലയുടെ കർഷക സാന്ത്വനം ടീം നടത്തിയിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് വിജയകരമായി ചെയ്യുന്ന കർഷകർക്ക് മികച്ച വിളവും അതിലൂടെ മികച്ച വരുമാനവും കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.

**നെൽവർഷം**

49 (1010) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിങ്ങം ഒന്ന് മുതൽ ഒരു വർഷകാലം നെൽവർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ നെൽകൃഷി ഉള്ളത്എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കർഷകർ നെൽകൃഷി ഉപേക്ഷിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; അതിനുള്ള മുഖ്യ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ഇ) നെൽ കൃഷി ആദായകരമാക്കുവാൻ ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും വാണിജ്യപരമായും വീട്ടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ കേരളത്തിൽ കൃഷി ചെയ്തുവന്നിരുന്ന വൈവിധ്യമാർന്ന നാടൻ നെല്ലിനങ്ങളെ വീണ്ടും കൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി നെല്ലിന്റെ വൈവിധ്യത്തെ തിരിച്ചുകൊണ്ടുവരാനും ഉദ്ദേശിക്കുന്നു. നെൽക്യഷി മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ 11-8-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം 2015-2016 വർഷം 1.94 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷിയുള്ളത്.

(ഡി) പരിശോധിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ലഭ്യതക്കുറവും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതിനാൽ ശരിയായ സമയത്തുള്ള മഴയുടെ ലഭ്യതക്കുറവ്, വർദ്ധിച്ച കൃഷിച്ചെലവ് എന്നിവയാണ് മുഖ്യ കാരണങ്ങൾ.

(ഇ) നെൽകൃഷി ആദായകരമാക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആയത് ചുവടെ ചേർത്തുകൊള്ളുന്നു.

1. സുസ്ഥിര നെൽകൃഷി :

2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500 രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

2. വികസന ഏജൻസികൾക്കുള്ളഫണ്ട് :

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം :

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

4. പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായുള്ള പദ്ധതി :

പാടശേഖര സമിതികളുടെ പ്രവർത്തനച്ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 125000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

5. കരനെൽകൃഷി വികസനം :

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600 രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കിവരുന്നു.

6. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ) :

നെൽ കർഷകർക്ക് ഉൽപ്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) :

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.) :

ദേശീയ ഭക്ഷ്യ സുരക്ഷാപദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണം**

50(1011) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് നടത്തിവരുന്ന പച്ചത്തേങ്ങ സംഭരണം സ്തംഭനാവസ്ഥ യിലേക്കെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മേയ് മാസം മുതൽ സംഭരിച്ചുവന്ന തേങ്ങയുടെ വില വിതരണം ചെയ്യുന്നതിൽ തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) തേങ്ങയുടെ സംഭരണ വില കൂട്ടുന്നത് പരിഗണനയിലുണ്ടോ;

(ഡി) കേര കർഷകർക്ക് സംഭരണ തുക കൃത്യസമയത്ത് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകൾവഴി പച്ചത്തേങ്ങ സംഭരണം ഇപ്പോഴും തുടർന്നുവരുന്നുണ്ട്.

(ബി) ഉണ്ട്. കേരഫെഡിന്റെ പ്രവർത്തനങ്ങളിൽ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൃഷി വകുപ്പ് സ്പെഷ്യൽ വിജിലൻസ് സെൽ പരിശോധിക്കുകയും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും വിശദമായ അന്വേഷണത്തിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 27 രൂപ നിരക്കിൽ പച്ചത്തേങ്ങയുടെ സംഭരണവില വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സർക്കാർ ഗ്യാരന്റിയോടെ വായ്പയെടുക്കുന്നതിനും കേര കർഷകർക്ക് തുക യഥാസമയം നൽകുന്നതിനും കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പച്ചത്തേങ്ങ സംഭരണം**

51(1012) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിഭവനുകൾ മുഖേന സംഭരിച്ച പച്ചത്തേങ്ങയുടെ കുടിശ്ശിക തുക കർഷകർക്ക് ലഭ്യമായില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലവിളംബം കൂടാതെ കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കായി സർക്കാർതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സർക്കാർ ഗ്യാരന്റിയോടെ വായ്പയെടുക്കുന്നതിനും കേരകർഷകർക്ക് തുക യഥാസമയം നൽകുന്നതിനും കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓണക്കാലത്തെ കാർഷിക വിപണനം**

52(1013) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് ഹോർട്ടികോർപ്പ് വഴി എത്ര രൂപയുടെ സാധനങ്ങളാണ് വിറ്റഴിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഓണക്കാലത്ത് കാർഷിക വിപണനത്തിന് മറ്റേതെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ ഓണക്കാലത്ത് സബ്സിഡി നിരക്കിൽ പച്ചക്കറി വിറ്റ ഇനത്തിൽ കൃഷി വകുപ്പിന് 10.06 കോടി രൂപയുടെ വിറ്റുവരവുണ്ടായി എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്.

(ബി) "ഓണസമൃദ്ധി" എന്ന പേരിൽ സംസ്ഥാനത്ത് 1350 കാർഷികോൽപ്പന്ന വിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിൽ 980 എണ്ണം കൃഷി വകുപ്പിന്റെയും 190 എണ്ണം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

കേരളത്തിന്റെയും 180 എണ്ണം ഹോർട്ടികോർപ്പിന്റെയും ആയിരുന്നു. കേരളത്തിലെ എല്ലാ കൃഷിഭവനുകളുടെ നേതൃത്വത്തിലും പഞ്ചായത്തുതല വിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിനുപുറമെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളും സന്നദ്ധസംഘടനകളും കുടുംബശ്രീ പോലുള്ള സംരംഭങ്ങളും കാർഷികോൽപ്പന്ന വിപണികൾ നടത്തുകയുണ്ടായി. സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ചും ഹോർട്ടികോർപ്പിന്റെ പച്ചക്കറി സ്റ്റാളുകൾ ഏർപ്പെടുത്തിയിരുന്നു. ഓണം വിപണന സ്റ്റാളുകൾ സെപ്റ്റംബർ 9 മുതൽ 13 വരെ സജീവമായി പ്രവർത്തിച്ചു. ഈ ദിവസങ്ങളിൽ കാർഷികോൽപ്പന്നങ്ങൾക്ക് പൊതു വിപണിയിലെ വിലയേക്കാൾ 30% വരെ ഉപഭോക്താക്കൾക്ക് സബ്സിഡിയും നൽകിയിരുന്നു.

**പച്ചക്കറി വില നിയന്ത്രണം**

53(1014) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് കൃഷി വകുപ്പ് പച്ചക്കറി വില നിയന്ത്രണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്ര കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം "ഓണം സമൃദ്ധി" പദ്ധതിവഴി കേരളത്തിലെ കർഷകരിൽനിന്നും പച്ചക്കറി നേരിട്ട് ശേഖരിച്ച് സബ്സിഡി നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി 988.90 ലക്ഷം രൂപ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**തൊഴിലാളി നിയമനം**

54 (1015) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ തൊഴിലാളികളെ നിയമിക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലിസ്റ്റിൽ നിന്ന് തന്നെ പൂർണ്ണമായും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ളള്ള പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2010-ലെ വിജ്ഞാപനപ്രകാരം 16-5-2013-ന് പ്രാബല്യത്തിൽവന്ന കാഷ്വൽ തൊഴിലാളി റാങ്ക് ലിസ്റ്റിൽനിന്നും 60 പേരെ നിയമിക്കുന്നതിന് സർവ്വകലാശാല അനുമതി നൽകിയിരുന്നു. എങ്കിലും 53 പേരാണ് ജോലിയിൽ പ്രവേശിച്ചത്. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി 15-5-2016 മുതൽ ആറ് മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. അനുവദനീയമായ അംഗബലത്തിന്റെ അടിസ്ഥാനത്തിലേ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ കഴിയൂ.

**ജൈവപച്ചക്കറി കൃഷി**

55(1016) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് പച്ചക്കറികളുടെ ഉത്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകമാകുന്ന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/സംഘങ്ങൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 645.49 ലക്ഷം രൂപയ്ക്ക് തുടർ അനുമതി ലഭിച്ചതിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ജി.എ.പി. സർട്ടിഫിക്കേഷനുവേണ്ടി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഒരു ബ്ലോക്കിൽ രണ്ട് ക്ലസ്റ്ററുകൾവീതം 292 ക്ലസ്റ്ററുകൾ രൂപീകരിച്ചു. കർഷകരുടെ കൃഷിയിടത്തിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി 1460 റൂറൽ കമ്പോസ്റ്റ്, 1460 മണ്ണിര കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നു. നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ്, ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ

എന്നിവയ്ക്ക് അവാർഡ് നൽകുന്നു. മേൽ ഘടകങ്ങൾ കൂടാതെ 152 ബ്ലോക്കുകളിൽ ക്ലസ്റ്റർ രൂപീകരണവും പുതിയതായി ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിനും അവാർഡ് തുക ഉയർത്തുന്നതിനും നല്ല കൃഷിമുറകൾ (ജി.എ.പി.) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ടി രീതിയിൽ കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങൾ ലേബലും സർട്ടിഫിക്കേഷനോടുംകൂടി ഇക്കോ ഷോപ്പ് മുഖാന്തരം വില്പന നടത്തുന്നതിന് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നതിനും 261.31 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൃഷി വകുപ്പുമുഖേന പച്ചക്കറികളുടെ ഉൽപ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വീട്ടുവളപ്പിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറികൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം
5. ജില്ലാ ക്ലസ്റ്റർ വികസനം
6. അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ
7. സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടം
8. എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം
9. കിഴങ്ങുവർഗ്ഗ വിളകളുടെ പ്രോത്സാഹനം
10. ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ
11. ബ്ലോക്കുതല നഴ്സറികളുടെ വികസനം
12. മഴമറകൾ സ്ഥാപിക്കൽ
13. സങ്കര വിത്തിനങ്ങളുടെ പ്രദർശനത്തോട്ടം
14. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
15. തരിശുനിലകൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം
16. എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി
17. കേരള കാർഷിക സർവ്വകലാശാലയുടെ സേഫ്-ടു-ഈറ്റ് പ്രോജക്ട്

കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷക കൂട്ടായ്മയുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹകരണത്തോടെ ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി, നല്ല കൃഷിമുറകൾ (ജി.എ.പി.) അവലംബിച്ചുള്ള ജൈവ പച്ചക്കറി കൃഷി എന്നിവയും കേരളത്തിൽ നടപ്പിലാക്കി വരുന്നു.

**ജൈവകൃഷി പ്രോത്സാഹനം**

56(1017) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കൃഷിയിടങ്ങളിൽ കീടനാശിനിയുടെ ഉപയോഗംമൂലം പ്രസ്തുത പ്രദേശത്തെ ജലം മലിനമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവജാലങ്ങൾക്ക് ഹാനികരമായ കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായും ജൈവകൃഷിയിലേക്കുള്ള മാറ്റം പെട്ടെന്ന് സാധ്യമല്ല. രാസവസ്തുക്കളുടെ ഉപയോഗം പരമാവധി കുറച്ചും കാര്യക്ഷമമായും ഉപയോഗിച്ചുകൊണ്ടുള്ള നല്ല കാർഷിക മുറകൾ (Good Agricultural Practices), സംയോജിത കീടരോഗ നിയന്ത്രണം, ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. ഹാനികരമായ കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിന് കർഷകർക്ക് പരിശീലനവും ബോധവൽക്കരണവും നൽകിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കീടനിയന്ത്രണത്തിനും ആവശ്യമായ ഉപാധികൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിൽ മാരക കീടനാശിനികളുടെ ഉപയോഗം തടയുന്നതിലേയ്ക്ക് സംസ്ഥാനതല കാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന ജില്ലാതല സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

**വെളിയന്നൂർ ചല്ലി കൃഷിയോഗ്യമാക്കൽ**

57(1018) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി-പേരാമ്പ്ര മണ്ഡലങ്ങളിലായി പരന്നുകിടക്കുന്ന വെളിയന്നൂർ ചല്ലി കൃഷി യോഗ്യമാക്കുന്നതിന് സർക്കാരിന്റെ മുമ്പിൽ കൃഷി വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കാർഷിക മേഖലയിൽ ഈ പ്രദേശത്തിന് വലിയ സാധ്യതകൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിയന്നൂർ ചല്ലി കാർഷിക പ്രാധാന്യമുള്ള വികസന പദ്ധതികൾക്ക് ഉപയോഗപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റും ചേർന്ന് 790.991 ലക്ഷം രൂപയുടെ പദ്ധതി 2014-15 വർഷം RIDF (Rural Infrastructure Develpment Fund)-ൽ സമർപ്പിക്കപ്പെട്ടിരുന്നെങ്കിലും അനുമതി ലഭിച്ചില്ല.

(ബി) ഉണ്ട്. നടപ്പു സാമ്പത്തിക വർഷം പ്രദേശത്തെ 75 ഏക്കർ കൃഷി യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കീഴ്പേരൂർ വാട്ടർഷെഡ്**

58(1019) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കീഴ്പേരൂർ വാട്ടർ ഷെഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിലേക്കായി ഏത് ഫണ്ടാണ് വിനിയോഗിക്കുന്നതെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ നഗരൂർ, കിളിമാനൂർ, മടവൂർ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഉൾപ്പെട്ട കീഴ്പേരൂർ വാട്ടർ ഷെഡ് പദ്ധതി 7-6-2016-ന് ആരംഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. 57.21 ഹെക്ടർ പ്രദേശത്ത് 23.46 ലക്ഷം രൂപ ചെലവഴിച്ച് 17843.97 സ്ക്വയർ മീറ്റർ കല്ല് കയ്യാല നിർമ്മാണമാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ടി പ്രവൃത്തികൾ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 21-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 245.7 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൃഷി ഭൂമിയിലെ പ്രവർത്തനങ്ങളായ കല്ലുകയ്യാല നിർമ്മാണം, പുല്ലുവച്ചുപിടിപ്പിക്കൽ, റബ്ബറിന് തടം ഒരുക്കൽ, മൺകയ്യാല, മഴക്കുഴികൾ എന്നിവയും നീർച്ചാലുകളുടെ

സംരക്ഷണ ഭിത്തി, ചെറുതടയണ, ചെറുകുളങ്ങൾ, റിങ് പോണ്ടുകൾ, റാമ്പുകൾ, കർഷക പരിശീലനം എന്നീ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതി മാർച്ച് 2019-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

## കർഷകർക്ക് ഇ-പേമെന്റ്

59(1020) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖാന്തരം കർഷകർക്ക് ഇ - പേമെന്റ് മുഖേന നൽകിയ ആനുകൂല്യങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു;

(ബി) അതിൽ എത്ര രൂപ കൈപ്പറ്റാതെ തിരികെ വന്നു; തിരികെ വരാൻ എന്താണ് കാരണമെന്നു വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം ബാങ്കുകൾ മുഖേനയാണ് ഇ-പേമെന്റ് നൽകിയത് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ ബ്ലോക്കുതലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖാന്തരം കർഷകർക്ക് ഇ-പേമെന്റ് മുഖേന 50,44,79,869 രൂപ നൽകിയിട്ടുണ്ട്.

(ബി) 86,06,183 രൂപ കൈപ്പറ്റാതെ തിരികെ വന്നു. തെറ്റായ അക്കൗണ്ട് നമ്പർ, കർഷകൻ മരണപ്പെടുന്ന സാഹചര്യം, അക്കൗണ്ട് അവസാനിപ്പിക്കൽ (closure of account by beneficiary), നിഷ്ക്രിയ അക്കൗണ്ടുകൾ മുതലായവയാണ് തുക കൈപ്പറ്റാതെ തിരികെ വരാനുള്ള പ്രധാന കാരണങ്ങൾ

(സി) ബാങ്കുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഫെഡറൽ ബാങ്ക്, കാരക്കോണം
2. സൗത്ത് ഇന്ത്യൻ ബാങ്ക്, പാറശ്ശാല
3. കേരള ഗ്രാമീൺ ബാങ്ക്, ഉദിയൻകുളങ്ങര
4. ഫെഡറൽ ബാങ്ക്, ചെമ്പൂർ
5. ഐ.സി.ഐ.സി.ഐ. ബാങ്ക്, കാട്ടാക്കട
6. ഫെഡറൽ ബാങ്ക്, നെയ്യാറ്റിൻകര

7. സൗത്ത് ഇന്ത്യൻ ബാങ്ക്, ഉദിയൻകുളങ്ങര

8. ഫെഡറൽ ബാങ്ക്, ബാലരാമപുരം

9. എസ്.ബി.ടി., വാമനപുരം

10. സൗത്ത് ഇന്ത്യൻ ബാങ്ക്, വെഞ്ഞാറമൂട്

11. ഐ.സി.ഐ.സി.ഐ. ബാങ്ക്, പോത്തൻകോട്

12. ഫെഡറൽ ബാങ്ക്, നെടുമങ്ങാട്

13. സൗത്ത് ഇന്ത്യൻ ബാങ്ക്, പേരൂർക്കട

14. ഐ.സി.ഐ.സി.ഐ. ബാങ്ക്, നെടുമങ്ങാട്

15. ഫെഡറൽ ബാങ്ക്, കാട്ടാക്കട

16. സൗത്ത് ഇന്ത്യൻ ബാങ്ക്, കഴക്കൂട്ടം

17. ഐ.സി.ഐ.സി.ഐ. ബാങ്ക്, കഴക്കൂട്ടം

18. ഫെഡറൽ ബാങ്ക്, കിളിമാനൂർ

19. സൗത്ത് ഇന്ത്യൻ ബാങ്ക്, കിളിമാനൂർ

20. ഫെഡറൽ ബാങ്ക്, ആറ്റിങ്ങൽ

21. ഫെഡറൽ ബാങ്ക്, വർക്കല

**വിലക്കുറവിൽ പച്ചക്കറി വിതരണം**

60(1021) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കുറവിൽ പച്ചക്കറി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഓണക്കാലത്ത് കാർഷികോൽപ്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിലേക്ക് 'ഓണസമൃദ്ധി പദ്ധതി' പ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിൽ സംസ്ഥാനത്തുടനീളം 1350 പച്ചക്കറി വിപണികൾ സംഘടിപ്പിച്ചിരുന്നു.

ഇതിൽ 980 എണ്ണം കൃഷി വകുപ്പ് നേരിട്ടും 190 എണ്ണം വി.എഫ്.പി.സി.കെ.-യും 180 എണ്ണം ഹോർട്ടികോർപ്പുമാണ് സംഘടിപ്പിച്ചത്. അതാത് ജില്ലകളിലേക്കാവശ്യമായ പച്ചക്കറികൾ ജില്ലയ്ക്കകത്തുനിന്നുള്ള കർഷകരിൽനിന്നും പത്തുശതമാനത്തോളം കൂടിയ വില നൽകി പരമാവധി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് 30 ശതമാനം സബ്സിഡിയോടെ വില്പന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് ലഭ്യമാകാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽനിന്നും ഹോർട്ടികോർപ്പുമുഖേന ശേഖരിച്ച് വിതരണം ചെയ്തിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട കമ്മിറ്റിയാണ് സംഭരണ വിലയും വിൽപ്പന വിലയും നിശ്ചയിച്ചത്. ഈ വിലകൾ അതാത് ദിവസം കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. സംസ്ഥാനത്തെ കർഷകരിൽനിന്നും 3042 ടണ്ണോളം പച്ചക്കറികൾ സംഭരിച്ചതുൾപ്പെടെ 4800 ടൺ കാർഷികോൽപ്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ വിവിധ സർവീസ് സഹകരണ ബാങ്കുകളും സന്നദ്ധ സംഘടനകളും കുടുംബശ്രീ പോലുള്ള സംവിധാനങ്ങളും കാർഷികോൽപ്പന്ന വിപണികൾ സംഘടിപ്പിക്കുകയുണ്ടായി. സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ചും ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ ഏർപ്പെടുത്തിയിരുന്നു.

**കീടനാശിനികളുടെ ഉപയോഗം**

61 (1022) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിച്ചിട്ടുള്ള കീടനാശിനികളിൽ പലതും സംസ്ഥാനത്ത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കീടനാശിനി ഉപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ അതിർത്തി ജില്ലകളിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൃഷി ഓഫീസർമാർ രണ്ടാഴ്ചയിലൊരിക്കൽ എല്ലാ കീടനാശിനി വിതരണ-വില്പന കേന്ദ്രങ്ങൾ നിർബന്ധമായും പരിശോധിക്കുവാനും നിരോധിത കീടനാശിനികളുടെ വിതരണവും വിൽപ്പനയും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധിത കീടനാശിനികൾ കണ്ടെത്തുന്നപക്ഷം ഇൻസെക്റ്റിസൈഡ് ആക്ടുപ്രകാരമുള്ള കർശന ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതാണ്.

അതിർത്തി ജില്ലകളിലേക്ക് അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള കീടനാശിനികളുടെ വരവ് നിരീക്ഷിക്കുവാനും നിരോധിത കീടനാശിനികളുടെ വരവ് തടയാനും ജില്ലാതലത്തിൽ വിജിലൻസ് കമ്മിറ്റികൾക്കും സംസ്ഥാനതല സ്ക്വാഡിനും രൂപം നൽകിയിട്ടുണ്ട്. കീടനാശിനി നിർമ്മാതാക്കളും വിതരണക്കാരും കർഷകർക്കോ കർഷക സമിതികൾക്കോ കൃഷി ഓഫീസറുടെ കുറിപ്പടിയില്ലാതെ നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവർക്കും ബോധവൽക്കരണവും നൽകിവരുന്നു. ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് കൃഷി വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ അനുബന്ധമായി ചേർക്കുന്നു*.

**തരിശുനിലങ്ങൾ**

62(1023) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലുള്ള തരിശുനിലങ്ങൾ ഏതെല്ലാം; അവ എത്ര ഹെക്ടർ എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ താലൂക്കിൽ എത്ര ഹെക്ടർ തരിശുനിലങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ബന്ധപ്പെട്ട കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ കൃഷി വകുപ്പിൽനിന്നും ലഭിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലെ തരിശുനിലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ചെങ്ങന്നൂർ താലൂക്കിൽ 50 ഹെക്ടർ തരിശുനിലങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(ഡി) കർഷകർക്ക് ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30,000 രൂപ നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

63(1024) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവനകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളാണ് ഓരോ കൃഷിഭവനകളിലും ഒഴിഞ്ഞ് കിടക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ, മേലാർകോട്, എലവഞ്ചേരി എന്നീ കൃഷി ഭവനകളിൽ കൃഷി ഓഫീസർമാരുടെ ഒഴിവുണ്ട്.

(സി) കൃഷി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല. റാങ്ക് ലിസ്റ്റ് എത്രയുംവേഗം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തൽ

64 (1025) ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ബാബു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ കൃഷിഭവനകളുടെ പങ്കാളിത്തവും പ്രവർത്തനവും എപ്രകാരമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കൃഷിഭവനകളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി വീട്ടുവളപ്പിലും മട്ടുപ്പാവിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്റർ വികസനം, മികച്ച കർഷകർക്ക് അവാർഡ് നൽകി പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുപയോഗിച്ചുള്ള പ്രദർശനത്തോട്ടം, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെയും നഴ്സറികളുടെയും വികസനം, മഴമറകൾ സ്ഥാപിക്കൽ, സങ്കര വിത്തിനങ്ങളുടെ വിതരണം, സൂക്ഷ്മ ജലസേചനം, തരിശുനിലകൃഷി, കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് റ്റു ഈറ്റ് പ്രോജക്റ്റ്, കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ സബ്സിഡിയോടുകൂടി നടപ്പിലാക്കുക, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുക, നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കാർഷികവൃത്തി അഭിവൃദ്ധിപ്പെടുത്തുന്നതിനായി വിള ആരോഗ്യ പരിപാലനം, വിവിധവിള കൃഷി പ്രോത്സാഹനത്തിന് ഹൈടെക് അഗ്രികൾച്ചർ പദ്ധതി, അഗ്രോസർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന, ജൈവകൃഷി പ്രോത്സാഹനം, കിസാൻ കോൾ സെന്റർ എന്നീ നൂതന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

(സി) കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൃഷിഭവനുകളുടെ പ്രവർത്തനങ്ങളും പങ്കാളിത്തവും ജില്ലാതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്. പ്രാദേശികമായ കാർഷികോൽപ്പാദനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും പദ്ധതി നടത്തിപ്പിലും കൃഷിഭവന്റെ പൂർണ്ണമായ പങ്കാളിത്തമുണ്ട്. കൃഷിഭവന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കൃഷി ഭവനുകൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി. കൂടാതെ കൃഷി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം കൃഷിയിടത്തിൽ ലഭ്യമാക്കുന്നതിനും കൃഷിക്കാവശ്യമായ നൂതന സാങ്കേതികവിദ്യകൾ കർഷകർക്ക് പകർന്നുനൽകുന്നതിനും കർഷകരുടെ ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൃഷിഭവനുകൾ സ്ഥാപിച്ചതിന്റെ മുപ്പതാം വാർഷികം പ്രമാണിച്ച് 200 കൃഷിഭവനുകളെ ആധുനികവൽക്കരിച്ച് അഗ്രോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളാക്കി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു.

## പച്ചക്കറി വിപണനശാല

65(1026) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഓണക്കാലത്ത് പച്ചക്കറിവില പിടിച്ചുനിർത്താൻ സഹായകരമായ കൃഷിവകുപ്പിന്റെ പച്ചക്കറി വിപണനശാല പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടർന്നും പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരം വിപണന കേന്ദ്രത്തിൽ പച്ചക്കറികൾ എത്തിക്കുന്ന കർഷകർക്ക് ആകർഷകമായ ആനുകൂല്യം നൽകാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓണക്കാലത്ത് താൽക്കാലികമായി ആരംഭിച്ച വിൽപ്പനശാലകൾ തുടർന്നും പ്രവർത്തിപ്പിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട കൃഷിഭവനുകളിൽ ആരംഭിച്ച എ ഗ്രേഡ് ക്ലസ്റ്റർ വിപണി, ഇക്കോ ഷോപ്പുകൾ എന്നിവ മുഖേന കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വിപണനത്തിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ VFPCK, HORTICORP എന്നിവയുടെ വിപണികളും വില്പനശാലകളും തുടർന്നും പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) ആനുകൂല്യം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

66(1027) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഏതൊക്കെ വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇൻഷ്വറൻസ് ആനുകൂല്യം എത്ര പേർക്ക് ലഭിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഏലം, ജാതി, കരിമ്പ്, അടയ്ക്ക, കൈതച്ചക്ക എന്നീ വിളകൾക്കാണ് വിജ്ഞാപനപ്രകാരം ഒന്നാം വിള (ഖാരിഫ് സീസൺ) ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടുസീസണുകളിലായി 33270 കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

## ഹോർട്ടികോർപ് വിതരണം ചെയ്യുന്ന പച്ചക്കറികൾ

67(1028) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണരീതി എപ്രകാരമെന്ന് വിശദമാക്കുമോ;

(ബി) വിഷരഹിതമെന്ന വ്യാജേന ഹോർട്ടികോർപ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള ചൂഷണം തടയുന്നതിനായി പച്ചക്കറികളിലെ വിഷാംശപരിശോധന ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴം, പച്ചക്കറികളുടെ പരിശോധനയ്ക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഹോർട്ടികോർപ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണം പ്രധാനമായി രണ്ട് രീതിയിലാണ് നടത്തുന്നത്. കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ പൂർണ്ണമായും കർഷക സ്വാശ്രയ വിപണികൾ ഒരുക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള (വി.എഫ്.പി.സി.കെ.) എന്ന സ്ഥാപനത്തിന്റെ ശൃംഖലകൾവഴിയും 6 കാർഷിക മൊത്തവ്യാപാര വിപണികൾ മുഖേന കൃഷി ഭവനുകൾവഴിയും ഹോർട്ടികോർപ് സംഭരിക്കുന്നു. കൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാത്തതും ആവശ്യത്തിന് തികയാത്തതുമായ ചിലയിനം പച്ചക്കറികൾ (സവാള, ചെറിയ ഉള്ളി, ബീൻസ്, ബീറ്റ്റൂട്ട് തുടങ്ങിയവ) അയൽ സംസ്ഥാനങ്ങളിൽനിന്നും ഹോർട്ടികോർപ് സംഭരിക്കുന്നു.

(ബി) വിഷലിപ്തമായ പച്ചക്കറികളുടെ വിപണനവും ഉപയോഗവും കഴിയുന്നത്ര തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോർട്ടികോർപ് വിഷലിപ്തമല്ലാത്ത പച്ചക്കറികളാണ് കർഷകരിൽനിന്ന് സംഭരിക്കുന്നതും വിപണനം ചെയ്യുന്നതും .

(സി) പച്ചക്കറികളുടെ വിഷാംശ പരിശോധനയ്ക്ക് പ്രധാനമായും വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയാണ് ഇതുവരെ ഉണ്ടായിരുന്നത്. ഇത്തരത്തിലുള്ള രണ്ട് പരീക്ഷണശാലകൾ കൂടി കാസർഗോഡ് ജില്ലയിലെ പടന്നക്കാട്ടും തൃശ്ശൂർ ജില്ലയിലെ വെള്ളാണിക്കരയിലും പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറായി വരുന്നു.

ഹോർട്ടികോർപ് സംഭരിക്കുന്ന പച്ചക്കറികൾക്ക് കേരളത്തിൽ അവയുണ്ടാക്കുന്ന കൃഷിയിടം വിഷമുള്ള രാസകീടനാശിനികളും മറ്റ് ഉൽപ്പാദനോപാധികളും ഉപയോഗിക്കാത്തതാണെന്ന് സ്ഥലം കൃഷി ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണമെന്ന് നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ മാർക്കറ്റുകളിൽനിന്നും കർഷകരിൽനിന്നും പഴം, പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനും അവയുടെ കണ്ടെത്തലുകൾ പരസ്യപ്പെടുത്തുന്നതിനും കീടനാശിനി അവശിഷ്ടം പരമാവധി കുറയ്ക്കുന്നതിനെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിനും കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുമുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച മാസപുരോഗതി റിപ്പോർട്ട് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ കൃഷി ഡയറക്ടർക്ക് നൽകുന്നതിനും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെൽകർഷകർക്ക് നഷ്ടപരിഹാരം**

68 (1029) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർ കൃഷിയിറക്കുന്നതിൽ നിന്നും പിൻമാറേണ്ടി വരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുമൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയുടെ ആക്രമണത്തിൽ കൃഷി നശിച്ച് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുള്ള കർഷകരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷി നാശം വന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പുതിയ സ്കീമുകൾ കൃഷി ഭവനിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) തൊഴിലാളികളുടെ ലഭ്യതക്കുറവ്, മഴയെ ആശ്രയിച്ചുള്ള നെൽകൃഷി ചെയ്യുന്നയിടങ്ങളിൽ ശരിയായ സമയത്തുള്ള മഴയുടെ ലഭ്യതക്കുറവ്, വർദ്ധിച്ച കൃഷിച്ചെലവ് എന്നിവമൂലം നെൽകർഷകർ നെൽകൃഷിയിൽനിന്നും പിൻമാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പിന്റെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾ വന്യമൃഗങ്ങളുടെ ആക്രമണംമൂലം നശിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ഇൻഷ്വർ ചെയ്യാത്ത വിളകൾക്ക് വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നത് വനം-വന്യജീവി വകുപ്പാണ്.

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പിന്റെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി മുതലായവ കൃഷിഭവൻ മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര നടപടി എന്ന നിലയിൽ പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനു നെൽവിത്ത് സൗജന്യമായി കൃഷിഭവൻ മുഖേന നൽകുന്ന പദ്ധതിയും നിലവിലുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നു.

**ഹോർട്ടികോർപ് പച്ചക്കറികൾക്ക് അധിക വില**

69 (1030) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ് നടത്തുന്ന സ്ഥാപനങ്ങൾ ഓണക്കാലത്ത് പച്ചക്കറികൾക്ക് വിപണി വിലയേക്കാൾ അധികതുക ചുമത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണി വിലയേക്കാൾ അധിക വില ചുമത്തിയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉയർന്ന വില ഈടാക്കിയെന്നു കണ്ട സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. വിപണിയേക്കാൾ 30 ശതമാനം കുറഞ്ഞ വിലയ്ക്കാണ് ഓണക്കാലത്ത് ഹോർട്ടികോർപ് പച്ചക്കറി വിൽപ്പന നടത്തിയിട്ടുള്ളത്.

(ബി) ബാധകമല്ല.

(സി)ബാധകമല്ല. സർക്കാരിന്റെ നയങ്ങൾക്കും നിർദ്ദേശത്തിനും വിരുദ്ധമായി ഏതെങ്കിലും വിപണനകേന്ദ്രങ്ങൾ വില കൂടുതൽ ഈടാക്കിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഹോർട്ടികോർപിന്റെ വാഗ്ദാന ലംഘനം

70 (1031) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്തേക്ക് കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ മുഴുവൻ വാങ്ങാമെന്ന വാഗ്ദാനം ഹോർട്ടികോർപ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹോർട്ടികോർപ്പിന്റെ വാഗ്ദാന ലംഘനം നിമിത്തം കർഷകർക്കുണ്ടായ ദുരിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കർഷകർക്കുണ്ടായ നഷ്ടത്തിനു പരിഹാരമായി സർക്കാർ സാമ്പത്തിക സഹായം നൽകുമോ?

ഉത്തരം

(എ&ബി) ഓണക്കാലത്തേക്ക് കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിച്ച പച്ചക്കറികൾ സംസ്ഥാനത്തെ കർഷക സംഘങ്ങൾ കാർഷിക മൊത്ത വ്യാപാര വിപണികൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ. എന്നിവ മുഖേന വിപണിവിലയേക്കാൾ 10 ശതമാനം അധികം നൽകി സംഭരിച്ച് ഹോർട്ടികോർപ് വിപണിയിൽ എത്തിച്ചിട്ടുണ്ട്. പൊതുവിപണിയിലെ വിലയേക്കാൾ 30 ശതമാനം കുറഞ്ഞ വിലയ്ക്കാണ് ഓണക്കാലത്ത് ഹോർട്ടികോർപ് പച്ചക്കറി വില്പന നടത്തിയത്. അതുപോലെ വിപണനത്തിന് വേണ്ടിയുള്ള വിളവുണ്ടെന്ന് അറിയിപ്പ് കിട്ടിയ എല്ലാ സ്ഥലത്തുനിന്നും പച്ചക്കറികൾ കർഷകരിൽനിന്നും സംഭരിക്കുവാൻ ഹോർട്ടികോർപ് നടപടി സ്വീകരിച്ചിരുന്നു.

(സി) ബാധകമല്ല.

## ഹോർട്ടികോർപിന്റെ പ്രവർത്തനം

71 (1032) ശ്രീ. എം. എം. മണി :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നുവെന്ന് രേഖയുണ്ടാക്കി മൊത്തക്കച്ചവടക്കാരിൽ നിന്ന് വാങ്ങുന്ന ഗുണമേന്മയില്ലാത്ത പച്ചക്കറികൾ ഹോർട്ടികോർപ് വിപണനകേന്ദ്രങ്ങളിൽ വിൽക്കുന്നതായി വിവരം ലഭിച്ചതിനെ

തുടർന്ന് വകുപ്പുമന്ത്രി സംഭരണശാലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ് കർഷകർക്ക് നൽകുവാനുള്ള തുക കുടിശ്ശിക ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) അഴിമതി മറച്ചുവയ്ക്കാൻ മുൻ എം.ഡി. ഹോർട്ടികോർപിന്റെ പേര് ദുരുപയോഗം ചെയ്ത് പത്രപരസ്യം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഗുണമേന്മയുള്ള വിഷരഹിത പച്ചക്കറികൾ ജനങ്ങൾക്ക് ലഭ്യമാക്കാനും കർഷകർക്ക് ഗുണപ്രദമാകുന്ന തരത്തിൽ ഹോർട്ടികോർപിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആനയറ കാർഷിക മൊത്ത വ്യാപാര വിപണിയിലും ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ഹോർട്ടികോർപ്) മൊത്ത വിതരണ കേന്ദ്രത്തിലും തമിഴ്നാട്ടിൽനിന്നും ഗുണനിലവാരമില്ലാത്ത പച്ചക്കറി വാങ്ങുന്നതും പ്രാദേശിക കർഷകരുടെ കാർഷികോൽപ്പന്നങ്ങൾ വാങ്ങാതിരിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതുമുൾപ്പെടെ ഗുരുതരമായ പല ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്.

(ബി) കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ച വകയിൽ ലഭ്യമായ എല്ലാ ബില്ലുകൾക്കും തുക നൽകിയിട്ടുണ്ട്. എന്നാൽ മുൻസർക്കാരിന്റെ കാലത്ത് ചില പച്ചക്കറി മൊത്തക്കച്ചവടക്കാർക്ക് കുടിശ്ശിക നൽകാനുണ്ടെന്ന പരാതി സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(സി&ഡി) ഉണ്ട്. മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ് മുൻ മാനേജിംഗ് ഡയറക്ടറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുകയും റീജിയണൽ മാനേജരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയുമുണ്ടായി. ഹോർട്ടികോർപിലെ ക്രമക്കേടുകളെക്കുറിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെയും പോലീസിന്റെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെയും അന്വേഷണം നടന്നുവരുന്നു.

(ഇ) സംസ്ഥാനത്തെ കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ. കർഷക കൂട്ടായ്മ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നെല്ലാം ഗുണമേന്മയുള്ള വിഷരഹിത പച്ചക്കറികൾ ഹോർട്ടികോർപ് സംഭരിച്ച് വിപണനം നടത്തിവരുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ വീട്ടിൽത്തന്നെ നട്ടുണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ ഇത്തവണ ഓണക്കാലത്ത് പച്ചക്കറി തൈകളും 'നമുക്കും വിഷമില്ലാത്ത പച്ചക്കറികൾ നട്ടുണ്ടാക്കാം' എന്ന ചെറുപുസ്തകവും ഹോർട്ടികോർപ്

വിതരണം ചെയ്തിരുന്നു. വരുംനാളുകളിൽ വിളക്രമീകരണത്തിനായി ഓരോ പ്രദേശത്തും ഏതിനം പച്ചക്കറി എത്ര വിസ്തൃതിയിൽ എപ്പോൾ കൃഷി ചെയ്യണമെന്നും അതിൽനിന്ന് എത്ര വിളവുണ്ടാകുമെന്നും നിർദ്ദേശിക്കുന്ന പച്ചക്കറി വിള-ആസൂത്രണ കലണ്ടർ തയ്യാറാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

**അരിയർ വേതനം**

72(1033) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ TxD പോളിനേഷൻ തൊഴിലാളികൾക്ക് നിയമാനുസൃതമായി ലഭിക്കാനുള്ള കുടിശ്ശിക വേതനം ലഭ്യമാക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത തുക എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

27-6-2012-ലെ സ.ഉ.(പി) നമ്പർ 156/2012/കൃഷി പ്രകാരം കൃഷി വകുപ്പിലെ ഫാം തൊഴിലാളികൾക്ക് അനുവദിച്ച ശമ്പള പരിഷ്കരണം TxD പോളിനേഷൻ തൊഴിലാളികൾക്ക് ബാധകമാക്കിയിരുന്നില്ല. പ്രസ്തുത ഉത്തരവ് TxD പോളിനേഷൻ തൊഴിലാളികൾക്കും ബാധകമാക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പ്രാദേശിക ഗവേഷണ കേന്ദ്രം**

73 (*T1034) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക ഗവേഷണകേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന് അനുയോജ്യമായ ഭൂമി ചീമേനിയിലെ പ്ലാന്റേഷനു സമീപം സൗജന്യമായി ലഭ്യമായാൽ ഗവേഷണകേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സർവ്വകലാശാല അധികാരികൾ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം സർവ്വകലാശാലയുടെ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന് അനുയോജ്യമായിരുന്നില്ല. ഉചിതമായ സ്ഥലവും ആവശ്യമായ ഫണ്ടും ബന്ധപ്പെട്ട കൗൺസിലിൽ നിന്നുമുള്ള അംഗീകാരവും ലഭിക്കുന്ന മുറയ്ക്ക് സർവ്വകലാശാലയുടെ ഗവേഷണകേന്ദ്രം ആരംഭിക്കുന്നതാണ്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ആസ്തി വികസന ഫണ്ട്

74 (*T1035) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ പി.ഡബ്ല്യൂ.ഡി. അധികൃതരെ കൊണ്ട് നടപ്പിലാക്കുമ്പോൾ ഇതിനാവശ്യമായ തുക പി.ഡബ്ല്യൂ.ഡി. ഹെഡുകളിലേക്ക് ഡെപ്പോസിറ്റ് ചെയ്തു കൊടുക്കാൻ എൽ.എസ്.ജി.ഡി. അധികൃതർ താമസ്സം വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്തു നൽകാത്തതിനാൽ, ടെണ്ടർ നടപടി ഉൾപ്പെടെയുള്ള പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ സമയബന്ധിത തീരുമാനമുണ്ടാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആകെ 150 കോടി രൂപ 4515-00-800-96 LAC-ADS എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. മേയ് മാസത്തിൽ ഇലക്ഷൻ പ്രഖ്യാപിച്ചതിന്റെ കാരണത്താലും വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയതിനുശേഷം മാത്രമേ തുക ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിർദ്ദേശമുള്ളതിനാലും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം വന്നിട്ടുണ്ട്. എൽ.എസ്.ജി.ഡി. അധികൃതർ മനഃപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല. നാളിതുവരെ ആകെ 90 കോടിയോളം രൂപ ഈ ശീർഷകത്തിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

## ആസ്തി വികസന പദ്ധതി

75(1036) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരം നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാകാനുള്ളവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിൽ തദ്ദേശഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

**സെക്രട്ടറിമാരുടെ ഒഴിവുകൾ**

76(1037) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ എത്ര സെക്രട്ടറിമാരുടെ തസ്തികകൾ ഓരോ വിഭാഗത്തിലും ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) പ്രസ്തുത തസ്തികകൾ നികത്തുന്നതിന് നിയമപരമായ തടസ്സം എന്തെങ്കിലും നിലവിലുണ്ടോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റുന്നതു കണക്കിലെടുത്ത് സെക്രട്ടറിമാരുടെ ഒഴിവിലേക്കുള്ള തസ്തികകൾ നികത്തുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 178-ഉം ബ്ലോക്ക് പഞ്ചായത്തുകളിൽ 44-ഉം ജില്ലാ പഞ്ചായത്തുകളിൽ 8-ഉം സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവനക്കാരുടെ 2010-ൽ പ്രസിദ്ധീകരിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റുകൾ 2014-ൽ റദ്ദാക്കുകയും പുതിയ സീനിയോരിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന അപേക്ഷകളിൽ 2010-ലെയും 2014-ലെയും ലിസ്റ്റുകൾ റദ്ദാക്കിയിരുന്നു. തുടർന്ന് ഒ.പി. (120/2015),ഒ.പി. (കെ.എ.റ്റി.) 144/15, 145/15

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നമ്പർ ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-3-2016-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 13785-13786/2016 തുടങ്ങിയ എസ്.എൽ.പി.-കളിലെ 13-5-2016-ലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരുവാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പ്രൊമോഷൻ നടത്താൻ കഴിയാത്ത സ്ഥിതി വകുപ്പിൽ നിലനിൽക്കുകയാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ നികത്തുന്നതിന് കഴിയുന്നില്ല. ജില്ലാ പഞ്ചായത്തുകളിലെ സെക്രട്ടറിമാരെ നിയമിക്കുന്നതിൽ നിയമതടസ്സമില്ല.

(സി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.-കളിൽ 13-5-2016-ലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമവിധിക്ക് വിധേയമായി സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന്റെ നിയമവശങ്ങൾ പരിശോധിച്ചുവരുന്നു. സെക്രട്ടറിമാരില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ താൽക്കാലിക പ്രൊമോഷൻ നൽകുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണ്. ജില്ലാ പഞ്ചായത്തുകളിലെ സെക്രട്ടറി നിയമനം സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**പകൽ വീട് പദ്ധതി**

77(1038) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിരുന്ന 'പകൽ'വീട് പദ്ധതിക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച 4,87,334 രൂപയ്ക്ക് ഓഡിറ്റ് വകുപ്പ് ഉന്നയിച്ച തടസ്സവാദം നീക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി തുടർന്നും നടത്തുവാൻ ആവശ്യമായ നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന 'പകൽ വീട്' പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പിൽനിന്നും നൽകിവന്നിരുന്ന ഗ്രാന്റ് 2013-14 സാമ്പത്തിക വർഷം മുതൽ നിർത്തിവച്ചിരിക്കുകയാണ്. 2013-14 വർഷം മുതലുള്ള ബഡ്ജറ്റുകളിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല.

(ബി) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് 4,87,334 രൂപ ചെലവഴിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഉന്നയിച്ച തടസ്സം ഒഴിവാക്കുന്നതിനായി കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ചുവരുന്നു.

(സി) ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ 10 ശതമാനം തുക വൃദ്ധർ, വികലാംഗർ, കുട്ടികൾ എന്നിവരുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും പകൽ വീട് പദ്ധതി നടത്തിപ്പിനായി പഞ്ചായത്തിന് ഫണ്ട് കണ്ടെത്താവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന് മറ്റു തദ്ദേശ സർക്കാരുകളിൽനിന്നും സഹായം സ്വീകരിക്കുന്നതിനും തടസ്സമില്ല.

### എല്ലാവർക്കും വീട് പദ്ധതി

78(1039) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണവും, ഇ.എം.എസ്. ഭവന പദ്ധതിയും തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 'എല്ലാവർക്കും വീട്' എന്ന സ്വപ്നപദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജനകീയാസൂത്രണ പദ്ധതിയുടെ രണ്ടാംഘട്ടമായി സംസ്ഥാനത്ത് 13-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച സംസ്ഥാനതല അവലോകന യോഗം 26-8-2016-ൽ കൂടുകയുണ്ടായി. കൂടാതെ 13-ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിയുടെ തുടർച്ചയായി

പുതിയ ഭവന പദ്ധതി ആവിഷ്കരിക്കുന്നതിനും ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുമായി വിശദമായ സർവ്വേ നടത്തുന്നതിന് 5-8-2016-ന് ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽവച്ചുചേർന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിശദമായ സർവ്വേ നടത്തി ഭൂരഹിത-ഭവന രഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭവന പദ്ധതി രൂപീകരണത്തിനുള്ള തുടർ ചർച്ചകൾ നടന്നുവരുന്നു.

## ഖരമാലിന്യ സംസ്കരണം

79(1040) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖര മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഖര മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഖരമാലിന്യം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) അറവുശാലകളിലെ അവശിഷ്ടം, മറ്റ് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഖരമാലിന്യം എന്നിവ പൊതുവഴിയിൽ തള്ളുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയവും നടപ്പിലാക്കാവുന്ന മാലിന്യസംസ്കരണ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യസംസ്കരണം ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പരിമിതിയുണ്ടെന്നിരിക്കെ അനുയോജ്യമായ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സ്കൂളുകൾ, ചന്തകൾ, അറവുശാലകൾ, ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ

പദ്ധതി വിഹിതത്തിൽനിന്നും 10 ശതമാനം തുക മാലിന്യസംസ്കരണത്തിനായി വകയിരുത്തണമെന്ന് 30-6-2016-ലെ സ.ഉ. (സാധാ)നമ്പർ.2037/2016/തസ്വഭവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യസംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നവീകരണം, വികേന്ദ്രീകൃത മാലിന്യ പരിപാലനം, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപനം, അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ ശുചിത്വമിഷൻ മുഖേന നടത്തിവരുന്നു. 2016 നവംബർ 1 മുതൽ ശുചിത്വകേരളം എന്ന ബൃഹത് പരിപാടി നടപ്പിലാക്കാനും ലക്ഷ്യമിടുന്നു.

(ബി) ഖരമാലിന്യം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ഉറവിട മാലിന്യസംസ്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾതോറും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ശുചിത്വ മിഷന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥലത്തുതന്നെ തരംതിരിച്ചെടുക്കുന്നതിനും ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ പ്ലാന്റ് ആധുനികവിൽക്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിന് കൈമാറുന്നതിനും ആയതിലേക്കായി തരംതിരിച്ച് സംഭരിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഉറവിട മാലിന്യസംസ്കരണ പദ്ധതിക്കും പൊതുമാലിന്യ സംസ്കരണ പദ്ധതിക്കും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ ആവശ്യാനുസരണം അതാത് നഗരസഭകൾ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതികളുടെ നടത്തിപ്പ് വകുപ്പുതലത്തിലും ശുചിത്വമിഷൻ തലത്തിലും വിലയിരുത്തിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എം.എൽ.എ.-എ.ഡി.എഫ്. പദ്ധതി

80(1041) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എഫ്. പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ (പഞ്ചായത്ത് കമ്മിറ്റി) അനുകൂല തീരുമാനം

ലഭ്യമായിട്ടുള്ള റോഡുകൾ, ജില്ലാ നിർമ്മിതി കേന്ദ്രം നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ;

(ബി) ജില്ലാ നിർമ്മിതി കേന്ദ്രം ഉചിത മാർഗ്ഗേനയുള്ള നടപടിക്കായി അനുബന്ധ പഞ്ചായത്തുകളിൽ സമർപ്പിക്കുന്ന ഇത്തരം റോഡുകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്മേലുള്ള തുടർ നടപടി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) അനുബന്ധ നിർദ്ദേശം ലഭ്യമായിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി ഇത്തരം ഫയലുകൾ (എം.എൽ.എ.-എ.ഡി.എഫ്.) ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വച്ചു താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ നിർമ്മിതി കേന്ദ്രം നിർവ്വഹണ ഏജൻസിയായി വ്യവസ്ഥാനുസരണം പഞ്ചായത്തുകളിൽ തുടർ നടപടിക്കായി സമർപ്പിക്കുന്ന എം.എൽ.എ.-എ.ഡി.എഫ്. പഞ്ചായത്ത് പാതകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് എത്തുന്നതിന് മുൻപ് ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ അംഗീകാരം ലഭ്യമാക്കണമെന്നുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിർവ്വഹണ ഏജൻസിയായി നിയമാനുസരണം ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിയോഗിക്കുന്നതിന് തടസ്സമില്ല .

(ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി) നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ആസ്തിവികസനത്തിനുള്ള എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ മുഖേന സർക്കാരിന് സമർപ്പിക്കുന്നത്. ഈ വിഷയത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതില്ല.

(ഡി) ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയയ്ക്കുകയും ചെയ്യണം. ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തി ചീഫ് എഞ്ചിനീയർക്ക് നൽകുന്നു.

## പി.എം.ജി.എസ്.വൈ. പദ്ധതി

81(1042) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2011-2016 വർഷത്തിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിച്ചു; അവയുടെ പേരുവിവരവും ദൈർഘ്യവും സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ പ്രത്യേകതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിനുള്ള കരാർ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 2016-17 വർഷത്തിൽ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന റോഡുകളുടെ ലിസ്റ്റും വിശദാംശങ്ങളും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2011-2016 വർഷത്തിൽ റോഡുകൾ ഒന്നുംതന്നെ നിർമ്മിച്ചിട്ടില്ല.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾ ഇൻഡ്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി.) നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിക്കുന്നത്. അതനുസരിച്ച് തയ്യാറാക്കിയ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേകം സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസികളെ (എസ്.ടി.എ.) ചുമതലപ്പെടുത്തിയിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് എന്നീ സ്ഥാപനങ്ങളെയാണ് എസ്.ടി.എ.-കളായി സംസ്ഥാനത്ത് ചുമതലപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് തയ്യാറാക്കുന്ന പദ്ധതി രൂപരേഖ എസ്.ടി.എ.-യുടെ അംഗീകാരത്തോടെ മാത്രമേ കേന്ദ്ര സർക്കാർ പരിഗണിക്കുകയുള്ളൂ. പദ്ധതി പ്രകാരം റോഡുകൾ നിർമ്മിക്കുന്നതിനുള്ള കരാർ നൽകുന്നത് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷമുള്ള 5 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ അടക്കമാണ് എന്നുള്ളത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്. പ്രസ്തുത റോഡുകൾക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി (എൻ.ആർ.ഡി.എ.) നിശ്ചയിക്കുന്ന 3 തലത്തിലുള്ള ഗുണനിലവാര

പരിശോധനാ സംവിധാനത്തിലാണ് നിർമ്മാണം പൂർത്തീകരിക്കുന്നത്. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വതന്ത്ര ചുമതലയുള്ള സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ സംസ്ഥാന സർക്കാരും നാഷണൽ ക്വാളിറ്റി മോണിറ്റർമാരെ കേന്ദ്ര സർക്കാരും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ സമയാസമയങ്ങളിലെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനുവേണ്ടി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി ഓൺലൈൻ മാനേജ്മെന്റ് മോണിറ്ററിംഗ് ആന്റ് അക്കൗണ്ടിംഗ് സിസ്റ്റം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഓൺലൈൻ ടെണ്ടർ ക്ഷണിക്കുന്നതും കരാർ ഉറപ്പിക്കുന്നതും കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി (എൻ.ആർ.ആർ.ഡി.എ.) നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് പ്രകാരമാണ്. റോഡുകൾ നിർമ്മിക്കുന്നതിനുള്ള കരാർ ഉറപ്പിക്കുന്നത് നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷമുള്ള 5 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾ അടക്കമുള്ള തുകയ്ക്കാണ്. നിർമ്മാണം പൂർത്തീകരിച്ച് 5 വർഷത്തിനുള്ളിൽ നിർമ്മാണ വൈകല്യംമൂലം റോഡിനുണ്ടാകുന്ന കേടുപാടുകൾ കരാറുകാരൻ സ്വന്തം നിലയ്ക്ക് ചെയ്തുതീർക്കേണ്ടതും ഇതിനുവേണ്ട സെക്യൂരിറ്റിയായി കരാർ തുകയുടെ 2.5% സെക്യൂരിറ്റിയായി കരാറുകാരിൽനിന്നും ഈടാക്കുകയും ടി തുക റോഡ് നിർമ്മാണവും 5 വർഷത്തെ മെയിന്റനൻസ് കാലാവധിയും തൃപ്തികരമായി പൂർത്തിയായാൽ മാത്രമേ കാരാറുകാരന് തിരിച്ചുനൽകുകയുള്ളൂ.

(ഡി) ഡി.പി.സി. അംഗീകാരം ലഭിച്ച ലിസ്റ്റിൽ നിന്നും പ്രയോറിറ്റി മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി എസ്.എൽ.സി. അംഗീകരിച്ച 29.267 കി.മീ. റോഡിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ബി.പി. എൽ. ആനുകൂല്യം

82(1043) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. പട്ടികയിൽ നിന്ന് നാല് ചക്രവാഹനം സ്വന്തമായുള്ളവരെ ഒഴിവാക്കിയതിനാൽ, ഏകവരുമാനമെന്ന നിലയിൽ ടാക്സിയായി നാല് ചക്രവാഹനം ഉപയോഗിക്കുന്ന കുടുംബത്തിലെ അംഗങ്ങൾക്ക് മാരകരോഗങ്ങൾ പിടിപെടുമ്പോൾ ബി.പി.എൽ. ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിൽ നേരിടുന്ന തടസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

27-4-2012-ലെ സ.ഉ.(കൈ)നമ്പർ. 112/2012/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ബി.പി.എൽ. പട്ടികയിൽനിന്ന് നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവരെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മാരക രോഗങ്ങൾ ബാധിച്ചവരും ശയ്യാവലംബരുമായ കുടുംബാംഗങ്ങൾ ഉണ്ടെങ്കിൽ ആ കുടുംബത്തെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടാതെപോയ അർഹരായ കുടുംബങ്ങൾക്ക് ബി.പി.എൽ. സാക്ഷ്യപത്രം നൽകാൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തി 30-9-2015-ലെ സ.ഉ.(കൈ) നമ്പർ. 309/15/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

**ആസ്തി വികസന പദ്ധതി**

83(1044) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ സ്കൂൾ കെട്ടിടം, മാക്രിമട റോഡ്, നൂറനാട് മുക്കാട്തോട് പാലം എന്നിവയുടെ നിർമ്മാണം ആരംഭിക്കാൻ വൈകുന്ന കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിലെ സ്ഥിതി വിവരവും വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ സ്കൂൾ കെട്ടിടത്തിന്റെ മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ടിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് 30-5-2016-ൽ ഏൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. മാക്രിമട റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്മേൽ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽനിന്നും സാങ്കേതികാനുമതി ലഭിച്ചാലുടൻ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. മുക്കാട് തോട്-പാലം നിർമ്മാണ പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ അനുസരിച്ച് അധികമായി ഒരു കോടി രൂപ കൂടി ആവശ്യമായതിനാലാണ് ടി പ്രവൃത്തി ആരംഭിക്കാത്തത്.

## ഉറവിട മാലിന്യ സംസ്കരണ പദ്ധതി

84(1046) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ;

(ബി) കെട്ടിടങ്ങൾ പണിയുന്നതിന് അനുമതി നൽകുമ്പോൾ പ്രസ്തുത സംസ്കരണത്തിനുള്ള ക്രമീകരണം കൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സമയബന്ധിതമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി ബാധകമാക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കും. ജൈവ മാലിന്യങ്ങൾ വേർതിരിച്ച് കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് പ്ലാന്റ് മുഖേന അവിടെത്തന്നെ സംസ്കരിക്കുന്നതിനും ഇതിൽനിന്നും ലഭിക്കുന്ന കമ്പോസ്റ്റ്/സ്ലറി ജൈവ പച്ചക്കറി കൃഷിക്കായി ഉപയോഗിക്കുന്നതിനുമുള്ള രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി)1999-ലെ മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ചട്ടം 26-A യിൽ ഇതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011-ലെ ചട്ടം 30 പ്രകാരം സുരക്ഷിതമായ മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334(എ) കേരള പഞ്ചായത്ത് രാജ് ആക്ട് 219(വി) എന്നിവ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ 2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിലും ഇതിനുള്ള വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടുണ്ട്.

## ക്ഷേമ പെൻഷൻ വിതരണം

85(1047) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട് കുടുംബശ്രീ മുഖേന സർവ്വേ നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നിലവിൽ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത് ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഏതു വിധത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്;

(ഇ) നിലവിൽ വിവിധതരത്തിലുള്ള ക്ഷേമ പെൻഷൻ ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പെൻഷൻ ഗുണഭോക്താക്കൾക്ക് വീടുകളിൽ എത്തിച്ചുനൽകുന്ന പദ്ധതിയുടെ മുന്നൊരുക്കമെന്ന നിലയിലാണ് കുടുംബശ്രീ മുഖേന സർവ്വേ നടത്തിയത്. ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങളിലെ തെറ്റുകൾ കണ്ടെത്തുക, ഡി.ബി.ടി. സംവിധാനത്തിൽ പെൻഷൻ നൽകിത്തുടങ്ങിയശേഷം മരിച്ചുപോയതും സ്ഥലം മാറിപ്പോയതുമായ ഗുണഭോക്താക്കളുടെ വിവരം ശേഖരിക്കുക, ബാങ്ക് അക്കൗണ്ട് മുഖേന അല്ലെങ്കിൽ നേരിട്ട് വീടുകളിൽ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് ഗുണഭോക്താക്കളുടെ താൽപ്പര്യം അറിയിക്കുന്നതിനുള്ള അവസരം നൽകുക തുടങ്ങിയവയാണ് സർവ്വേയുടെ ഉദ്ദേശ്യം.

(ബി) ഓണത്തോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേനയുമാണ് പെൻഷൻ വിതരണം നടത്തിയത്.

(സി & ഡി) ഓണക്കാലത്തെ പെൻഷൻ വിതരണം സംബന്ധിച്ച് അവലോകനം നടത്തിയശേഷം മാത്രമേ തുടർന്ന് വിതരണ രീതിയിൽ മാറ്റം ആവശ്യമുണ്ടോയെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുകയുള്ളു.

(ഇ) നിലവിൽ വിവിധതരത്തിലുള്ള ക്ഷേമ പെൻഷൻ ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ക്ഷേമ പെൻഷനുകൾ**

86 (*T1048) ശ്രീ. എം. എം. മണി :
ശ്രീ. പി. ഉണ്ണി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിച്ചു നൽകുന്നതിനായി ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ വ്യക്തമാക്കാമോ; പെൻഷൻ വിതരണം തടയുവാനായി ഏതെങ്കിലും ഭാഗത്തു നിന്നു ശ്രമമുണ്ടായിരുന്നോ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശികയുൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ ഓണത്തിനു മുമ്പായി വിതരണം ചെയ്യുന്നതിനു എത്ര തുക വേണ്ടി വന്നു എന്നത് വിശദമാക്കാമോ;

(ഡി) പെൻഷൻ വിതരണത്തിൽ സുതാര്യതയും പക്ഷപാതരാഹിത്യവും ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ക്ഷേമ പെൻഷൻ വീടുകളിൽ എത്തിച്ച് നൽകുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ചുമതലപ്പെടുത്തിയത്. പെൻഷൻ വീട്ടിൽ ലഭിക്കണമെന്ന് ആവശ്യപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട പെൻഷൻ തുക ജില്ലാ സഹകരണ ബാങ്ക് മുഖേന ഇതിലേക്കായി ചുമതലപ്പെടുത്തിയ ഏജന്റ് മുഖേന ഗുണഭോക്താവിന് ലഭ്യമാക്കുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പെൻഷൻ വിതരണം തടയുന്നതിന് ശ്രമമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ പദ്ധതി പ്രകാരം 2476430 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്.

(സി) 2415 കോടി രൂപ.

(ഡി) തദ്ദേശഭരണ സ്ഥാപനതലത്തിലും താലൂക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിലും ജനപ്രതിനിധികളും ബാങ്ക് പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പദ്ധതി നടത്തിപ്പ് അവലോകനം നടത്തുകയും പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**തെരുവുനായ ശല്യം**

87 (1049) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രൂക്ഷമായ തെരുവ് നായ ശല്യം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്ന പരിപാടി നിലവിലുണ്ടോ; ഈ സർക്കാർ നിലവിൽ വന്ന ശേഷം ഇക്കാര്യത്തിനായി സംഘടിപ്പിച്ച ക്യാമ്പുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നായ്ക്കുഞ്ഞുങ്ങളെ വന്ധ്യംകരിക്കുന്നതിനുള്ള 'എൻഡ്' പദ്ധതി പ്രകാരം കഴിഞ്ഞ നാല് മാസത്തിനകം എത്ര നായ്ക്കുഞ്ഞുങ്ങളെ വന്ധ്യംകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs)ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.
2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.
3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തെരുവുനായ്ക്കളുടെ വർദ്ധനവിന് കാരണമാകുമെന്നതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

27-8-2016-ലെ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലറിലെ (അനുബന്ധമായി ചേർക്കുന്നു)* നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**തെരുവുനായ ആക്രമണം**

88 (1050) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ ആക്രമണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തെരുവ് നായ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) തെരുവ് നായ ആക്രമണം മുഖേന മരണമോ പരിക്കോ സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്ഥിര സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) തെരുവ് നായ ആക്രമണമേറ്റവർക്ക് സർക്കാർ-സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.
2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.
3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.
4. പരിചയ സമ്പന്നരായ പട്ടിപിടുത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.
5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തെരുവുനായ്ക്കളുടെ വർദ്ധനവിന് കാരണമാകുമെന്നതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

27-8-2016-ലെ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലറിലെ (അനുബന്ധമായി ചേർക്കുന്നു)* നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി 5-4-2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ബഹുമാനപ്പെട്ട റിട്ട. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശ പ്രകാരം തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായിട്ടുള്ളവർക്ക് പ്രസ്തുത കമ്മിറ്റി മുമ്പാകെ പരാതികൾ ബോധിപ്പിക്കാവുന്നതാണ്. പ്രസ്തുത കമ്മിറ്റിയാണ് നഷ്ടപരിഹാരം സംബന്ധിച്ച് തുടർ നടപടികൾ നിർദ്ദേശിക്കുന്നത്.

(ഡി) സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നുണ്ട്. സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നതു സംബന്ധിച്ച നിർദ്ദേശം നിലവിലില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകോപനം**

89(1051) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഒറ്റ വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിനും വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു കേഡർ രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു കേഡർ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളെ ഒറ്റ വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിനും വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവീസ് രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**മഴവെള്ള സംഭരണി**

90(1052) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടങ്ങൾക്കും കെട്ടിട സമുച്ചയങ്ങൾക്കും അനുമതി നൽകുമ്പോൾ ആ കെട്ടിടങ്ങളിലേക്ക് ആവശ്യമായ ശുദ്ധജലം സംഭരിക്കുവാൻ മഴവെള്ള സംഭരണികൾ കൂടി പണിയണം എന്ന് ഇപ്പോൾ അനുശാസിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വലിയ ഫ്ലാറ്റുകളും മറ്റും ഭൂഗർഭ ജലം ക്രമാതീതമായി ഊറ്റിയെടുക്കുന്നതു കാരണം ചുറ്റുമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11 (1), (2) പ്രകാരം അപേക്ഷകൻ സമർപ്പിക്കുന്ന പ്ലാൻ/ഡ്രോയിംഗുകൾ/സ്പെസിഫിക്കേഷൻ എന്നിവ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടശേഷമാണ് ടി പ്ലാനുകൾക്ക് അംഗീകാരം നൽകുന്നതും പെർമിറ്റ് നൽകുന്നതും. കൂടാതെ ഭൂവികസനം/നിർമ്മാണം നടത്തിയശേഷം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 22 (2), (3) പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2), (3) എന്നിവ പ്രകാരവും ഡവലപ്മെന്റ്/ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് ആയത് പെർമിറ്റിന് അനുസൃതമാണോ നടത്തിയിട്ടുള്ളത് എന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ധനസഹായം**

91(1053) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായയുടെ കടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്ക് പറ്റുന്നവർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെങ്കിലും ധനസഹായം ഇപ്പോൾ നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## തെരുവുനായ ശല്യത്തിന് പരിഹാരം

92 (1054) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന തരത്തിൽ തെരുവ് നായ ആക്രമണം ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നായകളെ വന്ധ്യംകരണത്തിനു വിധേയമാക്കുന്നതിനായി എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിലുണ്ടെന്നും പ്രസ്തുത യൂണിറ്റുകളുടെ എണ്ണം കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) നായശല്യം നിയന്ത്രിക്കുന്നതിന് വന്ധ്യംകരണ പ്രക്രിയ കൂടാതെ മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs)ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു)* ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

(ബി) 51 മൃഗാശുപത്രികളിൽ Animal Birth Control പ്രോഗ്രാമിന്റെ ഭാഗമായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്തിയശേഷം ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഇല്ല. മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് 2001-ലെ Animal Birth Control (Dog) Rules അനുവദിക്കുന്നില്ല.

## സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം

93(1055) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽനിന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം നടത്തണമെന്ന് ഡോ. എം. എ. ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിരുന്നോ;വിശദാംശം നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൻമേൽ ഏതെങ്കിലും അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഡോ. എം. എ. ഉമ്മൻ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചേർന്ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യുവേഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ. എം. എ. ഉമ്മൻ കമ്മിറ്റി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ടി വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലായ സുതാര്യ കേരളം വഴി ശ്രീമതി അതുല്യാ നായർ. കെ. വി.-യും വനിതകളുടെ ക്ഷേമത്തിനുവേണ്ടിയുള്ള നിയമസഭാ സമിതിക്ക് മുമ്പാകെ റാങ്ക് ഹോൾഡർ ശ്രീമതി സൗമ്യ കൊച്ചുകുഞ്ഞും മുഖ്യമന്ത്രിയുടെ ഓഫീസ് വഴി ശ്രീമതി ഫാത്തിമാ ബീവിയും മുൻ എം.എൽ.എ. ശ്രീ. പി. എം. ഉമ്മർ മാസ്റ്റർ മുഖാന്തരം ശ്രീ. അഷ്റഫ് എം.-ഉം (പ്രസിഡണ്ട്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ) പരാതികൾ നൽകിയിരുന്നു. പ്രസ്തുത വിഷയത്തിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയം പ്രസ്തുത വകുപ്പിന്റെ പരിധിയിൽ വരുന്നതാകയാൽ ടി വകുപ്പുതന്നെ ആയതിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം തീരുമാനമായിട്ടില്ല.

**തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ നടപടി**

94(1056) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെരുവ് നായ്ക്കളുടെ ആക്രമണംമൂലം ഇക്കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര പേർ മരിച്ചിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ബി) മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോന്നിനും എത്ര രൂപ വീതമാണ് നൽകിയത്; കഴിഞ്ഞ വർഷം എത്ര പേർക്ക് ഇത്തരത്തിൽ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്; എത്ര രൂപ ഇത്തരത്തിൽ വിതരണം ചെയ്തു;

(സി) തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ സർക്കാർ ഇതേവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; തെരുവ് നായ്ക്കളെ കൊല്ലുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാരോ മറ്റേതെങ്കിലും ഏജൻസിയോ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണെന്ന് വിശദമാക്കാമോ;

(ഡി) ആക്രമണകാരികളായ നായ്ക്കളെയും തെരുവിൽ അലഞ്ഞു തിരിയുന്ന നായ്ക്കളേയും പ്രത്യേകം കൂട്ടിലടച്ച് ഇവയെ സംരക്ഷിക്കുന്നതിനും ഇവയുടെ എണ്ണം പെരുകുന്നത് തടയാനും എന്തെങ്കിലും പദ്ധതികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ജനങ്ങളുടെ സ്വൈര ജീവിതത്തിന് എതിരായി നിൽക്കുന്ന നായ്ക്കളെ ഉൻമൂലനം ചെയ്യാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ പട്ടി പിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള Animal Birth Control പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു)* ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നമുണ്ട്.

(ഡി) Animal Birth Control പ്രോഗ്രാം നടപ്പിലാക്കുന്നതിലൂടെ ആക്രമണകാരികളായതും അലഞ്ഞുതിരിയുന്നതുമായ നായ്ക്കളെ നിയന്ത്രിക്കുവാൻ സാധിക്കുന്ന പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്

(ഇ) നായ്ക്കളെ ഉന്മൂലനം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. എന്നാൽ ജനങ്ങളുടെ സ്വൈരജീവിതത്തെ തടസ്സപ്പെടുത്താതിരിക്കാൻ വന്ധ്യംകരണം/ സ്റ്റെറിലൈസേഷൻ തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് തെരുവുനായ ശല്യം നിയന്ത്രിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## തെരുവുനായ്ക്കളെ നിയന്ത്രിക്കൽ

95(1057) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ കടിയേറ്റ് ആളുകൾ മരണപ്പെടുന്നതും കുട്ടികളുൾപ്പെടെയുള്ളവർ ഗുരുതര പരിക്ക് പറ്റി ചികിത്സയിൽ കഴിയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനും ജനങ്ങളെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾമൂലം തെരുവ് നായ ശല്യം നിയന്ത്രണ വിധേയമാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സെക്രട്ടേറിയറ്റ്, മെഡിക്കൽ കോളേജ് മറ്റ് സർക്കാർ ഓഫീസുകൾ ഇവിടെയെല്ലാം തമ്പടിച്ചിട്ടുള്ള തെരുവ് നായ്ക്കളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്തുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs)ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/ തനത് ഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു)* ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

(സി) കാര്യക്ഷമതയോടും കൃത്യതയോടുംകൂടി Animal Birth Control പ്രോഗ്രാം നടത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ ഇത് നടപ്പിലാക്കുന്നതിലേക്കായി ഒരു മാതൃകാ പ്രോജക്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. വന്ധ്യംകരണം/സ്റ്റെറിലൈസേഷൻ നടപ്പിൽവരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ തെരുവുനായ്ക്കളുടെ ആക്രമണം സംബന്ധിച്ച പരാതികൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവാണ്.

(ഇ) 22-8-2016-ലെ 45151/RC3/14/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

**തെരുവുനായ്ക്കളുടെ ശല്യം**

96(1058) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെരുവു നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/ തനത് ഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയ സമ്പന്നരായ പട്ടിപിടുത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു)*. ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തെരുവുനായ്ക്കളുടെ ആക്രമണം**

97 (1059) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. അബ്ദുൽ ഹമീദ് പി. :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവു നായ്ക്കളുടെ ആക്രമണം ഗ്രാമ നഗരഭേദമില്ലാതെ ജനങ്ങൾക്ക് ഗുരുതര ഭീഷണി ഉയർത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) തെരുവുനായ ശല്യം ഒഴിവാക്കാൻ ഇതേവരെ സ്വീകരിച്ച നടപടികൾ പൂർണ്ണമായും ഫലവത്താകാത്ത സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവുനായ്ക്കളുടെ ശല്യം ഫലപ്രദമായി നിയന്ത്രിക്കുന്നതിലേക്കായി 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ സമയബന്ധിതമായി അവലോകനം ചെയ്തുവരുന്നു.

**തെരുവുനായ്ക്കളുടെ ആക്രമണം**

98(1060) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ എത്ര പേർക്ക് അടുത്തിടെ ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ എന്തെല്ലാം കഷ്ടനഷ്ടങ്ങളാണ് വിവിധ ഭാഗങ്ങളിൽ ഈയിടെ ഉണ്ടായിട്ടുള്ളത്;

(സി) ആക്രമണകാരികളായ തെരുവ് നായ്ക്കളെ മരുന്ന് കുത്തിവെച്ച് കൊല്ലാൻ നിയമമുണ്ടോ;

(ഡി) ഇതു സംബന്ധമായി സർക്കാർ സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിലെ വിശദാംശങ്ങൾ നൽകുമോ;

(ഇ) ആക്രമണകാരികളായ തെരുവുനായ്ക്കളെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മാരകമായി മുറിവേറ്റതും ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അവസ്ഥയിലുള്ളതുമായ നായ്ക്കളെ കർശന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മരുന്നു കുത്തിവച്ച് ദയാവധം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) ഇത് സംബന്ധിച്ച സത്യവാങ്മൂലം സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടില്ല.

(ഇ) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control(Dogs)ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.
2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/ തനത് ഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.
3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.
4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.
5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.
6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു)*. ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

**തെരുവുനായ്ക്കളുടെ ആക്രമണം**

99(1061) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണം വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരുവ് നായ്ക്കളുടെ ആക്രമണം സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ഇതു തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്ത്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനത് ഫണ്ടുപയോഗിച്ച് ആവിഷ്ക്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു)*. ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

**തെരുവുനായ്ക്കളുടെ നിയന്ത്രണം**

100(1062) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുകയല്ലാതെ കൊല്ലരുതെന്ന കേന്ദ്ര മന്ത്രിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തെ സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നായ പ്രേമികളുടെയും കേന്ദ്ര മന്ത്രിയുടെയും നിലപാട് മനുഷ്യ ജീവന് ഗുരുതര ഭീഷണി ഉയർത്തുന്ന സാഹചര്യം കണക്കിലെടുത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വന്ധ്യംകരണം/സ്റ്റെറിലൈസേഷൻ മാർഗ്ഗങ്ങൾ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് Animal Birth Control പ്രോഗ്രാം നടപ്പിലാക്കി തെരുവുനായ്ക്കളെ വന്ധ്യംകരണത്തിന് വിധേയമാക്കി അവയുടെ പ്രജനനം നിയന്ത്രിക്കുവാൻ മതിയായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) തെരുവുനായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതിന് 22-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച നടപടികൾ സമയബന്ധിതമായി അവലോകനം ചെയ്തുവരുന്നു.

**തെരുവുനായ്ക്കളുടെ നിയന്ത്രണം**

101(1063) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ അക്രമകാരികളായ തെരുവ് നായ്ക്കളുടെ കടിയേറ്റ് ചികിത്സ തേടിയവർ എത്രയാണ്;

(ബി) തെരുവ് നായകളുടെ നിയന്ത്രണത്തിനും, തെരുവ് നായകളിൽ നിന്നു ജനങ്ങളെ സംരക്ഷിക്കുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര നായകളെ ഉന്മൂലനം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) നായകളുടെ കടിയേറ്റ് ചികിത്സയിൽ കഴിയുന്നവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും മതിയായ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന പരാതി പരിശോധിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനത് ഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

27-8-2016-ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു)*. ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ പഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്.

(സി) ഇല്ല. ബാധകമല്ല.

(ഡി) പരാതി ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**തെരുവുനായ്ക്കൾക്കെതിരായ നടപടികൾ**

102(1064) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ നശീകരണത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി പൊതുജനങ്ങളുടെയും എൻ.ജി.ഒ.-കളുടെയും സഹകരണത്തോടെ പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുമോ;

(സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ പ്രയാസങ്ങൾ നേരിടുന്നവർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പുപ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ കൊല്ലുന്നത് മാത്രം അനുവദനീയമാണ്. അനിമൽ ബർത്ത് കൺട്രോൾ റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമേ കൊല്ലുവാൻ നിയമം അനുവദിക്കുന്നുള്ളൂ.

(ബി) നടപ്പിലാക്കുന്നതാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി 5-4-2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശപ്രകാരം തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായിട്ടുള്ളവർക്ക് പ്രസ്തുത കമ്മിറ്റിമുമ്പാകെ പരാതികൾ ബോധിപ്പിക്കാവുന്നതാണ്. പ്രസ്തുത കമ്മിറ്റിയാണ് നഷ്ടപരിഹാരം സംബന്ധിച്ച തുടർനടപടികൾ നിർദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മുക്കം മുനിസിപ്പാലിറ്റി

103(1065) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുക്കം മുനിസിപ്പാലിറ്റിയിൽ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സെക്രട്ടറി, എഞ്ചിനീയർമാർ തുടങ്ങിയവരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി&സി) നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പദ്ധതി പ്രവർത്തനം നടത്തിവരുന്നു. മുനിസിപ്പൽ സെക്രട്ടറിയെ നിയമിക്കുന്നതിന് സർക്കാരിൽനിന്നും പി.എസ്.സി.-യിലേക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുക്കം മുനിസിപ്പാലിറ്റിയിൽ അനുവദിച്ച ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക നികത്തിയിട്ടുണ്ട്. മറ്റുള്ള ജീവനക്കാരെ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറും തദ്ദേശഭരണ ചീഫ് എഞ്ചിനീയറും നടപടി സ്വീകരിച്ചുവരുന്നു.

## ജി. രത്തന്റെ സർവ്വീസ് ആനുകൂല്യങ്ങൾ

104(1066) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കേ 1996 മുതൽ കാണാതായ ശ്രീ ജി. രത്തന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മാതാവ് ശ്രീമതി ജി. ആനന്ദവല്ലി സമർപ്പിച്ച അപേക്ഷ പ്രകാരം സെക്രട്ടേറിയറ്റിൽ ഉള്ള 34/EPB2/2016/LSGD എന്ന ഫയലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ശ്രീമതി ജി. ആനന്ദവല്ലിക്ക് ടിയാന്റെ സർവ്വീസ് ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരിക്കേ 1996 മുതൽ കാണാതായ ശ്രീ. ജി. രത്തന്റെ സേവനാനുകൂല്യങ്ങൾ നല്കണമെന്നപേക്ഷിച്ച് ടിയാന്റെ മാതാവ് ശ്രീമതി ജി. ആനന്ദവല്ലി സമർപ്പിച്ച അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പോലീസ് അന്വേഷണം സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ലാതിരുന്നതിനാൽ ടിയാന്റെ തിരോധാനം സംബന്ധിച്ച് നടന്ന പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. ജി. രത്തനെ 1996 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനെത്തുടർന്ന് 9-7-1996-ലെ ഡി5-19253/1996 നമ്പർ ഉത്തരവുപ്രകാരം പഞ്ചായത്ത് ഡയറക്ടർ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ടി വിഷയത്തിൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 18-4-2006-ലെ ഡി5/19253/1996 നമ്പർ നടപടിക്രമം പ്രകാരം 7-6-1996-ാം തീയതി പ്രാബല്യത്തിൽ ടിയാനെ സർവ്വീസിൽനിന്നും നീക്കം ചെയ്ത് ഉത്തരവായിരുന്നു. ഈ ഉത്തരവിനെതിരെ ശ്രീമതി ജി. ആനന്ദവല്ലി സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ചട്ടപ്രകാരം പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ലീൻ കേരള പദ്ധതി**

105 (1067) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. നഗര-ഗ്രാമപ്രദേശങ്ങളിൽ ജൈവ-അജൈവ മാലിന്യം ശാസ്ത്രീയമായി പരിപാലിച്ച് മാലിന്യപ്രശ്നം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പദ്ധതിയുടെ ഘടകമായി ശുചിത്വം കേരളം പദ്ധതി ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

1. ഗ്രാമപഞ്ചായത്തുകളിൽ/നഗരസഭകളിൽ ആവശ്യമെങ്കിൽ പൊതു ഖരമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുക, നിലവിലുള്ള പൊതു സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി നടത്തി മാലിന്യ പരിപാലനം ഉറപ്പാക്കുക.
2. കമ്മ്യൂണിറ്റി തലത്തിലും സ്ഥാപന തലങ്ങളിലും മാലിന്യസംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുക.
3. ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പരമാവധി അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക. ഇതിലൂടെ പൊതുസ്ഥലത്തെത്തുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക.
4. ഗാർഹിക കക്കൂസ്/കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മിച്ചു നൽകാൻ സഹായം നൽകുക.
5. അറവുശാല, ക്രിമറ്റോറിയം നിർമ്മാണം അഥവാ നവീകരണം.
6. സ്ഥാപനതലത്തിൽ മാതൃകാ ദ്രവമാലിന്യ പരിപാലന പദ്ധതി.
7. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക.
8. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ ജനങ്ങളിൽ അനുകൂല മനോഭാവമാറ്റവും ശീലവൽക്കരണവും.

(ബി) നടപ്പിലാക്കിയ പദ്ധതികൾ പൂർണ്ണമായി ലക്ഷ്യം കൈവരിച്ചിട്ടില്ല.

## ഓപ്പൺ എയർ സ്റ്റേഡിയം

106(1068) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുന്നത് എവിടെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എന്നാണ് ആസ്തി വികസന പദ്ധതിയിൽ നിന്നും ഇതിനായി ഫണ്ട് അനുവദിച്ചത്; എത്ര രൂപയാണ് അനുവദിച്ചത്;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ - സി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**മാലിന്യനീക്കം**

107(1069) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷൻ കക്കൂസ് മാലിന്യം നീക്കം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി വാഹനങ്ങൾക്ക് പാസ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾക്കാണ് നിലവിൽ പാസ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പാസ് നല്കുന്ന വാഹനങ്ങൾക്ക് കക്കൂസ് മാലിന്യം നീക്കം ചെയ്യുന്നതിനായി കോർപ്പറേഷൻ വാർഡുകൾ തിരിച്ച് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വാഹനങ്ങൾക്ക് ഏതെല്ലാം വാർഡുകളാണ് നല്കിയിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) മാലിന്യം എവിടെ നിക്ഷേപിക്കുന്നതിനാണ് ഈ വാഹനങ്ങൾക്ക് അനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ദിവസേന 100$m^3$ കക്കൂസ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ ഉതകുന്ന രീതിയിലുള്ള ഒരു പ്ലാന്റ് കെ.എസ്.യു.ഡി.പി.-യുടെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് സ്ഥാപിച്ചു. ഈ പ്ലാന്റിലേക്ക് 100$m^3$ (ഏകദേശം ഇരുപത് ടാങ്കർ ലോഡ്) സെപ്റ്റേജ് സ്ഥിരമായി ലഭ്യമാക്കുന്നതിനായി 11-11-2015-ലെ സർക്കാർ ഉത്തരവ് നമ്പർ.3310/2015/തസ്വഭവ അനുശാസിക്കുന്ന പ്രകാരം ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഡിസംബർ 2015 മുതൽ സ്ഥിരമായി സെപ്റ്റേജ് ടി പ്ലാന്റിൽ എത്തിക്കുന്ന ചുമതല ക്ലീൻ കേരള കമ്പനി ലിമിറ്റഡ് നിർവ്വഹിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഡിസംബർ 2015 മുതൽ മൂന്ന് മാസത്തേക്ക് 20 ടാങ്കറുകൾക്കും തുടർന്ന് 2016 മാർച്ച് 22 മുതൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിർദ്ദേശപ്രകാരം പത്ത് മുതൽ പന്ത്രണ്ട് ടാങ്കറുകൾക്കും സെപ്റ്റേജ് എത്തിക്കുന്നതിനായി താൽക്കാലിക പാസ്സുകൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) വാർഡുകൾ തിരിച്ച് നൽകിയിട്ടില്ല.

(ഇ) ബ്രഹ്മപുരത്ത് സ്ഥാപിച്ചിട്ടുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുവാനാണ് ടാങ്കറുകൾക്ക് അനുമതി നൽകിയിട്ടുള്ളത്.

**മാലിന്യ സംസ്കരണം**

108(1070) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :

<u>ശ്രീ. എം. സ്വരാജ്</u> :

<u>ശ്രീ. പി. കെ. ശശി</u> :

<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുമോ;

(സി) പുതിയ ബഹുനില കെട്ടിടങ്ങളും ഫ്ലാറ്റുകളും പണിയുന്നതിന് അനുമതി നൽകുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം കൂടി പ്ലാനിൽ ഉണ്ടാകണമെന്ന ചട്ടം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഫ്ലാറ്റുകളും ഹോട്ടലുകളും മാലിന്യങ്ങൾ അവരുടെ സ്ഥലത്ത് തന്നെ അവരുടെ ചെലവിൽ സംസ്കരിക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം നൽകുമോ;

(ഇ) മാലിന്യ സംസ്കരണത്തിൽ പൊതുജനങ്ങളുടെ ശക്തമായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാനാണുദ്ദേശിക്കുന്നത്.

1. ഉറവിട മാലിന്യസംസ്കരണ സംവിധാനം വീടുകളിലും പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും ഉറപ്പാക്കൽ.
2. അഴുകാത്ത മാലിന്യങ്ങൾ സമാഹരിക്കാനും സംസ്കരിക്കാനും പുനഃചംക്രമണത്തിന് കൈമാറുന്നതിനും നടപടി ആരംഭിക്കൽ.
3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ.
4. തദ്ദേശഭരണ സ്ഥാപനത്തിന്റെ റോഡുകളുടെ ടാറിംഗിന് പ്ലാസ്റ്റിക് മാലിന്യം ഉപയോഗിക്കുക.
5. വീടുകളിലും സ്ഥാപനങ്ങളിലും അഴുകാത്ത മാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്നതിനുള്ള പരിശീലനങ്ങൾ.
6. ബൃഹത്തായ 'ശുചിത്വ കേരളം ' ക്യാമ്പയിൻ.
7. പുനരുപയോഗ സാദ്ധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉൽപ്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
8. ഗ്രീൻ പ്രോട്ടോകോൾ സ്ഥാപനങ്ങൾക്ക് ബാധകമാക്കാനുള്ള നടപടികൾ, പരിശീലനങ്ങൾ, സംവിധാനങ്ങൾ സൃഷ്ടിക്കൽ, പരിശോധനാ സംവിധാനം സൃഷ്ടിക്കൽ.
9. എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കൽ. വൃത്തിയുള്ള സ്കൂളുകൾ, ആശുപത്രികൾ, പൊതു സ്ഥാപനങ്ങൾ.
10. വൃത്തിയും വെടിപ്പുമുള്ള പൊതു ടോയ്‌ലെറ്റ് ശൃംഖല.
11. ദ്രവമാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിക്കൽ.
12. കനാലുകൾ, പൊതുജലാശയങ്ങൾ എന്നിവിടങ്ങളിലേക്ക് മലിനജലം ഒഴുകുന്നത് തടയുന്നതിനുള്ള സാദ്ധ്യതകൾ പഠനവും പരിഹാര നടപടികൾ സ്വീകരിക്കലും.
13. സ്ഥാപനങ്ങളിൽ ഉറവിട (onsite) ദ്രവ മാലിന്യ സംസ്കരണ സംവിധാനം, വികേന്ദ്രീകൃത ദ്രവ മാലിന്യ പരിപാലന സൃഷ്ടി (DWWATS).

14. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ സ്ഥാപിക്കുക.
15. സ്ളോട്ടർ ഹൗസ്, ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള ആസൂത്രണവും നിർവ്വഹണവും.
16. അപകടകാരികളും പുനരുപയോഗ സാദ്ധ്യമല്ലാത്തതുമായ മാലിന്യങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനുമുള്ള പൊതുസംവിധാനങ്ങൾ സൃഷ്ടിക്കൽ.
17. സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾക്ക് രൂപം നൽകൽ.
18. മെറ്റീരിയൽ പോളിസിക്ക് രൂപം നൽകൽ.
19. അനിവാര്യമായ നിയമ ഭേദഗതികൾ, നിയമ നിർമ്മാണങ്ങൾ.
20. ഓരോ പങ്കാളികൾക്കും വേണ്ടി വെവ്വേറെ ശേഷീവികസന പരിശീലന പ്രവർത്തനങ്ങൾ.

(ബി) കേരളത്തിലെ എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) കെ.പി.ബി.ആർ. ചട്ടം 30 പ്രകാരവും കെ.എം.ബി.ആർ. ചട്ടം 26(എ) പ്രകാരവും ഇത്തരത്തിലുള്ള കെട്ടിടങ്ങൾ പണിയുമ്പോൾ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334(എ)യിൽ ഇക്കാര്യം വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇത്തരത്തിലുള്ള നിർദ്ദേശം നൽകി വരുന്നുമുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 219(വി) (എ), (ബി)-യിലും ഇക്കാര്യം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനായി ഉറവിട മാലിന്യ സംസ്കരണം, മാലിന്യ ശേഖരണം, സംസ്കരണം എന്നീ കാര്യങ്ങളിൽ പൊതുജന പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഒരു പുതിയ സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവ മുഖേന സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സമഗ്ര കേരള വികസനം ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന മാലിന്യ സംസ്കരണം അടക്കമുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## അനധികൃത നിർമ്മിതി

109(1071) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ അതിപുരാതനവും അതീവ സുരക്ഷാ മേഖലയിലുള്ളതുമായ ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ക്ഷേത്ര ട്രസ്റ്റ് എന്നിവയുടേതായിരുന്ന ഭൂമിയിൽ കഴിഞ്ഞ 20 വർഷത്തിനകം നടത്തിയിട്ടുള്ള അനധികൃത നിർമ്മിതികളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ;

(ബി) ക്ഷേത്രത്തിനു 200 മീറ്റർ ചുറ്റളവിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും ആവശ്യമായ എല്ലാ അനുമതികളും നേടാതെയും നടത്തിയ നിർമ്മിതികളെക്കുറിച്ച് വിശദമായ വിവരശേഖരണം നടത്തുമോ;

(സി) ഈ പരിധിക്കുള്ളിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ അനധികൃത സ്ഥാപനങ്ങളും അടച്ചു പൂട്ടാനും അതിസുരക്ഷാ മേഖലയായതിനാൽ പുതുതായി ഒരു ലൈസൻസും അനുവദിക്കാതിരിക്കാനും നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ & ബി) ഉണ്ട്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സമീപത്ത് അതീവ സുരക്ഷാമേഖലയിൽ അടുത്തകാലത്ത് ഒരു വ്യാപാരസ്ഥാപനത്തിന് തീ പിടിച്ചതുമായി ബന്ധപ്പെട്ട് ഫയർ & റെസ്ക്യൂ ഡിപ്പാർട്ടുമെന്റും പോലീസും നഗരസഭയും ചേർന്ന് പരിശോധന നടത്തിയിരുന്നു. ക്ഷേത്ര പരിസരത്ത് മതിയായ സുരക്ഷാസംവിധാനങ്ങളില്ലാതെ പ്രവർത്തിക്കുന്ന എല്ലാ കൊമേഴ്സ്യൽ/റസിഡൻഷ്യൽ കെട്ടിടങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട മൂന്ന് വകുപ്പുകളും തീരുമാനമെടുക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം

110 (1072) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനം എന്നു നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിനോടനുബന്ധമായി ചെയ്തു തീർക്കാനുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ;

(ഡി) ഇതുവരെ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ഉറപ്പാക്കി പൊതുസ്ഥലത്തെ മലവിസർജ്ജനം ഒഴിവാക്കി രാജ്യത്തിന് മാതൃകയാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരളപ്പിറവി ദിനമായ 2016 നവംബർ 1-ന് ഗ്രാമ പ്രദേശങ്ങളുടെയും 2017 മാർച്ച് 31-ന് നഗര പ്രദേശങ്ങളുടെയും പ്രഖ്യാപനം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ബേസ്‌ലൈൻ സർവ്വേയിലൂടെ ഗ്രാമപ്രദേശത്തെ കക്കൂസ് സൗകര്യം ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തുകയും അവർക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി ഓരോ ഗ്രാമപഞ്ചായത്തും തയ്യാറാക്കി ഡി.പി.സി. അംഗീകാരം നേടുക, കക്കൂസ് നിർമ്മാണത്തിന് ബുദ്ധിമുട്ടുകൾ നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി കക്കൂസ് നിർമ്മിക്കുന്നതിന് കൂടുതൽ ധനസഹായം അനുവദിക്കുക, പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുക, 2016 ഒക്ടോബർ 2-ാം തീയതിയോടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും പൊതുസ്ഥലത്തെ വിസർജ്ജനം ഒഴിവാക്കുകയും നവംബർ 1-ന് സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങൾ പൊതുസ്ഥലത്തെ വിസർജ്ജനം ഒഴിവാക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

(ഡി) ഇതുവരെ ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ കൊടുക്കുന്നു:

- വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി പ്രകാരമുള്ള സഹായം 93 നഗരസഭകളിലായി 42147 ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള

കേന്ദ്ര സഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം തങ്ങളുടെ പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ടുവച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

- ദുർഘട പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന തുക പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചുകൊണ്ടും അതിൻപ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

- 115 ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി മുഖേന പ്രോജക്ട് ഏറ്റെടുത്ത് ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് നടപ്പിലാക്കി വരുന്നു.

- എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോപ്ലക്സും പണിയുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

- സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടിൽനിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

- കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.

- കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും, കമ്മ്യൂണിറ്റി മൊബൈലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.

- World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടുകൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സാങ്കേതിക രീതികളിൽ മേസൺ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജല ദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്‌ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നുണ്ട്.

- മാധ്യമങ്ങളിൽ പരമാവധി പ്രചാരണം കിട്ടുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുന്നതിനും ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

- MSW, എഞ്ചിനീയറിംഗ് കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സിന്റെ സേവനം ബോധവൽക്കരണ ക്ലാസ്സുകൾ, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രയോജനപ്പെടുത്തി വരുന്നു.

- മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനതല പുരോഗതി അവലോകനം നടത്തിവരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് 14 മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

- ചീഫ് സെക്രട്ടറിയും പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്.

- ശുചിത്വ മിഷൻ തലത്തിലും സർക്കാർ തലത്തിലും ദൈനംദിനമുള്ള പുരോഗതി വിലയിരുത്തലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**മാലിന്യ നിർമ്മാർജ്ജന നടപടി**

111 (1073) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രി സമയങ്ങളിൽ പാതയോരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ബഹുനില കെട്ടിടങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ മുതലായവയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് നിർബന്ധമായും ഒരുക്കേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം സജ്ജീകരണങ്ങൾ ഒരുക്കാത്ത ബഹുനില കെട്ടിടങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവയ്ക്കെതിരെ നിയമ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് 219 യു പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തിക്കൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ചശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം ആധികാരികതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 പ്രകാരം അത്തരം പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നഗരസഭകൾക്കും അധികാരമുണ്ട്.

(സി) 2011-ലെ കെ.പി.ബി.ആർ. അദ്ധ്യായം 10 എ സർക്കാർ അംഗീകൃത വൻകിട വികസന പദ്ധതികൾക്ക് വേണ്ടിയുള്ള വിശേഷാൽ വ്യവസ്ഥകളിലെ ചട്ടം 76 സി(2) പ്രകാരം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഖരമാലിന്യ മാനേജ്മെന്റിനുള്ള സംവിധാനവും ഡെവലപ്പർ തന്റെ സ്വന്തം ചെലവിൽതന്നെ സ്ഥാപിച്ച് പരിപാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അദ്ധ്യായം 19-ലെ പൊക്കം കൂടിയ കെട്ടിടങ്ങൾക്കുള്ള സുരക്ഷാ വ്യവസ്ഥകളിൽ ചട്ടം 110 പ്രകാരം ഒരു കെട്ടിടത്തിന്റെ ഉൾഭാഗത്തു നിന്നുള്ള ഏതൊരു ഓവുചാലിന്റെയും തുറപ്പുകൾ യുക്തമായ സാധനങ്ങൾ കൊണ്ട് മൂടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതോടൊപ്പം ചട്ടം 116-ലെ 3 (വി) പ്രകാരം ജീർണ്ണാവശിഷ്ടങ്ങളും നിർമ്മാണാനന്തര നിരുപയോഗാവശിഷ്ടങ്ങളും പാഴ്‌വസ്തുക്കളും സുരക്ഷിതമായും വൃത്തിയായും കയ്യൊഴിച്ചിട്ടുണ്ടെന്നും സൂപ്പർവൈസിംഗ് പ്രൊഫഷണൽ ഉറപ്പുവരുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അദ്ധ്യായം 4-ലെ സൈറ്റിന്റെയും കെട്ടിടത്തിന്റെയും ആവശ്യകതകൾ സംബന്ധിച്ച വ്യവസ്ഥകൾ ചട്ടം 30 പ്രകാരം മാലിന്യങ്ങളുടെ സുരക്ഷിതമായ കയ്യൊഴിക്കലിനാവശ്യമായ വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ)-യിലും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

(ഡി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 334 (എ) (2), (3), (4) പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് 219 (വി) (2), (3), (4)

പ്രകാരവും വ്യവസ്ഥ ലംഘിക്കുന്നവർക്ക് പിഴ ചുമത്തുന്നതിനും അംഗീകാരം റദ്ദാക്കുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**മാലിന്യ നിർമ്മാർജ്ജനം**

112(1074) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി നഗരത്തിലും പരിസരപ്രദേശങ്ങളിലും മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടക്കാത്തതിനാൽ ദിനംപ്രതി രൂക്ഷമായിക്കൊണ്ടിരിക്കുന്ന കൊതുകുശല്യം നിയന്ത്രിക്കാൻ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

കൊച്ചി നഗരസഭ പ്രദേശത്ത് കൊതുക് നശീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തി വരുന്നു.

1. Temephose എന്ന Bio-Larvicide ഉപയോഗിച്ചുള്ള മരുന്ന് തളിക്കൽ ആഴ്ചയിലൊരിക്കൽ ഒരേ സ്ഥലത്ത് നടത്തുന്നു. വിവിധ എ.എം.എം. തൊഴിലാളികളെ ഉപയോഗിച്ചാണ് ഈ പ്രവൃത്തി ചെയ്യുന്നത്.

2. ദിവസവും രാവിലെയും വൈകിട്ടും വിവിധ ഡിവിഷനുകളിൽ ഫോഗിംഗ് നടത്തിവരുന്നു.

3. കാനകളിൽ മലിനജലം കെട്ടിനിൽക്കുന്നത് ഒഴിവാക്കുന്നതിനായി നഗരസഭ തൊഴിലാളികളെ ഉപയോഗിച്ച് കാനകൾ വൃത്തിയാക്കുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തുവരുന്നു.

4. മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നത് ഒഴിവാക്കുന്നതിനായി ഖരമാലിന്യ ശേഖരണവും സംസ്കരണവും കൂടുതൽ കാര്യക്ഷമമായി നടത്തി വരുന്നു.

5. നഗരസഭ പ്രദേശത്ത് വീടുകളിലെ സെപ്റ്റിക് ടാങ്കുകൾ പൊട്ടിയിരിക്കുന്നത് പരിശോധിച്ച് വിള്ളലുകൾ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

6. സെപ്റ്റിക് ടാങ്കിന്റെ വെന്റ് പൈപ്പിൽ കെട്ടുന്നതിനുള്ള നെറ്റുകൾ നഗരസഭ വിതരണം ചെയ്തിട്ടുണ്ട്.

7. കൊതുകുകളുടെ ഉറവിട നശീകരണത്തിന്റെ ഭാഗമായി ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആയി ആചരിക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. കൊതുകുനശീകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിൽ നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

9. കൊതുക് നശീകരണത്തൊഴിലാളികളുടെ അപര്യാപ്തതമൂലം 74 ഡിവിഷനുകളിലേക്കും രണ്ട് തൊഴിലാളികളെ വീതം ദിവസ വേതനാടിസ്ഥാനത്തിൽ കഴിഞ്ഞ 5 വർഷമായി നിയോഗിച്ച് കൊതുക നശീകരണ പ്രവർത്തനം ഊർജ്ജിതമായി നടത്തിവരുന്നു.

**കിലയുടെ പ്രാദേശിക കേന്ദ്രം**

113(1075) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനുവേണ്ടി ഞീഴൂർ പഞ്ചായത്ത് വക 5 ഏക്കർ ഭൂമി അനുവദിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വന്നിട്ടുള്ള 24701/A1/Rev./16 ഫയലിന്മേൽ കോട്ടയം ജില്ലാ കളക്ടറും വൈക്കം തഹസിൽദാരും സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വൈക്കം തഹസീൽദാർ കിലയ്ക്ക് റിപ്പോർട്ടിനുവേണ്ടി ഫയൽ അയച്ചിട്ടുണ്ടോ; എങ്കിൽ എന്ന് അയച്ചു എന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഫയലിന്റെ അടിസ്ഥാനത്തിൽ കില റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂരിൽ കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനുവേണ്ടി ഞീഴൂർ പഞ്ചായത്തുവക 5 ഏക്കർ ഭൂമി അനുവദിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അയച്ച 24701/A1/Rev./16 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കിലയുടെ അധികാരികളിൽ നിന്നും റിക്വസിഷൻ ഫോം ലഭ്യമാക്കി ഭൂമി കൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ

കോട്ടയം ജില്ലാ കളക്ടർ 29-6-2016-ലെ ഡിസികെടിഎം/299/2016-ഇ 2 കത്തുപ്രകാരം നിർദ്ദേശം നല്കിയതനുസരിച്ച് വൈക്കം തഹസിൽദാർ 10-8-2016-ലെ സി5-5547/16 നമ്പർ പ്രകാരം റിക്വിസിഷൻ ലഭ്യമാക്കുന്നതിന് കില അധികാരികൾക്ക് കത്ത് നൽകുകയുണ്ടായി.

(ബി) വൈക്കം തഹസിൽദാർ 10-8-2016-ലെ സി5-5547/16 നമ്പർ കത്തുപ്രകാരം ഭൂമി കൈമാറ്റത്തിനുള്ള റിക്വസിഷൻ ഫോം ലഭ്യമാക്കുന്നതിന് കില അധികാരികൾക്ക് നിർദ്ദേശം നല്കുകയുണ്ടായി. എന്നാൽ നാളിതുവരെ കില അധികാരികൾ റിക്വിസിഷൻ ഫോം സമർപ്പിക്കുകയുണ്ടായില്ല.

**തോടുകളും ഓടകളും മാലിന്യമുക്തമാക്കൽ**

114 (1076) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോടുകളും ഓടകളും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ശുചീകരിച്ച് മാലിന്യമുക്തമാക്കുന്നതിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും ഇവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും സ്വീകരിക്കുവാൻ സാധിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകളാണ് കൂടുതലായി ഇത്തരത്തിൽ തോടുകളുടെയും ഓടകളുടെയും ഒഴുക്ക് തടസ്സപ്പെടുത്തുന്നത്. നിലവിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ശേഖരിച്ച് തരംതിരിച്ച് പുനഃചംക്രമണത്തിന് കൈമാറുന്ന സംവിധാനം വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിൽപ്പനയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള നിയന്ത്രണ

നടപടികൾ ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷൻ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഈ അവസ്ഥയ്ക്ക് പരിഹാരം കാണാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വർഷവും സംസ്ഥാനത്ത് തോടുകളും ഓടകളും ശുചീകരിക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. കൂടാതെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ നഗരസഭകൾ വഴി നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എസ് - മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനം പ്രകാരം ഇപ്രകാരമുള്ള കുറ്റം കോഗ്നൈസിബിളും ജാമ്യമില്ലാത്തതുമായിരിക്കുകയും ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കഴിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ആയതുപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനപ്പെടുത്തുന്നത് തടയുന്നതിന് 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340(2) വകുപ്പ് പ്രകാരവും 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

115(1077) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ചുമതലയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സ്ഥാപനം എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം എത്ര; സ്ഥിരം ജീവനക്കാരുടെയും താല്ക്കാലിക ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലവിലുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കരുനാഗപ്പള്ളി, ഇടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് സെന്റർ ഫോർ മുസ്ലീം യൂത്ത് (CCMY).

(ബി) സിവിൽ സർവ്വീസ്, യു.പി.എസ്.സി., പി.എസ്.സി., ബാങ്കിങ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നടത്തിവരുന്നു.

(സി) 5 എണ്ണം. എല്ലാവരും താൽക്കാലിക ജീവനക്കാർ.

(ഡി) ഇല്ല.

**മുല്ലശ്ശേരി പഞ്ചായത്തിൽ ക്രിമറ്റോറിയം**

116(1078) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിൽ ക്രിമറ്റോറിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ പരിഗണനയിലുള്ള 695824/16 നമ്പർ ഫയലിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് ഡയറക്ടറുടെ J5-14365/16 നമ്പരായി 1-7-2016-ന് ലഭിച്ച റിപ്പോർട്ടിന്മേൽ തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) 359/ഡി.ബി.3/2016/തസ്വഭവ എന്ന നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും സംബന്ധിച്ച കൂടുതൽ വിവരം ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ബയോഗ്യാസ് പ്ലാന്റുകൾ

117 (1079) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക, കമ്മ്യൂണിറ്റി തലങ്ങളിൽ സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വിജയകരമായി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പിന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്നും സബ്സിഡി തുക വർദ്ധിപ്പിച്ചുകൊണ്ട് പ്രസ്തുത പദ്ധതി ജനകീയമാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗാർഹിക, കമ്മ്യൂണിറ്റി തലങ്ങളിൽ ശുചിത്വമിഷന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. 2016-17 വർഷം മുതൽ 30-6-2016-ലെ സ.ഉ.(സാധാ) നമ്പർ.207/2016/ത.സ്വ.ഭ.വ പ്രകാരം പദ്ധതി വിഹിതത്തിന്റെ 10% തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തേണ്ടതാണെന്ന് ഉത്തരവായതിനാൽ മാലിന്യ സംസ്കരണ പദ്ധതി ഈ വർഷം മുതൽ കൂടുതൽ വ്യാപകമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക ശേഷിയുള്ളവർ സബ്സിഡി ഇല്ലാതെ സ്വയം കമ്പോസ്റ്റിംഗ്, ബയോഗ്യാസ് സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും സാമ്പത്തിക ശേഷി ഇല്ലാത്തവർക്ക് നിലവിലെ സബ്സിഡി തുടരണമെന്നുമാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്ന ഈ പദ്ധതി വിജയകരമാണ്.

(സി) നിലവിൽ ഗാർഹികാവശ്യത്തിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 50% പരമാവധി 5,000 രൂപ വരെ സബ്സിഡിയായി ശുചിത്വ മിഷൻ നൽകിവരുന്നുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും ശുചിത്വ മിഷൻ സഹായത്തിന്റെ 50% തുകയും

സബ്സിഡിയായി നൽകിവരുന്നു. കേന്ദ്രീകൃത ബയോഗ്യാസ് പ്ലാന്റുകൾ/പൊതു ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 35,00,000 രൂപ അല്ലെങ്കിൽ ആകെ ചെലവായ തുകയുടെ 75 ശതമാനം ഇതിൽ ഏതാണോ കുറവ് ആ തുകയും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ചെലവായ മുഴുവൻ തുകയും സബ്സിഡിയായി നൽകിവരുന്നുണ്ട്. സബ്സിഡി തുക വർദ്ധിപ്പിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. ഗാർഹിക തലത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് അവബോധ പരിപാടികൾ നടത്തി വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## നഗരസഭകളും മുനിസിപ്പാലിറ്റികളും

118(1080) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളും മുനിസിപ്പാലിറ്റികളും "ചവറുകൾ ഇവിടെ നിക്ഷേപിക്കരുത്" എന്ന് നിഷ്കർഷിച്ച് ബോർഡ് വച്ചിട്ടുള്ളതുപോലെ ചവർ നിക്ഷേപ കേന്ദ്രങ്ങൾ സൂചിപ്പിച്ചു കൊണ്ടുള്ള ബോർഡുകൾ കൂടി സ്ഥാപിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജനക്ഷേമത്തിനായുള്ള സേവനം കൂടി നല്കാൻ ആവശ്യമായ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ചവർ നിക്ഷേപ കേന്ദ്രങ്ങൾ എന്ന ബോർഡ് സ്ഥാപിച്ച് മാലിന്യം സ്വീകരിച്ചാൽ അവ സംസ്കരിക്കുന്നതിന് പൊതു പ്ലാന്റുകൾ ആവശ്യമായിവരും. സംസ്ഥാനത്ത് പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിനെതിരെ പൊതുജനരോഷം ഉയർന്നുവരുന്നതിനാൽ ചവർ നിക്ഷേപ കേന്ദ്രങ്ങൾ എന്ന് സൂചിപ്പിച്ചുകൊണ്ടുള്ള ബോർഡുവച്ച് മാലിന്യം ശേഖരിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. അതേസമയം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, തരം തിരിച്ച അജൈവ മാലിന്യ ശേഖരണ കിയോസ്കുകൾ എന്നീ കേന്ദ്രങ്ങൾ പല തദ്ദേശഭരണ സ്ഥാപനങ്ങളിലുമുണ്ട്.

(ബി) ജനക്ഷേമത്തിനായുള്ള ധാരാളം പ്രവർത്തനങ്ങളും പദ്ധതികളും ഇപ്പോൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ പട്ടിക-1-ൽ നഗരസഭകൾ ഏറ്റെടുത്തു നടത്തേണ്ടതായ ക്ഷേമ/വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**നിർമ്മാണ മേഖല**

119(1081) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയുടെ അനുദിനം വർദ്ധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് നിർമ്മാണ മേഖലയെ വ്യവസായമായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ മേഖലയിൽ വില നിയന്ത്രണം കൊണ്ടുവരുന്നതിനും ഈ രംഗത്തെ ചൂഷണം ഒഴിവാക്കുന്നതിനും വേണ്ടി കൺസ്ട്രക്ഷൻ മെറ്റീരിയൽസ് കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിർമ്മാണ മേഖലയിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിന് സർക്കാർ നയം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് നയപരമായ തീരുമാനം തദ്ദേശ സ്വയംഭരണ വകുപ്പ് എടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

**പഞ്ചായത്ത് കരം**

120(1082) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വർദ്ധനവിന്റെ തോത്, ഘടന തുടങ്ങിയവ വിശദമാക്കുമോ;

(ബി) പഞ്ചായത്തുകൾ പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന മറ്റേതെല്ലാം കരങ്ങളാണ് വർദ്ധിപ്പിക്കാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

**പഞ്ചായത്തുസെക്രട്ടറി തസ്തിക**

121(1083) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്ന എത്ര ഗ്രാമ പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 178 ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014 വർഷങ്ങളിലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെയുള്ള 13785-13786/16 എസ്.എൽ.പി.-കളിൽ 13-5-2016-ലെ ഉത്തരവിൻ പ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമ വിധിക്ക് വിധേയമായി സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന്റെ നിയമവശങ്ങൾ പരിശോധിച്ചു വരുന്നു.

**ശൗചാലയത്തിന്റെ ശോച്യാവസ്ഥ**

122(1084) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ട ബസ് സ്റ്റാന്റിനോട് ചേർന്ന് നഗരസഭ അനധികൃതമായി ലേലം ചെയ്തു നൽകിയതായി ആക്ഷേപമുള്ള ശൗചാലയത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പരിസരത്ത് കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ വില്പനയും, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും നടക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വെളിച്ചക്കുറവും വൃത്തിഹീനവും അനാരോഗ്യകരവുമായ സാഹചര്യവും കാരണം പൊതുജനങ്ങൾ അങ്ങോട്ട് തിരിഞ്ഞു നോക്കാത്ത സാഹചര്യം

ഉപയോഗപ്പെടുത്തി അധികൃതരുടെ ഒത്താശയോടെയാണ് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന ആക്ഷേപം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഗരസഭയുടെ അധീനതയിലുള്ള ടി സ്ഥലം വർഷങ്ങളായി നഗരസഭയിൽനിന്നും ലേലം ചെയ്ത് നൽകിവരുന്നു. ടി ശൗചാലയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബന്ധപ്പെട്ട സോണൽ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും ബന്ധപ്പെട്ട കരാറുകാരന് ശൗചാലയം വൃത്തിയായി സൂക്ഷിക്കണമെന്ന് കർശനമായി നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടി സ്ഥലത്തെ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**താൽക്കാലിക വീട്ടുനമ്പർ**

123(1085) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ലഭിക്കുന്നതിന് താൽക്കാലിക വീട്ട് നമ്പർ നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പഞ്ചായത്ത് സെക്രട്ടറിമാർ താൽക്കാലിക നമ്പർ നൽകുന്നില്ലെന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം അധികൃതർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) കുടിവെള്ളം, വൈദ്യുതി എന്നിവയ്ക്കുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിച്ച് താൽക്കാലിക വീട്ടു നമ്പർ നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ 4-8-2012-ലെ സ. ഉ. (എംഎസ്.) നമ്പർ. 211/2012/തസ്വഭവ നമ്പർ ഉത്തരവിൽ 4-6-2012 വരെ നിർമ്മിച്ചിട്ടുള്ള 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് 235(എഎ), 235 (ഡബ്ല്യു), കേരള മുനിസിപ്പൽ ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾക്ക് വിധേയമായി താൽക്കാലിക

റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ അതാത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികൃതർക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് സർക്കാരിന്റെ 9-12-2015-ലെ സ. ഉ. (എംഎസ്.) നമ്പർ. 351/2015/തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം 4-6-2012-നുശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ചതുരശ്ര മീറ്റർ വരെയുള്ള വാസ ഗൃഹങ്ങൾക്കുകൂടി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇല്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ 4-8-2012-ലെ സ.ഉ.(എംഎസ്.) നമ്പർ. 211/2012/തസ്വഭവ നമ്പർ ഉത്തരവ് 11-10-2012-ലെ 38476/ആർ.എ 1/2012/തസ്വഭവ നമ്പർ സർക്കുലർ എന്നിവയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്ന വീടുകൾക്ക് അതാത് ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്.

**വീടുകൾക്ക് നമ്പർ**

124(1086) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിന്റെ അനുമതിയോടെ വീട് നിർമ്മിച്ചശേഷം, രേഖകളിൽ വസ്തു നിലമായി കാണുന്നു എന്ന കാരണത്താൽ വീടിന് നമ്പർ കിട്ടാതെ വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം വീടുകൾക്ക് താൽക്കാലികമായെങ്കിലും നമ്പർ നൽകാനുള്ള നടപടി കൈക്കൊള്ളുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശഭരണ സ്ഥാപനവും നൽകുവാൻ പാടുള്ളതല്ല.

(ബി&സി) സർക്കാരിന്റെ 4-8-2012-ലെ സ.ഉ. (എംഎസ്.) നമ്പർ. 211/2012/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്ക മാത്രം കേരള പഞ്ചായത്ത് രാജ് ആക്ട് 235(എഎ), 235 (ഡബ്ല്യു), കേരള മുനിസിപ്പാലിറ്റി ആക്ട് 242, 406 എന്നീ വകുപ്പുകൾ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ 9-12-2015-ലെ സ. ഉ. (എംഎസ്.) നമ്പർ 351/2015/തസ്വഭവ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം 4-6-2012-ന ശേഷം നിർമ്മാണം പൂർത്തിയാക്കിയ 100 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾക്കുകൂടി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

## തിരുവണ്ടൂർ കാലിത്തീറ്റ ഫാക്ടറി

125(1087) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിരുവണ്ടൂർ കാലിത്തീറ്റ ഫാക്ടറി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ ഇത് സംബന്ധിച്ച് നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രശ്നങ്ങൾ പരിഹരിച്ച് അടിയന്തരമായി കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടങ്ങൾ 107, 108, 109 എന്നിവയുടെ ലംഘനങ്ങൾ (കോണിപ്പടി, സുരക്ഷാ കൈവരി, അഗ്നിസുരക്ഷാ കോണിപ്പടി എന്നിവയുടെ നിർമ്മാണത്തിലെ ചട്ടലംഘനം) ഉള്ളതുകാരണമാണ് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ കേരള ഫീഡ്സ് ഫാക്ടറി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കാൻ തടസ്സമായിട്ടുള്ളത്. ആയത് ഇതുവരെയും പരിഹരിച്ച് റിപ്പോർട്ട് നൽകിയിട്ടില്ലാത്തതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാത്തത്.

(ബി) ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട സ്ഥലത്തെ കാലിത്തീറ്റ വ്യവസായ നിർമ്മാണ യൂണിറ്റിന് ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്നും ലേഔട്ട് അംഗീകാരം നൽകിയിട്ടുണ്ട്. ചട്ടലംഘനങ്ങൾ പരിഹരിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതാണ്.

## ജൈവാവശിഷ്ടം സംസ്കരിക്കൽ

126(1088) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഹുനില കെട്ടിടങ്ങളും ഹോട്ടലുകളും ജൈവാവശിഷ്ടം അവരുടെ സ്ഥലത്ത് സ്വന്തം ചെലവിൽ സംസ്കരിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള പഞ്ചായത്ത് രാജ് ആക്ട് 219 (വി) (എ,ബി), 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് 334 എ മുതൽ സി വരെയുള്ള വകുപ്പുകൾ എന്നിവ പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, ഫ്ലാറ്റുകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ അല്ലെങ്കിൽ സ്ഥലങ്ങളുടെ നടത്തിപ്പോ നിയന്ത്രണമോ ഉള്ള ആൾ അത്തരം സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബൈലോകളിൽ അനുശാസിക്കുന്ന പ്രകാരവും മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തു തന്നെ ജൈവ ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടിലേയും (1986-ലെ 29 കേന്ദ്ര ആക്ട്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിട സ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപ പ്രദേശത്തുള്ള സ്ഥലത്തു വച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## കൊമേഴ്സ്യൽ/റസിഡൻഷ്യൽ കെട്ടിടങ്ങൾ

127(1089) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈവേ റോഡുകളുടെ സൈഡുകളിൽ ഉള്ളതും വില്ലേജിലെ ബി.റ്റി.ആർ. (Basic Tax Register) പ്രകാരം "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പല സ്ഥലങ്ങളിലും വലിയ കൊമേഴ്സ്യൽ/ റസിഡൻഷ്യൽ കെട്ടിടങ്ങൾ പണിതിരിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ (നിയമത്തിന്റെ) അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏത് നിയമപ്രകാരമാണ് ഇങ്ങനെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ അനുമതി നൽകുന്നത്; വിശദമാക്കുമോ;

(സി) ഹൈവേ റോഡ് സൈഡിൽ നിന്നും എത്ര മീറ്റർ ദൂരത്തിൽ കിടക്കുന്ന "നിലം" എന്ന് റവന്യൂ ബി.റ്റി.ആർ.-ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്താണ് കൊമേഴ്സ്യൽ/ഗാർഹിക കെട്ടിടങ്ങൾ പണിയാൻ അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 19-4-2016-ലെ 130/ആർ.എ. 1/16/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശം (3) പ്രകാരം റവന്യൂ രേഖകൾ/ബി.റ്റി.ആർ. എന്നിവയിൽ "നിലം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കരട് ഡാറ്റാ ബാങ്കിൽ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താത്തതുമായ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുമ്പ് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015-ലെ നെൽവയൽ തണ്ണീർത്തട നിയമം വകുപ്പ് 3 എ പ്രകാരമുള്ള ജില്ലാ കളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവോ ഉണ്ടോ എന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) നഗരസഭകളെ സംബന്ധിച്ച് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ എന്നീ നിയമങ്ങൾ പ്രകാരമാണ് അനുമതി നൽകുന്നത്.

(സി) ഹൈവേ റോഡ് സൈഡിൽ നിന്നും 3 മീറ്റർ ദൂരത്തിൽ മാത്രമേ കെട്ടിടങ്ങൾ നിർമ്മിക്കാൻ പാടുള്ളൂ. എന്നാൽ കെട്ടിടങ്ങളുടെ ഏരിയ, ഉപയോഗം മുതലായവ കണക്കിലെടുത്ത് ഈ മിനിമം ദൂരത്തിന് വ്യത്യാസം വരുന്നതാണ്.

**ക്ഷേമപെൻഷൻ**

128 (1090) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പെൻഷൻ ഗുണഭോക്തൃലിസ്റ്റുകളാണ് ഗ്രാമസഭകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു വ്യക്തിക്ക് ഒരേ സമയം ഒന്നിൽ കൂടുതൽ ക്ഷേമപെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ഏതെങ്കിലും ഗ്രാമസഭകൾ പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഓരോ ഗ്രാമസഭകളുടെയും പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പഞ്ചായത്ത് കമ്മിറ്റികളിൽ അംഗീകരിച്ച ശേഷവും ചില ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കാത്തവർക്ക് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. വാർദ്ധക്യകാല പെൻഷൻ

2. വിധവാ പെൻഷൻ

3. അംഗപരിമിതർക്കുള്ള പെൻഷൻ

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

5. കർഷക തൊഴിലാളി പെൻഷൻ

(ബി) 15-7-2016-ലെ സ.ഉ. (സാധാ) നമ്പർ. 282/2016/ധന പ്രകാരം ഒന്നിലധികം പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത അംഗപരിമിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് മാത്രമായി അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ 15-8-2016-ലെ സ.ഉ. (സാധാ) നമ്പർ 324/2016/ധന പ്രകാരം ഇക്കാര്യത്തിൽ വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് പെൻഷൻ അനുവദിക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷനുകൂടി അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇപ്രകാരം അനുവദിക്കുന്ന 3-ാമത്തെ പെൻഷൻ കേന്ദ്ര വിഹിതം ഉൾപ്പെടുന്നതാണെങ്കിൽ കേന്ദ്ര വിഹിതം മാത്രമേ ഗുണഭോക്താവിന് ലഭിക്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും തദ്ദേശഭരണ സ്ഥാപനത്തിന്റെയും വിശദീകരണം പരിശോധിച്ച് നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം നടത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പഞ്ചായത്ത് തെരഞ്ഞെടുക്കാത്തവർക്ക് പെൻഷൻ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാലിന്യ സംസ്കരണം

129(1091) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുതും വലുതുമായ ഹോട്ടലുകളും ആശുപത്രികളും ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഇവ സംസ്കരിക്കുവാൻ കരാറെടുക്കുന്നവർ പൊതു സ്ഥലങ്ങളിലും പാതയോരങ്ങളിലും മാലിന്യം തള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് ഇത്തരം സ്ഥാപനങ്ങൾ മാലിന്യം സംസ്കരിക്കുന്ന രീതി പരിശോധിക്കാനും അംഗീകാരം നൽകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളെ സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെയുള്ള പരിശോധനയ്ക്ക് വിധേയമാക്കുമോ?

### ഉത്തരം

(എ) ആശുപത്രികളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 2016-ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ നിലവിലുണ്ട്. ഐ.എം.എ.-യുടെ ഭാഗമായ ഇമേജ് എന്ന സ്ഥാപനം സാങ്കേതിക മികവ് ഉറപ്പാക്കിയ ഇൻസിനറേറ്ററിൽ മാലിന്യം സംസ്കരിച്ചുവരുന്നു. ആശുപത്രികളിലും ഹോട്ടലുകളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിട സ്ഥലത്തുവച്ചുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. തരംതിരിച്ച ജൈവ മാലിന്യങ്ങൾ മലിനീകരണം ഉണ്ടാകാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തുതന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപ പ്രദേശത്തുള്ള സ്ഥലത്തോ ഉപയോഗയുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ളപക്ഷം അത്തരം മാലിന്യസംസ്കരണം മുനിസിപ്പാലിറ്റി മുഖേനയോ സർക്കാർ അംഗീകാരമുള്ള

മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകേണ്ടതുമാണ്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഉൽപ്പാദകരുമായോ വിതരണക്കാരുമായോ കരാറിലേർപ്പെടേണ്ടതുമാണ്. അല്ലാത്തപക്ഷം ഇതിലേക്കായി നിർണയിക്കുന്ന ഫീസ് ഒടുക്കേണ്ടിവരും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 344, 334 പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് 219 (എസ് മുതൽ യു വരെ) പ്രകാരവും നിലവിൽ പരിശോധന നടത്തുവാനും അവർക്കെതിരെ നടപടി സ്വീകരിക്കുവാനും അധികാരമുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ആക്രമണകാരികളായ തെരുവുനായ്ക്കൾ**

130(1092) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലാം എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കുമോ;

(സി) ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലും എന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചതിനുശേഷം നാളിതുവരെ എത്ര നായ്ക്കളെ കൊന്നിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ഡി) തെരുവ് നായ്ക്കൾക്ക് വന്ധീകരണവും പ്രതിരോധ കുത്തി വെയ്പും നടത്തിയതിൽ നാളിതുവരെ എത്ര രൂപ ചിലവായിട്ടുണ്ട്;

(ഇ) ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലാനുള്ള തീരുമാനത്തിൽ നിന്നും പിന്നോക്കം പോയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പുപ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ കൊല്ലുന്നതുമാത്രം അനുവദനീയമാണ്. അനിമൽ ബെർത്ത് കൺട്രോൾ റൂൾ 2001-ലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ കൊല്ലുവാൻ മാത്രമേ നിയമം അനുവദിക്കുന്നുള്ളൂ.

(ബി) അപ്രകാരം ഒരു വിധി പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തെരുവുനായ്ക്കളെ കൊല്ലുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലാൻ തീരുമാനിച്ചിട്ടില്ല.

**ആക്രമണകാരികളായ തെരുവുനായ്ക്കൾ**

131 ([T]1093) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലണമെന്ന സർക്കാർ നിലപാടിൽ മാറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) തെരുവ് നായ്ക്കളെ കൊന്നാൽ കോടതിയലക്ഷ്യത്തിന് നടപടിയെടുക്കുമെന്ന് കാണിച്ച് ഒരു അഭിഭാഷകൻ മുഖ്യമന്ത്രിക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർക്കാരിന്റെ നിലപാടുമാറ്റത്തിനു കാരണമായിട്ടുണ്ടോ;

(സി) അപകടകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീംകോടതി വിലക്കില്ലെന്ന കാര്യം ശരിയാണോ; എങ്കിൽ അത്തരം നായ്ക്കളെ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തെരുവുനായ്ക്കളെ കൊല്ലുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1960-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ ആക്ടിലെ 13-ാം വകുപ്പുപ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രം കൊല്ലുന്നത് അനുവദനീയമാണ്. 2001-ലെ അനിമൽ ബർത്ത് കൺട്രോൾ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായ്ക്കളെ മാത്രമേ കൊല്ലുവാൻ സാധിക്കുകയുള്ളൂ.

**ആക്രമണകാരികളായ തെരുവുനായ്ക്കൾ**

132(1094) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ നായ്ക്കളെ കൊല്ലാൻ തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) അത്തരം നായ്ക്കളെ മരുന്ന് കുത്തിവച്ച് കൊല്ലുന്നതിനാണോ നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) തെരുവ് നായ്ക്കൾക്കെതിരെ നടപടി എടുക്കുന്നവരെ മൃഗദ്രോഹികളെന്ന് മുദ്ര കുത്തി കേസിൽപ്പെടുത്തുവാൻ മരുന്നു ലോബി ശ്രമിക്കുന്നതായുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തെരുവ് നായ നിയന്ത്രണത്തിന് സ്വന്തം ഫണ്ടിൽ പണമില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് തുക ചെലവാക്കുവാൻ അനുമതി നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പട്ടിട്ടില്ല.

(ഡി) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് പ്ലാൻ ഫണ്ടിൽ ആവശ്യത്തിന് തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾ

133(1095) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ലോകബാങ്ക് സഹായത്തോടെ ഫണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ, അനുവദിക്കുന്ന തുക, നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ ഇവ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ലോകബാങ്ക് സഹായത്തോടെ ഫണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട 40 പിന്നോക്ക ഗ്രാമപഞ്ചായത്തുകൾ, 10 വരുമാനം കുറവുള്ള നഗരസഭകൾ, 10 പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. പിന്നോക്ക ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 4 കോടി രൂപയും പട്ടിക വർഗ്ഗ സങ്കേതങ്ങൾ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 2 കോടി രൂപയും വരുമാനം കുറവുള്ള നഗരസഭകൾക്ക് പരമാവധി 4 കോടി രൂപയുമാണ് അനുവദിക്കുന്നത്. നാളിതുവരെ 229 കരട് പദ്ധതി രേഖകൾ ലഭിച്ചിട്ടുണ്ട്.

## പരസ്യനിരക്ക്

134 (1096) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരസ്യനിരക്ക് തീരുമാനിക്കാനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്നിരിക്കെ പ്രസ്തുത അവകാശം കോർപ്പറേഷനുകൾ ലേലം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കോർപ്പറേഷനുകളെക്കുറിച്ചാണ് ഇത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശം നിലവിലുള്ളത്;

(സി) പരസ്യനിരക്ക് തീരുമാനിക്കാനുള്ള അവകാശം ലേലം ചെയ്യുന്ന തീരുമാനം കൊണ്ടുണ്ടായ നഷ്ടം സംബന്ധിച്ചുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശത്തിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി നഗരസഭയെക്കുറിച്ച്

(സി) ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭ സെക്രട്ടറിയോട് ആയതിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നീരൊഴുക്കുകൾ ശുചീകരിക്കൽ**

135 (1097) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോടുകളും ഓടകളും പ്ലാസ്റ്റിക് മാലിന്യം നിറഞ്ഞ് ഒഴുക്ക് നിലച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നീരൊഴുക്കുകൾ ശുചീകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥലങ്ങളിൽ സ്ഥിരമായി മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നടപടികൾ എടുക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് ക്യാരിബാഗുകളാണ് കൂടുതലായി ഇത്തരത്തിൽ തോടുകളുടെയും ഓടകളുടെയും ഒഴുക്ക് തടസ്സപ്പെടുത്തുന്നത്. നിലവിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ശേഖരിച്ച് തരംതിരിച്ച് പുനഃചംക്രമണത്തിന് കൈമാറുന്ന സംവിധാനം വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വിൽപ്പനയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള നിയന്ത്രണ നടപടികളും ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വർഷവും സംസ്ഥാനത്ത് തോടുകളും ഓടകളും ശുചീകരിക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവൽക്കരണ പ്രവൃത്തികൾ എന്നിവ നഗരസഭകൾവഴി നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ഇത്തരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനപ്പെടുത്തുന്നത് തടയുന്നതിന് 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340(2) വകുപ്പുപ്രകാരവും 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എസ് - മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെ നിരോധനം-പ്രകാരം ഇപ്രകാരമുള്ള കുറ്റം കോഗ്നൈസിബിളും ജാമ്യമില്ലാത്തതുമായിരിക്കുകയും ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കുറയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ആയതുപ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

**ആധുനിക ഗ്യാസ് ശ്മശാനത്തിന്റെ നിർമ്മാണം**

136(1098) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി -പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി ലെക്കിടിയിലെ പല്ലാർമംഗലത്ത് നിർമ്മിക്കുന്ന ആധുനിക ഗ്യാസ് ശ്മശാനത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തുവോ; എങ്കിൽ എന്ന്; വിശദീകരിക്കാമോ;

(ബി) പ്രസ്തുത ശ്മശാനത്തിന്റെ നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്യാസ് ശ്മശാനം തുറന്നു കൊടുത്തിട്ടില്ല. നിലവിൽ ഗ്യാസ് ശ്മശാനത്തിനുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) കരാറുകാരന് ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

**ക്ഷേമപെൻഷൻ**

137(1099) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി നേരിട്ട് വിതരണം ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഓണം വരെ എത്ര ഗുണഭോക്താക്കൾക്ക് സഹകരണ ബാങ്കുകൾ വഴി പെൻഷൻ നൽകിയെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാർ കൃത്യമായി നൽകാത്തതുമൂലം ഓണം കഴിഞ്ഞിട്ടും ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാങ്ക് അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് വഴി തന്നെ പെൻഷൻ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഗുണഭോക്താക്കളുടെ മേൽവിലാസം, വാർഡ് നമ്പർ തുടങ്ങിയ വിവരങ്ങൾ കൃത്യമല്ലാത്തവ ഒഴികെ മുഴുവൻ ഗുണഭോക്താക്കൾക്കും ഓണത്തിന് മുൻപ് പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം - 2476430. തുക - 1750 കോടി രൂപ

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റ്, തുക എന്നിവ യഥാസമയം നൽകിയിട്ടുണ്ട്. ലിസ്റ്റ് ലഭ്യമല്ലാത്തതിന്റെ പേരിൽ വിതരണം തടസ്സപ്പെട്ടിട്ടില്ല.

(സി) ഗുണഭോക്താക്കളുടെ താൽപ്പര്യപ്രകാരം ബാങ്ക് അക്കൗണ്ടുവഴി പെൻഷൻ അനുവദിക്കുന്നുണ്ട്.

**തെരുവുനായ്ക്കളുടെ ശല്യം**

138 (1100) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ എത്ര പേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) നായുടെ കടിയേറ്റ് ആരെങ്കിലും മരിച്ചിട്ടുണ്ടോ; ചികിൽസയ്ക്ക് ആശുപത്രിയിലെത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പേവിഷബാധയേറ്റ മൃഗങ്ങൾ സംസ്ഥാനത്തുണ്ടോ; വളർത്തുകോഴികളെയും മൃഗങ്ങളെയും നായ്ക്കൾ കൊന്നൊടുക്കിയിട്ടുണ്ടോ;

(ഡി) നായ്ക്കളുടെ ശല്യം കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ വലിയ ഭീഷണിയായിത്തീർന്നിട്ടുള്ള സാഹചര്യത്തിൽ ഇതിനെതിരെ സ്വീകരിച്ചതും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ -സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിന് വേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ ടിയാളുകൾക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു*.) ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാപഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ website-ൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

## തെരുവുനായ്ക്കളുടെ നിയന്ത്രണം

139 (1101) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കേണ്ടത് അനിവാര്യമായതിനാൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണം, വന്ധ്യംകരണം, പേവിഷത്തിനെതിരായ വാക്സിനേഷൻ എന്നിവ സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനമാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനിമൽ വെൽഫെയർ ബോർഡിന്റെയും സർക്കാർ ഇതര സംഘടനകളുടെയും സഹായത്തോടെ പേവിഷബാധയ്ക്കെതിരായ പ്രചരണ പരിപാടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ ടിയാളുകൾക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാപഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ website-ൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നാണ് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ തലത്തിൽ പദ്ധതികളുടെ നിർവ്വഹണം ഏകോപിപ്പിക്കുന്നത് ജില്ലാ കളക്ടർമാരാണ്.

(സി) 27-8-2016-ലെ 45151/ആർ.സി3/16/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം സന്നദ്ധരായ മൃഗക്ഷേമ സംഘടനകളുടെ സേവനം തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനും തുടർന്നുള്ള പരിപാലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭിന്ന ശേഷിക്കാർ

140(1102) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;എല്ലാ സ്ഥാപനങ്ങളിലും അടിയന്തരമായി പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ 86 ഗ്രാമപഞ്ചായത്തുകളിലും, 25 നഗരസഭകളിലും ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. 17-8-2016-ലെ സ.ഉ. (സാധാ) 2465/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ നിർബന്ധമായും എല്ലാ ഗ്രാമപഞ്ചായത്തുകളിലും സൂക്ഷിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകൾ ലഭ്യമാക്കി പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്ന നടപടി നടന്നുവരുന്നു. രജിസ്റ്ററുകൾ ലഭിച്ച പഞ്ചായത്തുകൾ വിവരങ്ങൾ രേഖപ്പെടുത്തുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ സൂക്ഷിക്കാത്ത 68 നഗരസഭകളിൽ ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## തെരുവുനായ ശല്യം

141(1103) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുല്ലുവിളയിൽ തെരുവുനായ്ക്കളുടെ കടിയേറ്റ് മരിച്ച സിൽവമ്മയുടെ കുടുംബാംഗങ്ങൾക്ക് എന്തു തുക നഷ്ടപരിഹാരം അനുവദിച്ചു;

(ബി) തെരുവുനായ്ക്കളുടെ ശല്യത്തിൽനിന്നും പൊതുജനങ്ങളെ രക്ഷിക്കുവാൻ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(സി) നായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ക്രിയാത്മകമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ വകുപ്പിൽനിന്നും സഹായം അനുവദിച്ചിട്ടില്ല.

(ബി) തെരുവുനായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിനുവേണ്ട നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്തുതല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുക.

3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ ടിയാളുകൾക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-8-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27-8-2016-ൽ 45151/RC3/2014/തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർക്കുന്നു*). ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടപ്പിലാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാപഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ website-ൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

(സി) എ.ബി.സി. പ്രോഗ്രാം കൂടുതൽ കാര്യക്ഷമമായും കൃത്യതയോടും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

**ക്ഷേമപെൻഷനുകളുടെ വിതരണം**

142(1104) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബാങ്ക് അക്കൗണ്ട്, പോസ്റ്റ് ഓഫീസ് എന്നിവ മുഖേന നല്കി വന്നിരുന്ന ക്ഷേമപെൻഷനുകളുടെ വിതരണ രീതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലുള്ള മാറ്റമാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അതുപ്രകാരം ഇന്നേ വരെ സംസ്ഥാനത്ത് മൊത്തം എത്ര തുക പെൻഷൻ ഇനത്തിൽ വിതരണം നടത്തിയിട്ടുണ്ട്;

(സി) സംസ്ഥാനത്ത് മൊത്തം എത്ര ക്ഷേമ പെൻഷൻകാരുണ്ട്;

(ഡി) ഇവരിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക സഹിതം പെൻഷൻ നല്കിയിട്ടുണ്ട്;

(ഇ) എന്ന് മുതലുള്ള തുകയാണ് കുടിശ്ശികയായിരുന്നത്; അന്നുമുതലുള്ള ഓരോ മാസവും, പെൻഷൻ കുടിശ്ശികയായവരുടെ എണ്ണം എത്രയാണെന്നതിന്റെ വിശദവിവരം നല്കാമോ?

ഉത്തരം

(എ) ഓണക്കാലത്ത് ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഉൾപ്പെടെയും ഒരു മാസത്തെ പെൻഷൻ മുൻകൂറായും വീടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ മുഖേനയും മണി ഓർഡർ സംവിധാനം മുഖേനയുമുള്ള വിതരണം ഒഴിവാക്കി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന തുക നേരിട്ട് വീട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചു. 15-8-2016-ലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ)നമ്പർ.324/2016/ധന-യുടെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ബാങ്ക് അക്കൗണ്ട് മുഖേന 665 കോടി രൂപയും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 1750 കോടി രൂപയും ഉൾപ്പെടെ ആകെ 2415 കോടി രൂപ വിതരണം നടത്തി.

(സി) നിലവിൽ സംസ്ഥാനത്ത് 37,12,703 പെൻഷൻ ഗുണഭോക്താക്കളാണുള്ളത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11.72 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്.

(ഇ) വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്ത കാലയളവിലെ കുടിശ്ശികയാണ് നൽകാനുണ്ടായിരുന്നത്. ഒരേ തദ്ദേശഭരണ സ്ഥാപത്തിൽ തന്നെ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത കാലയളവിലെ പെൻഷൻ കുടിശ്ശികയായിരുന്നു. എന്നാൽ പൊതുവിൽ 2014 സെപ്റ്റംബർ മുതൽ 2015 ജനുവരി വരെയുള്ള കാലയളവിലാണ് കൂടുതൽ കുടിശ്ശികയുണ്ടായിരുന്നത്. ഓരോ പെൻഷൻ ഇനത്തിലും കുടിശ്ശിക നൽകാനുണ്ടായിരുന്ന ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. കർഷക തൊഴിലാളി പെൻഷൻ - 449701
2. വാർദ്ധക്യകാല പെൻഷൻ - 250312
3. വികലാംഗ പെൻഷൻ - 82339
4. 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ -2015
5. വിധവാ പെൻഷൻ - 369274.

**പൊതുശ്മശാനം**

143(1105) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പൊതുശ്മശാനം നിലവിലില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി സ്ഥലം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതു ശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യമായ നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കരുനാഗപ്പള്ളിയിൽ ആധുനിക സംവിധാനങ്ങളുള്ള പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള എൻ.ഒ.സി., മെഡിക്കൽ ഓഫീസറുടെ എൻ.ഒ.സി., ജില്ലാ ടൗൺ പ്ലാനറിൽ നിന്നുള്ള അനുമതി എന്നീ രേഖകൾ പൊതുശ്മശാനം നിർമ്മിക്കുന്നതിന് ആവശ്യമാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 483 മുതൽ 485 വരെയുള്ള വകുപ്പുകളിലെ നിബന്ധനകൾക്കനുസൃതമായാണ് പൊതുശ്മശാനം നിർമ്മിക്കുന്നത്. ഇതു സംബന്ധിച്ച് മറ്റു പ്രത്യേക ഉത്തരവുകളൊന്നുമില്ല.

(ഡി) പൊതുശ്മശാനം നിർമ്മിക്കുന്നതിന് 2014-15-ൽ കരുനാഗപ്പള്ളി നഗരസഭയ്ക്ക് 17.85 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**മരണം വൈകി രജിസ്റ്റർ ചെയ്യൽ**

144(1106) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിൽ മരണം വൈകി രജിസ്റ്റർ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ, മരണസർട്ടിഫിക്കറ്റിന് അപേക്ഷകൻ വകുപ്പ് 13(2) ചട്ടം 9(2) പ്രകാരം സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടോ;

(ബി) എങ്കിൽ ഇതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നത് അനുവദനീയമാണോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുവദനീയമാണ്.

**സിറ്റി കോർപ്പറേഷനുകളിലെ ശൗചാലയങ്ങൾ**

145(1107) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റികോർപ്പറേഷനുകളുടെ പരിധിക്കുള്ളിൽ ഓരോന്നിലും നഗരസഭ തന്നെ നിർമ്മിച്ച് സൗജന്യമായും/നിരക്കീടാക്കിയും പരിപാലിക്കുന്ന ശൗചാലയങ്ങളുടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ നിന്നുള്ള ശരാശരി വരുമാനം എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഇതുപയോഗിക്കുന്ന പൊതുജനങ്ങളിൽ നിന്നും ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) നഗരത്തിൽ വന്നുപോകുന്ന പൊതുജനങ്ങൾ, വിനോദസഞ്ചാരികൾ, തുടങ്ങിയവരുടെ ഉപയോഗത്തിന് നിലവിലെ ശൗചാലയങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| കോർപ്പറേഷൻ | സൗജന്യമായി പരിപാലിക്കുന്ന ശൗചാലയങ്ങളുടെ എണ്ണം | നിരക്കീടാക്കി പരിപാലിക്കുന്ന ശൗചാലയങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | ... | 9 |
| കൊല്ലം | ... | 2 |
| കൊച്ചി | ... | 3 |
| തൃശ്ശൂർ | ... | 8 |
| കോഴിക്കോട് | ... | 17 |
| കണ്ണൂർ | ... | ... |

(ബി)

| കോർപ്പറേഷൻ | വാർഷിക ശരാശരി വരുമാനം |
|---|---|
| തിരുവനന്തപുരം | 4,15,000 |
| കൊല്ലം | 3,33,000 |
| കൊച്ചി | 5,02,101 |
| തൃശ്ശൂർ | 53,56,160 |
| കോഴിക്കോട് | 26,61,000 |
| കണ്ണൂർ | ഇല്ല |

(സി)

| കോർപ്പറേഷൻ | കുറഞ്ഞ ഫീസ് | കൂടിയ ഫീസ് |
|---|---|---|
| തിരുവനന്തപുരം | 1 രൂപ | 10 രൂപ |
| കൊല്ലം | 5 രൂപ | 5 രൂപ |
| കൊച്ചി | 2 രൂപ | 5 രൂപ |
| തൃശ്ശൂർ | 1 രൂപ | 5 രൂപ |
| കോഴിക്കോട് | 1 രൂപ | 5 രൂപ |
| കണ്ണൂർ | ഇല്ല | ഇല്ല |

(ഡി) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നിലവിൽ പര്യാപ്തമായ ശൗചാലയങ്ങൾ ഉണ്ടെന്നും എന്നാൽ മറ്റുള്ള അഞ്ച് കോർപ്പറേഷനുകളിൽ ശൗചാലയങ്ങളുടെ എണ്ണം അപര്യാപ്തമാണെന്നും അറിയിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. പദ്ധതി**

146 (1108) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ മുടങ്ങിക്കിടപ്പുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; ആയതിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയില്ലെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) പുതിയ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നീളം | തുക ലക്ഷം |
|---|---|---|---|---|---|
| 1 | വെട്ടിക്കവല | മൈലം | പുലമൺ-പ്ലാവറക്കോട് ഭാഗം റോഡ് | 0.79 Km | 71.34 |
| 2 | വെട്ടിക്കവല | വെട്ടിക്കവല | സദാനന്ദപുരം-മാവിള-കൊച്ചാലുംമൂട് റോഡ് | 4.617 Km | 283.5 |
| 3 | കൊട്ടാരക്കര | വെളിയം | നാൽക്കവല-മീയണ്ണൂർ-കോളമത്ത്-മുള്ളമ്പാറ-കുടവട്ടൂർ റോഡ് | 1.885 Km | 74.40 |
| 4 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്-ഉണ്ടിൽ കോളനി റോഡ് | 1.436 Km | 110.659 |
| 5 | കൊട്ടാരക്കര | പൂയപ്പള്ളി | ഓട്ടുമല-ഓട്ടുമല കോളനി റോഡ് | 0.888 Km | 59.53 |

(ബി) പ്രസ്തുത പദ്ധതിപ്രകാരം പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ. | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നീളം (Km) | തുക ലക്ഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | വെട്ടിക്കവല | മൈലം | പുലമൺ-പ്ലാവറക്കോട് ഭാഗം റോഡ് | 0.79 Km | 71.34 | റോഡിന്റെ അവസാന ഭാഗത്ത് സ്ഥലം വിട്ടു കിട്ടുന്നതിനായി മൈലം പഞ്ചായത്തുമായി നിരവധി തവണ ബന്ധപ്പെട്ടിട്ടും നാളിതു വരെയായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അധികമായി വരുന്ന സംരക്ഷണ ഭിത്തിക്ക് എം. ജി. എൻ. ആർ. ഇ.ജി.എസ്. പദ്ധതിവഴി പണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു വെന്ന് അറിയിച്ചിരുന്നു വെങ്കിലും അതിന്മേലുള്ള അറിയിപ്പുകളൊന്നും നാളി തുവരെ ലഭിച്ചിട്ടില്ല. ടി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പ്രവൃത്തി പി.എം.ജി. എസ്. വൈ പദ്ധതിയിൽ നിന്നും ഡ്രോപ്പ് ചെയ്യാൻ നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി നിർദ്ദേശി ച്ചിട്ടുണ്ട്. |
| 2 | വെട്ടിക്കവല | വെട്ടിക്കവല | സദാനന്ദപുരം -മാവിള -കൊച്ചാലുംമൂട് റോഡ് | 4.617 Km | 283.5 | അഞ്ചര മീറ്റർ വീതിയിൽ ടാർ ചെയ്യണമെന്നാവശ്യ പ്പെട്ട് നാട്ടുകാർ ഹർജി നൽകുകയുണ്ടായി. പി. എം. ജി. എസ്. വൈ. മാനദണ്ഡപ്രകാരം അഞ്ചരമീറ്റർ വീതിയിൽ ടാർ ചെയ്യാൻ സാധിക്കാ ത്തതിനാൽ ടി പ്രവൃത്തി പി. എം. ജി. എസ്. വൈ. പദ്ധതിയിൽ നിന്നും ഡ്രോപ്പ് ചെയ്യാൻ നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി നിർദ്ദേശിച്ചിട്ടുണ്ട്. |
| 3 | കൊട്ടാരക്കര | വെളിയം | നാൽക്കവല -മീയണ്ണൂർ- കോളമത്ത്- മുള്ളമ്പാറ- കുടവട്ടൂർ റോഡ് | 1.885 Km | 74.40 | കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ റീ ടെണ്ടർ ചെയ്തു. ടെണ്ടർ എക്സസിന് അംഗീകാരം നൽകുന്നതി നുള്ള നടപടികൾ നടന്നു വരുന്നു. നാല് വർഷത്തിൽ കൂടുതലായി മുടങ്ങിക്കിട ക്കുന്ന/പൂർത്തീകരിക്കാ ത്ത പ്രവൃത്തികൾ 31-3-2016-നു മുമ്പ് പൂർത്തീ കരിക്കാത്ത പക്ഷം ടി പദ്ധതികളുടെ മുഴുവൻ തുകയും അതാത് സ്റ്റേറ്റ് ഗവൺമെന്റുകൾ വഹിക്ക ണമെന്ന് MORD നിർദ്ദേശി ച്ചിട്ടുണ്ട്. |
| 4 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാ ട്-ഉണ്ടിൽ കോളനി റോഡ് | 1.436 Km | 110.659 | |

| | | | | | | |
|---|---|---|---|---|---|---|
| 5 | കൊട്ടാരക്കര | പൂയപ്പള്ളി | ഓട്ടുമല-ഓട്ടുമല കോളനി റോഡ് | 0.888 Km | 59.53 | എം.എൽ.എ. ഫണ്ടിൽ ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിനാൽ ടി പ്രവൃത്തി പി.എം.ജി. എസ്. വൈ പദ്ധതിയിൽനിന്നും ഡ്രോപ്പ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

(സി) നിലവിൽ പുതിയ പ്രവൃത്തികളൊന്നും ടെണ്ടർ ചെയ്തിട്ടില്ല.

**പാടശേഖരങ്ങളിലെ കുളവാഴ**

147(1109) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കൃഷിക്ക് ദോഷകരമായി വരുന്ന കുളവാഴകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; അല്ലാത്തപക്ഷം ബദൽ മാർഗ്ഗങ്ങളിലൂടെ കുളവാഴ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കുട്ടനാട്ടിലെ ജലാശയങ്ങളിലും പാടശേഖരങ്ങളിലും നിറഞ്ഞുനിൽക്കുന്ന കുളവാഴകൾ, പോളകൾ എന്നിവ സംസ്കരിച്ച് വളമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; കുളവാഴയിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക 1 ഖണ്ഡിക 4(3) പ്രകാരം പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലായെന്ന് അനുശാസിക്കുന്നു. ഇക്കാരണത്താൽ പാടശേഖരങ്ങളിലും ജലാശയങ്ങളിലും നിന്ന് പായലുകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിയമത്തിന്റെ പട്ടിക 1 ഖണ്ഡിക 4(3) പ്രകാരം അനുവദനീയമല്ല. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഏജൻസിയായ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ, കോട്ടയം ജില്ലകളിൽ പോള/പായൽ ശല്യം ഒഴിവാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതാണ്.

(ബി) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ കുട്ടനാട്, വൈക്കം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കുകളിൽപ്പെട്ട കായലുകളിൽ നിന്നും കുളവാഴയും മറ്റു ജലോപരിതല സസ്യങ്ങളും പോളവാരൽ യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനും സംസ്കരണം നടത്തുന്നതിനും RKVY പദ്ധതിയിൽ ലഭിച്ച 21.29 കോടി രൂപ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കുളവാഴ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള 3 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കുളവാഴയുടെയും മറ്റ് ജലോപരിതല സസ്യങ്ങളുടെയും യന്ത്ര സഹായത്തോടെയുള്ള നീക്കം ചെയ്യൽ.
2. കുളവാഴ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മാണം
3. കുളവാഴയിൽ നിന്നുള്ള ബയോഗ്യാസ് നിർമ്മാണം.

ഇതുപ്രകാരം യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പോള വാരി നീക്കം ചെയ്യൽ ജോലി നിർവ്വഹിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരന് ടെണ്ടർ ഉറപ്പിച്ച് പോളവാരൽ ജോലി നിർവ്വഹിക്കുകയുമുണ്ടായി. കോട്ടയത്ത് ഒരു ജൈവവാതക പ്ലാന്റ് സ്ഥാപിക്കുകയും പ്രവർത്തനക്ഷമമാക്കി കോട്ടയം മുനിസിപ്പാലിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 174 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. 209196.90 ക്യൂബിക് മീറ്റർ പോള 2010-11, 2011-12, 2012-13 വർഷങ്ങളിൽ നീക്കം ചെയ്യുകയും 62% പോള 2013-14-ൽ നീക്കം ചെയ്യുകയുമുണ്ടായി. പോളവാരൽ പദ്ധതിയുടെ കാലാവധി 20-6-2014-ന് അവസാനിച്ചു. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ നിലവിലില്ല.

## പി.എം.ജി.എസ്.വൈ.-2-ൽ ഉൾപ്പെടുത്തിയ റോഡുകൾ

148(1110) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ പി.എം.ജി.എസ്.വൈ.-2-ൽ ഉൾപ്പെടുത്തി എത്ര കി.മീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) പി.എം.ജി.എസ്.വൈ.- 2 ൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിൽ നിന്ന് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്; അനുവദിച്ച ഫണ്ടിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്;

(സി) പി.എം.ജി.എസ്.വൈ. - 2-ൽ ഉൾപ്പെടുത്തി 2016-17 വർഷത്തേക്ക് കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന റോഡുകളുടെ മുൻഗണനാ പട്ടികയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ റോഡുകളുടെ പേരുവിവരവും നീളവും അറിയിക്കുമോ;

(ഡി) മേൽ പറഞ്ഞ റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2011-16 കാലയളവിൽ പി.എം.ജി.എസ്.വൈ.-2 പ്രകാരം സംസ്ഥാനത്ത് പ്രവൃത്തികൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ബി) പി.എം.ജി.എസ്.വൈ.-2 പ്രകാരം സംസ്ഥാനത്തിന് തുകയൊന്നും അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പ്രോജക്ടുകൾക്ക് അന്തിമമായ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ തുക അനുവദിക്കുകയുള്ളു.

(സി) പി.എം.ജി.എസ്.വൈ.-2 പ്രകാരം 2016-17 വർഷത്തേക്ക് കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന റോഡുകളുടെ മുൻഗണനാ പട്ടികയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച മേൽ പറഞ്ഞ റോഡുകളുടെ ലിസ്റ്റിന് സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ (എസ്.എൽ.എസ്.സി.) അംഗീകാരം ലഭിച്ചിട്ടുണ്ട്.

**പൊതു ശൗചാലയങ്ങൾ**

149 (1111) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ശൗചാലയങ്ങൾ നിർമ്മിച്ച് നൽകേണ്ട ഉത്തരവാദിത്വം ഏത് സർക്കാർ ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ; നിലവിലെ സർക്കാർ അധികാരത്തിൽ വന്നത് മുതൽ എത്ര ശൗചാലയങ്ങൾ സൗജന്യമായി എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ആരംഭിക്കുമോ ;

(ബി) ശൗചാലയങ്ങൾ പണിത് നൽകുന്നതിനൊപ്പം അവയുടെ പരിപാലനത്തിനുള്ള സംവിധാനം ഒരുക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇത്തരം അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി നൽകും വരെ, 'ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ സോൺ 'പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് പോലീസ് ആക്ട് 120 (k) പ്രകാരം പിഴ ചുമത്തുന്നതിനുള്ള തീരുമാനം നിർത്തിവയ്ക്കുമോ?

ഉത്തരം

(എ) പൊതുശൗചാലയങ്ങൾ നിർമ്മിച്ചു നൽകുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗജന്യമായി നിർമ്മിച്ച ശൗചാലയങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുശൗചാലയങ്ങൾ നിർമ്മിച്ചു നൽകുന്നതിനും ആയത് ശരിയായ രീതിയിൽ പരിപാലിക്കുന്നതിനുമുള്ള ചുമതല അതാത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അമൃത് പദ്ധതി**

150(1112) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആവിഷ്കൃത നഗരപരിഷ്കരണ പദ്ധതിയായ 'അമൃത്'-ലേക്ക് സർക്കാർ നൽകിയ വാർഷിക പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചോ; വ്യക്തമാക്കുമോ;

(ബി) അനുമതി ലഭിച്ചെങ്കിൽ എത്ര കോടി രൂപയ്ക്കെന്നും ഏതൊക്കെ നഗരങ്ങളിൽ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത നഗര പരിഷ്കരണ പദ്ധതിയായ 'അമൃത്'-ലേക്ക് സംസ്ഥാന സർക്കാർ സമർപ്പിച്ച വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തെ 9 നഗരങ്ങൾക്കായി 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സംസ്ഥാനം സമർപ്പിച്ച 587.99 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര വിഹിതമായി 287.98 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സംസ്ഥാനം സമർപ്പിച്ച 796.06 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര വിഹിതമായ 386.40 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ 20% അതാത് തദ്ദേശ-നഗര സ്ഥാപനങ്ങളും ബാക്കി വരുന്ന തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഓരോ നഗരങ്ങൾക്കും അനുവദിച്ച തുക അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊല്ലം മാസ്റ്റർ പ്ലാൻ

151(1113) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മാസ്റ്റർ പ്ലാനിന്റെ കരട് പ്രസിദ്ധികരിച്ചിട്ടുണ്ടോ; ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്;

(ബി) കരട് മാസ്റ്റർ പ്ലാനിനു അംഗീകാരം നല്കാത്തതുമൂലം കെട്ടിട നിർമ്മാണത്തിനും മറ്റും പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരട് പ്ലാനിന് അംഗീകാരം നൽകുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; നടപടികൾ ത്വരിതപ്പെടുത്തി മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കൊല്ലം കോർപ്പറേഷൻ ഉൾപ്പെടുന്ന പ്രദേശങ്ങളെയും കോർപ്പറേഷൻ അതിർത്തിയോട് ചേർന്ന് വരുന്ന കൊറ്റംകര, നീണ്ടകര ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങളും ഉൾപ്പെടുത്തിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കരട് പ്ലാൻ പ്രസിദ്ധീകരിച്ചശേഷം പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി കേരള ടൗൺ പ്ലാനിംഗ് ആക്ട്, 2016-ലെ സെക്ഷൻ 41 പ്രകാരം ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ച് ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരികയാണ്.

## നാഷണൽ ഗെയിംസ്

152 (1114) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നാഷണൽ ഗെയിംസിനോടനുബന്ധിച്ച് തിരുവനന്തപുരം നഗരസഭയ്ക്കുള്ളിൽ പുതുതായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ ആയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻസിപ്പൽ ആക്ടിലെ വ്യവസ്ഥപ്രകാരമുള്ള അനുമതി നല്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ താല്ക്കാലിക നിർമ്മിതികൾ എല്ലാം പൊളിച്ചുനീക്കി യിട്ടുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പൊളിച്ചുനീക്കാതെ നിലനിർത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന കെട്ടിടങ്ങൾക്ക് റ്റി.സി. നമ്പർ നല്കി ടാക്സ് നിശ്ചയിച്ച് നല്കിയിട്ടുണ്ടോ; അതുപ്രകാരം ടാക്സ് അടച്ചിട്ടുണ്ടോ; ആ ഇനത്തിൽ എന്ത് തുക ഇതേവരെ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ബാധകമല്ല.

**ബഹുതല വികസന പദ്ധതി**

153 (1115) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ അടിസ്ഥാന വികസന സൗകര്യത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ബഹുതല വികസന പദ്ധതിയിൽ (എം.എസ്.ഡി.പി.) എത്ര രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക സംസ്ഥാനത്ത് ഏതൊക്ക ജില്ലകളിലാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതൊക്കെ മേഖലകളിലാണ് ഈ തുക വിനിയോഗിച്ചതെന്ന് വ്യകതമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ അടിസ്ഥാന വികസന സൗകര്യത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ബഹുമുഖ വികസന പദ്ധതിക്ക് (എം.എസ്.ഡി.പി.) കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം ലഭിച്ചിട്ടില്ല.

**ന്യൂനപക്ഷ ക്ഷേമ വകുപ്പ്**

154(1116) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നാണ് രൂപീകരിച്ചത്; വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ന്യൂനപക്ഷ ക്ഷേമ വകുപ്പുവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും അപേക്ഷകൾക്കുള്ള മാതൃകയും ലഭ്യമാക്കാമോ?

ഉത്തരം

1-1-2011-ലെ സ.ഉ.(പി) നമ്പർ.2/2011/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകൃതമായി. കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ സമഗ്രമായ ഉന്നമനത്തിനുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നത്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുകയുമാണ് വകുപ്പിന്റെ പ്രധാന ചുമതല/ലക്ഷ്യം. വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ന്യൂനപക്ഷ വിഭാഗത്തിലെ അഭ്യസ്തവിദ്യർക്ക് പരിശീലനം

155(1117) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ വിഭാഗത്തിലെ അഭ്യസ്തവിദ്യർക്ക് മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്ന പരിശീലന കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്ര കേന്ദ്രങ്ങൾ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് ഇത്തരം എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിൽ ഒരു ഉപകേന്ദ്രം അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സിവിൽ സർവ്വീസ്, യു.പി.എസ്.സി., പി.എസ്.സി., ബാങ്കിങ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങളാണ് ഈ കേന്ദ്രത്തിലൂടെ നൽകിവരുന്നത്.

(ഡി) 16 പരിശീലനകേന്ദ്രങ്ങളും 20 ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്

156(1118) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റോടുകൂടി നടപ്പാക്കിവരുന്ന ഐ.ഡി.എം.ഐ. ഗ്രാന്റ് ഏതു വർഷം വരെ സംസ്ഥാനത്ത് കൊടുത്തുതീർത്തിട്ടുണ്ട്;

(ബി) ഇനിയും എത്ര സ്ഥാപനങ്ങൾക്ക് എത്ര ഗഡു വീതം നൽകുവാനുണ്ട്; കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) പുതുതായി ഈ വർഷം അപേക്ഷ ക്ഷണിക്കുന്നുണ്ടോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് ഇതുവരെ വിവിധ വർഷങ്ങളിലായി പ്രസ്തുത പദ്ധതി പ്രകാരം എത്ര സ്ഥാപനങ്ങൾക്ക് എന്തു തുക ഗ്രാന്റ് അനുവദിച്ചു ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) Infrastructure Development for Minority Institutions പദ്ധതി പ്രകാരം 2013-14 വർഷം വരെ ഗ്രാന്റ് വിതരണം നടത്തിയിട്ടുണ്ട്.

(ബി) ആദ്യ ഗഡു അനുവദിച്ച 137 സ്ഥാപനങ്ങൾ അനുവദിച്ച തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ കേന്ദ്ര സർക്കാർ രണ്ടാം ഗഡു അനുവദിച്ചിട്ടില്ല.

(സി) 2016-17 വർഷത്തെ അപേക്ഷ ജൂലൈയിൽ കേന്ദ്ര സർക്കാർ ക്ഷണിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡമനുസരിച്ച് ലഭ്യമായ പ്രൊപ്പോസലുകൾ ഡി.പി.ഐ. മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുമുണ്ട്.

(ഡി) സംസ്ഥാനത്ത് 2010-11 വർഷം മുതൽ 2013-14 വർഷം വരെ 166 സ്ഥാപനങ്ങൾക്കായി 3089.179 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഹജ്ജ് തീർത്ഥാടനം**

157(1119) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹജ്ജ് കമ്മിറ്റി മുഖാന്തരം ഹജ്ജ് തീർത്ഥാടനത്തിനായി സംസ്ഥാനത്ത് നിന്നും ഇക്കൊല്ലം പോയിട്ടുള്ള സ്ത്രീകൾ, പുരുഷന്മാർ എന്നിവരുടെ എണ്ണം ജില്ലതിരിച്ച് വിശദമാക്കുമോ;

(ബി) ഇപ്രകാരം ഹജ്ജ് തീർത്ഥാടകരെ തിരഞ്ഞെടുക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) പ്രസ്തുത തീർത്ഥാടകർക്ക് ഈ സർക്കാർ ചെയ്തു കൊടുത്ത സഹായങ്ങൾ വിശദമാക്കുമോ; ഇതിനായി ഇക്കൊല്ലം ചെലവഴിച്ച തുക വിശദമാക്കുമോ;

(ഡി) പുണ്യ ഹജ്ജ് കർമ്മത്തിന് വരും നാളുകളിൽ സംസ്ഥാനത്ത് നിന്നും കൂടുതൽ തീർത്ഥാടകരെ അയയ്ക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4858 പുരുഷന്മാർ, 5410 സ്ത്രീകൾ, (9 കുട്ടികൾ) എന്ന കണക്കിൽ ആകെ 10268 തീർത്ഥാടകരാണ് ഉണ്ടായിരുന്നത്. തീർത്ഥാടകരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തീർത്ഥാടകരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 184 |
| 2 | കൊല്ലം | 215 |
| 3 | പത്തനംതിട്ട | 38 |
| 4 | കോട്ടയം | 203 |
| 5 | ഇടുക്കി | 92 |
| 6 | ആലപ്പുഴ | 128 |
| 7 | എറണാകുളം | 766 |
| 8 | തൃശ്ശൂർ | 149 |

| (1) | (2) | (3) |
|---|---|---|
| 9 | പാലക്കാട് | 392 |
| 10 | മലപ്പുറം | 2391 |
| 11 | കോഴിക്കോട് | 3291 |
| 12 | വയനാട് | 315 |
| 13 | കണ്ണൂർ | 1216 |
| 14 | കാസർഗോഡ് | 888 |
| | ആകെ | 10268 |

സ്ത്രീകൾ, പുരുഷന്മാർ എന്നിവരുടെ ജില്ല തിരിച്ചുള്ള എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഹാജിമാരെ തെരഞ്ഞെടുക്കുന്നത്. 70 വയസ്സ് കഴിഞ്ഞവരെയും ഒരു സഹായിയെയും പ്രഥമ പരിഗണന നൽകി തെരഞ്ഞെടുക്കുന്നു. അഞ്ചു വർഷം തുടർച്ചയായി അപേക്ഷിച്ചവർക്കാണ് രണ്ടാമതായി മുൻഗണന നൽകുന്നത്. ബാക്കി നാലാം വർഷക്കാരുടെ വെയിറ്റിംഗ് ലിസ്റ്റിൽ നന്നും ക്രമനമ്പർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.

(സി) ഹജ്ജ് തീർത്ഥാടകർക്കുള്ള കുത്തിവെയ്പ്പ് സംസ്ഥാനത്തുടനീളം യഥാസമയം നടത്തി. തീർത്ഥാടകർക്കാവശ്യമായ പരിശീലനങ്ങളും നൽകിയിട്ടുണ്ട്. 2016 ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 5 വരെ നെടുമ്പാശ്ശേരിയിൽ ഹജ്ജ് ക്യാമ്പ് പ്രവർത്തനം നടത്തി. ഇവിടെ ഹാജിമാർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. ഭക്ഷണം, താമസം, പ്രാർത്ഥനക്കാവശ്യമായ സ്ഥലം, മതിയായ ടോയ്‌ലെറ്റ് സൗകര്യങ്ങൾ, മെഡിക്കൽ സൗകര്യങ്ങൾ എന്നിവ ക്യാമ്പിൽ സംഘടിപ്പിച്ചിരുന്നു. സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്ന് നേരിട്ട് പണം ചെലവഴിച്ചിട്ടില്ല. ഹജ്ജ് കമ്മിറ്റിയുടെ ഫണ്ടിൽ നിന്നാണ് ചെലവുകൾ നിർവ്വഹിച്ചത്. ഹജ്ജ് കർമ്മം പൂർത്തീകരിച്ച് എല്ലാ ഹാജിമാരും മടങ്ങിയെത്തിയശേഷമേ ചെലവഴിച്ച തുക കണക്കാക്കാൻ കഴിയൂ.

(ഡി) അടുത്ത വർഷം കൂടുതൽ ഹജ്ജ് സീറ്റുകൾ ലഭ്യമാക്കുന്നതിന് സാദ്ധ്യമായ എല്ലാ ശ്രമവും നടത്തുന്നതാണ്.

**ഹജ്ജ് എംബാർക്കേഷൻ പോയിന്റ്**

158 (1120) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതിനാൽ കോഴിക്കോട് ഹജ്ജ് ഹൗസ് പ്രയോജനരഹിതമായി കിടക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ഹജ്ജ് ഹൗസുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് വേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതിനാൽ കോഴിക്കോട് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് അഭിലഷണീയമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് തിരികെ കോഴിക്കോടേക്ക് മാറ്റുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2015, 2016 വർഷങ്ങളിൽ ഹജ്ജ് ക്യാമ്പ് താൽക്കാലികമായി നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതിനാൽ കോഴിക്കോട് ഹജ്ജ് ഹൗസ് ക്യാമ്പ് പ്രവർത്തനത്തിന് ഉപയോഗിച്ചിട്ടില്ല. ഹജ്ജ് തീർത്ഥാടകർക്കുള്ള പരിശീലനം, ട്രെയിനർമാരുടെ മീറ്റിംഗുകൾ തുടങ്ങിയ ഹജ്ജ് സംബന്ധമായ വിഷയങ്ങൾക്ക് കോഴിക്കോട് ഹജ്ജ് ഹൗസ് തന്നെയാണ് ഉപയോഗിക്കുന്നത്.

(ബി) ഹജ്ജ് ഹൗസിന് ഒരു അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ നൽകിയിരിക്കുകയാണ്.

(സി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയത് താൽക്കാലികമായിട്ടാണ്. കോഴിക്കോട് വിമാനത്താവളം വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് സജ്ജമായാൽ ഹജ്ജ് ക്യാമ്പ് കോഴിക്കോട് തന്നെ തുടരുന്നതാണ്.

(ഡി) കോഴിക്കോട് എയർപോർട്ട് വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് സജ്ജമായാൽ എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് തന്നെ മാറ്റുന്നതാണ്.

**കോഴിക്കോട് ഹജ്ജ് ഹൗസ്**

159(1121) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് യാത്ര നെടുമ്പാശേരിയിലേക്ക് മാറ്റിയതിനാൽ കോഴിക്കോട് ഹജ്ജ് ഹൗസ് പ്രയോജനരഹിതമായി കിടക്കുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ സ്ത്രീകൾക്ക് വേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതിനാൽ ഇവിടെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് അഭിലഷണീയമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് തിരികെ കോഴിക്കോട്ടേക്ക് മാറ്റുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ഹജ്ജ് ഹൗസ് ക്യാമ്പ് പ്രവർത്തനത്തിന് ഉപയോഗിച്ചിട്ടില്ലെങ്കിലും ഹജ്ജ് തീർത്ഥാടകർക്കുള്ള ക്ലാസ്സ്, ട്രെയിനർമാരുടെ മീറ്റിംഗുകൾ തുടങ്ങിയ ഹജ്ജ് സംബന്ധമായ വിഷയങ്ങൾക്ക് കോഴിക്കോട് ഹജ്ജ് ഹൗസ് തന്നെയാണ് ഉപയോഗിക്കുന്നത്.

(ബി) ഹജ്ജ് ഹൗസിന് ഒരു അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

(സി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയത് താൽക്കാലികമായിട്ടാണ്.

(ഡി) കോഴിക്കോട് എയർപോർട്ട് വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് സജ്ജമായാൽ എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക തന്നെ മാറ്റുന്നതാണ്.

**കടവുകളിലെ മണൽ ഖനനം**

160 (1122) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിനു കീഴിലുള്ള കടവുകളിലെ മണൽ ഖനനവും വിൽപ്പനയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളും അവയുടെ

നിജസ്ഥിതിയും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിഗമനവും നിലപാടും എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) തുറമുഖ വകുപ്പിനു കീഴിലുള്ള കടവുകളിലെ മണൽ ഖനനത്തിനും വിപണനത്തിനും പുതിയ നയം രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) തുറമുഖ വകുപ്പിനു കൂടുതൽ വരുമാനം ലഭിക്കുന്നതിനും അർഹരായവർക്കു യഥാസമയം മണൽ ലഭ്യമാക്കുന്നതിനും ഇപ്പോഴുള്ള വ്യവസ്ഥകൾ സുതാര്യമാണെന്ന അഭിപ്രായമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) നിലവിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കടവുകളിൽ നിന്നും ഡ്രെഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ഓൺലൈൻ ബുക്കിംഗിലൂടെയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്. വിതരണത്തിൽ ലഭിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ അവ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഉപ ഓഫീസുകൾക്ക് കർശന നിർദ്ദേശം നല്കുന്നുണ്ട്.

(ബി) ഉണ്ട്. മാന്വൽ ഡ്രെഡ്ജിംഗ് സംബന്ധിച്ച നയം രൂപവൽക്കരിക്കൽ നടപടിയോടനുബന്ധമായി മാന്വൽ ഡ്രെഡ്ജിങുമായി ബന്ധപ്പെട്ട സഹകരണ സംഘം പ്രതിനിധികളുടെ ഒരു ഹിയറിംഗ് 23-9-2016-ൽ സർക്കാർതലത്തിൽ കൂടുകയുണ്ടായി.

(സി) റവന്യൂ വകുപ്പിന്റെ കടവുകളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനത്തേക്കാൾ കൂടുതലാണ് തുറമുഖ വകുപ്പിന്റെ കടവുകളിൽ നിന്നും ലഭിക്കുന്നത്. ഉപഭോക്താവിന് ഡ്രെഡ്ജ് ചെയ്ത പദാർത്ഥങ്ങൾ കുറ്റമറ്റ രീതിയിൽ ലഭ്യമാക്കുന്നതിനാണ് ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചത്.

**കൊച്ചി-അഴീക്കൽ കപ്പൽ സർവ്വീസ്**

161 (1123) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-അഴീക്കൽ കപ്പൽ സർവ്വീസ് തുടങ്ങുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗതാഗത ചെലവിൽ ഗണ്യമായ ലാഭവും പാരിസ്ഥിതിക കാര്യത്തിൽ അനുകൂല ഫലവും എത്രമാത്രം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(സി) യാത്രാകപ്പൽ സർവ്വീസ് എന്നുമുതൽ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ചെറുകിട തുറമുഖങ്ങളിലൂടെയുള്ള ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിനായി സമഗ്രമായ തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട് അഴീക്കൽ തുറമുഖത്തേക്കുള്ള കണ്ടെയ്നർ ചരക്കു നീക്കത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം 30-9-2014-ൽ നടത്തുകയുണ്ടായി. അതിനുശേഷം തീരദേശ കപ്പൽ ഗതാഗതംവഴി ഏകദേശം 4241 ടൺ ചരക്കുനീക്കം അഴീക്കൽ തുറമുഖത്ത് നടത്തുകയുണ്ടായി. കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വിദേശ നിർമ്മിത ആധുനിക Harbour Mobile Crane സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 750 HP Tug, Container Rehandling Reach Stacker, 5 ton hydra crane, Cutter section dredger തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാണ്. ചരക്കുനീക്കം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗതാഗതരംഗത്ത് കേരളം നിലവിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ചെറുകിട തുറമുഖങ്ങളുടെയും കേരളത്തിന്റെ മാരിടൈം മേഖലയുടെയും സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കിവരുന്നത്. റോഡ് ഗതാഗതം നിലവിൽ നേരിടുന്ന വാഹന ബാഹുല്യം ഒരു പരിധിവരെ കുറയ്ക്കാൻ കപ്പൽ ഗതാഗതം വഴി ചരക്കു നീക്കം നടത്തുന്നതു സഹായിക്കും. റോഡ്/റെയിൽ ഗതാഗതത്തെ അപേക്ഷിച്ച് മികച്ച ഇന്ധനക്ഷമതയാണ് കപ്പൽ ഗതാഗതത്തിനുള്ളത്. റോഡ് ഗതാഗതത്തിന് 31.330 gm/ton-km-ഉം റെയിലിന് 8.911 gm/ton-km-ഉം ഉള്ളപ്പോൾ കപ്പൽ ഗതാഗതത്തിന്റെ ഇന്ധന ക്ഷമത 4.828 gm/ton-km ആണ്. ഇതുമൂലം ഗതാഗതച്ചെലവ് ഗണ്യമായി കുറയ്ക്കാനും പൊതുവിപണിയിൽ അവശ്യ സാധനമടക്കമുള്ള വസ്തുക്കളുടെ വില കുറയുവാനും സഹായകരമാകും. ലോകം കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്ന അവസരത്തിൽ ഹരിത ഗൃഹവാതകങ്ങളുടെ തോത് കുറയ്ക്കാനും അതുവഴി ആഗോള താപനം പിടിച്ചു നിർത്താനും ഇന്ധനക്ഷമത കൂടുതലുള്ള ജല ഗതാഗതം വളരെ സഹായകരമാകും. (റോഡ് ഗതാഗതത്തിൽ കാർബൺഡൈ ഓക്സൈഡ് emission-ന്റെ തോത് 64 gm/ton-km, റെയിലിൽ 28 gm/ton-km) റെയിൽ മുഖേനയുള്ള ഗതാഗതത്തെ അപേക്ഷിച്ച് കപ്പൽ ഗതാഗതം വഴി ഏകദേശം 400 മുതൽ 1400 രൂപ വരെ ഒരു ടൺ ചരക്കിന് ലാഭമുണ്ടാകുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(സി) തീരദേശ യാത്രാകപ്പൽ സർവ്വീസിന്റെ ആദ്യഘട്ടം കൊച്ചി-കോഴിക്കോട് മേഖലയിലാണ് ആരംഭിക്കുന്നത്. പദ്ധതി നടത്തിപ്പിനായി M/s. Sage Boat Pvt Ltd എന്ന സ്വകാര്യ സംരംഭകരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സർവ്വീസ് നടത്തുന്നതിനാവശ്യമായ വിദേശ നിർമ്മിത ജലയാനങ്ങൾ ഗ്രീസിൽ നിന്നും കൊച്ചി തുറമുഖംവഴി ഇറക്കുമതി ചെയ്തിട്ടുണ്ട്. DG Shipping, MMD, IRS തുടങ്ങിയ ഏജൻസികളുടെ അംഗീകാരം ലഭ്യമാക്കുന്നതിനായുള്ള പരിശോധനകളും നടപടി ക്രമങ്ങളും അവസാന ഘട്ടത്തിലാണ്. അവ തീരുന്ന മുറയ്ക്ക് ഒരുമാസത്തിനകം പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**താനൂർ ഹാർബർ**

162(1124) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഹാർബറിന്റെ ഡ്രഡ്ജിങ് ജോലികൾ ചില സാങ്കേതിക കാരണങ്ങളാൽ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിച്ച് മണ്ണ് എടുക്കാനുള്ള നടപടികൾ ഏതുവരെയായി;

(സി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബ്രേക്ക്‌വാട്ടർ പ്രവൃത്തി പുരോഗമിക്കുന്നതിനോടനുബന്ധിച്ച് തെക്ക് ഭാഗത്ത് ബ്രേക്ക്‌വാട്ടറിനോട് ചേർന്ന് അടിഞ്ഞു കൂടുന്ന മണ്ണ് ഡ്രഡ്ജ് ചെയ്ത് നികത്തിയതിനുശേഷം ഹാർബറിന്റെ അനുബന്ധ ഘടകങ്ങൾ നിർമ്മിക്കുവാനാണുദ്ദേശിച്ചിരുന്നത്. ഇത് സ്ഥലവാസികൾ എതിർത്തിരുന്നു. ഈ ഭാഗം ഡ്രഡ്ജ് ചെയ്താൽ തെക്ക് ഭാഗത്തെ കരഭാഗം വീണ്ടും ഇടിയുമെന്നും കിണറുകളിൽ ഉപ്പുരസം നിറയുമെന്നും അവർ അഭിപ്രായപ്പെടുന്നു. ഇവരുടെ എതിർപ്പിനെ മറികടന്ന് പ്രവൃത്തി നടത്തുന്നത് അഭികാമ്യമല്ല. ബേസിനിൽ നിന്നും ഡ്രഡ്ജ് ചെയ്ത് നികത്തി എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. 120000 ക്യു.മീറ്റർ മണ്ണ് ഈ പ്രവൃത്തിക്കുവേണ്ടി ആവശ്യമാണ്. ബേസിനകത്തു നിന്നും പരമാവധി ഡ്രഡ്ജ് ചെയ്ത് എടുക്കുന്നതോടൊപ്പം 5 കി. മീറ്റർ അകലെയുള്ള പൂരപ്പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണ്ണ് എടുത്ത് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ ഭരണാധികാരിയുടെയും മറ്റ് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടേയും അനുമതി

ആവശ്യമാണ്. ഇവിടെ നിന്നും ഏകദേശം 30000 ക്യൂ. മീറ്റർ മാത്രമേ മണ്ണ് എടുക്കാനാവൂ. ബാക്കി ആവശ്യമായവ ബേസിനിൽ നിന്നോ/കടലിൽ നിന്നോ ഡ്രഡ്ജ് ചെയ്ത് നികത്താൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**വിഴിഞ്ഞം തുറമുഖം**

163(T*1125) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിക്ക് പരിസ്ഥിതി അനുമതി നൽകിയ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ തീരുമാനം ദേശീയ ഹരിത ട്രിബ്യൂണൽ അംഗീകരിയ്ക്കുകയുണ്ടായോ;

(ബി) പദ്ധതി പ്രവർത്തനം നിരീക്ഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ട്രിബ്യൂണൽ ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഉണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) തടസ്സങ്ങൾ ഇല്ലെങ്കിൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അംഗീകരിക്കുകയുണ്ടായി.

(ബി) ഉണ്ട്. ഏഴ് അംഗങ്ങളുള്ള ഒരു വിദഗ്ദ്ധ സമിതിക്കാണ് ട്രൈബ്യൂണൽ രൂപം നൽകിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് 4 വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒരു ആയിരംദിന ഉത്സുകകർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

164 (1126) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) തുറമുഖത്തിനോട് അനുബന്ധിച്ച് ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് സ്റ്റേഷനുകൾ കേന്ദ്രസർക്കാർ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അറിവ് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആവശ്യത്തിലേക്ക് കൂടുതൽ ഭൂമി കണ്ടെത്തി നൽകേണ്ടി വരുമോ; വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി ചെലവിനത്തിൽ ഭൂമിയുടെ വില അടക്കം എത്ര കോടി രൂപ സംസ്ഥാനത്തിന്റേതായി ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് വിശദമാക്കുമോ ?

### ഉത്തരം

(എ) കരാർ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1465 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനായി ഒരു ആയിരംദിന ഉത്സുകകർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇന്ത്യൻ നേവിയും കോസ്റ്റ് ഗാർഡും വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി താൽപ്പര്യം അറിയിച്ചുകൊണ്ട് പ്രാരംഭ ചർച്ചകൾ സംസ്ഥാന സർക്കാരുമായി നടത്തിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് അന്തിമ തീരുമാനമോ അനുമതിയോ കേന്ദ്ര സർക്കാർ നൽകിയില്ല. ഇതിനെത്തുടർന്ന് പദ്ധതിയിലെ കാലവിളംബം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ 1-3-2014-ലെ ഉത്തരവ് നമ്പർ GO(MS)21/2014/F&PD പ്രകാരം ഇന്ത്യൻ നേവിയുടെയും കോസ്റ്റ് ഗാർഡിന്റെയും പങ്കാളിത്തമില്ലാതെ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു. തുടർന്ന് നേവി, കോസ്റ്റ് ഗാർഡ് എന്നിവർക്ക് ആവശ്യമായ

സൗകര്യങ്ങളില്ലാതെ പദ്ധതി രൂപകല്പന ചെയ്യുകയും കൺസഷണയറുമായി കരാർ ഒപ്പു വയ്ക്കുകയും ചെയ്തു. കൺസഷണയറുമായി കരാർ ഒപ്പു വച്ചതിനുശേഷം നേവി അവർക്കുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി വീണ്ടും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) ഒരുക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. തീരുമാനങ്ങൾ എടുക്കുന്നതിന് അനുസൃതമായി ഭൂമിയുടെ ആവശ്യകത നിർണ്ണയിക്കുന്നതായിരിക്കും.

(ഡി) 592.7 കോടി രൂപയായ ഭൂമിയുടെ വിലയടക്കം ഇതുവരെ 840.5 കോടി രൂപ സംസ്ഥാന സർക്കാർ വിഴിഞ്ഞം തുറമുഖത്തിനായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാർ ഡി.ബി.എഫ്.ഒ.റ്റി. മാതൃകയിൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് മുഖേന വികസിപ്പിക്കുകയാണ്. ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെയും മത്സ്യബന്ധന തുറമുഖത്തിന്റെയും മൊത്തം നിർമ്മാണ തുകയായ 1463 കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കും. പി.പി. പി. ഘടകത്തിൽ സഹായധനമായ 717.8 കോടി രൂപ നൽകും. കൂടാതെ ബാഹ്യാടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, വെള്ളം, റെയിൽ കണക്ടിവിറ്റി എന്നിവയുടെ ചുമതലയും സംസ്ഥാന സർക്കാരിനാണ്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

165 (1127) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കുളച്ചൽ തുറമുഖ പദ്ധതി യാഥാർത്ഥ്യമായാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ഉണ്ടാകാവുന്ന ഭീഷണികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; അതിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം തുറമുഖ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; പ്രസ്തുത കാലപരിധിക്കുള്ളിൽ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്. വഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോ മീറ്റർ ദൂരത്തുള്ള ഇനയം തുറമുഖം യാഥാർത്ഥ്യമായാൽ തുറമുഖങ്ങൾ തമ്മിലുള്ള മത്സരത്തിന് വഴിയൊരുക്കും. ഇത് 2 പദ്ധതികളുടെയും സാമ്പത്തികമായ സാദ്ധ്യതകളെ (Financial viability) സാരമായി ബാധിക്കാനും ഇടയുണ്ട്. 2016 ജൂലൈ 5-ാം തീയതി കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കിയ കേന്ദ്രമന്ത്രിസഭാ തീരുമാനം വിശദമാക്കിയിട്ടുള്ള കുറിപ്പുപ്രകാരം കുളച്ചലിന് അടുത്തുള്ള ഇനയം തുറമുഖ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി മനസ്സിലാക്കുന്നു. പ്രസ്തുത കുറിപ്പുപ്രകാരം ഇനയം തുറമുഖ പദ്ധതിക്കായി ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി രൂപീകരിക്കുമെന്നും ആ കമ്പനിയിൽ മേജർ തുറമുഖങ്ങളായ ചെന്നൈ പോർട്ട് ട്രസ്റ്റ്, വി.ഒ.സി. പോർട്ട് ട്രസ്റ്റ് (തൂത്തുക്കുടി), കാമരാജർ പോർട്ട് ലിമിറ്റഡ് (എണ്ണൂർ) എന്നിവയുടെ ഓഹരി പങ്കാളിത്തം ഉണ്ടാകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സാമ്പത്തിക സാദ്ധ്യതകളിലെ ഇടിവും സംസ്ഥാനത്തിന്റെ ആശങ്കകളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അറിയിച്ചു. വിഴിഞ്ഞത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചിട്ടുണ്ട്.

(സി) കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കാൻ അനുവദിച്ചിട്ടുള്ള കാലയളവ് 4 വർഷമാണ് (1465 ദിവസം) .അതനുസരിച്ച് 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുവദിച്ചിട്ടുള്ള നിർമ്മാണ കാലയളവ് നാല് വർഷമെന്നിരിക്കെ കൺസഷണയർ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒരു ആയിരംദിന ഉത്സുക കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്.

**വലിയതുറ കടൽപ്പാലം**

166 (1128) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വലിയതുറ കടൽപ്പാലം അപകടാവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കടൽപ്പാലം നവീകരിച്ച് വിനോദസഞ്ചാരികൾക്ക് തുറന്നു കൊടുക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടൽപ്പാലം നവീകരിച്ച് വിനോദ സഞ്ചാരികൾക്ക് തുറന്നുകൊടുക്കുന്ന കാര്യം പരിഗണനയിലുണ്ട്. ആയതിലേക്കായി കടൽപ്പാലം ബലപ്പെടുത്തുന്നത് സംബന്ധിച്ച് പ്രയോഗിക്കാവുന്ന സാങ്കേതികവിദ്യ തീരുമാനിക്കുന്നതിനായി ഇത്തരത്തിലുള്ള പ്രവൃത്തികളിൽ പരിചയസമ്പന്നരായ ഏജൻസികളിൽനിന്നും നിർദ്ദേശം ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽനിന്ന് ലഭിക്കുന്ന മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ച് മേൽപ്പറഞ്ഞ പാലം ബലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തെയ്യം മ്യൂസിയം

167 (1129) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പി.ഡബ്ല്യു.ഡി.-യുടെ അധീനതയിലുള്ള മാങ്ങാട്മൊട്ട എന്ന സ്ഥലത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ?

ഉത്തരം

കണ്ണൂർ ജില്ലയിൽപ്പെട്ട കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള മാങ്ങാട്ട്മൊട്ട എന്ന സ്ഥലത്ത് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട കല്യാശ്ശേരി എം.എൽ.എ. മുഖാന്തരം സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ മ്യൂസിയം മൃഗശാല ഡയറക്ടർ 7-8-2016-ന് നിർദ്ദിഷ്ട സ്ഥലം നേരിട്ട് പരിശോധിച്ച് തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് തുറമുഖ പുരാവസ്തു മ്യൂസിയം വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കല്ല്യാശ്ശേരി എം.എൽ.എ, ശ്രീ. ടി. വി. രാജേഷ്, കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി 1.25 ഏക്കർ സ്ഥലത്തിന്റെ രേഖകൾ കടന്നപ്പള്ളി വില്ലേജിൽ പരിശോധിച്ച് മ്യൂസിയം മൃഗശാലാ വകുപ്പിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് 16-8-2016-ൽ കത്ത് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർ ടി സ്ഥലം മ്യൂസിയം-മൃഗശാലാ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ടി വിഷയത്തിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ചരിത്ര പ്രാധാന്യമുള്ള കെട്ടിടം

168(1130) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഒബ്സർവേറ്ററിക്കുവേണ്ടി രാജഭരണ കാലത്ത് നിർമ്മിച്ച ചരിത്ര പ്രാധാന്യമുള്ള കെട്ടിടം നാശാവസ്ഥയിലാണെന്ന വസ്തുത ആരെങ്കിലും വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ എന്ന് എന്നുവ്യക്തമാക്കുമോ;

(ബി) പുരാവസ്തു സംരക്ഷണ നിയമപ്രകാരം കെട്ടിടം ഏറ്റെടുത്തു സംരക്ഷിക്കാൻ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രീ. വി. സോമശേഖരൻ നാടാർ 12-2-2014-ൽ സമർപ്പിച്ച നിവേദനത്തിൽ ഒബ്സർവേറ്ററി കെട്ടിടം നാശാവസ്ഥയിലാണെന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

(ബി&സി) വാനനിരീക്ഷണ കേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടം ഇന്ത്യൻ മെറ്റിരിയോളജിക്കൽ വകുപ്പിന്റെ അധീനതയിലായതിനാൽ ടി കെട്ടിടത്തിന്റെ സംരക്ഷണച്ചുമതല ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യക്കാണ്. പ്രസ്തുത കെട്ടിടത്തിന്റെ അടിയന്തര സംരക്ഷണ പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പ് മുഖേന കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് ചെയ്തുവരുന്നുണ്ട്.

## ചെമ്പൻ കൊലുമ്പൻ സമാധി

169(1131) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് പുരാവസ്തു വകുപ്പ് മുഖേന നിർമ്മിക്കുന്ന ഇടുക്കി ആദിവാസി ഗോത്രത്തലവൻ ചെമ്പൻ കൊലുമ്പന്റെ സമാധിസ്ഥലം നവീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന് എത്ര തുക അനുവദിച്ചെന്നും ആയതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി ഗോത്രത്തലവൻ ചെമ്പൻ കൊലുമ്പന്റെ സമാധി സ്ഥലം നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) 1-10-2015-ലെ സ.ഉ. (സാധാ) നമ്പർ. 493/15/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 70,00,000 (എഴുപത് ലക്ഷം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രസ്തുത തുകയുടെ 80% ആയ 56 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി ടൂറിസം വകുപ്പിൽനിന്നും പുരാവസ്തു വകുപ്പിന് 19-12-2015-ന് ലഭിക്കുകയും ചെയ്തു.

(സി) വകുപ്പിലെ സംരക്ഷണ നവീകരണച്ചുമതലയുള്ള കൺസർവേഷൻ എഞ്ചിനീയറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതായും ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മേൽ ഒഴിവ് നികത്തുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**കുഞ്ഞാലി മരയ്ക്കാർ സ്മാരകം**

170(1132) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന കുഞ്ഞാലി മരയ്ക്കാർ സ്മാരകത്തിന്റെ സംരക്ഷണവും വികസന സാധ്യതകളും പരിശോധിച്ചിട്ടുണ്ടോ; ചരിത്ര പ്രസിദ്ധമായ ഈ സ്ഥാപനത്തിന്റെ വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കുഞ്ഞാലി മരയ്ക്കാർ സ്മാരകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. കൂടാതെ ടി സ്മാരകം മ്യൂസിയമായും പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിൽ വിപുലമായ സംരക്ഷണ വികസന പരിപാടികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**കോടതി കെട്ടിടം**

171 (1133) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1916-ൽ നിർമ്മിച്ച കുന്ദമംഗലം കോടതി കെട്ടിടം പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കുന്ദമംഗലം കോടതി കെട്ടിടം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമാക്കേണ്ടതുണ്ടോയെന്ന വിഷയം പരിശോധിച്ചുവരുന്നു.

**തൃപ്പൂണിത്തുറ ഹിൽ പാലസ്**

172(1134) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഹിൽപാലസ് നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇവിടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തി ഒരു സാംസ്കാരിക സമുച്ചയമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഹിൽ പാലസ് പുരാവസ്തു മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ നിലവിൽ setting up, promotion and strengthening of regional and local Museums എന്ന കേന്ദ്ര സർക്കാർ പദ്ധതി മുഖേന നടപ്പിലാക്കിവരുന്നു. പദ്ധതി തുകയായ 6,91,62,000 (ആറ് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരം) രൂപയിൽ പരമാവധി 5 കോടി രൂപ കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ ആദ്യ ഗഡുവായി 2 കോടി 50 ലക്ഷം രൂപയും കേരള സർക്കാർ 62,50,000 (അറുപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം) രൂപയും അനുവദിച്ചു. ഇത് 'കേരളം മ്യൂസിയം പദ്ധതി' വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ ഹിൽ പാലസിനെ ഒരു സാംസ്കാരിക സമുച്ചയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ Wireless Communication System, Battery Operated Vehicle എന്നിവയും നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

**പത്മനാഭസ്വാമി ക്ഷേത്രം**

173(1135) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ പത്മനാഭസ്വാമി ക്ഷേത്രവും പരിസരവും പുരാവസ്തു നിയമപ്രകാരം നോട്ടിഫൈ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്ഷേത്രത്തെയും പരിസരത്തുള്ള എത്ര മീറ്റർ സ്ഥലത്തെയും ഇതിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതേവരെ നോട്ടിഫൈ ചെയ്തിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(സി) പുരാതന പൈതൃക കേന്ദ്രമായ പത്മനാഭ സ്വാമി ക്ഷേത്രവും 250 മീറ്ററിനകത്തെ നിർമ്മിതികളും പുരാവസ്തു സംരക്ഷണ നിയമ പ്രകാരം നോട്ടിഫൈ ചെയ്യുന്നതിനും അനധികൃത നിർമ്മിതികളും കച്ചവട സ്ഥാപനങ്ങളും ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ല.

(ബി) 28-8-2002-ലെ ജി.ഒ. (എംഎസ്.) 27/02/സിഎഡി നമ്പർ ഉത്തരവുപ്രകാരം പത്മനാഭസ്വാമി ക്ഷേത്രവും അതിനുചുറ്റുമുള്ള കൊട്ടാരങ്ങളും ഉൾപ്പെടുത്തി പുരാവസ്തു നിയമപ്രകാരം സംരക്ഷിക്കുന്നതിന് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പുരാവസ്തു നിയമപ്രകാരം സംരക്ഷിത സ്മാരകമാക്കുന്നതിനെതിരെ ആക്ഷേപം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ടി ക്ഷേത്രത്തെ സംരക്ഷിത സ്മാരകമാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) പത്മനാഭപുരം ക്ഷേത്രം ഉൾപ്പെടുന്ന കോട്ടയ്ക്കകം മേഖല സംസ്ഥാന ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പൈതൃക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പ്രസ്തുത മേഖലയ്ക്കുള്ളിൽ നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**കുഞ്ഞിഖാദർ സ്മാരകം**

174(1136) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ലഹളയ്ക്ക് സ്മാരകങ്ങളും, വാഗൺ ട്രാജഡി സ്മരണാർത്ഥം ഹാളും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇതേ പ്രാധാന്യം ലഭിക്കേണ്ടതായി കരുതപ്പെടുന്ന ഉമൈത്താനകത്ത് കുഞ്ഞിഖാദർക്ക് ഉചിതമായ ഒരു സ്മാരകം നാളിതുവരെ സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;. ഇത് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. സ്മാരകം സ്ഥാപിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സംരക്ഷിത സ്മാരകങ്ങൾ

175(1137) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ വള്ളക്കടവിലെ ചരിത്രപ്രാധാന്യമുള്ള ബോട്ട് പുരയും ബോട്ട് കവാടവും സംരക്ഷണമില്ലാതെ നശിച്ചുകൊണ്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെ സംരക്ഷിതസ്മാരകങ്ങളുടെ പട്ടികയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി ഇതുസംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് പ്രസ്തുത ചരിത്രശേഷിപ്പിനെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തിരുവനന്തപുരം വള്ളക്കടവിലെ ബോട്ട് പുരയും ബോട്ട് കവാടവും 1968-ലെ പുരാവസ്തു സംരക്ഷണ നിയമ പ്രകാരം സംരക്ഷിക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കുകയും ബോട്ട് പുരയുടെ ഭൂരിഭാഗവും കോൺക്രീറ്റ് നിർമ്മിതിയായതിനാലും TRIDA-യുടെ ചുതലയിൽ പുനർനിർമ്മാണം നടത്തിയതിനാലും ബോട്ട് പുര സംരക്ഷിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. ബോട്ട് കവാടം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുതിയ ബസുകളും സർവീസുകളും

176 (1138) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.റ്റി.സി. എത്ര പുതിയ ബസുകൾ നിരത്തിലിറക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര പുതിയ സർവ്വീസുകൾ ആരംഭിച്ചുവെന്നും അവ എവിടെയൊക്കയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. 387 പുതിയ ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ 13 ജൻറം ബസുകളും ഉൾപ്പെടുന്നു.

(ബി) 10 പുതിയ സർവ്വീസുകൾ ആരംഭിച്ചു.

1. 1330 തിരുവനന്തപുരം-മൂകാംബിക
2. 1400 തിരുവനന്തപുരം-മണിപ്പാൽ
3. 2130 തിരുവനന്തപുരം-കണ്ണൂർ
4. 1600 പാറശ്ശാല-പിറവം
5. 0620 ആറ്റിങ്ങൽ-കുളത്തുപ്പുഴ
6. 0550 ആറ്റിങ്ങൽ-പാലോട്
7. 0730 വിതുര-കരുനാഗപ്പള്ളി
8. 1225 കണിയാപുരം-പത്തനംതിട്ട
9. 0700 ആറ്റിങ്ങൽ-പാരിപ്പള്ളി-കൊല്ലം
10. 0610 പാലോട്-കിളിമാനൂർ

**സി.എൻ.ജി. ബസ് സർവീസ്**

177 (1139) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി., സി. എൻ. ജി ബസ്സ് സർവ്വീസ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇത്തരം ബസ്സുകൾ സർവ്വീസ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള സർക്കാരിന്റെ 2016-17-ലെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) എറണാകുളം കേന്ദ്രമാക്കിയാണ് തുടക്കത്തിൽ സി.എൻ.ജി. ബസുകൾ സർവീസ് ആരംഭിക്കുക. സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്ന മുറയ്ക്ക് തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽക്കൂടി സർവീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) നിലവിൽ യാതൊരു സഹായവും ലഭ്യമല്ല.

**കെ.എസ്.ആർ.ടി.സി.-യുടെ പണമിടപാട്**

178 (1140) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി.-യുമായുള്ള പണമിടപാടുകളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇതുവരെയുണ്ടായിട്ടുള്ള ലാഭനഷ്ടങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇരു സ്ഥാപനങ്ങളും തമ്മിലുള്ള പണമിടപാടുകളുടെ പലിശനിരക്ക് എത്രയാണ്; പലിശനിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്തായിരുന്നു; കരാർ വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ലോൺ അക്കൗണ്ട് റീവർക്ക് ചെയ്തുകഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ആയത് എന്നത്തേക്ക് പൂർത്തിയാവും എന്ന് അറിയിക്കാമോ;

(ഡി) കെ.ടി.ഡി.എഫ്.സി. ഈടാക്കിയ പലിശ കൂടുതലാണെന്ന അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ സംബന്ധിച്ച് പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; എത്ര തുക അധികം നല്കിയെന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണക്കാക്കിവരുന്നു.

(ബി) നിലവിലെ ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ വർഷംതോറുമുള്ള പലിശനിരക്ക് അനുബന്ധമായി ചേർക്കുന്നു.* പലിശനിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം കെ.ടി.ഡി.എഫ്.സി.-യുടെ കോസ്റ്റ് ഓഫ് ഫണ്ടാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിൽ പലിശനിരക്ക് കോസ്റ്റ് ഓഫ് ഫണ്ടിന്റെ 0.5% അധികമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുള്ള ദീർഘകാല വായ്പകളുടെ കരാർ വ്യവസ്ഥകൾ ഒരുപോലെയുള്ളവയാണ്. 1-7-2016-ൽ ലഭ്യമാക്കിയ ദീർഘകാല വായ്പയുടെ (70 കോടി രൂപ) കരാർ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ലോൺ അക്കൗണ്ട് കെ.ടി.ഡി.എഫ്.സി. റീവർക്ക് ചെയ്തുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ റീ-കൺസീലിയേഷൻ പ്രക്രിയ സമയ ബന്ധിതമായി പൂർത്തികരിക്കുവാനുള്ള ശ്രമം നടന്നുവരികയാണ്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ പരിശോധിച്ചുവരികയാണ്.

**ജി.പി.എസ്. സംവിധാനം**

179(1141) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ബസ്സുകളിൽ; ഇതിനായി ബസ്സൊന്നിന് എത്ര തുക ചെലവ് വരും;

(ബി) ഇതിന്റെ നിയന്ത്രണം എവിടെ നിന്നാണ് നടത്തുന്നത്; ഇതിനായി എത്ര ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്താണ്;

(ഡി) ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം നിർബന്ധമാക്കിയ സ്പീഡ് ഗവർണർ എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും ഘടിപ്പിച്ച് പ്രവർത്തിച്ച് വരുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിയമപരമായി അത് ഘടിപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട ബസ്സുകളെത്ര; അപ്രകാരം ഇവയ്ക്ക് ഇളവ് നൽകാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 750 ബസുകളിൽ ജി.പി.എസ്. ഘടിപ്പിച്ചിട്ടുണ്ട്. വെഹിക്കിൾ മൗണ്ട് യൂണിറ്റിന് 5900 രൂപയും, സോഫ്റ്റ്‌വെയർ, ഇൻസ്റ്റലേഷൻ ചാർജ്, മറ്റത്യാവശ്യ ഹാർഡ്‌വെയർ ഉപകരണങ്ങൾ ഉൾപ്പെടെ 6521 രൂപയും ചേർത്ത് ആകെ ബസൊന്നിന് 12,421 (പന്ത്രണ്ടായിരത്തി നാനൂറ്റി ഇരുപത്തിയൊന്ന്) രൂപ ചെലവ് വരും.

(ബി) ടി സംവിധാനത്തിന്റെ കൺട്രോൾ റൂം കെൽട്രോണിന്റെ ഓഫീസിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ കേന്ദ്ര ഓഫീസായ ചീഫ് ഓഫീസിലും ടി സംവിധാനത്തിന്റെ പ്രവർത്തനം കേന്ദ്രീകൃതമായി നിരീക്ഷിച്ചുവരുന്നു. ഇപ്പോൾ പരീക്ഷണഘട്ടത്തിലായതിനാൽ ഇ.ഡി.പി. സെന്ററിലെ നിലവിലുള്ള ജീവനക്കാരാണ് പ്രസ്തുത സംവിധാനം നിരീക്ഷിച്ചു വരുന്നത്.

(സി) സാങ്കേതിക മേഖലയിലുണ്ടായ കണ്ടെത്തലുകൾ പൊതുഗതാഗത മേഖലയിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നറിവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ ശേഷിയുള്ള ഗതാഗത സംവിധാനം കെ.എസ്.ആർ.ടി.സി.-യിലും നടപ്പിലാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന്റെ ഭാഗമായാണ് ജി.പി.എസ്. സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ജി.പി.എസ് സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതുവഴി ബസുകളുടെ കൃത്യമായ സമയ വിവരങ്ങൾ, സ്ഥാനം, വേഗത, റൂട്ടിൽ വരുന്ന വ്യതിയാനങ്ങൾ, ബസ് സ്റ്റോപ്പിൽ നിർത്താതെ പോകുന്ന വിവരങ്ങൾ എന്നിവ മനസിലാക്കുവാൻ സാധിക്കും. കൂടുതൽ വിവരശേഖരണവും പഠനവുംവഴി കോർപ്പറേഷന്റെ ബസ് ഷെഡ്യൂളുകളുടെ സമയപുനഃക്രമീകരണത്തിനും അതുവഴി ബസുകളുടെ നിരനിരയായ വരവും പോക്കും ഒഴിവാക്കാനും സാധിക്കുന്നതാണ്.

(ഡി&ഇ) ഉണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് സർവീസ്**

180(1142) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികേന്ദ്രങ്ങളിലേക്കുകൂടി ഉദ്ദേശിച്ച് കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അവ എവിടെയെല്ലാം എന്നും വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ കാഞ്ചിനട, മോട്ടോറ്റുകാല, വട്ടപ്പൂൽ, ചെമ്പൻകോട് എന്നിവിടങ്ങളിലെ നിവാസികളെ ഉദ്ദേശിച്ച് ഇപ്പോൾ ബസ് സർവ്വീസ് നടത്തുന്നുണ്ടോ;

(സി) നിലവിൽ കൊച്ചാലുംമൂട് വരെയും, കല്ലറ നിന്ന് ചടയൻമുക്ക് വരെയുമുള്ള സർവ്വീസുകൾ മേൽസൂചിപ്പിച്ച പ്രദേശവാസികൾക്കുകൂടി പ്രയോജനപ്രദമാവും വിധം പുനഃക്രമീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കാഞ്ചിനട വഴി നിലവിൽ സർവീസ് നടത്തുന്നുണ്ട്. മോട്ടോറ്റുകാല, വട്ടപ്പൂൽ, ചെമ്പൻകോട് എന്നിവിടങ്ങളിൽ ഇപ്പോൾ സർവീസ് നടത്തുന്നില്ല.

(സി) മോട്ടോറ്റുകാല, വട്ടപ്പൂൽ, ചെമ്പൻകോട് എന്നിവിടങ്ങളിലേക്ക് സർവീസ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാഹനങ്ങളിലെ ഇന്ധനച്ചെലവ്

181(1143) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിലുള്ള പാസഞ്ചർ വാഹനങ്ങൾ ഒഴികെയുള്ളവയിൽ ഡീസൽ വാഹനങ്ങൾ, പെട്രോൾ വാഹനങ്ങൾ എന്നിവ എത്രയെണ്ണമാണെന്നുള്ള വിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ അധികാരത്തിൽ വന്നശേഷം പാസഞ്ചർ വാഹനങ്ങൾ ഒഴികെയുള്ള വാഹനങ്ങളിൽ ഓരോന്നിലും ഇന്ധനം ചെലവായതിന്റെ കണക്ക് വ്യക്തമാക്കുമോ? ഇതിനുവേണ്ടി കെ.എസ്.ആർ.ടി.സി. ആകെ എന്ത് തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ പാസഞ്ചർ വാഹനങ്ങൾ ഒഴികെയുള്ളവയിൽ 181 ഡീസൽ വാഹനങ്ങളും (92 ഡിപ്പോ വാനുകൾ, 67 ലൈറ്റ് മോട്ടോർ വാഹനങ്ങൾ, ടാങ്കർ ലോറികൾ അടക്കമുള്ള 22 ഇതര വാഹനങ്ങൾ) ഒരു പെട്രോൾ മോട്ടോർ സൈക്കിളുമാണുള്ളത്.

(ബി) ഉണ്ട്. ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം ലോഗ് ബുക്കുകളും വ്യവസ്ഥപ്രകാരമുള്ള രേഖകളും സൂക്ഷിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ ഡീസൽ വാഹനങ്ങളിൽ 168012 ലിറ്റർ ഇന്ധനവും (ഡിപ്പോ വാനുകൾക്ക് 92750 ലിറ്ററും ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 21890 ലിറ്ററും ടാങ്കർ ലോറികൾ അടക്കമുള്ള ഇതരവാഹനങ്ങൾക്ക് 53372 ലിറ്ററും) പെട്രോൾ വാഹനത്തിൽ 15.7 ലിറ്റർ ഇന്ധനവും നിറച്ചിട്ടുണ്ട്. ഇതിനായി 93.4 ലക്ഷം രൂപ (ഡിപ്പോ വാനുകൾക്ക് 51.56 ലക്ഷവും ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 12.17 ലക്ഷവും ടാങ്കർ ലോറികൾ അടക്കമുള്ള ഇതരവാഹനങ്ങൾക്ക് 29.67 ലക്ഷവും പെട്രോൾ വാഹനത്തിന് 1000 രൂപയും) ചെലവായിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ

182 (1144) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഭവൻ ഓഫീസിലെ ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഔദ്യോഗിക വാഹന ഡ്രൈവർമാരാകാൻ വേണ്ട യോഗ്യതകൾ എന്തെല്ലാം; നിയമനരീതിയും നിയമന കാലപരിധിയും സംബന്ധിച്ച് വ്യവസ്ഥകളുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ഡ്രൈവർമാർ ഓരോരുത്തരും എത്ര വർഷം ഈ തസ്തികയിൽ സേവനം അനുഷ്ഠിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് ഭവൻ ആഫീസിലെ ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നത് KSRTC-യുടെ ഡ്രൈവർമാർ തന്നെയായതിനാൽ മാനദണ്ഡങ്ങളൊന്നും നിലവിലില്ല.

(ബി) ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നത് KSRTC-യുടെ ഡ്രൈവർമാരായതിനാൽ വേണ്ട യോഗ്യതകളും നിയമനരീതിയും നിയമനകാല പരിധിയും സംബന്ധിച്ച് മറ്റ് വ്യവസ്ഥകളൊന്നുമില്ല.

(സി) നിലവിലുള്ള ഡ്രൈവർമാർ.

| നമ്പർ | പേര് | വർഷം |
|---|---|---|
| (1) | (2) | (3) |
| 1 | ശ്രീ. എൽ. കുമാർ | 15 |
| 2 | ശ്രീ. മുരുകൻ. ആർ. | 15 |
| 3 | ശ്രീ. ശശികുമാർ. ഡി. | 6 |
| 4 | ശ്രീ. സുധാകരൻ. ബി. | 5 |
| 5 | ശ്രീ. ജീവാനന്ദൻ. ആർ. | 3 |
| 6 | ശ്രീ. കെ. അശോകൻ | 10 |
| 7 | ശ്രീ. എൻ.സുരേഷ് കുമാർ | 9 |
| 8 | ശ്രീ. ബിനോജ്. വി. എസ്. | 7 |
| 9 | ശ്രീ. സജീവ്. എ. | 7 |
| 10 | ശ്രീ. ശശി. ഇ. എസ്. | 7 |

| | | |
|---|---|---|
| 11 | ശ്രീ. സജു. എച്ച്. | 5 |
| 12 | ശ്രീ. പി. എസ്. പത്മകുമാർ | 3 |
| 13 | ശ്രീ. ആൽഫ്രഡ്. ഇ. ജോൺ | 5 |
| 14 | ശ്രീ. ഗോപകുമാർ. എസ്. ആർ. | 4 |
| 15 | ശ്രീ. പത്മകുമാർ. എസ്. എസ്. | 3 |
| 16 | ശ്രീ. ജെ. ജയകുമാർ | 6 മാസം |
| 17 | ശ്രീ. ജോസഫ്. വി. വി. | 6 മാസം |
| 18 | ശ്രീ. അശോക് കുമാർ. കെ. | 4 |

**കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി**

183(1145) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ ഒരു രക്ഷാപാക്കേജ് തയ്യാറാക്കിവരുന്നു. 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇത്തരം ബസുകൾ നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രമായ പഠനത്തിനായി 24-9-2016-ലെ GO(Rt)No.367/2016/Tran. പ്രകാരം ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താനുള്ള നടപടികൾ

184 (1146) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. മുകേഷ് :

ശ്രീ. കെ. ആൻസലൻ :

ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ആധുനികവത്ക്കരിച്ച് സേവനം മെച്ചപ്പെടുത്തുവാനായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ചാർജ്ജ് വർദ്ധിപ്പിക്കാതെ നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് മാത്രം മിനിമം ചാർജ്ജ് കുറയ്ക്കാനിടയാക്കിയ സാഹചര്യം എന്തായിരുന്നു; സ്വകാര്യ ബസുകളെ ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ നിശ്ചയിച്ചത് എത്ര വരുമാന നഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത്തരം തീരുമാനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മാനേജ്മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ജീവനക്കാരുടെ പിന്തുണ നേടാനും എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കെ. എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ ഒരു രക്ഷാപാക്കേജ് തയ്യാറാക്കിവരുന്നു. 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റു സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ അത്തരം ബസുകൾ നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റായി നിയമിച്ചിട്ടുണ്ട്.

(ബി) ലാഭകരമല്ലാത്ത റൂട്ടുകൾ പുനഃക്രമീകരിച്ച് ലാഭത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഡീസൽ വിലയിലുണ്ടായ കുറവിനെത്തുടർന്നാണ് കെ.എസ്.ആർ. ടി.സി. ഓർഡിനറി ബസുകളിലെ ടിക്കറ്റ് നിരക്കിൽ ഒരു രൂപ കുറവ് വരുത്താൻ സർക്കാർ തീരുമാനിച്ചത്. കെ.എസ്.ആർ.ടി.സി.-യിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതുമൂലം പ്രതിവർഷം ശരാശരി 12 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. നിലവിൽ ഈ നടപടികൾ പിൻവലിക്കുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായുള്ള രക്ഷാപാക്കേജിൽ ഈ വിഷയം പരിശോധിച്ചുവരുന്നു.

## ബസ് ടെർമിനൽ കം വാണിജ്യ സമുച്ചയം

185 (1147) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം വാണിജ്യ സമുച്ചയം എവിടെയെല്ലാം നിർമ്മിച്ച് നിലവിൽ വരുമാനമുണ്ടാക്കി വരുന്നു; ഓരോന്നിലുമുള്ള സ്ഥാപനങ്ങളുടെ എണ്ണവും അവയിൽനിന്ന് ലഭിക്കുന്ന വരുമാനവും പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) ബി.ഒ.ടി. അടിസ്ഥാനത്തിൽ സംസ്ഥാനത്തെവിടെയെല്ലാം ആധുനിക രീതിയിലുള്ള ബസ് ടെർമിനൽ കം വ്യാപാര സമുച്ചയം നിലവിൽ പ്രവർത്തിച്ച് വരുന്നു; ഓരോന്നിലുമുള്ള സ്ഥാപനങ്ങളുടെ എണ്ണവും അവയിൽനിന്ന് ലഭിക്കുന്ന വരുമാനവും പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇവ എവിടെയെല്ലാം പണി പൂർത്തിയാക്കിയിട്ടുണ്ട്; പണി പൂർത്തിയാക്കിയവ പ്രവർത്തന സജ്ജമാക്കാത്തത് ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ നിന്നുള്ള വരുമാനത്തിൻെറ എത്ര ഭാഗമാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നത്; ലഭിക്കുന്നില്ലെങ്കിൽ അതിൻെറ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) കോടിക്കണക്കിന് തുക ചെലവിട്ട് നിർമ്മിച്ച ഇത്തരം സമുച്ചയങ്ങൾ വരുമാനം ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

### ഉത്തരം

(എ) കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, കൊട്ടാരക്കര, കാസർഗോഡ്, കണ്ണൂർ എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതികൾ

പൂർത്തീകരിച്ചത്. കാട്ടാക്കട വാണിജ്യ സമുച്ചയത്തിൽ കടമുറികൾ 32-ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും ഓഫീസ് സ്പെയ്സ് 2 എണ്ണവുമുണ്ട്. ഇതിൽ ഓഫീസ് ബ്ലോക്ക് 1 ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. പലിശരഹിത കരുതൽ നിക്ഷേപമായി 6,24,01,000 രൂപ വാഗ്ദാനം നൽകിയിട്ടുള്ളതും ടി ഇനത്തിൽ 6,10,21,000 രൂപ പിരിഞ്ഞ് കിട്ടിയിട്ടുള്ളതുമാണ്. പ്രതിമാസ ലൈസൻസ് തുകയായി 1,86,714 രൂപ പിരിഞ്ഞുകിട്ടുന്നു. നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ ലൈസൻസികളെ കണ്ടെത്താനയത് 30 മുറികൾക്കാണ്. പലിശരഹിത കരുതൽ നിക്ഷേപമായി 4,45,47,000 രൂപ വാഗ്ദാനം നൽകിയതിൽ 3,44,08,950 രൂപ പലിശരഹിത കരുതൽ നിക്ഷേപയിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. വാണിജ്യ സമുച്ചയത്തിലെ കടമുറികൾ തുറന്നുപ്രവർത്തിച്ചുതുടങ്ങാത്തതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസ തവണകൾ ലഭിച്ചുതുടങ്ങിയിട്ടില്ല. നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികളിൽ 24 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 5,52,10,800 രൂപ വാഗ്ദാനമായി ലഭിച്ചതിൽ 4,97,45,930 രൂപ കരുതൽ നിക്ഷേപയിനത്തിൽ പിരിഞ്ഞു കിട്ടുകയും ചെയ്തു. പ്രതിമാസ ലൈസൻസ് ഫീ ആയി 69,669 രൂപ നിലവിൽ ലഭിച്ചുവരുന്നു.

പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികളിൽ 10 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 2,04,22,800 രൂപ വാഗ്ദാനം ലഭിച്ചതിൽ 1,92,34,880 രൂപ പിരിഞ്ഞു കിട്ടുകയും ചെയ്തു. പയ്യന്നൂർ യൂണിറ്റിൽ കടകൾ തുറന്ന് പ്രവർത്തിച്ചുതുടങ്ങാത്തതിനാൽ വാടകയിനത്തിൽ നിലവിൽ തുകകൾ ലഭിച്ചുതുടങ്ങിയിട്ടില്ല. കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണുള്ളത്. അതിൽ 37 കടമുറികളിൽ ലൈസൻസികൾ പ്രവർത്തിക്കുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസായി ഉപയോഗിച്ചുവരികയും ചെയ്യുന്നു. പ്രതിമാസ വാടക ഇനത്തിൽ 1,48,000 രൂപ ലഭിച്ചുവരുന്നു. കൊട്ടാരക്കര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാളുമാത്രമാണ് അവശേഷിക്കുന്നത്. പ്രതിമാസ വാടക ഇനത്തിൽ 3,11,846 രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചുവരുന്നു. കാസർഗോഡ് വാണിജ്യ സമുച്ചയത്തിൽ ആകെ 73 കടമുറികളുണ്ട്. ഇതിൽ ലൈസൻസിയെ കണ്ടെത്തിയത് 71 മുറികൾക്കാണ്. പ്രതിമാസ ലൈസൻസ് ഫീസായി 5,74,000 രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചുവരുന്നു.

(ബി) ബി.ഒ.ടി. അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നത് അങ്കമാലി, തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല എന്നിവയാണ്. ഇതിൽ കോഴിക്കോട്

ഒഴികെയുള്ളവയിൽ നിന്നും വരുമാനം ലഭിച്ചുവരുന്നു. സ്ഥാപനങ്ങളുടെ എണ്ണവും വരുമാനവും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ പണി പൂർത്തിയാക്കിയവ അങ്കമാലി, തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല എന്നിവയാണ്. ഇവയെല്ലാം പ്രവർത്തനസജ്ജമായി വന്നുകൊണ്ടിരിക്കുന്നു.

(ഡി) അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കേംപ്ലക്സിന്റെ നടത്തിപ്പിലെ വരുമാനത്തിൽ നിന്നും കോംപ്ലക്സിന്റെ ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ് ഇനത്തിൽ കെ.ടി.ഡി.എഫ്.സി.-ക്ക് ചെലവായ തുക കിഴിച്ചതിനുശേഷമുള്ള ലാഭവിഹിതത്തിന്റെ 50% തുകയാണ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകേണ്ടത്. അങ്കമാലി കോംപ്ലക്സിൽ നിന്നും 1,41,00,000 രൂപ അന്യൂറ്റി ഇനത്തിൽ നാളിതുവരെ നൽകിയിട്ടുണ്ട്. തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) കോംപ്ലക്സിൽ നിന്നും ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ് ഇനത്തിൽ കെ.ടി.ഡി.എഫ്.സി.-ക്ക് ചെലവാകുന്ന തുകപോലും വാടകയായി ഇപ്പോൾ ലഭിച്ചു തുടങ്ങിയിട്ടില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് അന്യൂറ്റി ലഭിച്ച് തുടങ്ങിയിട്ടില്ല. കോഴിക്കോട് ടെർമിനലിൽ നിന്നുള്ള വരുമാനം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തീർപ്പിനുവിധേയമായി തീരുമാനമെടുക്കുന്നതാണ്.

(ഇ) വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ വികസനം**

186 (1148) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്ന് കര കയറ്റാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിക്കിട്ടിയ ആസ്തികൾക്ക് പ്രതിവർഷം സംസ്ഥാന സർക്കാരിന് വിഹിതം നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ സർക്കാരിൽ നിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ നൽകിയ ധനസഹായത്തിന്റെ വിവരം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കെ. എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ സർക്കാർ ഒരു രക്ഷാപാക്കേജ് തയ്യാറാക്കിവരുന്നു. 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ മറ്റ് സ്ഥലങ്ങളിൽ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇത്തരം ബസുകൾ നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കൊൽക്കത്ത ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്.

(ബി) സർക്കാരിന് വിഹിതം നൽകേണ്ടതില്ല.

(സി) പബ്ലിക് യൂട്ടിലിറ്റി സർവീസ് എന്ന നിലയിൽ സർക്കാരിൽനിന്നും ധനസഹായം നൽകുന്നില്ല. എന്നാൽ പ്ലാൻ, നോൺ പ്ലാൻ, ഇനങ്ങളിലായി വായ്പ, ഗ്രാന്റ്/സബ്സിഡി എന്നിവ സർക്കാർ സഹായമായി നൽകുന്നുണ്ട്.

## ചെലവ് നിയന്ത്രണം

187(1149) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പാഴ്ചെലവ് എന്ന് കരുതിയിരുന്ന എന്തെല്ലാം കാര്യങ്ങൾ ഈ സർക്കാർ വന്നശേഷം ഒഴിവാക്കി എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ഉന്നതോദ്യോഗസ്ഥരുടെ അധിക ചെലവിനങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദവിവരം നൽകുമോ;

(സി) ചായ സൽക്കാര ഇനത്തിലും വൈദ്യുത ഉപയോഗ ഇനത്തിലും അധിക ചെലവ് നിയന്ത്രിക്കാൻ ഏതൊക്കെ നടപടികൾ സ്വീകരിച്ചു; ഈ നടപടികൾ മുഖേന എത്ര തുക പ്രതിമാസം ലാഭിക്കാൻ തുടങ്ങി എന്നതിന്റെ കണക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ പാഴ്ച്ചെലവുകൾ പുതുതായി ഒന്നും കണ്ടെത്തിയിട്ടില്ല.

(ബി) ഉന്നതോദ്യോഗസ്ഥർക്ക് നിയമാനുസൃതമായി അർഹതപ്പെട്ട ആനുകൂല്യങ്ങളല്ലാതെ മറ്റൊന്നും നൽകുന്നില്ല.

(സി) ഉന്നതോദ്യാഗസ്ഥരുടെ ചായ സൽക്കാരത്തിനായി നാമമാത്രമായ തുക മാത്രമേ ചെലവഴിക്കുന്നുള്ളൂ. വെള്ളം, വൈദ്യുതി എന്നിവ ലാഭിക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നഷ്ടം നികത്താൻ നടപടി

188(1150) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി.-ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ദിവസം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം എത്രകോടി രൂപയാണ്; ട്രെയിൻ ടിക്കറ്റ് നിരക്കിൽ വരാൻ പോകുന്ന വർദ്ധനവ് കണക്കിലെടുത്ത് കൂടുതൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശരാശരി 4752 ബസുകൾ കെ.എസ്.ആർ.ടി.സി. നിലവിൽ സർവീസ് നടത്തി വരുന്നുണ്ട് (ആഗസ്റ്റ് 2016 വരെ).

(ബി) ഒരു ദിവസം കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരുമാനം 5.04 കോടി രൂപയാണ്. കെ.യു.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന കളക്ഷനായ 0.46 കോടി രൂപകൂടി ഉൾപ്പെടുത്തുമ്പോൾ പ്രതിദിന വരുമാനം (ആഗസ്റ്റ് 2016) 5.50 കോടി രൂപ.

(സി) 2012-13 സാമ്പത്തിക വർഷത്തിലെ സി.ആന്റ് എ.ജി. ആഡിറ്റ് ചെയ്ത കണക്കനുസരിച്ച് നഷ്ടം (സഞ്ചിത നഷ്ടം) 3,025.90 കോടി രൂപയാണ്. 2015-16 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് നഷ്ടം (സഞ്ചിത നഷ്ടം) 4,844.21 കോടി രൂപയാണ്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായുള്ള രക്ഷാപാക്കേജിൽ ഈ വിഷയം പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ വ്യാപാര സമുച്ചയം

189 (1151) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വ്യാപാരസമുച്ചയത്തിൽ എത്ര കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വാടക ഇനത്തിൽ പ്രതിമാസം എത്ര തുകയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വ്യാപാരസമുച്ചയത്തിൽ സ്ഥലം അവശേഷിക്കുന്നുണ്ടെങ്കിൽ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കരയിലെ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വ്യാപാര സമുച്ചയത്തിലെ എല്ലാ മുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രതിമാസം വാടകയിനത്തിൽ 3,11,846 രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചുവരുന്നു.

(സി) നിലവിൽ ഓഫീസ് യോഗങ്ങൾക്കുവേണ്ടിയുള്ള ഒരു കോൺഫറൻസ് ഹാൾ മാത്രമാണ് അവശേഷിക്കുന്നത്. ഓഫീസ് യോഗങ്ങൾ ഇല്ലാത്ത അവസരത്തിൽ ഈ ഹാൾ പൊതു ആവശ്യങ്ങൾക്ക് ദിവസ വാടക അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്നതാണ്. 8 മണിക്കൂറിന് 2,000 രൂപ വാടകയും നികുതിയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകൾ

190(1152) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി.-യുമായുള്ള പണമിടപാടുകളുമായി ബന്ധപ്പെട്ട്, കെ.എസ്.ആർ.ടി.സി-യുടെ അധീനതയിലുണ്ടായിരുന്ന ഏതൊക്കെ വസ്തുവകകൾ പണയപ്പെടുത്തിയിട്ടുണ്ടെന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഈ വസ്തുവകകൾ കെ.എസ്.ആർ.ടി.സി. നിലവിൽ വന്നശേഷം സമ്പാദിച്ചവയാണോ എന്നും അല്ലെങ്കിൽ അവ ആരിൽ നിന്ന്, ഏത് വിധത്തിൽ, എന്ന്, കെ.എസ്.ആർ.ടി.സി.-യുടെ കൈവശം വന്നുചേർന്നു എന്നും വിശദമാക്കുമോ;

(സി) ഈ വസ്തുവകകൾ പണയപ്പെടുത്താൻ സർക്കാരിൽ നിന്നും അനുമതി വാങ്ങിയിരുന്നോ; എങ്കിൽ അനുമതി പത്രത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിൽ കെ.ടി.ഡി.എഫ്.സി.-യിൽ കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഒരു വസ്തുവും പണയത്തിലില്ല. കെ.ടി.ഡി.എഫ്.സി.-യുടെ വായ്പയിൽ 1300 കോടി രൂപ 31-12-2015-ൽ കൺസോർഷ്യം ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് അടച്ചുതീർത്തിട്ടുണ്ട്. ആയതിനാൽ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പയ്ക്ക് ഗ്യാരന്റിയായി പറഞ്ഞിരുന്ന വസ്തുവകകൾ കൺസോർഷ്യം ബാങ്കുകൾക്ക് പണയപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെള്ളനാട് ഡിപ്പോ തിരുവനന്തപുരം എസ്.ബി.ടി. കോർപ്പറേറ്റ് ബ്രാഞ്ചിലും എടപ്പാൾ റീജീയണൽ വർക്ക്ഷോപ്പ് പാലക്കാട് ജില്ലാ സഹകരണ ബാങ്കിലും പണയപ്പെടുത്തുകയും തെക്കേത്തെരുവ് മൈതാനം അറ്റാച്ച്മെന്റിലാകുകയും ചെയ്തിട്ടുണ്ട്.

(ബി) നിലിവൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ളതും ടി സ്ഥലങ്ങൾ ഏതുവിധം ലഭ്യമായിയെന്നതും ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അനുമതി വാങ്ങിയിട്ടുണ്ട്. അനുമതി പത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ജീവനക്കാരുടെ പരാതികൾക്ക് കൈപ്പറ്റ് രസീത്**

191 (1153) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഭവനിൽ ജീവനക്കാരിൽ നിന്നും ലഭിക്കുന്ന പരാതികളും അപേക്ഷകളും കമ്പ്യൂട്ടറിലോ രജിസ്റ്ററിലോ ചേർത്ത് നമ്പരിട്ട് കൈപ്പറ്റ് രസീത് നല്കാറുണ്ടോ;

(ബി) എങ്കിൽ 2016-ൽ അത്തരത്തിൽ ലഭിച്ച എത്ര അപേക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നല്കാമോ;

(സി) അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന രീതി നിലവിലില്ലെങ്കിൽ ഓഫീസ് മാന്വൽ വ്യവസ്ഥകളും ഗവൺമെന്റ് കാലാകാലങ്ങളിൽ (30-3-1985-ലെ 3461/A2/85 ഉ.ഭ.പ.വ, 12-1-2009-ലെ 168/ AR 13(2)/9/ഉ.ഭ.പ.വ., 16-7-2015-ലെ 1433/AR13(2) 2015/ഉ.ഭ.പ.വ.) പുറപ്പെടുവിക്കുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങളും കെ.എസ്.ആർ.ടി.സി.-യിൽ പാലിക്കപ്പെടാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ട്രാൻസ്പോർട്ട് ഭവനിൽ ജീവനക്കാരിൽനിന്നും ലഭിക്കുന്ന പരാതികളും അപേക്ഷകളും രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് ബന്ധപ്പെട്ട സെക്ഷനുകളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകുന്നു. കൈപ്പറ്റ് രസീത് ആവശ്യപ്പെട്ടാൽ ടി രസീത് നൽകാറുണ്ട്. തപാൽ വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി ത്വരിതഗതിയിലാണ്.

(ബി) 2016-ൽ ഇത്തരത്തിൽ 2344 അപേക്ഷകൾ നമ്പരിട്ട് നൽകിയിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.യുടെ തപാൽ വിഭാഗത്തിൽ ലഭ്യമായ അപേക്ഷകളുടെ/ പരാതികളുടെ കണക്കാണ്. കൂടാതെ ചെയർമാൻ & മനേജിംഗ് ഡയറക്ടർക്കും ജനറൽ മാനേജർക്കും എക്സിക്യൂട്ടീവ് ഡയറക്ടർക്കും നേരിട്ട് ലഭിക്കുന്ന പരാതികളും/ അപേക്ഷകളും രജിസ്റ്ററിൽ ചേർത്താണ് വിവിധ വിഭാഗങ്ങളിൽ നൽകുന്നത്.

(സി) എ, ബി പിരിവുകളുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കൊല്ലം ഡിപ്പോയിൽ ബസുകൾ**

192(1154) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൊല്ലം ഡിപ്പോയിൽ നിലവിലുള്ള സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര ബസ്സുകളാണ് ആവശ്യമെന്നും എത്ര ബസ്സുകളുടെ കുറവുണ്ടെന്നും അറിയിക്കുമോ;

(ബി) കുറവുള്ള ബസ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 12 എ.സി. 2 നോൺ എ.സി. ജൻറം ഷെഡ്യൂളുകൾ ഉൾപ്പെടെ 149 ഷെഡ്യൂളുകളാണുള്ളത്. ഇപ്പോൾ 12 ജൻറം ഉൾപ്പെടെ 106 ഷെഡ്യൂളുകളാണ് കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നത്. മറ്റുള്ള ഷെഡ്യൂളുകൾ ലാഭകരമല്ലാത്തതുകൊണ്ടാണ് ഓപ്പറേറ്റ് ചെയ്യാത്തത്. ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 117 ബസുകളാണ് ആവശ്യമായിട്ടുള്ളത്. കൊല്ലം ഡിപ്പോയിൽ നിലവിൽ 15 ജൻറം ബസുകൾ ഉൾപ്പെടെ 139 ബസുകളാണുള്ളത്.

(ബി) എ പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ബയോ ഡീസൽ**

193 (1155) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളിൽ ബയോ ഡീസൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ബയോ ഡീസൽ പമ്പുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ തൊട്ടിൽപാലം ഡിപ്പോയിൽ 9-9-2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്.

(ബി) കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ ഡിപ്പോകളിൽ ബയോ ഡീസൽ പമ്പുകൾ സ്ഥാപിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വർക്കിംഗ് അറേഞ്ച്മെന്റ്**

194 (1156) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ആസ്ഥാനത്ത് കണ്ടക്ടർ, ഡ്രൈവർ എന്നീ തസ്തികകളിലുള്ള എത്ര ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ ഡിപ്പോകളിലേക്ക് മാറ്റി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ആസ്ഥാനത്ത് കണ്ടക്ടർ തസ്തികയിലുള്ള 33 ജീവനക്കാരും ഡ്രൈവർ തസ്തികയിലുള്ള 2 ജീവനക്കാരും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സി.എൻ.ജി.-യുടെ ഉപയോഗം**

195(1157) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ എത്ര ബസ്സുകളിൽ സി.എൻ.ജി. ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്; ഇല്ലെങ്കിൽ അതിന്റെ കാലതാമസത്തിനുള്ള കാരണം അറിയിക്കുമോ;

(ബി) ഡീസലിൽ നിന്ന് സി.എൻ.ജി.-യിലേക്ക് മാറുന്നതിനുള്ള തീരുമാനം ഏതു കാലയളവിലാണ് സ്വീകരിച്ചത്; അത് കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധനച്ചെലവിനെ എത്ര കണ്ട് ലാഭകരമാക്കാനാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സി.എൻ.ജി.-യിലേക്ക് മാറുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര തുക; എപ്പോൾ; അപ്രകാരം നൽകിയ തുക സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പണം സ്വീകരിച്ചുകഴിഞ്ഞ ശേഷവും പദ്ധതി നടപ്പാക്കാത്തതിന് കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ബസുകളിൽ സി.എൻ.ജി ഇന്ധനം ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിലെവിടെയും സ്ഥാപിതമായിട്ടില്ലാത്തതിനാലാണ് സി.എൻ.ജി. ഉപയോഗിക്കുവാൻ കഴിയാത്തത്.

(ബി) ഈ സർക്കാരിന്റെ 2016-17-ലെ ബഡ്ജറ്റിലാണ് ഡീസലിൽനിന്ന് സി.എൻ.ജി.-യിലേക്ക് മാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നിലവിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള ബസുകൾ കേരളത്തിൽ ഓടിച്ചു തുടങ്ങിയിട്ടില്ല. ആയതിനാൽ താരതമ്യപഠനം നടത്തുവാൻ കഴിഞ്ഞിട്ടില്ല. സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതുമൂലം ഇന്ധനച്ചെലവിൽ ഗണ്യമായ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലവിൽ കേന്ദ്ര സർക്കാരിൽനിന്നും യാതൊരു സഹായവും ലഭിച്ചിട്ടില്ല.

**ശമ്പള പരിഷ്കരണം**

196 (1158) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കരാർ അവസാനിക്കുന്നതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ശമ്പള പരിഷ്കരണ ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കരാർ 29-2-2016-ന് അവസാനിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശമ്പളപരിഷ്കരണ ചർച്ചകളൊന്നും നടന്നിട്ടില്ല.

**ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വാഹനങ്ങൾ**

197(1159) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യിലെ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് ഏതൊക്കെ തരത്തിലുള്ള എത്ര വാഹനങ്ങൾ ഔദ്യോഗിക ആവശ്യത്തിനായി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിന് എന്ത് തുക ചെലവായെന്നും ആയത് എവിടെ നിന്ന് കണ്ടെത്തിയെന്നും വ്യക്തമാക്കുമോ;

(സി) ഔദ്യോഗിക വാഹനം അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്കെല്ലാം അവ ലഭ്യമാകാത്തത് കാരണമാണോ പുതിയ വാഹനങ്ങൾ അടിയന്തരമായി വാങ്ങേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ മുൻസർക്കാരിന്റെ കാലത്ത് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യത്തിനായി ടയോട്ട കമ്പനിയുടെ ഒരു ഇന്നോവ കാർ വാങ്ങിയിട്ടുണ്ട്.

(ബി) നികുതികൾ ഉൾപ്പെടെ 11,42,586 രൂപ ചെലവായിട്ടുണ്ട്. ടി തുക കെ.എസ്.ആർ.ടി.സി.-യുടെ റവന്യൂ അക്കൗണ്ടിൽ നിന്നാണ് ലഭ്യമാക്കിയിരിക്കുന്നത്.

(സി) നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനം 10 വർഷത്തിനുമേൽ പഴക്കമുള്ളതുകൊണ്ട് ദീർഘദൂര യാത്രയ്ക്ക് അനുയോജ്യമല്ലാത്തതിനാലാണ് ഈ പുതിയ വാഹനം വാങ്ങിയത്.

**കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത**

198 (1160) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യത നിലവിൽ എത്ര കോടി രൂപയാണ്;

(ബി) 2016 ജൂണിനുശേഷം ശമ്പളവും പെൻഷനും നൽകാനായി കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപ കടം വാങ്ങി; എത്ര ശതമാനം പലിശയാണ്

നൽകേണ്ടത്; ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് കടം വാങ്ങിയത്;

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന കളക്ഷൻ എത്രയാണ്;

(ഡി) കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 31-8-2016-ലെ കണക്കനുസരിച്ച് വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് 2823.42 കോടി രൂപയും സർക്കാർ വായ്പായിനത്തിൽ 548 കോടി രൂപയും ചേർന്ന് കെ.എസ്.ആർ.ടി.സി.-യുടെ ആകെ ബാധ്യത 3371.42 കോടി രൂപയാണ്.

(ബി) 2016 ജൂണിനുശേഷം 31-8-2016 വരെ വിവിധ സ്ഥാപനങ്ങളിൽ നിന്നും ശമ്പളവും പെൻഷനും നൽകാനായി കടമെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) കെ.എസ്.ആർ.ടി.സി.-യിലെ പ്രതിദിന വരുമാനം ശരാശരി 5.04 കോടി രൂപയാണ്. കെ.യു.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനമായ 0.46 കോടി രൂപ ഉൾപ്പെടാതെയാണ് ഇത്.

(ഡി) ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി, കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപക്കേജ് സർക്കാരിൽ തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് തയ്യാറാക്കി വരുന്നു. 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതോടെ കൊച്ചി നഗരത്തിൽ പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാവുന്ന 100 കെ.എസ്.ആർ.ടി.സി. ബസുകൾ നിരത്തിലിറക്കുന്നതിനും കൂടാതെ സി.എൻ.ജി. ഇന്ധനം ലഭ്യമാകുന്നതോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് വിശദപഠനം നടത്താനായി ഐ.ഐ.എം. കൊൽക്കത്തയിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ 24-9-2016-ലെ G.O. (Rt) No. 367/16/Tran. നമ്പർ ഉത്തരവുപ്രകാരം കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഭൂമി

199 (1161) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ 4936/TC4/65/PW dated 12-3-1965 പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിക്കിട്ടിയ മൊത്തം ഭൂമിയുടെ വിസ്തീർണ്ണം എത്രയായിരുന്നു; അതിൽ എത്ര ഭൂമി ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുണ്ട് എന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യ വ്യക്തികൾ അനധികൃതമായി കയ്യേറിയ കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി എവിടെയെല്ലാമാണെന്നും ഓരോ സ്ഥലത്തും എത്ര ഭൂമി കയ്യേറിയെന്നും ആ സ്ഥലത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്നും വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥലത്തെയും കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്നും ഒഴിപ്പിക്കൽ നടപടിക്ക് ജില്ലാ ഭരണകൂടത്തെ സമീപിച്ചത് എന്നാണെന്നും അറിയിക്കുമോ; ജില്ലാകളക്ടർമാർക്കുള്ള കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 12-3-1965-ലെ സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ 4936/TC4/65/PW-ൽ ഏതൊക്കെ സ്ഥലങ്ങളാണ് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറി കിട്ടിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി.-യുടെ തിരുവനന്തപുരം ജില്ലയിലെ പാച്ചല്ലൂർ (1.67 സെന്റ്), ആറ്റിങ്ങൽ (3.5 സെന്റ്), ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി (10 സെന്റ്), വയനാട് ജില്ലയിലെ കൽപ്പറ്റ (36 സെന്റ്), ഇടുക്കി ജില്ലയിലെ ദേവികുളം (20 സെന്റ്) എന്നിവിടങ്ങളിൽ സ്വകാര്യ വ്യക്തികളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറി കിട്ടുന്നതിന് മുൻപാണ് ഈ സ്ഥലങ്ങളിൽ കയ്യേറ്റങ്ങൾ നടന്നിരിക്കുന്നതെന്ന് അന്വേഷണത്തിൽനിന്നും അറിയുവാൻ കഴിഞ്ഞു. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ട വേളകളിൽ തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഴക്കേക്കോട്ട ബസ് സ്റ്റാൻഡ് ഉൾപ്പെടുന്ന സ്ഥലം ഒഴിപ്പിച്ച് കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).*പാച്ചല്ലൂർ വെയിറ്റിംഗ് ഷെഡ്ഡിരിക്കുന്ന സ്ഥലത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് താലൂക്ക് സർവേയറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആറ്റിങ്ങൽ യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച് റീസർവേ കോറിലേഷൻ/ബി.ടി.ആർ. എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തോട്ടപ്പള്ളി സ്ഥലത്തെ അതിരുകൾ ശരിയാക്കുന്നതിനായി തഹസീൽദാർക്ക് അപേക്ഷ നൽകുകയും എത്രയും പെട്ടെന്ന് മതിൽകെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിച്ച് വരികയുമാണ്. കൽപ്പറ്റയിലെ സ്ഥലത്തിന്റെയും ദേവികുളത്തെ സ്ഥലത്തിന്റെയും അതിർത്തികൾ താലൂക്ക് സർവേയർ മുഖാന്തരം നിർണ്ണയിച്ച് മതിൽകെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലെ ഭൂമി**

200 (1162) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലെ ഭൂമിയിൽ, കെ.ടി.ഡി.എഫ്.സി. എത്ര ബസ് സ്റ്റേഷനുകളും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇവ ഓരോന്നിനും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയ്ക്ക്, എഗ്രിമെന്റ് പ്രകാരം, കോസ്റ്റ് ഓഫ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ എന്തു തുക പ്രതിവർഷ പലിശയാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിർമ്മിതികളിൽ നിന്ന് പ്രതിവർഷം ലഭിക്കുന്ന വരുമാനത്തിന്റെ വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള അങ്കമാലി, തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല എന്നിവിടങ്ങളിലെ ഭൂമിയിൽ കെ.ടി.ഡി.എഫ്.സി. ബി.ഒ.ടി. അടിസ്ഥാനത്തിൽ ബസ് സ്റ്റേഷനുകളും ഷോപ്പിംഗ് കോംപ്ലക്സുകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. നിർമ്മിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് ചെലവായ തുകകളുടെ ഫൈനൽ ബില്ലുകൾ നൽകിയിട്ടില്ല. നാളിതുവരെ ചെലവായ തുകകളുടെ വിവരം (ഫൈനൽ ആഡിറ്റ് പരിശോധനയ്ക്ക് വിധേയമായി) ചുവടെ ചേർക്കുന്നു:

1. ടെർമിനൽ കം വാണിജ്യ സമുച്ചയം (തിരുവനന്തപുരം)-75.98 കോടി
2. ടെർമിനൽ കം വാണിജ്യ സമുച്ചയം (അങ്കമാലി)-37.59 കോടി
3. ടെർമിനൽ കം വാണിജ്യ സമുച്ചയം (തിരുവല്ല)-47.98 കോടി
4. ടെർമിനൽ കം വാണിജ്യ സമുച്ചയം (കോഴിക്കോട്)- 68 കോടി

(സി) 1. ടെർമിനൽ കം വാണിജ്യ സമുച്ചയം (കോഴിക്കോട്) കോസ്റ്റ് ഓഫ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 2015 വരെയുള്ള പലിശ 29.29 കോടി രൂപ ആണ്.

2. മറ്റു പ്രോജക്ടുകളുടെ നാളിതുവരെയുള്ള പലിശത്തുക കണക്കാക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റിനെ ഏൽപ്പിച്ചിരിക്കുന്നു.

(ഡി) കോഴിക്കോട് സമുച്ചയത്തിൽനിന്ന് വരുമാനം ലഭിച്ച് തുടങ്ങിയിട്ടില്ല. മറ്റുള്ളവയെ സംബന്ധിക്കുന്നവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലോഫ്ലോർ ബസുകൾ

201(1163) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ലോഫ്ലോർ ബസുകൾ ഉൾപ്പെടെയുള്ളവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാറില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ബസുകൾ യഥാസമയം അറ്റകുറ്റപ്പണി ചെയ്യാത്തതുമൂലം സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ടോ;

(സി) ഇപ്രകാരം സർവ്വീസുകൾ മുടങ്ങുന്നതുമൂലമുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നഷ്ടം ഏതുരീതിയിൽ നികത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കാറുള്ളത്;

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ ചെയ്ത് മുടക്കമില്ലാതെ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ടാകാറുണ്ട്. 2016 ആഗസ്റ്റിലെ കണക്കുപ്രകാരം ജൻറം പദ്ധതിയിൽപ്പെട്ട ഒരു ബസ് ഓടാതെ വരുമ്പോൾ ശരാശരി 11,470 രൂപ നഷ്ടമുണ്ടാകുന്നുണ്ട്. അറ്റകുറ്റപ്പണിക്കായി പിടിച്ചിട്ടുള്ള 145 ബസുകൾ അറ്റകുറ്റപ്പണി തീർത്ത് നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ആർ.ടി.സി.-യുടെ പരസ്യ വരുമാനം

202(1164) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിൽ വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും ബസ്സുകളുടെ ഇരുവശങ്ങളിലും പുറത്തും ഉള്ളിലും പരസ്യം പതിക്കുന്നതിനുമുള്ള നടപടിക്രമം എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്പെയ്സ് അലോട്ട്മെന്റിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്; വിശദീകരിക്കുമോ;

(സി) ബസ്സുകളിൽ അന്തർസംസ്ഥാന കമ്പനികളുടെയും അന്താരാഷ്ട്ര വൻകിടക്കാരുടെയും പരസ്യങ്ങൾ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്നത് നിയമാനുസൃതമായിട്ടാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പരസ്യ വരുമാനം ഭീമമാണെങ്കിലും കെ.എസ്.ആർ.ടി.സി-യുടെ കണക്കിൽ അത് കൃത്യമായി എത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) ഓരോ പരസ്യത്തോടുമൊപ്പം അനുമതി പത്രത്തിന്റെ നമ്പർ കൂടി നിർബന്ധമായും രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിലും ബസുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് എല്ലാ പ്രമുഖ ദേശീയ പത്രങ്ങളിലും പരസ്യം നൽകി ലേലം/ടെണ്ടർ നടപടികളിലൂടെ ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. ടി ലൈസൻസികൾ മുഖേനയാണ് പരസ്യം പതിക്കുന്നത്.

(ബി) ബസുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് 1989-ലെ കേരള മോട്ടോർ വാഹനച്ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചും ബോർഡുകൾ സ്ഥാപിക്കുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലുമാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാകാത്ത സ്ഥലങ്ങളാണ് ബോർഡുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത്.

(സി) കെ.എസ്.ആർ.ടി.സി. ബസുകളിൽ നിയമാനുസൃതമല്ലാത്ത പരസ്യങ്ങൾ ചെയ്യുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ലൈസൻസികൾക്ക് നിർദ്ദേശം നൽകുന്നതാണ്.

## മാവേലിക്കര ഡിപ്പോയിലെ ഡ്രൈവർമാർ

203 (1165) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയിൽ ഈ സർക്കാർ അധികാരമേൽക്കുമ്പോഴുണ്ടായിരുന്ന ഡ്രൈവർമാരുടെ എണ്ണം എത്രയായിരുന്നെന്നും നിലവിലുള്ള ഡ്രൈവർമാരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ; കൂടുതൽ ഡ്രൈവർമാരെ ഡിപ്പോയിലേക്ക് ലഭ്യമാക്കണം എന്ന ആവശ്യത്തിന് അടിയന്തര പരിഹാരം കാണുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കായംകുളം-കോമല്ലൂർ-നൂറനാട്-പന്തളം സർവ്വീസ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ മാവേലിക്കര യൂണിറ്റിലുണ്ടായിരുന്നത് 85 സ്ഥിരം ഡ്രൈവർമാരും 13 എംപാനൽ ഡ്രൈവർമാരുമായിരുന്നു. നിലവിൽ ടി യൂണിറ്റിൽ 83 സ്ഥിരം ഡ്രൈവർമാരും 16 എംപാനൽ ഡ്രൈവർമാരുമാണുള്ളത്. പി.എസ്.സി.-യിൽ നിന്നും പുതിയ നിയമനം ലഭിക്കുന്ന മുറയ്ക്കും സ്ഥലംമാറ്റം ആവശ്യപ്പെടുന്നതനുസരിച്ചും കൂടുതൽ ഡ്രൈവർമാരെ നിയമിക്കുന്നതാണ്.

(ബി) കായംകുളം-കോമല്ലൂർ-നൂറനാട്-പന്തളം സർവീസ് വരുമാനക്കുറവുമൂലം നിന്നുപോയതാണ്. ബസിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി റൂട്ടിൽ പുതിയ സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തിക

204 (1166) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ പ്രസ്തുത ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്;

(സി) പി.എസ്.സി. അഡ്വൈസ് ചെയ്ത എത്രപേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്;

(ഡി) പി.എസ്.സി. അഡ്വൈസ് ചെയ്ത മുഴുവൻ പേർക്കും നിയമനം നൽകാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) ഡ്രൈവർമാരുടെ മുഴുവൻ ഒഴിവുകളും നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(ബി) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽനിന്നും കെ.പി.എസ്.സി. അഡ്വൈസ് നൽകി കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയിട്ടുള്ള അഡ്വൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള (KLR IV (1) 2455/10) 780 ഉദ്യോഗാർത്ഥികളിൽ 685 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) കെ.പി.എസ്.സി. അഡ്വൈസ് ചെയ്ത 95 പേർക്ക് നിയമനം നൽകാനുണ്ട്.

(ഡി) കെ.പി.എസ്.സി. അഡ്വൈസ് ചെയ്ത ബാക്കി 95 പേർക്ക് നിയമനം നൽകുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

(ഇ) ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് കേരള പി.എസ്.സി.-യെ അറിയിക്കുന്നതാണ്.

**കെ.ടി.ഡി.എഫ്.സി**

205 (1167) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.) സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ സ്ഥാപിതമായ ശേഷം കെ.എസ്.ആർ.ടി.സി.-യുമായി എന്തൊക്കെ ഇടപാടുകൾ ഇതേവരെ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദ വിവരം നൽകാമോ;

(സി) കോർപ്പറേഷൻ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ; എങ്കിൽ ലാഭത്തിന്റെ സ്രോതസ്സുകൾ വെളിപ്പെടുത്തുമോ; നഷ്ടത്തിലാണെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.ടി.ഡി.എഫ്.സി. രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-ക്കു നൽകിയിട്ടുള്ള വായ്പകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ബി.ഒ.ടി. അടിസ്ഥാനത്തിൽ തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ലാഭത്തിലാണ്. ലാഭത്തിന്റെ സ്രോതസ്സ് കെ.എസ്.ആർ.ടി.സി.-ക്കും മറ്റ് ഉപഭോക്താക്കൾക്കും നൽകിയ വായ്പയുടെ പലിശയിനമാണ്.

**കെ.ടി.ഡി.എഫ്.സി.-യുടെ രൂപീകരണം**

206(1168) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി. രൂപീകരിച്ചതെന്നാണെന്നും രൂപീകരിക്കുമ്പോൾ അതിന്റെ പരമ പ്രധാനമായ ലക്ഷ്യമെന്തായിരുന്നുവെന്നും വിശദമാക്കുമോ;

(ബി) ഇത് രൂപീകൃതമായതുമുതൽ കെ.എസ്.ആർ.ടി.സി. വിവിധ ഘട്ടങ്ങളിലായി കെ.ടി.ഡി.എഫ്.സി.-യിൽ നിന്ന് എത്ര തുക കടം വാങ്ങിയെന്നും ഓരോ തവണയും കെ.ടി.ഡി.എഫ്.സി. അതിന് ഈടാക്കിയ പലിശ നിരക്ക്എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി. കൂടുതൽ തുക തിരിച്ചടച്ചതായി എ.ജി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അങ്ങനെ അടയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ളവർക്ക് ഇത്തരത്തിൽ ലോൺ നൽകുന്നതിനുള്ള തുക കെ.ടി.ഡി.എഫ്.സി. എങ്ങനെയാണ് സ്വരൂപിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്പനീസ് ആക്ട്, 1956 പ്രകാരം 27-2-1991-ൽ കെ.ടി.ഡി.എഫ്.സി. ഒരു സർക്കാർ കമ്പനിയായി രൂപീകരിക്കപ്പെട്ടു. ടി കമ്പനി രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കെ.ടി.ഡി.എഫ്.സി. കെ.എസ്.ആർ.ടി.സി.-ക്ക നൽകിയിട്ടുള്ള വായ്പകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ഡി) പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഗ്യാരന്റിയോടുകൂടി ഫിക്സഡ് ഡെപ്പോസിറ്റുകൾ സ്വീകരിച്ചുകൊണ്ടാണ് ലോൺ നൽകുന്നതിനുള്ള തുക പ്രധാനമായും സ്വരൂപിച്ചിട്ടുള്ളത്. കൂടാതെ ക്യാഷ് ക്രെഡിറ്റ് വായ്പകളും പ്രോഫിറ്റും റിസർവുകളും ക്യാപിറ്റലും കെ.ടി.ഡി.എഫ്.സി. ബിസിനസ്സിനായി ഉപയോഗിച്ചിട്ടുണ്ട്.

**സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

207 (1169) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ബസ് ടെർമിനൽ**

208 (1170) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടെ കെട്ടിടങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധീനതയിൽ നിൽക്കുന്ന സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുണ്ടോ; കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ പോക്കുവരവ് നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നിർമ്മാണം നടന്ന സ്ഥലങ്ങളുടെയും കെട്ടിടത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഉത്തരം

(എ) ചാരുംമൂട്ടിൽ കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി ഭൂമിയില്ല. അതുകൊണ്ടുതന്നെ ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) സ്റ്റേറ്റ്മെന്റിൽ അനുബന്ധമായി* ചേർത്തിരിക്കുന്ന ലിസ്റ്റിൽ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കൈമാറിയ സ്ഥലങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കണിയാപുരം, പൂവാർ, ആറ്റിങ്ങൽ, വെഞ്ഞാറമൂട്, വിതുര, വെള്ളറട, വികാസ് ഭവൻ, ശാസ്താംകോട്ട, ചടയമംഗലം, പത്തനാപുരം, ആര്യങ്കാവ്, പുനലൂർ, ആയൂർ, ഇടമൺ, മാവേലിക്കര, പന്തളം, തിരുവല്ല, കോന്നി, കട്ടപ്പന, മൂലമറ്റം, മൂവാറ്റുപുഴ, കൂത്താട്ടുകുളം, മട്ടാഞ്ചേരി, പുതുക്കാട്, ഇരിങ്ങാലക്കുട, മാള, കൊടുങ്ങല്ലൂർ, തൃശ്ശൂർ, പാവങ്ങാട്, തൊട്ടിൽപാലം, തിരുവമ്പാടി, കൽപ്പറ്റ, സുൽത്താൻബത്തേരി എന്നീ സ്ഥലങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ പോക്കുവരവ് ചെയ്തിട്ടില്ല. പഞ്ചായത്ത്/മുനിസിപ്പാലിറ്റി കൈമാറിയതും കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ പോക്കുവരവ് ചെയ്തിട്ടില്ലാത്തതും എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശത്തിലിരിക്കുന്നതുമായ കണിയാപുരം, പൂവാർ, ആറ്റിങ്ങൽ, വെഞ്ഞാറമൂട്, വിതുര, വെള്ളറട, വികാസ്ഭവൻ, ശാസ്താംകോട്ട, ചടയമംഗലം, പത്തനാപുരം, പുനലൂർ, മാവേലിക്കര, പന്തളം, തിരുവല്ല, കോന്നി, കട്ടപ്പന, മൂലമറ്റം, മൂവാറ്റുപുഴ, കൂത്താട്ടുകുളം, പുതുക്കാട്, ഇരിങ്ങാലക്കുട, മാള, കൊടുങ്ങല്ലൂർ, തൃശ്ശൂർ, പാവങ്ങാട്, തൊട്ടിൽപാലം, തിരുവമ്പാടി, കൽപ്പറ്റ, സുൽത്താൻബത്തേരി എന്നീ സ്ഥലങ്ങളിലും പാട്ടവ്യവസ്ഥയിൽ ലഭ്യമായ ആനയറ, പമ്പ, എരുമേലി, കാഞ്ഞങ്ങാട് എന്നീ സ്ഥലങ്ങളിലും ബസ് സ്റ്റേഷൻ കെട്ടിടവും ഗ്യാരേജ് നിർമ്മാണവും നടത്തിയിട്ടുണ്ട്.

## അമിത ശബ്ദം ഉണ്ടാക്കുന്ന ഹോണുകൾ

209(1171) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത ഉദ്യോഗസ്ഥരുടെയും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഔദ്യോഗിക വാഹനങ്ങളിലും അമിത ശബ്ദം ഉണ്ടാക്കുന്ന ഹോണുകൾ ഘടിപ്പിക്കുന്നതിന് എന്തെങ്കിലും പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

(ബി) ഇല്ലെങ്കിൽ തീവ്രതയുള്ള ഹോണുകൾ ഉണ്ടാക്കുന്ന ശബ്ദമലിനീകരണം സാധാരണക്കാരായ റോഡ് യാത്രക്കാർക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ഗൗരവമായി കാണുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ വാഹനങ്ങളിൽ തീവ്ര ശബ്ദമുള്ള ഹോണുകൾ നീക്കം ചെയ്യാനും സ്വകാര്യ വാഹനങ്ങളിൽ ഇതു സംബന്ധിച്ച പരിശോധന കർശനമാക്കാനും നിർദ്ദേശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പ്രത്യേകാനുമതി നൽകിയിട്ടില്ല.

(ബി) ഗൗരവമായി കാണുകയും നിയമവിരുദ്ധമായ ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങളുണ്ട്.

**എൽ.എൻ.ജി. ഉപയോഗിച്ച് ബസ് ഗതാഗതം**

210(1172) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എൻ.ജി. ബസ്സുകൾ ഉപയോഗിച്ച് ഗതാഗതം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിലുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനുമുമ്പ് ആവശ്യമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഏതെങ്കിലും വിദേശ രാജ്യങ്ങളുമായി സഹകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പഠനം നടന്നുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിൽ ഈ പദ്ധതി നടപ്പാക്കാനായി ജർമ്മൻ വായ്പാ ഏജൻസിയായ കെ.എഫ്.ഡബ്ല്യു.-വിൽനിന്ന് വായ്പ ലഭ്യമാക്കാനുള്ള ഒരു നിർദ്ദേശം കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്.

**പുതിയ ബസുകൾ**

211(1173) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേക്ക് പുതിയതായി എത്ര ബസ്സുകൾ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബസ്സുകളുടെ അപര്യാപ്തതമൂലം ഈ ഡിപ്പോകളിൽ ദിനംപ്രതി നിരവധി സർവ്വീസുകളും ഷെഡ്യൂളുകളും വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേശസാത്കൃത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതും മികച്ച കളക്ഷനുകൾ ഉള്ളതുമായ പ്രസ്തുത ഡിപ്പോകളിലേക്ക് പുതിയതായി ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ കെ. എസ്. ആർ. ടി. സി. ഡിപ്പോക്ക് 3 പുതിയ ഫാസ്റ്റ് പാസഞ്ചർ ബസുകളും കിളിമാനൂർ ഡിപ്പോക്ക് ഒരു പുതിയ ഫാസ്റ്റ് പാസഞ്ചർ ബസുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. ബസിന്റെ ലഭ്യതക്കുറവുമൂലം വരുമാനം കുറഞ്ഞ ചില ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്യാറുണ്ട്.

(സി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഗതാഗതത്തിരക്ക് ഒഴിവാക്കൽ**

212 (1174) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതിന് ആരംഭിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി നഗരത്തെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നഗരങ്ങളിലെ ഗതാഗതത്തിരക്ക് ഒഴിവാക്കുന്നതിനായി ഗതാഗത വകുപ്പ് പ്രത്യേകം കർമ്മപദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ബൈപ്പാസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. കോഴിക്കോട് ബൈപ്പാസ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തു.
2. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെയും രാമനാട്ടുകര, തൊണ്ടയാട് എന്നീ ഫ്ലൈ ഓവറുകളുടെയും പദ്ധതികൾ പുരോഗമിച്ചുവരുന്നു.

3. തൃപ്പൂണിത്തുറ, തലശ്ശേരി-മാഹി, മൂവാറ്റുപുഴ, കോതമംഗലം, സുൽത്താൻബത്തേരി, താമരശ്ശേരി, മണ്ണാർകാട് എന്നീ ബൈപ്പാസുകളുടെയും കുന്നൂർ, വൈറ്റില, കഞ്ഞിക്കുഴി എന്നീ ഫ്ലൈ ഓവറുകളുടെയും നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) എൻ.എച്ച്.17-ന്റെ നാലുവരിപ്പാതയുടെ നിർമ്മാണത്തിൽ നന്തി മുതൽ ചെങ്ങോട്ടുകാവ് വരെയുള്ള ഭാഗത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനുള്ള ഡി.പി.ആർ. നാഷണൽ ഹൈവേ ഓഫ് ഇന്ത്യ കൺസൾട്ടൻസി മുഖേന തയ്യാറാക്കിവരുന്നു.

**പരസ്യ ബോർഡുകൾ**

213(1175) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയെ അപായപ്പെടുത്തുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) റോഡുകളിലെ അനധികൃത പരസ്യബോർഡുകൾ റോഡപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും അവ നീക്കം ചെയ്യണമെന്നും 21-2-2013-ലെ WP(C) 27011/12 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റോഡുകളിലെ അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിലേക്ക് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന പോലീസ് മേധാവി, ട്രാൻസ്പോർട്ട് കമ്മീഷണർ, നഗരകാര്യ വകുപ്പ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ചീഫ് എഞ്ചിനീയർ (ആർ&ബി) പൊതുമരാമത്ത് വകുപ്പ്, ചീഫ് എഞ്ചിനീയർ (എൻ.എച്ച്.) പൊതുമരാമത്ത് വകുപ്പ് എന്നീ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്കും അടിയന്തര നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത പരസ്യ ബോർഡുകൾ, ഫ്ലക്സുകൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് കേരളത്തിലെ പ്രമുഖ പത്രങ്ങളിലൂടെ അറിയിപ്പും നൽകിയിരുന്നു. വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ, അനുമതി നൽകുവാനുള്ള അധികാരം എന്നിവ വ്യവസ്ഥ

ചെയ്യുന്നതിനുള്ള Out door Advertising Policy-ക്ക് 2-2-2016-ലെ G.O (Rt) No. 06/2016/ഗതാ. ഉത്തരവുപ്രകാരം സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പോളിസിയെ സംബന്ധിച്ച വ്യാപകമായ പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് സുരക്ഷാ നിയമങ്ങൾ

214 (1176) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. കെ.എം.ഷാജി :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു സുരക്ഷാനിയമങ്ങളുടെയും അവയുടെ നടപ്പാക്കലിന്റെയും കാര്യത്തിൽ ജനങ്ങളുടെ ജീവനും, സ്വത്തിനും പരമാവധി സംരക്ഷണം ലഭിക്കത്തക്കവിധത്തിലുള്ള നയമാണോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽമെറ്റ് നിർബന്ധമാക്കിയും ഒരു വിഭാഗം വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധിതമാക്കിയും റോഡപകടങ്ങൾ നിയന്ത്രിക്കാനാവുമെന്ന് കരുതുന്നുണ്ടോ:

(സി) ഇല്ലെങ്കിൽ അപകടങ്ങൾക്ക് കാരണമായ അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗും ഫലപ്രദമായി നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് മുൻഗണന നൽകിക്കൊണ്ടാണ് റോഡ് സുരക്ഷാ നിയമങ്ങൾ നടപ്പിലാക്കി വരുന്നത്.

(ബി) ഹെൽമെറ്റ് നിർബന്ധമാക്കിക്കൊണ്ടും സ്പീഡ് ഗവർണർ ഘടിപ്പിച്ചുകൊണ്ടും റോഡപകടങ്ങൾമൂലമുണ്ടാകുന്ന മരണങ്ങളും ഗുരുതര പരിക്കുകളും ഒരു പരിധി വരെ കുറയ്ക്കാൻ കഴിയുന്നതാണ്.

(സി) അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും

ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ. എസ്.ആർ.ടി.സി. സ്റ്റോറിന്റെ പ്രവർത്തനം

215(1177) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റോറിൽ ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റോറിൽ ലോക്കൽ പർച്ചേസിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ഡി) ലോക്കൽ പർച്ചേസിന്റെ കാര്യത്തിൽ അപാകതയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റോറിലെ അറ്റന്റൻസ് രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. കൊല്ലം സ്റ്റോറിലെ ഒരു ജീവനക്കാരൻ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല.

(ബി) മേൽപ്പടി സ്റ്റോറിലെ ജീവനക്കാരനായ ശ്രീ. എ. ഷാജഹാൻ അഞ്ച് വർഷത്തേക്ക് ദീർഘിപ്പിച്ചെടുത്ത ശൂന്യവേതനാവധി 9-1-2016-ൽ കഴിഞ്ഞിട്ടും ഹാജരാകാത്തതിനാൽ ടിയാനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ബാധകമായ ലോക്കൽ പർച്ചേസിന്റെ നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അപാകതകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) സ്റ്റോറിലെ അറ്റന്റൻസ് രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഓപ്പറേറ്റിംഗ് സെന്റർ

216 (1178) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ എന്നാണ് പ്രവർത്തനം ആരംഭിച്ചത്; എത്ര ഷെഡ്യൂളുകളാണ് ഇവിടെയുള്ളത്; ഈ ഷെഡ്യൂളുകൾ നടത്തുന്നതിനായി എത്ര ബസ്സുകളാണ് ഇവിടെയുള്ളത്; എത്ര ജീവനക്കാരാണ് ഇവിടെയുള്ളത്; വ്യക്തമാക്കുമോ ;

(ബി) ജീവനക്കാരുടെ അഭാവംമൂലം ഷെഡ്യൂളുകൾ മുടങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ ജോലി നോക്കി വരുന്നതും റാന്നിയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടവരുമായവരുടെ ലിസ്റ്റ് എം.എൽ.എ. നൽകിയാൽ അവരെ റാന്നിയിലേക്ക് സ്ഥലം മാറ്റം നൽകാം എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പനുസരിച്ച് എത്ര പേരെയാണ് റാന്നിയിലേക്ക് സ്ഥലം മാറ്റിയത്; സ്ഥലം മാറ്റം നൽകിയില്ലെങ്കിൽ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിലെടുത്ത തീരുമാനം നടപ്പാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു വകുപ്പുതല നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നി ഓപ്പറേറ്റിംഗ് സെന്റർ 2013 ഫെബ്രുവരി മാസം 15-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ടി ഓപ്പറേറ്റിംഗ് സെന്ററിൽ 6 ഫാസ്റ്റ് പാസഞ്ചർ സർവ്വീസും 2 നോൺ എ.സി. ലോ ഫ്ലോർ സർവീസുകളും ഉൾപ്പെടെ 17 ഷെഡ്യൂളുകളാണുള്ളത്. ടി സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിലേക്കായി 22 ബസുകളുണ്ട്.

നിലവിലെ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഇൻസ്പെക്ടർ ഇൻചാർജ് | - | 1 |
| ചാർജ്മാൻ | - | 1 |

| | | |
|---|---|---|
| മെക്കാനിക്ക് | - | 11 |
| കണ്ടക്ടർ | - | 35 (17 സ്ഥിരം, 18 താൽക്കാലികം) |
| ഡ്രൈവർ | - | 38 (35 സ്ഥിരം, 3 താൽക്കാലികം) |
| മിനിസ്റ്റീരിയൽ | - | 2 (1 സ്ഥിരം, 1 താൽക്കാലികം) |
| ആകെ ജീവനക്കാർ | - | 88 |

(ബി&സി) റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേക്ക് 5 കണ്ടക്ടർമാർക്കും ഒരു ഡ്രൈവർക്കും സ്ഥലംമാറ്റം നൽകണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത കത്തിൽ തിരുവല്ല യൂണിറ്റിലെ എംപാനൽ കണ്ടക്ടറായ ശ്രീ. സി. എ. സജീവിന് റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിൽ ടിയാൻ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ തന്നെയാണ് ജോലി ചെയ്തുവരുന്നത്. ശേഷിക്കുന്ന 4 കണ്ടക്ടർമാർക്കും റാന്നിയിലേക്ക് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടതുപ്രകാരം ഡ്രൈവറായ ശ്രീ. പി. ജി. റെജിക്ക് റാന്നി യൂണിറ്റിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

### ചീമേനി കെ.എസ്.ആർ.ടി.സി. ഡിപ്പോ

217(1179) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ചീമേനി കേന്ദ്രീകരിച്ച് ഒരു കെ. എസ്. ആർ.ടി.സി. ഡിപ്പോ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത മലയോര മേഖലകളിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ.ടി.സി. ബസ്സുകൾക്ക് ചീമേനി ഡിപ്പോ ആരംഭിക്കുകയാണെങ്കിൽ ബസ്സുകൾ സുഗമമായി ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമെന്നതിനാൽ ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ;

(സി) ഇതിനാവശ്യമായ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ഏർപ്പെടുത്തിയാൽ ഡിപ്പോ പ്രവർത്തനം ഉടൻ ആരംഭിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 17 കി. മീ. ദൂരം മാത്രമാണ് ചീമേനി എന്ന പ്രദേശത്തേക്കുള്ളത്. നിലവിൽ പയ്യന്നൂർ ഡിപ്പോയിൽ

നിന്നും ആവശ്യത്തിന സർവ്വീസുകൾ ടി പ്രദേശത്തേക്ക് കെ.എസ്.ആർ.ടി.സി. നടത്തിവരുന്നുണ്ട്. ഒരു ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം, മറ്റു അനുബന്ധ സൗകര്യങ്ങൾ ഇവയൊക്കെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ, നഗരസഭയോ ഏർപ്പെടുത്തിത്തന്നാലും തുടർപ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി. ചെലവാക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരുവിധത്തിലുമുള്ള പുതിയ ബാദ്ധ്യതകളും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ചീമേനിയിൽ ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുന്നില്ല.

## അനധികൃത കയ്യേറ്റം

218(1180) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിൽ കെ.എസ്.ആർ.ടി.സി. യുടേതായ സ്ഥലം അനധികൃതമായി കയ്യേറിയിട്ടുണ്ടെങ്കിൽ ഏത്ര സ്ഥലമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലം ഒഴിപ്പിക്കാൻ ജില്ലാ കളക്ടർക്ക് അറിയിപ്പ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അനധികൃത കയ്യേറ്റം ഒഴിപ്പിക്കുമ്പോൾ അവർക്ക് കെ.എസ്.ആർ.ടി.സി.-യുടെ മറ്റേതെങ്കിലും സ്ഥലത്ത് സൗകര്യം ചെയ്തു കൊടുക്കാമെന്ന ധാരണ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കുമോ;

(ഡി) കിഴക്കേക്കോട്ടയിൽ അനധികൃത കയ്യേറ്റം നടന്നതും ശേഷിക്കുന്നതുമായ സ്ഥലത്തിന്റെ കസ്റ്റോഡിയൻ ആരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ 75.5 സെന്റ് സ്ഥലത്ത് ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതിന് മുൻപുതന്നെ 16 കടമുറികൾ അനധികൃതമായി പ്രവർത്തിക്കുന്നുവെന്ന് റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ട്. കയ്യേറ്റം എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ജില്ലാ കളക്ടർക്ക് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇതുസംബന്ധിച്ച് 4-8-2016-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. താൽക്കാലികമായി പുനരധിവാസ സൗകര്യം ഒരുക്കിയശേഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലത്തുനിന്നും ഒഴിപ്പിക്കുവാനായി പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വസ്തു മാനേജിംഗ് ഡയറക്ടറുടെ പേരിലാണ്.

**സ്റ്റാനിയ ബസുകൾ**

219(1181) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി അനുവദിച്ച സ്റ്റാനിയ ബസ്സുകൾക്ക് കോട്ടക്കൽ-ചങ്കുവെട്ടിയിൽ ഒരു ഫെയർസ്റ്റേജ് അനുവദിക്കണമെന്ന നിവേദനത്തിന്മേൽ അനുകൂല നടപടി സ്വീകരിച്ചോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ഫെയർസ്റ്റേജ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോട്ടക്കൽ-ചങ്കുവെട്ടിയിൽ സ്റ്റാനിയ ബസുകൾക്ക് 22-9-2016 മുതൽ കെ.എസ്.ആർ.ടി.സി. ഫെയർ സ്റ്റേജ് അനുവദിച്ചിട്ടുണ്ട്.

**ട്രാഫിക് നിയമ ലംഘനം**

220 (1182) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റത് മുതൽ ഹെൽമെറ്റ് ധരിക്കാത്ത ടൂ വീലർ യാത്രക്കാർ ഉൾപ്പെടെയുള്ള വാഹന യാത്രക്കാരിൽ നിന്ന് വിവിധ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് എത്ര തുക പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ ആദ്യ നൂറ് ദിവസ കാലയളവിൽ പ്രസ്തുത വിഷയത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റിനുശേഷം 4,98,90,590 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(ബി) 2,19,59,550 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

## ട്രാഫിക് നിയമം ലംഘിക്കുന്നവർക്ക് പിഴ

221 (1183) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാഫിക് നിയമം ലംഘിക്കുന്നവർക്കും മതിയായ സുരക്ഷയില്ലാതെ യാത്ര ചെയ്യുന്നവർക്കുമെതിരെ ചുമത്തുന്ന പിഴ ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ഇനത്തിലും ഈടാക്കാനാവുന്ന പരമാവധി പിഴ എത്ര രൂപയാണ് എന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

പിഴയായി ഒടുക്കേണ്ട തുക ഉയർത്തി നിശ്ചയിച്ചിട്ടില്ല. എന്നാൽ 2016-ൽ കേന്ദ്ര സർക്കാർ അവതരിപ്പിച്ച 2016-ലെ മോട്ടോർ വാഹന നിയമ ഭേദഗതി ബില്ലിൽ പിഴത്തുക ഉയർത്തുന്നതിനുള്ള നിർദ്ദേശമുണ്ട്.

## മലബാറിലെ യാത്രാ ക്ലേശം

222(1184) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് എന്തെങ്കിലും സമഗ്ര പദ്ധതി കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കണ്ണൂർ - കോഴിക്കോട് റൂട്ടിൽ ടൗൺ ടു ടൗൺ സർവ്വീസ് 15 മിനിട്ടിന് ഒന്ന് എന്ന രീതിയിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഇപ്പോൾ ചെയിൻ സർവ്വീസുകൾ ഉൾപ്പെടെ ആവശ്യത്തിന് സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസൃതമായി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിലേക്ക് ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്.

(ബി) ബസും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് കണ്ണൂർ-കോഴിക്കോട് റൂട്ടിലെ ടൗൺ ടു ടൗൺ സർവ്വീസുകളുടെ ഗ്യാപ്പ് കുറയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) 823 കണ്ടക്ടർമാരുടെ കുറവുണ്ട്.

## മലിനീകരണ നിയന്ത്രണം

223 (1185) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകൾ എൽ.എൻ.ജി. ഉപയോഗിച്ച് ഓടിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) മലിനീകരണത്തിന്റെ തോത് ഏറ്റവും കൂടുതലായുള്ള എറണാകുളം നഗര പരിസരങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) എൽ.എൻ.ജി. ബസുകൾ ഓടിക്കുന്നതിന് ഇന്ത്യയിൽ നിലവിൽ അനുമതിയില്ല. എൽ.എൻ.ജി. ബസുകൾ ഓടിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് തീരുമാനിക്കുന്നതാണ്.

## സീറ്റുകൾ തമ്മിലുള്ള അകലം

224(1186) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങളിലെന്ന പോലെ സ്വകാര്യ ബസ്സുകളിൽ സീറ്റുകൾ തമ്മിലുള്ള നിശ്ചിത അകലം പാലിക്കപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത വിഷയത്തിൽ കർശന നടപടി സ്വീകരിക്കുമോ?

(സി) സ്വകാര്യ ബസ്സുകളിൽ സീറ്റുകൾ തമ്മിൽ എത്ര അകലമാണ് പാലിക്കേണ്ടത്;

(ഡി) ഇത്തരത്തിലുള്ള യാത്രാ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) നിയമവിരുദ്ധമായി സീറ്റുകൾ തമ്മിലുള്ള അകലം കുറയ്ക്കുന്നതായി കണ്ടെത്തിയാൽ അത്തരം വാഹനങ്ങൾക്കെതിരെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 68.5 സെന്റീമീറ്റർ.

(ഡി) വാഹന രജിസ്ട്രേഷൻ, ഫിറ്റ്നസ് പരിശോധനാ സമയങ്ങൾ, സാധാരണ വാഹന പരിശോധനാവേളകൾ എന്നീ സന്ദർഭങ്ങളിൽ ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ നടത്തുന്നുണ്ടോയെന്ന് മോട്ടോർ വാഹന വകുപ്പ് പരിശോധിക്കുന്നുണ്ട്.

## പ്രവർത്തനരഹിതമായ ക്യാമറകൾ

225(1187) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് സിഗ്നലുകളിൽ ഘടിപ്പിച്ചിരിക്കുന്ന ക്യാമറകൾ പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്യാമറകൾ ഏത് കമ്പനിയാണ് നൽകിയിട്ടുള്ളതെന്നും അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത കമ്പനികളുമായി സർക്കാർ എ.എം.സി.വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അത് പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ക്യാമറകൾ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ സിഗ്നൽ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ എന്തെങ്കിലും തകരാർ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽതന്നെ അവയുടെ സർവ്വീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

(ബി&സി) മോട്ടോർ വാഹന വകുപ്പിനുവേണ്ടി ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിരിക്കുന്നതു പ്രധാനമായും കെൽട്രോൺ ആണ്. ഇവയ്ക്കെല്ലാംതന്നെ സ്ഥാപിച്ചതു മുതൽ മൂന്നു വർഷ വാറന്റിയും നൽകിയിട്ടുണ്ട്. ഈ സമയത്തുണ്ടാകുന്ന കേടുപാടുകൾ കെൽട്രോൺ തന്നെ തീർക്കുന്നതാണ്. കൂടാതെ വാറന്റി കാലാവധി തീർന്ന ക്യാമറകൾക്ക് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടും കെൽട്രോണിനു നൽകിയിട്ടുണ്ട്. ഇതുകൂടാതെ എയർടെല്ലിന്റെ സഹകരണത്തോടെ ഏഴു ജംഗ്ഷനുകളിൽ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആയവയുടെ പരിപാലന ചുമതല എയർടെല്ലിനാണ്.

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ നിയന്ത്രണത്തിൽ സിഗ്നൽ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ എന്തെങ്കിലും തകരാർ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ തന്നെ അവയുടെ സർവ്വീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

## സ്വകാര്യ ബസുകളുടെ സേവനം

226(1188) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ മലയോര പ്രദേശങ്ങളിലേക്ക് വേണ്ടത്ര ഗതാഗത സൗകര്യമില്ലാത്തതു മൂലം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നുയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിന്നോക്ക, പട്ടികജാതി വിഭാഗങ്ങളിലുൾപ്പെട്ടവർ കൂടുതലായി അധിവസിക്കുന്ന പ്രസ്തുത പ്രദേശങ്ങളിലേക്ക് സ്വകാര്യ ബസ്സുകളുടെ സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത മേഖലയിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ നിരക്കിൽ ഇളവ് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കിഴക്കഞ്ചേരി-വണ്ടാഴി പഞ്ചായത്തുകളിലേക്ക് കെ.എസ്. ആർ.ടി.സി.-യുടെ ഒരു ബസ് സർവ്വീസ് നടത്തുന്നുണ്ട്. ടി റൂട്ടിൽ സർവ്വീസ് നടത്തുന്നതിനായി സ്വകാര്യ ബസ് ഉടമകൾ അപേക്ഷ നൽകുന്നപക്ഷം അവ പരിശോധിച്ച് നിലവിലെ നിയമങ്ങൾക്ക് വിധേയമായി പെർമിറ്റുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പരിശോധിക്കുന്നതാണ്.

## വകുപ്പുതല നടപടികൾ

227(1189) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി-യിലെ വിവിധ തൊഴിലാളി യൂണിയനുകൾ 17-12-2014-ന് തിരുവനന്തപുരം ജില്ലയിൽ മാത്രമായി നടത്തിയ ഹർത്താലിനോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ പ്രതികളായവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ സംബന്ധിച്ച് വിശദവിവരം നൽകുമോ?

### ഉത്തരം

കഴിഞ്ഞ 17-12-2014-ന് തിരുവനന്തപുരം ജില്ലയിൽ നടത്തിയ ഹർത്താലുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എതിരെ കേസുകൾ രജിസ്റ്റർ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

## പൊതുഗതാഗത സംവിധാനങ്ങൾ

228(1190) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനും അതിലൂടെ മലിനീകരണം, ഇന്ധന ഉപയോഗം എന്നിവയുടെ തോത് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതുസംബന്ധമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് പ്രചാരണ പരിപാടികൾ നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതുമൂലം മലിനീകരണത്തിലും ഇന്ധനച്ചെലവിലും ഗണ്യമായ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു, നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. പൊതുഗതാഗതം വർദ്ധിപ്പിക്കുന്നതിനും പൊതുയാത്രാ വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിനും ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് അപേക്ഷിക്കുന്നമുറയ്ക്ക് നൽകിവരുന്നു. ഇന്ധന ഉപയോഗം, മലിനീകരണം എന്നിവ കുറയ്ക്കുന്നതിന് നിലവിലുള്ള ഇന്ധന സംവിധാനത്തിൽനിന്നും മാറി ബാറ്ററി വാഹനങ്ങളുടെ പ്രായോഗികത പഠിച്ചുവരുന്നു. ഇതുകൂടാതെ കൊച്ചി നഗരത്തിലെ പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൊച്ചി മെട്രോ റെയിൽ പദ്ധതി നിർമ്മാണം പുരോഗതി പ്രാപിച്ചുവരുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്. കൊച്ചിയിൽ ഒരു വാട്ടർ മെട്രോ പദ്ധതിയും രൂപകൽപ്പന ചെയ്തിട്ടുണ്ട്.

## ചാലക്കുടി- മലക്കപ്പാറ-പഴനി ബസ് സർവ്വീസ്

229(1191) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർ സംസ്ഥാന-ടൂറിസം പാതയായ ചാലക്കുടി-ആനമല റോഡിലൂടെ, ചാലക്കുടിയിൽ നിന്നും മലക്കപ്പാറ വഴി പഴനിയിലേക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തമിഴ്നാട് സർക്കാരുമായി നിലവിലുള്ള അന്തർ സംസ്ഥാന ഗതാഗത കരാറിൽ ഈ റൂട്ട് ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ചാലക്കുടിയിൽ നിന്നും മലക്കപ്പാറ വഴി പഴനിക്കും തിരിച്ചും അന്തർ സംസ്ഥാന സർവീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

**ജീവനക്കാരുടെ ഒഴിവുകൾ**

230(1192) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും എത്ര തസ്തികകളുണ്ടെന്നും ഈ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എത്രകാലമായി തുടരുന്നുവെന്നും അത് നികത്തപ്പെടാത്തതിന്റെ കാരണമെന്താണെന്നും ഒഴിവുകൾ എപ്പോൾ നികത്താനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കണ്ടക്ടർമാരും ഡ്രൈവർമാരും അവധിയെടുത്താൽ ഏർപ്പെടുത്തുന്ന ബദൽ സംവിധാനം എന്താണെന്ന് വിശദീകരിക്കാമോ;

(സി) സുള്ള്യയിൽ നിന്ന് പുലർച്ചെ 5.15-ന് പുറപ്പെട്ട് കാസർഗോഡ് 6.45-ന് എത്തേണ്ട കാസർഗോഡ് ഡിപ്പോയിലെ ബസ്, കണ്ടക്ടറുടെ വിവാഹംമൂലം രണ്ട് ദിവസം ഓടിയില്ലെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാർത്ത വസ്തുതാപരമാണ് എങ്കിൽ ഈ സംഭവത്തിൽ കൃത്യവിലോപം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ഡിപ്പോയിൽ നിന്നും നിലവിൽ എത്ര സർവ്വീസുകളാണ് നടത്തുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ബസ്സുകൾ കാസർഗോഡ് ഡിപ്പോയിലേക്കു അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ്സുകൾ ഏത് റൂട്ടിലാണ് സർവ്വീസ് നടത്തുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ഡിപ്പോയിൽ 245 വീതം ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും തസ്തികകളുണ്ട്. നിലവിൽ 220 കണ്ടക്ടർമാരും 221 ഡ്രൈവർമാരുമാണുള്ളത്. കഴിഞ്ഞ ഒരു മാസമായി 25 കണ്ടക്ടർമാരുടെയും 24 ഡ്രൈവർമാരുടെയും കുറവുണ്ട്. പി.എസ്.സി.-യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

(ബി) കണ്ടക്ടർമാരും ഡ്രൈവർമാരും അവധിയെടുത്താൽ ലഭ്യമായ എംപാനൽ ലിസ്റ്റിൽനിന്നും കണ്ടക്ടർമാരെയും ഡ്രൈവർമാരെയും നിയോഗിക്കും. കൂടാതെ പകരം ജീവനക്കാരുടെ അഭാവത്തിൽ പ്രസ്തുത സർവീസുകൾ ഓവർടൈം ചെയ്യാൻ സന്നദ്ധരായ ജീവനക്കാരെ നിയോഗിച്ചാണ് സർവീസ് ഓപ്പറേറ്റ് ചെയ്തുവരുന്നത്. ഇങ്ങനെ ഓവർടൈം ചെയ്യാൻ ജീവനക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ കളക്ഷനും റൂട്ടിൽ പ്രാധാന്യവും കണക്കിലെടുത്തു മുൻഗണന ക്രമത്തിൽ സർവീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നു.

(സി) ഉണ്ട്. പ്രസ്തുത ഷെഡ്യൂൾ പോകുന്ന കണ്ടക്ടറുടെ വിവാഹത്തോടനുബന്ധിച്ച് ടിയാൻ 15 ദിവസം അവധിയിലായിരുന്നു. പ്രസ്തുത ദിവസങ്ങളിൽ ഓണം അവധി പ്രമാണിച്ച് എറണാകുളത്തേക്ക് 18.30-ന് ഒരു സർവ്വീസ് ഓപ്പറേറ്റ് ചെയ്തു വന്നിരുന്നതിനാലും മേൽ ഷെഡ്യൂൾ ഓവർടൈം ആയി പോകുവാൻ മറ്റു കണ്ടക്ടർമാർ ആരെയും കിട്ടാത്തതിനാലുമാണ് രണ്ടു ദിവസം പ്രസ്തുത ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കാത്തത്. മേൽ സംഭവത്തിൽ കൃത്യവിലോപം ഒന്നുംതന്നെ നടന്നിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി. 89 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും പ്രതിദിനം ശരാശരി 84 ഷെഡ്യൂളുകൾ വരെ മാത്രമേ കാസർഗോഡ് ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള ഇന്റർ സ്റ്റേറ്റ് ബസുകൾ മാറ്റുന്നതിന് 6 പുതിയ ഓർഡിനറി ബസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ്-മംഗലാപുരം സെക്ടറിലെ ബസുകൾ മാറ്റുന്നതിനാണ് ഇവ നൽകിയിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്

231(1193) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങളും പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങിയ സമയത്ത് മുൻസിപ്പാലിറ്റിയിൽനിന്നും നിർമ്മാണത്തിന് സ്റ്റേ ഓർഡർ നൽകിയതിനാൽ തുടർന്നുള്ള പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) മാവേലിക്കര താലൂക്കിൽ, മാവേലിക്കര വില്ലേജിൽ റീ-സർവ്വേ നമ്പർ. 65, 67, 47, 48, 49, 51, 52, 53, 54 പ്രകാരം 63.08 ആർ (1 ഏക്കർ 55 സെന്റ്) സ്ഥലത്താണ് മാവേലിക്കര ഡിപ്പോ പ്രവർത്തിച്ചുവരുന്നത്. ടി സ്ഥലം നാളിതുവരെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ ആയിട്ടില്ല. ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്ക്**

232 (1194) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടികൾ പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് എന്തെല്ലാം മേൽനടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ഒറ്റപ്പാലത്ത് ഒരു ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്ക് ഭരണാനുമതിയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. കിഴക്കേ ഒറ്റപ്പാലം പാലോട് റോഡ് നിവാസികളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുപ്പ് പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല. പാലക്കാട് ജില്ലാ കളക്ടർ, ഒറ്റപ്പാലം മുൻ എം.എൽ.എ. എന്നിവരുടെ അദ്ധ്യക്ഷതയിൽ 6-11-2014-ന് ഒറ്റപ്പാലം റസ്റ്റ് ഹൗസിൽ യോഗം ചേരുകയുണ്ടായെങ്കിലും സമന്വയത്തിലെത്തിയിട്ടില്ല. ഒറ്റപ്പാലം ടൗണിൽ പോലീസ് ട്രാഫിക് നിയന്ത്രണം നടത്തുന്നുണ്ട്. റോഡിന് ഇരുവശവുമുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് ഓപ്പറേഷൻ അനന്ത എന്ന പരിപാടി നടത്തി വരുന്നു.

(ഡി) പാലക്കാട് കുളപ്പുള്ളി റോഡിൽ ഒറ്റപ്പാലത്തുള്ള കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്ഥലം ഏറ്റെടുത്ത് പരമാവധി വീതി കൂട്ടുന്ന പ്രവൃത്തിക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. ഒറ്റപ്പാലം നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിലേക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

**തീവ്ര ശബ്ദമുള്ള ഹോണുകൾ**

233(1195) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഔദ്യോഗിക വാഹനങ്ങളിലെ തീവ്ര ശബ്ദമുള്ള ഹോണുകൾ നീക്കം ചെയ്യാനും സ്വകാര്യ വാഹനങ്ങളിൽ ഇതുസംബന്ധിച്ചുള്ള പരിശോധന കർശനമാക്കാനും നിർദ്ദേശം നൽകുമോ ?

ഉത്തരം

നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി വാഹനങ്ങളിൽ ഹോണുകൾ ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശങ്ങൾ നേരത്തേ തന്നെ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കർശനമായ പരിശോധനകളും നടത്തിവരുന്നുണ്ട്.

**പുതിയ ഓഫീസ് കെട്ടിടം**

234 (1196) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൾ കെ.എസ്.ആർ.ടി.സി. ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറ്റിങ്ങൾ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്റർ**

235 (1197) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഓപ്പറേറ്റിംഗ് സെന്ററിൽ ഗ്യാരേജ് നിർമ്മാണത്തിനായി 5-9-2016-ലെ സ.ഉ. (സാ) നമ്പർ. 353/16/ഗതാ. പ്രകാരം എം.എൽ.എ.-യുടെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി.-യെ നിർമ്മാണച്ചുമതല ഏൽപ്പിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിനായി 81,45,463 രൂപ കെ.എസ്.ആർ.ടി.സി.-ക്ക് "5055-00-190-95 Projects under LAC ADS' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തുകയും ആയത് പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**ജീവനക്കാരുടെ അഭാവം**

236 (1198) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ആവശ്യത്തിന് കണ്ടക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരില്ലാത്തതിനാൽ സർവ്വീസുകൾ മുടങ്ങുന്നതും അതുമൂലം ജനങ്ങൾ യാത്രാക്ലേശം അനുഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കരയിൽ നിന്നുള്ള സർവീസുകൾ**

237 (1199) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കർണാടക സംസ്ഥാനത്തേക്ക് ഏതെല്ലാം സർവ്വീസുകൾ നടത്തിവരുന്നു;

(ബി) പ്രസ്തുത സർവ്വീസുകളുടെ ശരാശരി വരുമാനം എത്ര രൂപയാണ്;

(സി) നിലവിൽ സർവ്വീസ് നടത്തുന്ന ബസുകളുടെ ശോച്യാവസ്ഥയും കാലപ്പഴക്കവും സർവ്വീസിന്റെ കളക്ഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സർവ്വീസ് നടത്തിപ്പിനായി ആധുനിക സൗകര്യങ്ങളുള്ള ബസുകൾ ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും കർണ്ണാടക സംസ്ഥാനത്തേക്ക് രണ്ട് സർവ്വീസുകളാണുള്ളത്.

1. 14:30 കൊട്ടാരക്കര – ബാംഗ്ലൂർ

2. 20:00 കൊട്ടാരക്കര - കൊല്ലൂർ

(ബി) കൊട്ടാരക്കര-ബാംഗ്ലൂർ സർവീസിന്റെ ശരാശരി വരുമാനം 40,000 രൂപയും കൊട്ടാരക്കര-കൊല്ലൂർ സർവീസിന് 30,000 രൂപയും ആണ്.

(സി) കൊട്ടാരക്കര-ബാംഗ്ലൂർ സർവീസിന് ഉപയോഗിക്കുന്ന RSC 676, RSC 677 എന്നീ സൂപ്പർ ഡീലക്സ് വാഹനങ്ങൾ യഥാക്രമം 10-9-2013, 11-9-2013 എന്നീ തീയതികളിൽ കമ്മീഷൻ ചെയ്തവയാണ്. സൂപ്പർ ക്ലാസ് വിഭാഗത്തിൽപ്പെടുന്ന ബസുകൾ മോട്ടോർ വാഹന നിയമമനുസരിച്ച് 5 വർഷം വരെ ഓടിക്കാവുന്നവയാണ്. മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് 3 വർഷം മാത്രമേ പഴക്കമുള്ളൂ. കൊല്ലൂർ-മൂകാംബിക സർവീസ് നടത്തിയിരുന്നത് സൂപ്പർ എക്സ്പ്രസ് ബസുകൾ ഉപയോഗിച്ചായിരുന്നു. എന്നാൽ അഞ്ചുവർഷം കാലാവധി പൂർത്തിയാക്കിയതിനെത്തുടർന്ന് എക്സ്പ്രസ് ബസുകൾ പിൻവലിച്ച് താൽക്കാലികമായി സൂപ്പർ ഫാസ്റ്റ് ബസുകൾ ഉപയോഗിച്ചാണ് സർവീസ് നടത്തുന്നത്. ഈ സർവീസുകൾക്ക് ഉടൻ തന്നെ പുതിയ സൂപ്പർ എക്സ്പ്രസ് ബസുകൾ അനുവദിക്കുന്നതാണ്.

(ഡി) മേൽപ്പറഞ്ഞ രണ്ടു സർവീസുകൾക്കും എയർ സസ്പെൻഷൻ ഉള്ള സൂപ്പർ ഡീലക്സ് ബസുകളും സൂപ്പർ എക്സ്പ്രസ് ബസുകളും ഉടനെ അനുവദിക്കുന്നതാണ്.

**ഹെൽമെറ്റ് ഉപയോഗം**

238(1200) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുചക്രവാഹനം ഓടിക്കുന്നവർക്കും സഹയാത്രക്കാർക്കും ഹെൽമെറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതു നിയമപ്രകാരമാണെന്ന് അറിയിക്കാമോ; പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹെൽമെറ്റ് പരിശോധനയിലൂടെ എത്ര രൂപയുടെ പിഴ ഈടാക്കിയിട്ടുണ്ടെന്ന്, ജില്ല തിരിച്ച്, അറിയിക്കാമോ;

(സി) ഹെൽമെറ്റ് ഉപയോഗം സംബന്ധിച്ച് എന്തൊക്കെ ബോധവൽക്കരണ പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1988-ലെ കേന്ദ്ര മോട്ടോർ വാഹന ആക്ടിന്റെ 129-ാം വകുപ്പുപ്രകാരം ഇരുചക്രവാഹനം ഓടിക്കുന്നയാൾക്കും സഹയാത്രികനും ഹെൽമെറ്റ് നിർബന്ധമാണ്. എന്നാൽ പ്രസ്തുത വകുപ്പ് അധികാരപ്പെടുത്തുന്ന പ്രകാരം 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 347 (എ) പ്രകാരം മോട്ടോർ സൈക്കിളിലെ പിൻസീറ്റ് യാത്രികനെ ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 34,97,800 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 175400 |
| 2 | കൊല്ലം | 252000 |
| 3 | ആലപ്പുഴ | 114400 |
| 4 | പത്തനംതിട്ട | 205800 |
| 5 | കോട്ടയം | 222200 |
| 6 | ഇടുക്കി | 359900 |
| 7 | എറണാകുളം | 703300 |
| 8 | തൃശ്ശൂർ | 248500 |
| 9 | പാലക്കാട് | 149000 |
| 10 | മലപ്പുറം | 223300 |
| 11 | കോഴിക്കോട് | 337800 |
| 12 | കണ്ണൂർ | 252400 |
| 13 | വയനാട് | 42000 |
| 14 | കാസർഗോഡ് | 211800 |

(സി) പ്രീ ലേണേഴ്സ് ക്ലാസ്സുകൾ നടത്തുന്നുണ്ട്. സ്കൂളുകളിലും വാഹന പരിശോധനാ വേളകളിലും ലഘുലേഖകൾ വിതരണം ചെയ്യാറുണ്ട്. സ്കൂളുകളിൽ സുരക്ഷാദിന പ്രതിജ്ഞ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വാഹനങ്ങൾ

239(1201) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകളിൽ കൂടി ഓടുന്ന മൊത്തം വാഹനങ്ങൾ എത്ര എന്നുള്ള കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഇരുചക്രവാഹനങ്ങൾ എത്ര;

(സി) ഇതിൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ (കാർ, ജീപ്പ്, മുതലായവ) എത്ര;

(ഡി) ഇതിൽ ഹെവി മോട്ടോർ വാഹനങ്ങൾ എത്ര;

(ഇ) മറ്റുള്ള വാഹനങ്ങൾ എത്ര?

### ഉത്തരം

(എ) ഉണ്ട്. 2016 ആഗസ്റ്റ് മാസം വരെ കേരളത്തിൽ 1,05,44,163 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 6693563.

(സി) 2229453.

(ഡി) 152448.

(ഇ) 1468699.

## കിഴക്കേക്കോട്ട ബസ് സ്റ്റാന്റ്

240(1202) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ കിഴക്കേക്കോട്ട ബസ് സ്റ്റാന്റ് നിർമ്മാണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോട്ടയോടു ചേർന്നുള്ള പുറമ്പോക്ക് ഭൂമി കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥലം അനധികൃതമായി കൈവശം വച്ചിട്ടുള്ളവർക്ക് ഒഴിഞ്ഞുപോകാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) മതിയായ സ്ഥലലഭ്യത ഉറപ്പുവരുത്തി ശാസ്ത്രീയ രീതിയിൽ ബസ് സ്റ്റാന്റ് നിർമ്മിക്കാത്തതുമൂലം കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഈ ഭാഗത്തുണ്ടായ അപകടങ്ങളിൽ നിരവധി മനുഷ്യ ജീവനുകൾ നഷ്ടപ്പെടാനിടയാക്കിയ സാഹചര്യവും അതിന് ഉത്തരവാദികളായവരെയും കണ്ടെത്തുന്നതിന് സമഗ്രമായ അന്വേഷണം നടത്തുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം 13-8-2004-ലെ സ.ഉ. (കൈ) നമ്പർ. 263/2004/ആർ.ഡി. പ്രകാരമാണ് ലഭിച്ചത്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(സി) അനധികൃതമായി ഭൂമി കയ്യേറിയവർക്ക് ഒഴിഞ്ഞു പോകുവാനുള്ള നോട്ടീസ് നിയമപരമായി നൽകേണ്ടത് റവന്യൂ അധികാരികളാണ്. ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ചെയിൻ സർവീസ്**

241 (1203) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ കൊയിലാണ്ടി പട്ടണത്തിൽ നിന്ന് കിഴക്കൻ ഉൾനാടൻ മലയോര മേഖലകളിലേക്ക് ആവശ്യത്തിന് ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ താലൂക്ക് ആസ്ഥാനത്ത് പലവിധ ആവശ്യങ്ങൾക്കായി എത്തേണ്ടുന്ന പൊതുജനങ്ങൾക്ക് സഹായകരമായി കൊയിലാണ്ടി കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ കൊയിലാണ്ടി-താമരശ്ശേരി റൂട്ടിൽ ചെയിൻ സർവീസ് നടത്തുന്നുണ്ട്. ബസ്സിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊയിലാണ്ടി കേന്ദ്രീകരിച്ച് ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വെഞ്ഞാറമൂട്, പാലോട് ഡിപ്പോകൾ

242(1204) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട്, പാലോട് . കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ബസുകളുടെയും ജീവനക്കാരുടെയും കുറവുമൂലം ഷെഡ്യൂളുകൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിപ്പോകളിലെ ജീവനക്കാരുടെ ഒഴിവുകളുടെ വിവരം വിശദമാക്കാമോ;

(സി) ഷെഡ്യൂളുകൾ മുടങ്ങാതിരിക്കുവാൻ എത്ര ബസുകളുടെ കുറവാണുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജീവനക്കാരുടെ കുറവുമൂലം ഷെഡ്യൂളുകൾ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലോട് ഡിപ്പോയിൽ 17 ഡ്രൈവർമാരുടെയും 17 കണ്ടക്ടർമാരുടെയും കുറവുണ്ട്. വെഞ്ഞാറമൂട് ഡിപ്പോയിൽ 33 ഡ്രൈവർമാരുടെയും 8 കണ്ടക്ടർമാരുടെയും കുറവുണ്ട്.

(സി) വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 4 നോൺ എ.സി. ജൻറം ഉൾപ്പെടെ 67 ഷെഡ്യൂളുകളാണ് ഉള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 74 ബസുകളാണ് ആവശ്യമായിട്ടുള്ളത്. ടി ഡിപ്പോയിൽ നിലവിൽ 9 ജൻറം ബസുകൾ ഉൾപ്പെടെ 60 ബസുകളാണുള്ളത്. 14 ബസുകളുടെ കുറവുണ്ട്.

പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 3 നോൺ എ. സി. ജൻറം ഉൾപ്പെടെ 40 ഷെഡ്യൂളുകളാണുള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 44 ബസുകളാണ് ആവശ്യമായിട്ടുള്ളത്.

പാലോട് ഡിപ്പോയിൽ നിലവിൽ 3 ജൻറം ബസുകൾ ഉൾപ്പെടെ 41 ബസുകളാണുള്ളത്. 3 ബസുകളുടെ കുറവുണ്ട്.

## ചാത്തന്നൂർ ഡിപ്പോ

243(1205) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അവസാന മാസങ്ങളിൽ ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകളാണ് ഒരു ദിവസം ശരാശരി ഓപ്പറേറ്റ് ചെയ്തിരുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൂടുതലായി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് കൂടുതലായ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നതെന്ന് വിശദമാക്കാമോ;

(സി) പൂർണ്ണതോതിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിലേക്ക് എന്തെല്ലാം സാഹചര്യങ്ങളാണ് ഒരുക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ അവസാന മാസങ്ങളിൽ ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 3 ജൻറം സർവ്വീസുകൾ ഉൾപ്പെടെ ശരാശരി 46 ഷെഡ്യൂളുകൾ ചാത്തന്നൂർ യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) പൂർണ്ണമായും എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് 65 ആർ.ടി.സി. ബസുകളും 3 ജൻറം ബസുകളും ആവശ്യമാണ്. നിലവിൽ 58 ആർ.ടി.സി.-യും 3 ജൻറം ബസുകളുമടക്കം 61 ബസുകളുണ്ടെങ്കിലും 13 ആർ.ടി.സി. ബസുകൾ ഡോക്കിലാണ്.

**ചാത്തന്നൂർ ഡിപ്പോ**

244(1206) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് വിവിധ വിഭാഗങ്ങളിലായി എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുവാൻ അനുമതി ലഭിച്ചിട്ടുള്ളതെന്ന് പട്ടിക തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആകെ എത്ര ബസുകളാണ് ആവശ്യമായിട്ടുള്ളതെന്നും നിലവിലുള്ള ബസുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) അനുമതി നല്കിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഏതൊക്കെ വിഭാഗങ്ങളിലെ എത്ര ജീവനക്കാർ ആവശ്യമുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ ഡിപ്പോയിൽ 62 സർവ്വീസുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| ഫാസ്റ്റ് പാസഞ്ചർ | - | 13 |
| ഓർഡിനറി | - | 46 |
| ലോ ഫ്ളോർ നോൺ എ. സി. | - | 3 |

(ബി) പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 79 ബസുകളാണ് ആവശ്യമായിട്ടുള്ളത്. ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 3 ജൻറം ബസുകൾ ഉൾപ്പെടെ 61 ബസുകളാണുള്ളത്.

(സി) ഡ്രൈവർ - 171

കണ്ടക്ടർ - 171

മെക്കാനിക് - 37

ഇൻസ്പെക്ടർ - 4

സ്റ്റേഷൻ മാസ്റ്റർ - 3

**ഹെൽമെറ്റിന്റെ ഉപയോഗം**

245(1207) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്ര വാഹന യാത്രക്കാർ ഹെൽമെറ്റ് ധരിച്ചിരിക്കെ അപകടമുണ്ടായാൽ ജീവഹാനി ഒഴിവാക്കാനാകുമെന്ന വസ്തുത ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് 2015-ൽ സംഭവിച്ച ഇരുചക്ര വാഹന അപകട മരണങ്ങളിൽ എത്രയെണ്ണത്തിൽ യാത്രക്കാർ ഹെൽമെറ്റ് ധരിച്ചിരുന്നുവെന്നും എത്രയെണ്ണത്തിൽ ധരിച്ചിട്ടുണ്ടായിരുന്നില്ല എന്നും സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) ഹെൽമെറ്റ് ധരിച്ചിരുന്നിട്ടും അപകടത്തിൽ മരണം സംഭവിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ഡി) ഹെൽമെറ്റില്ലാതെ യാത്ര ചെയ്യുന്നവരെ ശിക്ഷിക്കുന്ന രീതിക്കു പകരം ഹെൽമറ്റില്ലാ യാത്രയ്ക്കെതിരെ ബോധവൽക്കരണം എന്ന നയം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ മോട്ടോർ വാഹന വകുപ്പിന്റെ പക്കൽ സൂക്ഷിച്ചിട്ടില്ലെങ്കിലും ഹെൽമെറ്റ് ധരിച്ചാൽ തലയ്ക്ക് പറ്റുന്ന ക്ഷതത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് സാദ്ധ്യമാണ്.

(ബി) ഇത്തരത്തിൽ ഒരു കണക്ക് ഗതാഗത വകുപ്പ് സൂക്ഷിച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകൾ മോട്ടോർ വാഹന വകുപ്പിന്റെ പക്കൽ ലഭ്യമല്ല.

(ഡി) നിയമത്തിൽ അനുശാസിക്കുന്ന ശിക്ഷാ നടപടികൾ ഒഴിവാക്കാൻ സർക്കാരിന് അധികാരമില്ല. ഹെൽമെറ്റ് നിർബന്ധമാക്കുന്നതിനുള്ള ബോധവൽക്കരണം മോട്ടോർ വാഹന വകുപ്പ് നടത്തുന്നുണ്ട്.

## കരുനാഗപ്പള്ളി ഡിപ്പോ

246(1208) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് കായംകുളം-ഹരിപ്പാട് ഭാഗത്തേക്ക് രാത്രി പത്ത് മണിക്കുശേഷം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ തുടങ്ങിയ ബസുകൾ ദേശീയപാതയിലൂടെ സർവ്വീസ് നടത്തുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഈ ഭാഗത്തേക്കുള്ള യാത്രക്കാരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുനലൂർ-കായംകുളം റൂട്ടിൽ ദേശീയ പാത വഴി സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസിലെ അവസാന ട്രിപ്പ് എത്ര മണിക്കാണ് കരുനാഗപ്പള്ളി വഴി കടന്നുപോകുന്നത്; ഇത് സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) രാത്രി പത്ത് മണിക്കുശേഷം കരുനാഗപ്പള്ളി വഴി കടന്നുപോകുന്ന തരത്തിൽ കൊല്ലത്തുനിന്നും കായംകുളത്തേക്കോ ഹരിപ്പാട്ടേക്കോ ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. രാത്രി പത്ത് മണിക്കുശേഷം ദേശീയപാതയിൽ ധാരാളം സൂപ്പർക്ലാസ്സ് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ടി സർവ്വീസുകൾ യാത്രക്കാർ പറയുന്ന സ്റ്റോപ്പുകളിൽ നിർത്തിക്കൊടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രാത്രി പത്ത് മണിക്കുശേഷം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ആരംഭിച്ചാൽ ആയത് കെ.എസ്.ആർ.ടി.സി.-ക്ക് ആദായകരമായിരിക്കില്ല.

(ബി) പുനലൂർ യൂണിറ്റിൽ നിന്നും ഈ സെക്ടറിലേക്കുള്ള അവസാന സർവ്വീസ് രാത്രി 7.50-ന് കരുനാഗപ്പള്ളിയിൽ നിന്നും പുറപ്പെടും. ടി സർവ്വീസ് മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) രാത്രി പത്ത് മണിക്കുശേഷം ധാരാളം സൂപ്പർക്ലാസ് സർവ്വീസുകൾ കരുനാഗപ്പള്ളി വഴി കടന്നുപോകുന്നുണ്ട്. രാത്രി പത്ത് മണിക്കുശേഷം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിച്ചാൽ ആയത് കോർപ്പറേഷന് ആദായകരമായിരിക്കില്ല. അതിനാൽ അത്തരം ഒരു സർവീസ് ആരംഭിക്കുന്നതിന് നിർവ്വാഹമില്ല.

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോ

247(1209) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഓർഡിനറി ബസുകളുടെ കുറവുമൂലം പല ഷെഡ്യൂളുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡിപ്പോയ്ക്ക് ആകെ എത്ര ബസുകളാണ് അനുവദിച്ചിട്ടുള്ളത്; എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്നും എത്ര ഷെഡ്യൂളുകൾ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കെ.യു.ആർ.ടി.സി.-യുടെ എത്ര ലോ ഫ്ലോർ ബസുകൾ പ്രസ്തുത ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഡിപ്പോയ്ക്ക് കൂടുതൽ ഓർഡിനറി ബസുകളും ലോ ഫ്ലോർ നോൺ എ.സി. ബസുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 3 നോൺ എ. സി. ജൻറം ഉൾപ്പെടെ 95 ഷെഡ്യൂളുകളാണുള്ളത്. നിലവിൽ 3 ജൻറം ബസുകൾ ഉൾപ്പെടെ 85 ബസുകളാണുള്ളത്. നിലവിൽ 3 ജൻറം സർവ്വീസുകൾ ഉൾപ്പെടെ 71 സർവ്വീസുകൾ ശരാശരി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 27-9-2016-ലെ കണക്കനുസരിച്ച് 9 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്. 76 ബസുകൾ പ്രവർത്തനക്ഷമമാണ്.

(സി) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോക്ക് 3 ലോ ഫ്ളോർ ബസുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) കരുനാഗപ്പള്ളി ഡിപ്പോയിൽ 75 ഓർഡിനറി ഷെഡ്യൂളുകൾക്ക് 62 ബസുകളാണ് നിലവിലുള്ളത്. പുതിയ ബസുകൾ ഇറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ജൻറം പദ്ധതിപ്രകാരം 5 നോൺ എ.സി. ബസുകളാണ് കരുനാഗപ്പള്ളി ഡിപ്പോക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ 3 ബസുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 2 ബസുകൾ കൂടുതൽ ബസുകൾ ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

**റോഡപകടങ്ങളുടെ കാരണം**

248(1210) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് റോഡപകടം ഏറ്റവും കൂടുതൽ നടക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാമതായി നിൽക്കുന്നത് കേരളമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മാസത്തിൽ ചെറുതും വലുതുമായി 4500-നും 5000-നുമിടയ്ക്ക് റോഡപകടം കേരളത്തിൽ നടക്കുന്നുവെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) കേരളത്തിലെ നിരത്തുകളിൽ ഏറ്റവും കൂടുതൽ അപകടം സംഭവിക്കുന്നത് ഇരുചക്രവാഹനങ്ങൾക്കാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) വാഹന അപകടങ്ങൾക്ക് മുഖ്യമായും കാരണമാകുന്നത് മോശമായ റോഡുകളും, റോഡിലെ കുഴികളും, ഡ്രൈവറുടെ അശ്രദ്ധ, റോഡിന്റെ വീതി കുറവ്, സിഗ്നലുകളുടെ അഭാവം, ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ കുറവ്, റോഡിന്റെ ഇരുവശങ്ങളിലായി സ്ഥാപിച്ചിരിക്കുന്ന പരസ്യബോർഡുകൾ, ഇലക്ട്രിക് പോസ്റ്റുകൾ മുതലായവ ആയിരിക്കെ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-ലെ കണക്കനുസരിച്ച് റോഡപകടങ്ങളിൽ സംസ്ഥാനത്തിന് 5-ാം സ്ഥാനമാണുള്ളത്.

(ബി) എസ്.സി.ആർ.ബി.-യുടെ കണക്ക് പ്രകാരം 2016 ആഗസ്റ്റ് മാസംവരെ ശരാശരി ഓരോ മാസവും 3319 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് അമിത വേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് ക്യാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) അമിതവേഗതയാണ് റോഡപകടങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. അമിതവേഗത നിയന്ത്രിക്കുന്നതിനായി സ്റ്റേജ് ക്യാരേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ

നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ റോഡിന്റെ ശോച്യാവസ്ഥയും സിഗ്നലുകളുടെ അഭാവവും റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും റോഡിനോട് ചേർന്ന് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളുമൊക്കെ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അവ പരിഹരിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും തദ്ദേശഭരണ സ്ഥാപനങ്ങളുമാണ് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ പ്രായോഗികമായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എടുക്കാൻ റോഡ് സേഫ്റ്റി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മന്ത്രിമാരുടെ വാഹനങ്ങൾ**

249 (T* 1211) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ നടപ്പാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; വിശദീകരിക്കാമോ;

(ബി) മന്ത്രിമാരുടെ വാഹനത്തിൽ സഞ്ചരിക്കുന്ന മന്ത്രിയെ വ്യക്തമാക്കുന്നതിന് വകുപ്പിന്റെ പേര് പ്രദർശിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 50, 51 എന്നിവ പ്രകാരം നിരത്തിലോടുന്ന എല്ലാ വാഹനങ്ങളിലും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. സംസ്ഥാന രൂപീകരണം മുതൽ മന്ത്രിമാരും തത്തുല്യ പദവിയുള്ളവരും അവരുടെ ഔദ്യോഗിക വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കാറില്ല. പ്രസ്തുത കീഴ്വഴക്കത്തിന്റെ ആനുകൂല്യം മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിഘാതം വരാത്ത രീതിയിൽ സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടെ പുതിയ രീതിയിലുള്ള ബോർഡ് പ്രദർശിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## അംഗപരിമിതരുടെ വാഹനങ്ങൾ

250(1212) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ വാഹനങ്ങൾക്ക് നൽകിയിട്ടുള്ള നികുതി ഇളവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അംഗപരിമിതർക്ക് വാഹനങ്ങൾ ഓടിക്കാനുള്ള പ്രശ്നങ്ങൾ അതിജീവിക്കുന്നതിനായി ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങൾ പ്രയോജനപ്പെടും എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അഞ്ചുലക്ഷത്തിന് മുകളിൽ വിലയാകുന്ന വാഹനങ്ങൾക്ക് റോഡ് ടാക്സ് നൽകണമെന്ന വ്യവസ്ഥ അംഗപരിമിതർക്ക് ഉണ്ടാക്കിയിട്ടുള്ള പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അംഗപരിമിതരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5 ലക്ഷം രൂപ വരെ വിലയുള്ള വാഹനങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 31-3-1998-ലെ 16/98/ഗതാഗതം (എസ്.ആർ.ഒ. നമ്പർ 30-98) എന്ന ഉത്തരവിലൂടെ അംഗപരിമിതരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിരുന്നു. എന്നാൽ അംഗപരിമിതരുടെ പേരിൽ ലക്ഷ്വറി വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് ടാക്സ് ഇളവ് നേടി ഈ നിയമം ദുരുപയോഗം ചെയ്യുന്ന സംഭവങ്ങൾ ഇല്ലാതാക്കുന്നതിനാണ് ഭേദഗതി ചെയ്ത് ഉത്തരവായത്.

## യാത്രാക്ലേശം

251 (1213) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോട്ടയ്ക്കൽ-താനൂർ ഭാഗത്തെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ മലപ്പുറം-കോട്ടയ്ക്കൽ-വൈലത്തൂർ താനാളൂർ-വട്ടത്താണി വഴി താനൂർക്ക് ബസ് സർവ്വീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. മലപ്പുറം, കോട്ടയ്ക്കൽ-താനൂർ ഭാഗത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി അഞ്ച് സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. തുടർന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമസാധുത പരിശോധിച്ച് പെർമിറ്റ് അനുവദിക്കുന്ന കാര്യം മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി പരിഗണിക്കുന്നതാണ്.

## അമിത ശബ്ദത്തിൽ ഹോൺ

252 (1214) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതശബ്ദത്തിൽ ഹോൺമുഴക്കി അലക്ഷ്യമായി വാഹനമോടിച്ചതിന് 22-8-2016-ൽ കിഴക്കേക്കോട്ടയിൽ ഒരു സ്വകാര്യബസിനെ മോട്ടോർവാഹന വകുപ്പ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ബസിന്റെ ഡ്രൈവറെ കസ്റ്റഡിയിലെടുത്ത് മദ്യപിച്ചിട്ടുണ്ടോ എന്ന പരിശോധന നടത്തിയിരുന്നോ; എങ്കിൽ പരിശോധനാഫലം എന്തായിരുന്നു;

(സി) ബസ്സ് ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്;

(ഡി) ഹോണിന്റെ ശബ്ദശേഷി എത്രയായിരുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സ്വകാര്യ ബസ്, ലോറി എന്നിവയുടെ ഹോൺ ഘട്ടംഘട്ടമായി പരിശോധിച്ച് നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കസ്റ്റഡിയിൽ എടുത്തിട്ടില്ല. കെ. എൽ. 01/എഎം1551 എന്ന വാഹനം പരിശോധിച്ച് മനുഷ്യജീവന് ഭീഷണിയാകുന്ന തരത്തിൽ വാഹനമോടിക്കൽ, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ ഹോൺ മുഴക്കി വാഹനമോടിക്കൽ, വാഹനത്തിന്റെ പിറകിലായി രണ്ട് ഏണികൾ ഫിറ്റ് ചെയ്തിരിക്കുന്നതിനാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ കാണാൻ സാധിക്കുന്നില്ല എന്നീ കുറ്റങ്ങൾക്ക് മോട്ടോർ വാഹന നിയമപ്രകാരമുള്ള ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ബസ് കസ്റ്റഡിയിൽ എടുത്തിട്ടില്ല. സെക്ഷൻ 184, 190(2), 39 എന്നീ വകുപ്പുകൾ പ്രകാരം ചെക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കാത്ത വാഹനങ്ങൾ

253 (1215) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ വാഹനത്തിൽ പ്രദർശിപ്പിക്കുന്നതിൽ നിന്നും നിയമം മുഖേന ഒഴിവാക്കപ്പെട്ടിട്ടുള്ളത് ഏതെല്ലാം വാഹനങ്ങളെയാണെതിന്റെ വിശദവിവരം നൽകാമോ;

(ബി) നിയമപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളതല്ലാത്ത വാഹനങ്ങൾ യഥാവിധിയുള്ള നമ്പർപ്ലേറ്റ് പ്രദർശിപ്പിക്കാതെ നിരത്തിലോടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയുമാണെന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇത്തരം നിയമലംഘനം നടത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ പേരിൽ മാത്രമാണോ നടപടിക്ക് നിയമമുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അത്തരം നിയമലംഘനം നടത്തുന്ന വാഹന ഉടമ/വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നകാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ വാഹനങ്ങളിൽ പ്രദർശിപ്പിക്കുന്നതിൽ നിന്നും ഒരു വാഹനത്തെയും ഒഴിവാക്കിയിട്ടില്ല.

(ബി) സർക്കാർ വകുപ്പുകളുടെയും അതിന്റെ ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കാതെ നിരത്തിൽ ഓടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമലംഘനം നടത്തുന്ന വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെയും ചട്ടപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) ഇതിന്റെ വിവിധ വശങ്ങൾ പരിശോധിക്കുന്നതാണ്.

## മീറ്റർ ബില്ലിംഗ്

254 (1216) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന എല്ലാ ഓട്ടോറിക്ഷകളിലും മീറ്റർ ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) വിവിധ രീതിയിൽ ഉപകാരപ്രദമായ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) ആവശ്യത്തിനുള്ള ബില്ലിംഗ് മെഷീനുകളുടെ അഭാവം, നിലവിലുള്ള വാഹനങ്ങളിൽ ടി മെഷീനുകൾ സ്ഥാപിക്കുന്നതിൽ ഈ രംഗത്തെ തൊഴിലാളികൾക്കുണ്ടാകുന്ന അധിക ബാദ്ധ്യത എന്നീ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നാണ് കരുതുന്നത്.

**ട്രാഫിക് ലംഘനങ്ങൾ**

255 (1217) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ട ബസ് സ്റ്റാന്റിലും പരിസരത്തും കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസ്സുകൾ അനധികൃത, ദീർഘനേര പാർക്കിംഗ് നടത്തുന്നതിനെതിരെ നടപടി പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ ഈ ഭാഗത്ത് നടുറോഡിൽ വാഹനം നിർത്തി ആളെ കയറ്റൽ, ഉച്ചത്തിലുള്ള ഹോൺ പ്രവർത്തിപ്പിക്കൽ, മത്സര ഓട്ടം, സമയം തെറ്റിച്ചുള്ള ട്രിപ്പുകൾ, കിഴക്കേകോട്ടയിൽ ട്രിപ്പ് അവസാനിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെടെയുള്ള ട്രാഫിക് ലംഘനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരവും നൽകാമോ;

(സി) അനുവദിക്കപ്പെട്ട റൂട്ടിൽ യാത്രക്കാർ കുറവാണെങ്കിൽ ട്രിപ്പു മുടക്കി, അതിൽ കയറിയ യാത്രക്കാരെ ഇറക്കി വിടുന്ന എത്ര സ്വകാര്യ ബസുകൾക്കെതിരെ ഈ കാലയളവിൽ നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യും മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും സംയുക്തമായി പരിശോധന നടത്തുന്നുണ്ട്.

(ബി) ചോദ്യത്തിൽ സൂചിപ്പിച്ച ട്രാഫിക് ലംഘനം കണ്ടെത്തിയതിനെ തുടർന്ന് 8 സ്വകാര്യ ബസുകൾക്കെതിരെ പിഴ ഈടാക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്നും അത്തരം ലംഘനങ്ങൾ പരിശോധിക്കുവാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**വിദ്യാർത്ഥികൾക്ക് കൺസഷൻ**

256(1218) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന കുട്ടമ്പുഴ, ഇടമലയാർ, വടാട്ടുപാറ, മാമലക്കണ്ടം പ്രദേശങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ കൊടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ഡി) ആദിവാസികളും എസ്.സി. വിഭാഗം കുട്ടികളും തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആവശ്യത്തിന് സർവ്വീസുകൾ ഇല്ലാത്തതിനാലാണ് കൺസെഷൻ നൽകാതിരുന്നത്. എന്നിരുന്നാലും കൺസെഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**സി.ആന്റ് എ.ജി. റിപ്പോർട്ട്**

257(1219) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ സി.ആന്റ് എ.ജി. റിപ്പോർട്ടിൽ, ഏറ്റവും അധികം നഷ്ടമുണ്ടാകുന്ന പൊതുമേഖലാസ്ഥാപനം കെ.എസ്.ആർ.ടി.സി.-യാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ അവകാശങ്ങൾ കവർന്നെടുക്കാതെ തന്നെ കഴിഞ്ഞ രണ്ട് വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ ചെലവിനത്തിൽ എന്തു കുറവ് വരുത്താനായി; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് ഡെപ്യൂട്ടേഷനിൽ വരുന്നവരുടെ വേതനനിരക്കിലേതിന് തുല്യമായ സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.ടി.ഡി.സി.-യിൽ നിന്നും കാലാകാലങ്ങളിൽ എടുത്തിരുന്ന 1,300 കോടി രൂപയുടെ വായ്പ വാണിജ്യ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് താരതമ്യേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയിലുമായി പുനഃക്രമീകരിച്ചതുമൂലം പ്രതിമാസം ഏകദേശം 36 കോടി രൂപ വായ്പാ തിരിച്ചടവിൽ കുറവും പലിശയിൽ ഉണ്ടായ കുറവുമൂലം പ്രതിവർഷം 37 കോടിയോളം രൂപ ലാഭിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഡെപ്യൂട്ടേഷനിൽ വരുന്നവരെ കെ.എസ്.ആർ.ടി.സി.-യിലെ നിലവിലുള്ള ഒരു ലാവണത്തിലാണ് നിയോഗിക്കുന്നത്. ടി ലാവണത്തിൽ അവർ അവരുടെ ജോലി നിർവ്വഹിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട മേലധികാരി ടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അത്തരത്തിൽ റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ലഭിച്ചുവരുന്ന വേതനവും ആനുകൂല്യങ്ങളും മറ്റുള്ള സ്ഥാപനങ്ങളേക്കാൾ പ്രത്യേകിച്ച് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളെക്കാൾ കുറവായതിനാൽ ഡെപ്യൂട്ടേഷനിൽ വരുന്നവരുടെ സേവന വേതന നിരക്ക് താരതമ്യം ചെയ്യാൻ കഴിയുന്ന തരത്തിലല്ല.

**ഹെൽമെറ്റ് ബോധവൽക്കരണം**

258 (1220) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുചക്രവാഹനം ഉപയോഗിക്കുന്നവർക്ക് ഹെൽമെറ്റ് ധരിക്കുന്നതിന് ബോധവത്ക്കരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് നടത്തിയിട്ടുള്ളത്;

(സി) ഹെൽമെറ്റ് ധരിക്കാത്തവർക്ക് പമ്പുകളിൽ നിന്നും ഇന്ധനം കൊടുക്കേണ്ടതില്ലെന്ന തീരുമാനം ഇതിന്റെ ഭാഗമായിരുന്നോ; ഇതുമായി പമ്പിന്റെ ഉടമസ്ഥർ സഹകരിച്ചിട്ടുണ്ടോ;

(ഡി) ഈ പരിപാടിയുടെ ഫലപ്രാപ്തിയെക്കുറിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 'ഹെൽമെറ്റ് ധരിക്കു, ജീവൻ രക്ഷിക്കു' തുടങ്ങിയ ബോധവൽക്കരണ ക്ലാസ്സുകളും ഡോക്യുമെന്ററി പ്രദർശനങ്ങളും സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നുണ്ട്. സെപ്റ്റംബർ 19-ന് സംസ്ഥാനത്ത് ഹെൽമെറ്റ് ധരിക്കുന്നതിനായി അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സുരക്ഷാദിന പ്രതിജ്ഞ സ്കൂളുകളിൽ സംഘടിപ്പിച്ചിരുന്നു.

(സി&ഡി) ബോധവൽക്കരണത്തിലൂടെ ഹെൽമെറ്റ് ഉപയോഗം വർദ്ധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി ആരംഭിച്ചത്. എല്ലാ പെട്രോളിയം കമ്പനികളോടും പമ്പുകളോടും സഹകരണം അഭ്യർത്ഥിച്ചിരുന്നു. ഹെൽമെറ്റ് ധരിക്കാത്തവർക്ക് ഇന്ധനം കൊടുക്കേണ്ടതില്ലെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തിയിട്ടില്ല. എങ്കിലും ഹെൽമെറ്റ് ധാരണത്തിനുള്ള ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

**ഔദ്യോഗിക വാഹനങ്ങൾ**

259 (T *1221) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വാഹനങ്ങളിൽ കർട്ടൻ, സൺഫിലിം തുടങ്ങിയ മറകൾ ഉപയോഗിച്ച് മറച്ച് യാത്ര ചെയ്യുന്നതിന്റെ സുരക്ഷിത നിയമ പ്രശ്നം, സുപ്രീം കോടതി ചൂണ്ടിക്കാട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ പേർ വാഹനങ്ങളിൽ മറകൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയ്ക്ക് വാഹനങ്ങൾ വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ വാഹനോപയോഗം നടത്തുന്നവർക്കെതിരെ നടപടികൾ എടുക്കുന്നതിനുവേണ്ടിയുള്ള പരിശോധനകൾ നടത്തി വരുന്നുണ്ട്.

**സർക്കാർ വാഹനങ്ങളിലെ പുക പരിശോധന**

260(1222) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സർക്കാർ വാഹനങ്ങളും അനുവദിക്കപ്പെട്ട അളവിനേക്കാൾ കൂടുതൽ പുക പുറന്തള്ളുന്നവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* 'T' മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ഉൾപ്പെടെ എല്ലാ സർക്കാർ വാഹനങ്ങളും യഥാസമയം പുക പരിശോധന നടത്തുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വാഹനങ്ങളിൽ പുക പരിശോധന നടത്തിയ സർട്ടിഫിക്കറ്റ് സൂക്ഷിക്കാറുണ്ടോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സർട്ടിഫിക്കറ്റ് സൂക്ഷിക്കാത്തതു കാരണവും യഥാസമയം പുക പരിശോധന നടത്താത്തതുകാരണവും എത്ര സർക്കാർ വാഹനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കെ.എസ്.ആർ.ടി.സി.-യിൽ എല്ലാ വാഹനങ്ങളുടെയും പുക പരിശോധന യഥാസമയം ചെയ്തുവരുന്നു. ഒരു വർഷത്തിലേറെ പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ആറു മാസത്തിലൊരിക്കൽ പുക പരിശോധന നടത്തി നിയമാനുസൃതമായ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്.

(ഡി) സർക്കാർ വാഹനങ്ങളിൽനിന്നും ഇത്തരത്തിലുള്ള പിഴ ഈടാക്കിയിട്ടില്ല.

**ജൻറം പദ്ധതി**

261(1223) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻറം പദ്ധതി പ്രകാരം വാങ്ങിയ എത്ര ലോഫ്ളോർ ബസ്സുകൾ ഓടിക്കാതെ വെറുതെ ഇട്ടിരിക്കുന്നു എന്നറിയിക്കാമോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ ബസ്സുകൾ നന്നാക്കി നിരത്തിൽ ഇറക്കുന്നതിന് കെ.എസ്.ആർ.ടി.സി. എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ; ഇതുമൂലം വരുമാനത്തിൽ എത്ര കുറവാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരിക്കുന്നതെന്നറിയിക്കാമോ; എത്ര ലോഫ്ലോർ ബസ്സുകൾ വർക്ക്ഷോപ്പുകളിൽ കിടക്കുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.യു.ആർ.ടി.സി.-ക്ക് 615 ബസുകൾ ഉള്ളതിൽ 428 ബസുകൾ 23-9-2016-ൽ സർവീസ് നടത്തിയിട്ടുണ്ട്. സർവീസിന് യോഗ്യമായ 42 ബസുകൾ ഡ്രൈവർ, കണ്ടക്ടർ എന്നിവരുടെ അഭാവംമൂലം ഓടിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ 145 ബസുകളാണ് അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടിട്ടുള്ളത്. അപകടങ്ങൾമൂലം ബോഡി തകരാർ സംഭവിച്ചതും ഗ്ലാസ്സ് പൊട്ടിയതും സമയബന്ധിതമായ അറ്റകുറ്റപ്പണികൾക്കായും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടുന്നതിനുള്ള അറ്റകുറ്റപ്പണികൾക്കുമായും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ ബസുകൾ എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ തീർത്ത് നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 ആഗസ്റ്റിലെ കണക്കുപ്രകാരം ജൻറം പദ്ധതിയിൽപ്പെട്ട ഒരു ബസ് ഓടാതെ വരുമ്പോൾ ശരാശരി 11470 രൂപ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നുണ്ട്. 30 എ.സി. ബസുകളും 115 നോൺ എ.സി. ബസുകളും ഉൾപ്പെടെ 23-9-2016-ൽ 145 ബസുകളാണ് വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കായി കിടക്കുന്നത്.

**ടാക്സി വാഹനങ്ങൾ**

262(1224) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ടാക്സി വാഹനങ്ങളുടെ എണ്ണവും വാഹനങ്ങളുടെ തരംതിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

(ബി) ടാക്സി പെർമിറ്റില്ലാത്ത വാഹനങ്ങൾ ടാക്സിയായി ഓടുന്നത് തടയുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1549085.

വാഹനങ്ങളുടെ തരംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

<u>ട്രാൻസ്പോർട്ട് വാഹനങ്ങൾ</u> :

| ക്രമ നമ്പർ | വാഹന വിഭാഗം | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | മുച്ചക്ര വാഹനം (ഓട്ടോറിക്ഷ) | 643769 |
| 2 | മുച്ചക്ര വാഹനം (ഗുഡ്സ്) | 145260 |
| 3 | ഗുഡ്സ് ട്രക്കുകൾ (ലൈറ്റ് മോട്ടോർ വെഹിക്കിൾ) | 244769 |
| 4 | ഗുഡ്സ് ട്രക്കുകൾ (മീഡിയം മോട്ടോർ വെഹിക്കിൾ) | 25296 |
| 5 | ഗുഡ്സ് ട്രക്കുകൾ (ഹെവി മോട്ടോർ വെഹിക്കിൾ) | 41250 |
| 6 | മൾട്ടി ആക്സിൽ വാഹനങ്ങൾ | 1391 |
| 7 | ആർട്ടിക്കുലേറ്റഡ് വാഹനങ്ങൾ | 62543 |
| 8 | പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ | 5480 |
| 9 | കോൺട്രാക്ട് ക്യാര്യേജ് (എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾ) | 26539 |

| (1) | (2) | (3) |
|---|---|---|
| 10 | സ്റ്റേജ് കാര്യേജുകൾ | 44055 |
| 11 | കോൺട്രാക്ട് ക്യാര്യേജ് | 42276 |
| 12 | ആൾ ഇന്ത്യാ ടൂറിസ്റ്റ് ടാക്സി | 10247 |
| 13 | എക്സ്കവേറ്റർ | 168 |
| 14 | ഗുഡ്സ് ക്യാരിയർ ടാങ്കർ | 2697 |
| 15 | വാട്ടർ ടാങ്കർ | 780 |
| 16 | ഓയിൽ ടാങ്കർ | 234 |
| 17 | ഗ്യാസ് ടാങ്കർ | 47 |
| 18 | ഹസാർഡ്സ് ഗുഡ്സ് ടാങ്കർ | 838 |
| 19 | മോട്ടോർ കാബ് | 106220 |
| 20 | ട്രാക്ടർ/ട്രയിലർ | 2618 |
| 21 | ട്രയിലർ | 755 |
| 22 | ടിപ്പർ | 65003 |
| 23 | ആംബുലൻസ് | 5494 |
| 25 | റോഡ് റോളറുകൾ | 124 |
| 25 | മറ്റ് തരം വാഹനങ്ങൾ | 71232 |

(ബി) വകുപ്പുതല പരിശോധനകൾ നടത്തുമ്പോൾ ഇത്തരം വാഹനങ്ങളെ കണ്ടെത്തുവാനായി വിശദ പരിശോധനകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**മോട്ടോർ വാഹന വകുപ്പിലെ അഴിമതി**

263(1225) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ വന്നതിനുശേഷം ഇത്തരത്തിൽ എത്ര അഴിമതി കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ അഴിമതി വിമുക്തമാക്കുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിവരുന്നു. ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കുന്നതിനുവേണ്ടി വകുപ്പിന്റെ പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം എല്ലാ സർവ്വീസും എല്ലാ കൗണ്ടറിലും ലഭ്യമാക്കൽ, വെബ് സൈറ്റ്, സ്പീഡ് പോസ്റ്റ് സംവിധാനം, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, മൊബൈൽ ഗവേണൻസ്, ഓൺലൈൻ ആപ്ലിക്കേഷൻ, ഇ-പേമെന്റ് മുതലായ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി വകുപ്പുതലത്തിൽ നിർദ്ദേശങ്ങളും സർക്കുലറുകളും കാലാകാലങ്ങളായി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അടിക്കടി പരിശോധന നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ 25 ഇനം സേവനങ്ങൾക്കുള്ള ഫീസ് ഇപ്പോൾ ഓൺലൈനായി അടയ്ക്കാവുന്നതാണ്. കൂടാതെ പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഡ്രൈവിംഗ് ടെസ്റ്റിനുള്ള തീയതി അപേക്ഷകന് ഓൺലൈനായി തെരഞ്ഞെടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പാറശ്ശാല, ചേവായൂർ, ഇളവായൂർ എന്നിവിടങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രവും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മുട്ടത്തറ, മോനിപ്പള്ളി, ആരക്കുഴ എന്നിവിടങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും അറിയിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിൽ ഇന്റേണൽ ഡിപ്പാർട്ടുമെന്റ് വിജിലൻസും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 19 ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പിൽ രൂപീകരിച്ച സാങ്കേതിക സമിതിയുടെ പരിഗണനയിലാണ്. സാങ്കേതിക സമിതിയുടെ അനുമതി ലഭ്യമാക്കി പദ്ധതി ഉടൻതന്നെ നടപ്പിലാക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ജോയിന്റ് ആർ.ടി. ഓഫീസ്**

264(1226) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലത്ത് ഒരു ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുന്നകാര്യം പരിഗണിക്കാമോ?

ഉത്തരം

പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**മോട്ടോർ വാഹന വകുപ്പ് അഴിമതിമുക്തമാക്കൽ**

265 (1227) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പ് അഴിമതിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം ഊർജ്ജിത ഇ-ഗവേണൻസ് സംവിധാനങ്ങളാണ് വകുപ്പിൽ ഒരുക്കിയിട്ടുള്ളത്; വിവരിക്കുമോ;

(സി) പ്രസ്തുത സംവിധാനങ്ങൾ വഴി എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്കായി ലഭ്യമാക്കുന്നത്? വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏജന്റുമാരുടെയും മദ്ധ്യവർത്തികളുടെയും പിടിയിൽ നിന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളെ വിമുക്തമാക്കുക, പൊതുജനങ്ങൾക്ക് നേരിട്ട് ഓഫീസിൽ ഹാജരായി വിവിധ സേവനങ്ങൾ സുഗമമായി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി കാലാകാലങ്ങളിൽ വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി വകുപ്പ് ഇ-പേമെന്റ് സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു. മാത്രമല്ല പൊതുജനങ്ങൾക്കുവേണ്ട മുന്നറിയിപ്പുകൾ നൽകുന്ന നിർദ്ദേശങ്ങളടങ്ങിയ ബോർഡുകളും എല്ലാ ഓഫീസുകളിലും വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(ബി&സി) മോട്ടോർ വാഹനവകുപ്പിൽ 25-ഓളം സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 20 സേവനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനവുമുണ്ട്. കൂടാതെ പുതുതായി രജിസ്റ്റർ ചെയ്യുന്ന നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാത്തരം വാഹനങ്ങളുടെയും നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്ററാണ് ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്. എസ്.ബി.ടി./എസ്.ബി.ഐ. എന്നീ ബാങ്കുകൾ ഉൾപ്പെടുന്ന ഓൺലൈൻ പേമെന്റ് സംവിധാനമാണ് നിലവിൽ വകുപ്പിൽ നടപ്പിലാക്കിയിരിക്കുന്നത്. ഈ സംവിധാനം ഇ-ട്രഷറി സംവിധാനത്തിലേക്ക് മാറ്റുന്നതിലുള്ള നടപടികൾ നടന്നുവരുന്നു. ഇ-ട്രഷറി സംവിധാനത്തിൽ നിലവിൽ 9-ഓളം സേവനങ്ങൾ ലഭ്യമാണ്. കൂടാതെ ഡ്രൈവിംഗ് ടെസ്റ്റിനായുള്ള തീയതി അപേക്ഷകന് തനിയെ തെരഞ്ഞെടുക്കാനുള്ള സൗകര്യവും ഓൺലൈനായി ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് വകുപ്പിന്റെ വരുമാന വർദ്ധന എന്നതിലുപരി ഇടനിലക്കാരെ ഒഴിവാക്കി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്.

**ഓൺലൈൻ ടാക്സികൾ**

266(1228) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതൊക്കെ ഓൺലൈൻ ടാക്സികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓൺലൈൻ ടാക്സി കമ്പനികൾക്ക് കേരള സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ലൈസൻസുകൾ നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) കേരളത്തിലെ ടാക്സികളെക്കാളും വളരെ കുറഞ്ഞനിരക്കിലാണ് ഓൺലൈൻ ടാക്സികൾ ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്പോൾ നിരക്ക് കുറച്ച് കാണിച്ച് ജനങ്ങളുടെയും സർക്കാരിന്റെയും അംഗീകാരം നേടിയിട്ട്, പിന്നീട് ജനങ്ങളെ അമിത ടാക്സി ചാർജ്ജ് വാങ്ങി ബുദ്ധിമുട്ടിക്കാനാണ് ടി കമ്പനികൾ ശ്രമിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ, ചാർജ്ജ് കുറച്ചുവാങ്ങിയാണ് ടി കമ്പനികൾ സർവ്വീസ് നടത്തുന്നതെങ്കിൽ ഇതിനെ പ്രോത്സാഹിപ്പിക്കാനും കേരളത്തിൽ ആകമാനം ഇത് നടപ്പാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓൺലൈൻ ടാക്സി എന്ന രീതിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ഇവയുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) ഇല്ല.

(സി&ഡി) ഇതുസംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടാക്സി, കാർ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവരുടെ അഭിപ്രായംകൂടി സ്വരൂപിച്ച് വകുപ്പുതലത്തിൽ പഠനം നടത്തി ഇതുമായി ബന്ധപ്പെട്ട ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) ഇതുസംബന്ധിച്ച ഒരു അഗ്രഗേറ്റർ പോളിസി നടപ്പിൽ വരുത്തുന്നതിനുള്ള ഒരു കരട് സ്കീം സർക്കാർ പരിശോധിച്ചുവരികയാണ്.

**മോട്ടോർ തൊഴിലാളി ക്ഷേമനിധി**

267 (1229) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണമെത്ര എന്ന് വിശദമാക്കുമോ;

(ബി) തൊഴിലാളി ഉടമസ്ഥ വിഹിതമായി എത്ര രൂപ പിരിച്ചെടുത്തു എന്ന് വിശദമാക്കുമോ;

(സി) നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ 2016 ജൂലൈ മാസം വരെയുള്ള കണക്കുപ്രകാരം 7,85,933 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) തൊഴിലാളി ഉടമസ്ഥ വിഹിതമായി 2016 ജൂലൈ മാസം വരെയുള്ള കണക്കുപ്രകാരം 961,46,29,306 (തൊള്ളായിരത്തി അറുപത്തിയൊന്ന് കോടി നാൽപ്പത്തിയാറ് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി മുന്നൂറ്റി ആറ്) രൂപ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്.

(സി) തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകിയ ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഹെൽമെറ്റ് ധരിക്കാത്തവരുടെ ചിത്രം**

268(1230) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് ഹെൽമെറ്റ് ധരിക്കാതെ യാത്ര ചെയ്യുന്നവർക്കുള്ള ബോധവൽക്കരണ പരിപാടി എന്ന നിലയിൽ ഹെൽമെറ്റ് ധരിക്കാത്ത പത്ത് പേരുടെ ചിത്രം മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റിലേക്ക് അയയ്ക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം നടപ്പാക്കിയത് ഏത് ഉത്തരവിലൂടെയാണ്; അതിന് ആധാരമായ ചട്ടം ഏതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം കേസ്സുകളിൽ ഫോട്ടോ എടുക്കുന്നതിന് ആവശ്യമായ ഉപകരണം മോട്ടോർ വാഹന വകുപ്പ് നൽകുന്നുണ്ടോ;

(ഡി) ഈ ഉത്തരവിന്റെ അപ്രായോഗികത വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) മോട്ടോർ വാഹനവകുപ്പ് ഇത്തരമൊരു നിർദ്ദേശം നൽകിയിട്ടില്ല.

**സർവ്വീസുകൾ നിർത്തിവയ്ക്കൽ**

269(1231) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ജീവനക്കാരും യാത്രക്കാരും തമ്മിലോ മറ്റ് വാഹന യാത്രക്കാരുമായോ, പരിശോധന നടത്തുന്ന പോലീസ്, മോട്ടോർ വെഹിക്കിൾസ് ഉദ്യോഗസ്ഥരുമായോ സംഘർഷമുണ്ടായാൽ ഒരു മുന്നറിയിപ്പുമില്ലാതെ സർവ്വീസുകൾ നിർത്തിവയ്ക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘർഷ സംഭവങ്ങളുണ്ടായാൽ നടപടി സ്വീകരിക്കാൻ വ്യവസ്ഥാപിത മാർഗ്ഗങ്ങളുള്ളപ്പോൾ ഇത്തരം പ്രവണതകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസ്ഥാപിത മാർഗ്ഗങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വകാര്യ ബസുകൾ

270(1232) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യബസുകൾ സമയക്രമം പാലിക്കുന്നുണ്ടോയെന്നത് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ രീതിയും ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) സമയക്രമം പാലിക്കാതെയും അമിത വേഗതയിലും ഓടിക്കുന്ന സ്വകാര്യ ബസുകൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്; അവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അലക്ഷ്യമായും അമിത വേഗതയിലും സ്വകാര്യ ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ചുള്ള പരാതികളും ബസുകളുടെ സമയപ്പട്ടികയും നോക്കിയാണ് പരിശോധന നടത്തുന്നത്. ഇതിനായി മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. പിഴ ഈടാക്കുകയും തുടർച്ചയായി ലംഘനം നടത്തുന്നവരുടെ പെർമിറ്റ് റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. ഇത്തരത്തിൽ വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉത്തരവിൽ മാറ്റം

271 (1233) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് ഇറക്കിയ ജി.ഒ.(പി) നമ്പർ. 74/2015/ട്രാൻസ് 19-11-2015-ലെ ഉത്തരവിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് സെക്രട്ടേറിയറ്റിന് പുറത്തുള്ള ഏതെല്ലാം വകുപ്പ് ഉദ്യോഗസ്ഥർക്ക് കൂടി ഇതിന്റെ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

## 1CC1 മുതൽ 1CC6 വരെയുള്ള രജിസ്റ്റർ നമ്പറുകൾ

272(1234) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് നീലനിറത്തിൽ വെള്ള ലിപിയിൽ 1CC1 മുതൽ 1CC6 വരെയുള്ള നമ്പറുകൾ രേഖപ്പെടുത്തിയ വാഹനങ്ങൾ സവാരി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മോട്ടോർ വാഹനനിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഈ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളത്; പ്രസ്തുത രജിസ്ട്രേഷൻ നൽകിയത് എന്നൊക്കെയാണെന്നും ആർക്കൊക്കെയാണ് നൽയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസ്ഥ പ്രകാരം മറ്റ് ഏതെല്ലാം ഇനത്തിൽപ്പെടുന്ന വാഹനങ്ങൾക്കും/വ്യക്തികൾക്കും ഇനി മുതൽ ഇത്തരം രജിസ്ട്രേഷൻ നമ്പർ നൽകാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ, 1989, ചട്ടം 76(7) പ്രകാരം, ശ്രീലങ്കൻ കോൺസുലേറ്റിന്റെ വാഹനങ്ങൾക്കാണ് 1CC1 മുതൽ 1CC6 വരെയുള്ള ഡിപ്ലോമാറ്റിക് നമ്പർ നൽകിയിട്ടുള്ളത്.

(സി) വിദേശ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധിമാർക്ക് ഡിപ്ലോമാറ്റിക് നമ്പർ നൽകി വരുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത 1045-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അറിയിപ്പ്

### ഇന്ത്യൻ സൈന്യത്തിന് അഭിനന്ദനം

മി. സ്പീക്കർ : അടുത്ത നടപടിക്രമങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയെ അറിയിക്കുവാൻ ഉദ്ദേശിക്കുകയാണ്. രാജ്യത്തിന്റെ അതിർത്തിയിൽ ഇന്ത്യൻ സൈന്യം രൂക്ഷമായ ആക്രമണത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. ത്യാഗനിർഭരവും രക്തരൂക്ഷിതവുമായ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന സൈനിക സമൂഹത്തെ ഈ സഭയുടെ വികാരവും അഭിനന്ദനവും അറിയിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രമേയം അവതരിപ്പിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 'ഇന്ത്യ-പാകിസ്ഥാൻ അതിർത്തിക്കപ്പുറത്തുനിന്നുള്ള ഭീകരാക്രമണങ്ങളെ ചെറുക്കാൻ ഇന്ത്യൻ സൈന്യം കഴിഞ്ഞ ദിവസം കൈക്കൊണ്ട നടപടികൾക്ക് ഈ നിയമസഭ സർവ്വവിധ പിന്തുണയും പ്രഖ്യാപിക്കുന്നു. നാടിനെയും ജനങ്ങളെയും സംരക്ഷിക്കാൻ കൈക്കൊണ്ട നടപടികൾ മുൻനിർത്തി ഈ സഭ ഇന്ത്യൻ സൈന്യത്തെ അഭിനന്ദിക്കുന്നു. സംഘർഷാന്തരീക്ഷം കൂടുതൽ രൂക്ഷമാകുന്നത് ഒഴിവാക്കുംവിധം നയതന്ത്രതലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള പ്രശ്നപരിഹാര ശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. പഠാൻകോട്ടും ഉറിയിലുമുണ്ടായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രതാപൂർവ്വമായ നിലപാട് കൈക്കൊള്ളുമ്പോൾത്തന്നെ പ്രശ്നപരിഹാര ശ്രമങ്ങൾക്കായുള്ള നയതന്ത്ര നീക്കങ്ങൾ തുടരുകയും ചെയ്യേണ്ടതുണ്ടെന്ന് ഈ സഭ ഒന്നടങ്കം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, രാജ്യസുരക്ഷയ്ക്ക് ഭീഷണിയായ ഭീകരവാദത്തിനെതിരെ ഇന്ത്യ നൽകിയ മറുപടി തികച്ചും അഭിനന്ദനീയമാണ്. Pakistan is exporting terrorism to India for a long time. ഇന്ത്യയിൽ നിരന്തരമായി ഭീകര പ്രവർത്തനങ്ങൾ നടത്തിവരുന്ന പാകിസ്ഥാനുള്ള ശക്തമായ നടപടിയാണ് ഇന്ത്യൻ സൈന്യം ഇന്നലെ നൽകിയത്. I salute the brave Indian Army for their excellent performance. അതിസാഹസികവും അതിവിദഗ്ദ്ധവുമായ ഒരു ഓപ്പറേഷനാണ് ഇന്ത്യൻ സൈന്യം നടത്തിയത്. ഇന്ത്യൻ സൈന്യത്തിന് ഒരു പരിക്കുപോലും ഉണ്ടാകാത്തതരത്തിലുള്ള ഓപ്പറേഷൻ നടത്തിയ സൈന്യത്തെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്.

തുടർച്ചയായി പാകിസ്ഥാൻ ഇന്ത്യയ്ക്കുനേരെ നടത്തിയ ഭീകരാക്രമണങ്ങൾ ഇന്ത്യയുടെ മനഃസാക്ഷിയെ വേദനിപ്പിച്ചിരുന്നു. ഇന്ത്യ കാട്ടിയ ആത്മസംയമനം ഇന്ത്യയുടെ ബലഹീനതയായിട്ടാണ് പാകിസ്ഥാൻ കണക്കാക്കിയത്. അതല്ലായെന്ന് തെളിയിച്ചുകൊണ്ട് രാജ്യത്തിന്റെ അഭിമാനവും ശക്തിയും തെളിയിക്കുന്ന നടപടിയാണ് ഇന്നലെയുണ്ടായത്. പുതിയ അക്രമങ്ങൾക്ക് കോപ്പുകൂട്ടിക്കൊണ്ടിരിക്കുന്നത് മുൻകൂട്ടി കണ്ടുകൊണ്ട് ഭീകരത്താവളങ്ങളിലേക്ക് ഇന്ത്യ നടത്തിയ മുൻകൂട്ടിയുള്ള ചെറുത്തുനിൽപ്പായിരുന്നു ഇന്നലെ നടന്നത്. ഈ സൈനിക നടപടിയുടെ ഉത്തരവാദിത്വം പൂർണ്ണമായും പാകിസ്ഥാന് തന്നെയാണുള്ളത്. പഞ്ചാബിലെ പഠാൻകോട്ടും കാശ്മീരിലെ ഉറിയിലും നടന്ന ഭീകരാക്രമണത്തിൽ എത്രയോ ധീരദേശാഭിമാനികളായ സൈനികരെയാണ് നമുക്ക് നഷ്ടപ്പെട്ടത്. ഭീകര ക്യാമ്പുകൾ അടച്ചുപൂട്ടാനുള്ള പാകിസ്ഥാൻ നടപടി ഇനിയെങ്കിലും വൈകിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. സാർക്ക് ഉച്ചകോടി തന്നെ അപകടത്തിലായിരിക്കുന്നു. ഇന്ത്യയുടെ നിലപാടിനെ അംഗീകരിച്ചുകൊണ്ട് ഭൂട്ടാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങൾ സാർക്ക് ഉച്ചകോടിയിൽനിന്ന് വിട്ടുനിൽക്കുമെന്ന് പറയുന്നു. പാകിസ്ഥാനിലാണ് മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നത്. Pak occupied Kashmir, Balochistan, Gilgit-Baltistan എന്നിവിടങ്ങളിൽ നടക്കുന്ന കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ലോക മനഃസാക്ഷി ഉണർന്നുവന്നിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ലോകനയതന്ത്ര രംഗത്ത് പാകിസ്ഥാൻ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭീകരതയ്ക്കെതിരെയുള്ള സഹായം ഗൗരവതരമായി ഇന്ത്യ കാണുന്നുവെന്ന സന്ദേശം പാകിസ്ഥാന് നൽകിയ ഇന്ത്യൻ ആർമിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് സഭാനേതാവ് പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇന്ത്യാ ഗവൺമെന്റും നമ്മുടെ ധീരജവാന്മാരും കൈക്കൊണ്ട നിലപാട് പൂർണ്ണമായും ജനങ്ങളുടെ പിന്തുണ അർഹിക്കുന്നതാണ്. അവരെ അനുമോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. എല്ലാവർക്കും നന്ദി.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയതായി അറിയിക്കുന്നു.

# III അടിയന്തരപ്രമേയം

## സ്വാശ്രയ മെഡിക്കൽ പ്രവേശനം

മി. സ്പീക്കർ : സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷൻ നടപടികൾ അവസാനഘട്ടത്തിലെത്തി നിൽക്കുമ്പോൾ പല കോളേജുകളും ഗവൺമെന്റിന്റെ പിന്തുണയോടെ തലവരിപ്പണം ഈടാക്കുന്നതായി വ്യാപകമായ പരാതികൾ ഉയരുന്നതുമൂലവും സുപ്രീംകോടതി വിധിപ്രകാരം അഡ്മിഷൻ പൂർത്തിയാക്കാത്ത സീറ്റുകളിൽ കേന്ദ്രീകൃത കൗൺസിലിംഗ് ഏർപ്പെടുത്താൻ തയ്യാറാകാതെ സ്വകാര്യ മാനേജ്മെന്റിന് വിദ്യാഭ്യാസക്കൊള്ള നടത്താൻ ഗവൺമെന്റ് കൂട്ടുനിൽക്കുന്നതുമൂലവും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, പി. ബി അബ്ദുൽ റസ്സാക്ക് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, രണ്ടുമൂന്ന് തവണ സഭയിൽ ഇതേ വിഷയത്തെക്കുറിച്ച് സർക്കാരിന്റെ അഭിപ്രായവും നിലപാടും വ്യക്തമാക്കിയതാണ്. 20 സ്വാശ്രയ മെഡിക്കൽ കോളേജുകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരികയും അവർ സർക്കാരുമായി എഗ്രിമെന്റ് വച്ചുകൊണ്ട് സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി അലോട്ട്മെന്റ് നടത്തുന്നതിനും മെരിറ്റ് സീറ്റ് സർക്കാരിന് വിട്ടുതരുന്നതിനും അവസരമുണ്ടാക്കി എന്നുള്ളതുമാണ് ഇത്തവണത്തെ സ്വാശ്രയ എഗ്രിമെന്റിന്റെ പ്രധാനപ്പെട്ട സവിശേഷത. കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ കൂടുതൽ മെരിറ്റ് സീറ്റുകൾ സർക്കാരിന് അല്ലെങ്കിൽ ജനങ്ങൾക്ക് അനുകൂലമായി കിട്ടിയെന്നുള്ളതും പ്രത്യേകിച്ച് അടിവരയിട്ട് സൂചിപ്പിക്കേണ്ട കാര്യമാണ്. ഇത്തവണത്തെ അലോട്ട്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ നേരത്തെ വ്യക്തമാക്കിയതുകൊണ്ട് അത്തരം കാര്യങ്ങൾ കൂടുതലായി പറയുന്നില്ല. എങ്ങനെയാണ് അലോട്ട്മെന്റ് നടക്കുന്നതെന്ന് പ്രതിപക്ഷത്തിനും അറിയാവുന്നതാണ്. സർക്കാരുമായി ഒപ്പിട്ട കോളേജുകൾക്ക് അലോട്ട്മെന്റിനായി അനുവദിച്ച ദിവസം 28-ാം തീയതിയോടുകൂടി അവസാനിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പുതിയ വിധിയനുസരിച്ച്, ഇനി ഏതെങ്കിലും സീറ്റുകൾ ഒഴിവുണ്ടെങ്കിൽ, ആ വേക്കൻസിയിൽ സർക്കാർതന്നെ അലോട്ട്മെന്റ് നടത്തുന്നതാണ്. അലോട്ട്മെന്റ് പൂർത്തിയാക്കാനായി

അവർക്ക് നിശ്ചയിച്ചുകൊടുത്ത തീയതിക്കുശേഷം വരുന്ന എല്ലാ അലോട്ട്മെന്റുകളും സർക്കാരിന് ഏകീകൃത അലോട്ട്മെന്റിലൂടെ നടത്താവുന്നതാണെന്നാണ് സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. മുഴുവൻ അലോട്ട്മെന്റുകളും സർക്കാർ നടത്തുമെന്നതാണ് കേരള ഗവൺമെന്റിന്റെ നിലപാട്.

സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ പോയി സമ്പാദിച്ച വിധിയുടെ അടിസ്ഥാനത്തിലാണ് 50 ശതമാനം സീറ്റുകളിൽ അവർക്ക് അലോട്ട്മെന്റ് നടത്താമെന്ന അവസ്ഥ വന്നത്. അക്കാര്യവും ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. സർക്കാർ ഏറ്റെടുത്തിട്ടുള്ള 50 ശതമാനം മെരിറ്റ് സീറ്റും സർക്കാർ കോളേജുകളുടെ അലോട്ട്മെന്റും പൂർത്തിയാക്കാൻ സെപ്റ്റംബർ 30 വരെയാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. അലോട്ട്മെന്റ് നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്. സ്വാശ്രയ കോളേജുകൾ 28-ാം തീയതിക്കുശേഷം ഏതെങ്കിലും സീറ്റുകളിൽ അലോട്ട്മെന്റ് നടത്താതെ ബാക്കി വയ്ക്കുകയാണെങ്കിൽ അതുംകൂടി സർക്കാർ അലോട്ട്മെന്റായി എടുക്കും. എൻട്രൻസ് കമ്മീഷണർ അലോട്ട്മെന്റിന്റെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യദിവസം തന്നെ എട്ട് കോളേജുകൾ ലിസ്റ്റ് നൽകിയിട്ടുണ്ട്. അതിൽ വേക്കൻസിയൊന്നും ഉണ്ടായിരുന്നില്ല. ബാക്കിയുള്ള ലിസ്റ്റ് ശേഖരിച്ചുവരുന്നുണ്ട്. വേക്കൻസിയുണ്ടെങ്കിൽ അത് മാനേജ്മെന്റിന് നൽകുന്നതല്ല. മൂന്ന് കോളേജുകളാണ് സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാതെ അവർക്ക് തോന്നിയ രീതിയിൽ അലോട്ട്മെന്റ് നടത്താൻ തയ്യാറായത്. അവർ ഹൈക്കോടതിയിൽ പോകുകയും ഉയർന്ന ഫീസ് വാങ്ങി അലോട്ട്മെന്റ് നടത്താനുള്ള വിധി ഹൈക്കോടതി അവർക്ക് നൽകുകയും ചെയ്തെന്നുള്ളതാണ് ഖേദകരമായ വസ്തുത. പത്ത് ലക്ഷം രൂപ ഫീസ് വാങ്ങിക്കൊണ്ട് അലോട്ട്മെന്റ് നടത്താനാണ് ഹൈക്കോടതി അവർക്ക് അനുവാദം നൽകിയിട്ടുള്ളത്. ഫീസ് റെഗുലേറ്ററി കമ്മിറ്റി പിന്നീടത് പരിശോധിക്കണമെന്നുള്ള ക്ലോസുകൂടി അതിലുണ്ട്. അവരുടെ അലോട്ട്മെന്റ് സുതാര്യമല്ല. സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലേതു പോലെയല്ലെന്ന് മനസ്സിലായതുകൊണ്ട് ഈ രണ്ട് കോളേജുകൾ നടത്തിയിട്ടുള്ള അലോട്ട്മെന്റ് പരിശോധിച്ച് അതിലെ അപാകത മനസ്സിലാക്കി അത് റദ്ദാക്കാൻ കഴിയുമോ എന്നാണ് നോക്കുന്നത്. ഇന്നലെ ചേർന്ന ജെയിംസ് കമ്മിറ്റി യോഗത്തിൽ അടിയന്തരമായി ഇക്കാര്യം പരിശോധിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകി. അങ്ങനെ മാൽപ്രാക്ടീസ് നടന്നതായി ബോദ്ധ്യം വന്നാൽ പ്രസ്തുത അലോട്ട്മെന്റ് റദ്ദാക്കിക്കൊണ്ട് സർക്കാർ ഏകീകൃത അലോട്ട്മെന്റുതന്നെ ഈ പ്രസ്തുത കോളേജുകളിലും നടത്താനാണ് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

കെ.എം.സി.ടി. മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചത് അവസാനമാണ്. അവർ കോടതിയിൽ പോയാണ് അംഗീകാരം നേടിയത്. പത്ത് ലക്ഷം രൂപവീതം ഫീസ് വാങ്ങി അലോട്ട്മെന്റ് നടത്താനാണ് ഹൈക്കോടതി അവർക്ക് അനുവാദം നൽകിയിരിക്കുന്നത്. ഇതിനെതിരെ സുപ്രീംകോടതിയെ സമീപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിയമനടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഇന്നലെത്തന്നെ ചർച്ച ചെയ്ത് തീരുമാനത്തിലെത്തിയിട്ടുണ്ട്. എങ്ങനെയാണ് ഇവരെ വരുതിയിൽ കൊണ്ടുവരിക, മാൽപ്രാക്ടീസ് അവസാനിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ലീഗൽ അഡ്വൈസ് നേടിക്കൊണ്ട് ഇന്നലെ രാത്രി 10.30 വരെ ചേർന്ന യോഗത്തിൽ ജെയിംസ് കമ്മിറ്റി ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ പരാതി നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സുപ്രീംകോടതി അലോട്ട്മെന്റിന്റെ കാര്യം മാത്രമാണ് പരിഗണിക്കുന്നത്; ഫീസിന്റെ കാര്യം ചർച്ച ചെയ്തിരുന്നില്ല. മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളുടെയെല്ലാം അലോട്ട്മെന്റ് മാത്രമാണ് സുപ്രീംകോടതിയുടെ പർവ്യൂവിൽ വന്നിട്ടുള്ളത്. സർക്കാരുമായി എഗ്രിമെന്റിൽ ഒപ്പുവച്ച കോളേജുകളിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് തുകയിൽ കവിഞ്ഞ് ഫീസ് ഈടാക്കാൻ ഈ എഗ്രിമെന്റിൽ ഒപ്പിടാത്ത കോളേജുകൾ തയ്യാറാകുന്നുവെന്നുള്ള കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് സുപ്രീംകോടതിയെ സമീപിക്കും. ഫീസിന്റെ കാര്യംകൂടി സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇന്ന് അതുസംബന്ധിച്ച നിയമ നടപടിയിലേക്ക് നീങ്ങുകയാണ്.

ഇവിടെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വലിയ ആക്ഷേപമാണുണ്ടായത്. റീഫണ്ടബിൾ ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി എന്നിവ വാങ്ങുന്നു എന്നാണ് അടിയന്തരപ്രമേയാവതരണത്തിന് നല്കിയ നോട്ടീസിൽ പറയുന്നത്. കൂടാതെ തലവരിപ്പണം വാങ്ങുന്ന കാര്യവും പറയുന്നുണ്ട്. തലവരിപ്പണം വാങ്ങിയതായി വ്യക്തമായ തെളിവ് കിട്ടിയാൽ ഈ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. തലവരിപ്പണം അവിടെ വാങ്ങുന്നു, ഇവിടെ വാങ്ങുന്നു എന്നല്ല പറയേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വളരെ വ്യക്തമായി ഇക്കാര്യത്തിൽ ഉറപ്പു നല്കിയിട്ടുണ്ട്. ക്യാപിറ്റേഷൻ ഫീസ് അനുവദിക്കില്ല; അത് സർക്കാരുമായി ഒപ്പുവച്ച കോളേജായാലും ഒപ്പുവയ്ക്കാത്ത കോളേജായാലും തലവരിപ്പണം വാങ്ങുന്നുവെന്ന് പരാതി ലഭിച്ചാൽ അതിനെപ്പറ്റി വ്യക്തമായി അന്വേഷണം നടത്തുകതന്നെ ചെയ്യും. ജെയിംസ് കമ്മിറ്റിയുടെ

മുമ്പാകെ വരുന്ന എല്ലാ പരാതികളും അന്വേഷിക്കും. അതിന് യാതൊരു സംശയവും വേണ്ട. അങ്ങനെ തലവരിപ്പണം വാങ്ങിയെന്ന് തെളിഞ്ഞാൽ വളരെ ശക്തമായ നടപടി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ വീണ്ടും ഈ സർക്കാർ ഉറപ്പുനൽകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധിതവണ ഇത് സഭാതലത്തിലും പുറത്തും വ്യക്തമാക്കിയിട്ടുള്ളതാണ്. മറ്റൊരു കാര്യം നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളത് ബാങ്ക് ഗ്യാരന്റിയെക്കുറിച്ചാണ്. ബാങ്ക് ഗ്യാരന്റി വാങ്ങാവുന്നതാണെന്ന് സുപ്രീംകോടതിയുടെ ഓർഡറിലുള്ളതാണ്, സർക്കാരിനത് മാറ്റാൻ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റ് ഒപ്പുവച്ച എഗ്രിമെന്റിലും റീഫണ്ടബിൾ ഡെപ്പോസിറ്റും അതുപോലെതന്നെ ബാങ്ക് ഗ്യാരന്റിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞതവണ ഒപ്പുവച്ച കരാർ പ്രതിപക്ഷാംഗങ്ങൾ വായിച്ചുനോക്കണം. പ്രതിപക്ഷത്തിന് മറ്റ് വിഷയമൊന്നുമില്ലാതിരിക്കുമ്പോൾ, ഇത്രയും നല്ലൊരു കരാർ ഒപ്പിട്ടത് അംഗീകരിക്കുന്നതിനുപകരം, എല്ലാ ദിവസവും ഇതേ കാര്യം പറഞ്ഞ് ബഹളമുണ്ടാക്കുന്നതിനെ വിഷയദാരിദ്ര്യം എന്നുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇത്രയും ജനോപകാരപ്രദമായ ഒരു കരാർ ഒപ്പിട്ടതിന് ഈ സർക്കാരിനെ അഭിനന്ദിക്കുന്നതിനുപകരം തുടർച്ചയായി ബഹളമുണ്ടാക്കുന്നത് ജനങ്ങൾ കാണുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം അവർ തീരുമാനിക്കും. എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. തലവരിപ്പണം വാങ്ങുന്നില്ലെന്ന് ഞങ്ങൾ പറയുന്നില്ല; വാങ്ങുന്നതായി സർക്കാരിന് മുന്നിൽ തെളിഞ്ഞാൽ ശക്തമായ നടപടിയെടുക്കും. തലവരിപ്പണം വാങ്ങാതിരിക്കാനാണ് ഈ കരാർ ഒപ്പുവച്ചിട്ടുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എ. കെ. ബാലൻ : സർ, അഞ്ചുദിവസമായി ഒരേ വിഷയം ഈ സഭയിൽ ചർച്ച ചെയ്യപ്പെടുകയാണ്. ........ (ബഹളം)......

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറാണ്. അദ്ദേഹം പറയട്ടെ.

ശ്രീ. എ. കെ. ബാലൻ : സർ, ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ ഇതേവിഷയവുമായി ബന്ധപ്പെട്ട് ഒരു തരത്തിലും ഇനി ചർച്ച ചെയ്യാൻ അനുവദിക്കില്ലെന്ന് റൂളിംഗ് നൽകിയതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്

എതിരായിട്ടാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഈ പ്രമേയം വന്നിട്ടുള്ളത്. ആ കാര്യംകൂടി ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധിക്കണം. ഇത്രയേ എനിക്ക് പറയാനുള്ളൂ. അല്ലെങ്കിൽ എല്ലാ ദിവസവും ഒരേ വിഷയം സംബന്ധിച്ച അടിയന്തര പ്രമേയമായിരിക്കും വരുന്നത്. അങ്ങനെ ഒരു സഭ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമോ? ........(ബഹളം).......

മി. സ്പീക്കർ : ഒരു സഭാസമ്മേളനത്തിൽ ഒരേ വിഷയം തന്നെ തുടർച്ചയായി അടിയന്തരപ്രമേയമായി കൊണ്ടുവരുന്നത് ശരിയല്ലെന്ന് ഇന്നലെ റൂളിംഗ് നൽകിയിരുന്നുവെന്നത് ശരിയാണ്. എന്നാൽ ഇന്നത്തെ അടിയന്തര പ്രമേയാവതരണത്തിന് ലഭ്യമാക്കിയിട്ടുള്ള നോട്ടീസിൽ തലവരിപ്പണവുമായി ബന്ധപ്പെട്ടുള്ള കാര്യംകൂടി വന്നിട്ടുള്ളതുകൊണ്ടാണ് അനുവദിച്ചത്.

ശ്രീ. വി. ടി. ബൽറാം : സർ, അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നൽകിയ നോട്ടീസിലെ പ്രധാനപ്പെട്ട ഒരു ആരോപണം ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയിൽ അൽപം മുമ്പ് സമ്മതിച്ചിരിക്കുകയാണ്. അതുതന്നെയാണ് ഈ അടിയന്തരപ്രമേയത്തിന്റെ സാംഗത്യവും. ബഹുമാന്യയായ മന്ത്രി അൽപം മുമ്പ് ഇവിടെ പറഞ്ഞു, ഈ നാട്ടിൽ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നില്ലെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കില്ലായെന്ന്. അതു വാങ്ങുന്നുണ്ടെന്ന് ബഹുമാന്യയായ മന്ത്രി ഇവിടെ അംഗീകരിച്ചിരിക്കുന്നു. സ്വാശ്രയ കരാറിൽ ഒപ്പിടുന്നതിന്റെ ഭാഗമായി ഈ സർക്കാർ മുന്നോട്ടുവച്ചിരുന്ന പ്രധാനപ്പെട്ട ഒരു വാദഗതി എന്താണ്? ഞങ്ങളിതാ സർക്കാർ മേഖലയിൽ സീറ്റ് കൂട്ടുന്നു. ........(ബഹളം)....... എന്താണിത്....... ഞാൻ ആരംഭിച്ചിട്ട് 50 സെക്കന്റ് പോലുമായിട്ടില്ല. ........(ബഹളം).......

മി. സ്പീക്കർ : അങ്ങ് സംസാരിക്കു ........പ്ലീസ്....പ്ലീസ്........ ശ്രീ. ബൽറാം സംസാരിക്കു.

ശ്രീ. വി. ടി. ബൽറാം : സർ, ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ അവകാശവാദം, സർക്കാർ മേഖലയിൽ സീറ്റു കൂട്ടുന്നു; പാവപ്പെട്ട കുട്ടികൾക്ക് ചുരുങ്ങിയ ഫീസിൽ പഠിക്കാനുള്ള സീറ്റുകളുടെ എണ്ണം വർദ്ധിക്കുന്നു; അതിന്റെ ഭാഗമായി ഒരൽപം ഫീസ് കൂടിയാലും കുഴപ്പമില്ലായെന്നുള്ളതാണ്. മാനേജുമെന്റുകളുടെ പുറംവരവ് ഞങ്ങളിതാ ഇല്ലാതാക്കിയിരിക്കുന്നുവെന്നും പാവപ്പെട്ട മാനേജുമെന്റുകൾക്ക്

ഇനി കഞ്ഞികുടിക്കാൻ നിവൃത്തിയില്ലാതെ ബി.പി.എൽ. കാർഡിലേക്ക് മാറേണ്ട സാഹചര്യമുണ്ടാകുകയാണെന്നും അതുകൊണ്ട് ഞങ്ങളിതാ അവരെ സഹായിക്കാൻ കടന്നുവരികയാണെന്നും ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നു. എല്ലാവരെയും സഹായിക്കുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്ന ആളുകളാണല്ലോ. മാനേജ്മെന്റുകളുടെ പ്രശ്നം ഞങ്ങളിതാ പരിഹരിക്കാൻ വരുന്നു; അവർക്ക് ഫീസ് കൂട്ടിക്കൊടുക്കുന്നു എന്നൊക്കെയാണ് സർക്കാരിന്റെ വാദഗതി. എങ്ങനെയാണ് ഇവിടെ ഗവൺമെന്റ് മേഖലയിൽ കുറച്ചെങ്കിലും സീറ്റ് കൂടിയിട്ടുള്ളത്? ഇവിടെ പുതിയ കോളേജുകൾ വരുന്നു. പുതിയ കോളേജുകൾ വരുന്നതിൽ സർക്കാരിന് എന്തെങ്കിലും റോൾ ഉണ്ടോ? ........(ബഹളം).......

<u>മി. സ്പീക്കർ</u> : ..........പ്ലീസ്...... .......പ്ലീസ്......ഇരിക്കൂ

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, നിലവിലുള്ള കോളേജുകൾക്ക് Medical Council of India സീറ്റ് കൂട്ടിക്കൊടുക്കുന്നു. അതിൽ സർക്കാരിന് വല്ല റോളുമുണ്ടോ? സർക്കാരിന്റെ ഇടപെടൽമൂലം എന്നുപറയാവുന്ന ഏകകാര്യം ഗവൺമെന്റ് പുതിയ ചില കോളേജുകളെക്കൂടി കരാറിലേക്ക് കൊണ്ടുവരുന്നുവെന്നതാണ്. ഞങ്ങൾ അത് അംഗീകരിക്കുകയാണ്. .......(ബഹളം)....... അതിലുൾപ്പെട്ട പല കോളേജുകളും ഇന്ന് കരാറിൽ നിന്ന് പുറകോട്ടു പോകുകയാണ്. അങ്ങനെ വരുമ്പോൾ ഈ ഗവൺമെന്റിന്റെ കരാറുമായി ബന്ധപ്പെട്ട ഏക അവകാശവാദംപോലും ഇവിടെ പൊളിഞ്ഞുവീഴുകയാണ്. സീറ്റിന്റെ വർദ്ധനവ് സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായിട്ടുണ്ടായി. 'മെരിറ്റ് സീറ്റിൽ' എന്നുപറയുന്ന ഏക അവകാശവാദംപോലും ഇവിടെ ഇല്ലാതാവുകയാണ്. ഇവിടെ ക്യാപ്പിറ്റേഷൻ ഫീസ് എന്നുള്ളത് പച്ചയായ ഒരു യാഥാർത്ഥ്യമായി ഇന്നു മാധ്യമങ്ങൾ വെളിച്ചത്തു കൊണ്ടുവരികയാണ്. ........(ബഹളം)....... ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതുപോലെ ഇതൊരു തോന്നലല്ല.

<u>മി. സ്പീക്കർ</u> : പ്ലീസ്... പ്ലീസ്.. ഇരിക്കൂ...... ഇരിക്കൂ... ........(ബഹളം).......

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഇങ്ങനെ തടസ്സപ്പെടുത്തുകയാണോ, എനിക്ക് കാര്യങ്ങൾ വിശദീകരിക്കാൻ അവസരം തരണ്ടേ; ഇത്ര അസ്വസ്ഥത കാണിക്കേണ്ട കാര്യമുണ്ടോ? ........(ബഹളം).......

<u>മി. സ്പീക്കർ</u> : .......പ്ലീസ്... പ്ലീസ്........ അങ്ങേക്ക് മാത്രമേ മൈക്ക് അനുവദിച്ചിട്ടുള്ളൂ. അങ്ങ് പറഞ്ഞോളൂ. ........(ബഹളം)....... സംസാരിക്കുമ്പോൾ കമന്റ് പറയുന്ന സ്വഭാവം ഇരുപക്ഷത്തുമുണ്ട്. അത് നിർഭാഗ്യകരമാണ്.

ശ്രീ. വി. ടി. ബൽറാം : സർ, ഇങ്ങനെ ഡിസ്റ്റർബായാൽ സഭ ഓർഡറിലാക്കണ്ടേ; നമുക്ക് ശ്രദ്ധയോടെ സംസാരിക്കാൻ കഴിയണ്ടേ: സ്വാശ്രയ മുതലാളിമാരെ വിമർശിക്കാൻ തുടങ്ങിയപ്പോഴേക്കും ഇത്ര അസ്വസ്ഥതപ്പെടാൻ കാര്യം എന്താണ്? ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്നവെന്നും അത് നിയന്ത്രിക്കണമെന്നും ഞാൻ പറഞ്ഞു തുടങ്ങുമ്പോഴേക്കും ഇത്രമാത്രം ബഹളമുണ്ടാക്കേണ്ട കാര്യമെന്താണ്; അതിൽ ഇത്ര അസ്വസ്ഥത എന്താണ്? ........(ബഹളം) .......

മി. സ്പീക്കർ : ........പ്ലീസ്..... പ്ലീസ്......

ശ്രീ. വി. ടി. ബൽറാം : സർ, ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നവെന്ന് സർക്കാരിനുപോലും അംഗീകരിക്കേണ്ട സാഹചര്യം വന്നിരിക്കുകയാണ്. കാരണം അതുസംബന്ധിച്ച വാർത്തകൾ മാധ്യമങ്ങൾ പുറത്തു വിടുകയാണ്... (ബഹളം).... ഇവിടെ അവസാന ദിവസത്തെ അഡ്മിഷനെക്കുറിച്ച് പറഞ്ഞു. ..... (ബഹളം)....

മി. സ്പീക്കർ : അങ്ങ് സംസാരിക്കൂ....

ശ്രീ. വി. ടി. ബൽറാം : സർ, അപ്പുറത്തുള്ള യുവജന നേതാക്കന്മാർക്ക് എന്താണ് സംഭവിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സ്വാശ്രയ മാനേജ്മെന്റിനെ വിമർശിക്കാൻ തുടങ്ങുമ്പോഴേക്കും ഇത്രയും അസഹിഷ്ണത കാണിക്കേണ്ട കാര്യമുണ്ടോ? നിങ്ങൾ ആർക്കുവേണ്ടിയാണ് വാദിക്കുന്നത്. ......(ബഹളം).....

മി. സ്പീക്കർ : പ്ലീസ്... പ്ലീസ്... ഇരിക്കൂ, ഇരിക്കൂ,... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും.

ശ്രീ. വി. ടി. ബൽറാം : സർ, ഒരു പ്രശ്നമുണ്ടെങ്കിൽ അതെന്താണെന്ന് മനസ്സിലാക്കാനുള്ള ക്ഷമ വേണ്ടേ? ...(ബഹളം)...... ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സമ്മതിച്ച കാര്യങ്ങളുടെ ഡീറ്റെയിലാണ് ഞാൻ പറയാൻ പോകുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് നടപടിയെടുക്കാനവശ്യമായ കാര്യങ്ങൾ സമർപ്പിക്കാൻ ഞാൻ തയ്യാറാകുമ്പോൾ ഇവരെന്തിനാണ് ഈ കോലാഹലം ഉണ്ടാക്കുന്നത്; ഇവർ ആരുടെ ആളുകളാണ്? കേരളത്തിലെ പ്രധാനപ്പെട്ട ഒരു പത്രത്തിൽ ഇന്ന് വന്ന വാർത്തയാണ്. (പത്രം ഉയർത്തിക്കാട്ടി) ഇന്നലെ ന്യൂസ് ചാനലിലും ഇക്കാര്യം വിശദമായി കേൾക്കുകയുണ്ടായി. ....(ബഹളം) ...... വയനാട്ടിലെ സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശനം അവസാനിക്കുന്നതിന്റെ അവസാനദിവസം, ...... (ബഹളം)....... ഏതുകോളേജാണെന്ന് എല്ലാവർക്കും

അറിയാം, .....(ബഹളം)....... മൂന്ന് മണിക്കൂറിനുള്ളിൽ 31 ലക്ഷം രൂപയുമായി വന്നാൽ പ്രവേശനം ലഭിക്കുമെന്ന് പറഞ്ഞു. അതിൽ 11 ലക്ഷം രൂപ ഫീസായും 20 ലക്ഷം രൂപ കോഴയായിട്ടുമാണ് ആവശ്യപ്പെടുന്നതെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഒരു മാധ്യമം വളരെ ഉത്തരവാദിത്വത്തോടുകൂടി ഈ ഗവൺമെന്റിന്റെ, സമൂഹത്തിന്റെ മുൻപാകെ വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ അത് നിഷേധിക്കുകയാണ്. അതിന്റെ ശബ്ദരേഖയും പുറത്തുവന്നിട്ടുണ്ട്. സ്വാശ്രയ മാനേജ്മെന്റുകൾക്കുവേണ്ടി പണം പിരിച്ച് നൽകാനുള്ള ഏജൻസി എടുത്തുകൊണ്ട് ചില ആളുകൾ കടന്നുവരികയാണ്. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ ഈ വർഷം പുതിയതായി ആരംഭിക്കുന്ന സ്വാശ്രയ മെഡിക്കൽ കോളേജിൽ ചേരുന്നതിന് 10 ലക്ഷം രൂപ തലവരിപ്പണം വാങ്ങുന്നുവെന്നും വാർത്തയിൽ പറയുന്നുണ്ട്. ഇതിനൊക്കെ ഇടവരുത്തിയത് എന്താണ്? ഇത്തരത്തിലുള്ള എല്ലാ പരാതികളെയും അതിന്റെ ആദ്യഘട്ടത്തിൽ തന്നെ ഈ സർക്കാർ നിഷേധിക്കുകയല്ലേ ചെയ്യുന്നത്? ഈ സഭയിൽ ബഹുമാന്യയായ മന്ത്രി പറഞ്ഞത് പ്രവേശനത്തെക്കുറിച്ച് ഒരു പരാതിയും ഉയർന്നുവന്നിട്ടില്ല എന്നാണ്. 1500-ലേറെ പരാതികൾ ജെയിംസ് കമ്മിറ്റി മുൻപാകെ വന്നപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മാറ്റിപ്പറയുകയാണ്. സർക്കാരും മാനേജ്മെന്റും തമ്മിൽ ഒപ്പുവച്ച കരാറിനെക്കുറിച്ച് ഒരു പരാതിയുമില്ലെന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അത് ജെയിംസ് കമ്മിറ്റിയുടെ മാൻഡേറ്ററിയിൽപ്പെടുന്ന കാര്യമല്ല. മാനേജ്മെന്റും സർക്കാരും തമ്മിൽ ഏർപ്പെടുന്ന കരാറുകളെ സംബന്ധിച്ച് പരാതി പറയാൻ വിദ്യാർത്ഥികൾക്ക് അവകാശമില്ല. അഡ്മിഷൻ പ്രോസസ്സിനെ അട്ടിമറിക്കുന്നുവെന്ന പരാതിയാണ് അവർ പറയുന്നത്. സ്വാശ്രയപ്രശ്നം സംസ്ഥാനത്ത് ഉയർന്നുവന്നതിനുശേഷം ആദ്യമായിട്ടാണ് നീറ്റിൽ നിന്നുമാത്രമേ പ്രവേശനം നടത്താൻ പാടുള്ളൂവെന്ന സർക്കാരിന് അനുകൂലമായ അന്തരീക്ഷം ഉണ്ടായത്. ആ അന്തരീക്ഷത്തെയല്ലേ മാനേജ്മെന്റുകൾക്കുവേണ്ടി സർക്കാർ ഇല്ലാതാക്കുന്നത്? വരച്ച വരയിൽ മാനേജ്മെന്റുകളെ വരുത്താൻ കഴിയുന്ന അവസരം ചരിത്രത്തിൽ ആദ്യമായി കൈവന്നിട്ട് നിങ്ങൾ എന്തുനടപടിയാണ് സ്വീകരിക്കുന്നത്? ജെയിംസ് കമ്മിറ്റിയെക്കൊണ്ട് ഏതെങ്കിലും ഒരു കേസിൽ നടപടി എടുപ്പിച്ചോ? ഇപ്പോഴും പ്രഖ്യാപനമേയുള്ളൂ; ജെയിംസ് കമ്മിറ്റിയെത്തന്നെ പിരിച്ചുവിടുന്നുവെന്നുള്ള വാർത്തകൾ പുറത്തുവന്നിരിക്കുകയാണ്. അതിന്റെ ഭാഗമായി കമ്മിറ്റി ചെയർമാനുപോലും താൽപ്പര്യം നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമാണ് കാണുന്നത്. ഒരു പരാതിയിലും ആക്ഷൻ ഉണ്ടാകുന്നില്ല. ഈ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് എത്ര ദിവസമായി ഈ നാട്ടിൽ സമരങ്ങൾ നടത്തുന്നു. ആ സമരങ്ങളോട് ആക്ഷേപമാണ്.... (ബഹളം)....

ഭീകരാക്രമണത്തിനുശേഷം ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചു. എല്ലാവരും ഐകകണ്ഠ്യേന അത് അംഗീകരിച്ചിരിക്കുകയാണ്. ഭീകരാക്രമണത്തിനുശേഷം അതിർത്തി കടന്ന് ഭീകര കേന്ദ്രങ്ങൾ ഇന്ത്യ ആക്രമിച്ചു. നമ്മളെല്ലാവരും അതിൽ അഭിമാനിക്കുകയാണ്. ഈയൊരു തീരുമാനം കേന്ദ്രഗവൺമെന്റ് എടുക്കുന്നതിനുമുൻപ് പ്രധാനപ്പെട്ട ചില ആളുകളുമായി ആശയവിനിമയം നടത്തിയിരുന്നുവെന്ന് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നു. ഇന്ത്യയുടെ ഉപരാഷ്ട്രപതി ഡോ. ഹമീദ് അൻസാരി, മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് എന്നിവരുമായി ആശയവിനിമയം നടത്തിയിരുന്നു. അതൊരു ജനാധിപത്യ മര്യാദയുടെ ഭാഗമാണ്. ശ്രീ. നരേന്ദ്ര മോദി കാണിച്ച ആ ജനാധിപത്യ മര്യാദയുടെ പത്തിലൊന്നെങ്കിലും കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കാണിക്കുന്നുണ്ടോ? ഈ സഭയിലെ 5 അംഗങ്ങൾ സമരത്തിലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ ഒരു മീറ്റിംഗ് വിളിച്ചു. ആ മീറ്റിംഗിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും പങ്കെടുത്തു. തൊട്ടടുത്ത മുറിയിലുണ്ടായിരുന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ പങ്കെടുക്കാനുള്ള മര്യാദപോലും കാണിച്ചില്ല. ഇന്ന് അദ്ദേഹം പ്രമേയം അവതരിപ്പിച്ചപ്പോൾ ഞാനാകെ കോരിത്തരിച്ചു. പ്രശ്നപരിഹാരങ്ങൾക്കുള്ള നയതന്ത്ര നീക്കങ്ങൾ തുടരുമെന്നാണ് പ്രമേയം അവതരിപ്പിച്ച് അദ്ദേഹം പറഞ്ഞത്. ഈ പ്രശ്നപരിഹാരത്തിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ഒരു നീക്കം ഉണ്ടായിട്ടുണ്ടോ? ..... (ബഹളം)....

മി. സ്പീക്കർ : പ്ലീസ് ശ്രദ്ധിക്കു. പ്ലീസ്.. അങ്ങ് വസ്തുതാപരമായ പിശകുകൾ പറയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പീക്കറുടെ ചേമ്പറിൽ വരികയും ആശയവിനിമയം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് മീറ്റിംഗ് നടത്തിയത്.

ശ്രീ. വി. ടി. ബൽറാം : സർ, അങ്ങ് അദ്ദേഹത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നത് കഴിഞ്ഞ മൂന്നുനാലു ദിവസമായി ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി സ്വയം എന്തോ ആണെന്ന് ഭാവിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് മാത്രമായ ചില തോന്നലുകളുണ്ട്.

മി. സ്പീക്കർ : വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, അദ്ദേഹത്തെ സ്നേഹബുദ്ധിയോടെ ഉപദേശിക്കാൻ ആർജ്ജവമുള്ള ഒരാളുപോലും ക്യാബിനറ്റിലും പാർട്ടിയിലുമില്ലെന്നുള്ള അവസ്ഥയാണ്. ... (ബഹളം).....

<u>മി. സ്പീക്കർ</u> : ഉന്നതരായ നേതാക്കൾപോലും പത്തു മിനിട്ടുകൊണ്ടാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. പ്ലീസ്... അവസാനിപ്പിക്കൂ...

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഇതിന്റെ ഭാഗമായി ഒരു സ്വേച്ഛാധിപതിയെപോലെ കേരളത്തിലെ മുഖ്യമന്ത്രി മുന്നോട്ട് പോകുകയാണ്. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ സമരം ചെയ്യുന്ന എം.എൽ.എ.-മാരെ സന്ദർശിച്ചു. .....(ബഹളം)..... ബഹുമാനപ്പെട്ട സ്പീക്കർ എത്രയോ തവണ അവരെ സന്ദർശിച്ചു. പക്ഷെ പ്രശ്നപരിഹാരത്തിനുള്ള ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറാകുന്നില്ല.

<u>മി. സ്പീക്കർ</u> : പ്ലീസ് കൺക്ലൂഡ്.... പ്ലീസ്.....

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഈ സമരത്തെ ആക്ഷേപിക്കുന്നത് ജനാധിപത്യവിരുദ്ധമായ പ്രവണതയാണ്. ഞങ്ങളെ കുട്ടിപ്പട്ടാളമെന്ന് വിളിച്ചാണ് ആക്ഷേപിക്കുന്നത്. അങ്ങനെ ആക്ഷേപിക്കുന്നതുകൊണ്ട് നമുക്ക് വിരോധമില്ല. അവരെ ഏൽപ്പിച്ചിരിക്കുന്ന പണിയാണിത്. ഞങ്ങൾ എന്ത് പണിയാണ് ചെയ്യേണ്ടതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന പണിയെടുക്കാനല്ല കേരളത്തിലെ ജനങ്ങൾ ഞങ്ങളെ തെരഞ്ഞെടുത്ത് ഇങ്ങോട്ടയച്ചിരിക്കുന്നതെന്ന ഉത്തമബോദ്ധ്യത്തോടുകൂടിയാണ് ഈ സ്വാശ്രയകൊള്ളക്കെതിരെ ഞങ്ങൾ പ്രതികരിക്കുന്നത്.

<u>മി. സ്പീക്കർ</u> : സമയബന്ധിതമായി അവസാനിപ്പിക്കണം.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, ഈയൊരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഈ കരാർകൊണ്ട് ഏറ്റവും കൂടുതൽ സാമ്പത്തിക ലാഭം ഉണ്ടാകുന്നത് സി.പി.ഐ. (എം)-ന്റെ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിനാണ്. പരിയാരം മെഡിക്കൽ കോളേജിന്റെ ചരിത്രം നമുക്കറിയാം. സർക്കാർ നൽകിയ ഭൂമിയിലാണ് ആ കോളേജ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: ഒരേ കാര്യംതന്നെ സഭയിൽ പലപ്രാവശ്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. കിട്ടുന്ന സമയം ഫലപ്രദമായി വിനിയോഗിക്കണം.

ശ്രീ. വി. ടി. ബൽറാം : സർ, മറ്റു സ്വാശ്രയ മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് പരിയാരം മെഡിക്കൽ കോളേജിൽ ചെലവ് വളരെ കുറവാണ്. പരിയാരം മെഡിക്കൽ കോളേജിൽപോലും 1.89 കോടി രൂപയുടെ അധിക ഫീസ് ഓരോ വർഷവും ഈടാക്കാൻവേണ്ടിയാണ് ഈ കരാറിലൂടെ മുന്നോട്ടു വന്നിരിക്കുന്നത്. അതിൽ ഒരു രൂപ പോലും കുറയ്ക്കാൻ തയ്യാറല്ലായെന്ന് സർക്കാർ പ്രഖ്യാപിക്കുമ്പോൾ ആരോടാണ് ഈ സർക്കാരിന്റെ പ്രതിബദ്ധത; ആർക്കുവേണ്ടിയാണ് ഗവൺമെന്റ് ഈ കടുംപിടുത്തവുമായി മുന്നോട്ടുപോകുന്നത്? .... (ബഹളം)....

മി. സ്പീക്കർ : നിങ്ങൾ ഇങ്ങനെ തടസ്സപ്പെടുത്തുമ്പോഴാണ് സഭ നീണ്ടു പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകൊള്ളും. .. (ബഹളം)....

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിക്കുകയാണ്, ഓരോ സ്വാശ്രയ മാനേജ്മെന്റിനും ഏതാണ്ട് ഒന്നരക്കോടി രൂപയുടെ അധിക വരുമാനം ഉണ്ടാക്കികൊടുത്തിരിക്കുകയാണ്. 20 സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ കണക്കെടുത്താൽ ഏതാണ്ട് 30 കോടി രൂപയുടെ അഴിമതിയാണ് ഇവിടെ നടന്നിരിക്കുന്നത്... (ബഹളം)....

മി. സ്പീക്കർ : പ്ലീസ്.... കൺക്ലൂഡ് ചെയ്യൂ. പ്ലീസ്... മൈക്ക് ഓഫ് ചെയ്യും.

ശ്രീ. വി. ടി. ബൽറാം : സർ, ഇതിന്റെയൊക്കെ എത്ര വിഹിതം സംസ്ഥാനം ഭരിക്കുന്നവർക്ക് ലഭിച്ചുവെന്നത് വരുംനാളുകളിൽ പുറത്തുവരാൻ പോകുകയാണ്. സർക്കാരിന്റെ ഈ നടപടി തിരുത്തിയില്ലെങ്കിൽ, ഈ കരാർ പിൻവലിച്ചില്ലെങ്കിൽ, അധിക ഫീസ് ഈടാക്കുന്ന സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ നടപടി എടുത്തില്ലെങ്കിൽ, സമരം ചെയ്യുന്ന പ്രതിപക്ഷത്തെ ആക്ഷേപിക്കുന്ന പ്രവണത അവസാനിപ്പിച്ചില്ലെങ്കിൽ, സമരം ചെയ്യുന്ന എം.എൽ.എ.-മാരുടെ ജീവൻവച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നതെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞതുപോലെ ഗ്രനേഡിന്റെ കാറ്റ് മാത്രമല്ല ഈ കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രവർത്തന ശൈലിക്കെതിരെ കേരളത്തിന്റെ ജനമനസ്സ് അറിഞ്ഞുകൊണ്ടുള്ള സമരം ഇനിയും മുന്നോട്ടുപോകും. ഇത്രയും അടിയന്തര പ്രാധാന്യമുള്ള ഈ വിഷയം, ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നുവെന്നത് പച്ചയായ യാഥാർത്ഥ്യമായി മാധ്യമങ്ങൾ ബോദ്ധ്യപ്പെടുത്തിയ സാഹചര്യത്തിൽ, സർക്കാരിന്റെ കരാറിൽ നിന്നും മാനേജ്മെന്റുകളും കോളേജുകളും പുറകോട്ട് പോകുന്ന സാഹചര്യത്തിൽ, സ്വാശ്രയ മേഖല മുഴുവൻ കോഴയുടെ കൂത്തരങ്ങായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ജനപ്രതിനിധികൾ സമരം ചെയ്യുന്ന ഈ അടിയന്തര സാഹചര്യത്തിൽ മറ്റെല്ലാ നടപടികളും നിർത്തിവച്ച് ഈ പ്രശ്നം അതീവ ഗൗരവത്തോടുകൂടി സഭ ചർച്ച ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ഈ ഗവൺമെന്റ് 20 കോളേജുകളുമായി കരാർ ഒപ്പിട്ടത് ക്യാപ്പിറ്റേഷൻ ഫീസ് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ്. അതുസംബന്ധിച്ച് കർശനമായ നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്. സർക്കാർ തീരുമാനിക്കുന്നതിലപ്പുറം എന്തെങ്കിലും സംഭവിച്ചാൽ കർശനമായ നടപടിയുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 20 കോളേജുകൾ സർക്കാരുമായി കരാർ ഒപ്പിട്ടതിന്റെ ഫലമായി ക്യാപിറ്റേഷൻ ഫീസ് വാങ്ങാനുള്ള അവസരം സർക്കാർ നിഷേധിച്ചുവെന്നാണ്. ക്യാപിറ്റേഷൻ ഫീസ് വാങ്ങിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ ക്യാപ്പിറ്റേഷൻ ഫീസ് ആരെങ്കിലും എവിടെയെങ്കിലും ചോദിച്ചിട്ടുണ്ടോ, വാങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്. ഞങ്ങളുടെ മുന്നിൽ ക്യാപിറ്റേഷൻ ഫീസ് വാങ്ങിയതായുള്ള പരാതിയില്ല. മെരിറ്റനുസരിച്ച് അഡ്മിഷൻ ലഭിക്കുന്നില്ല, അപേക്ഷയിലെ ചെറിയ പോരായ്മകാരണം അവസരം നിഷേധിച്ചുവെന്നൊക്കെയുള്ള പരാതിയാണ് ജെയിംസ് കമ്മിറ്റി മുമ്പാകെ ലഭിച്ചത്. ക്യാപിറ്റേഷൻ ഫീസ് വാങ്ങിയതിന്റെ തെളിവ് ശ്രീ. വി. ടി. ബൽറാമിന്റെയും ചില മാധ്യമങ്ങളുടെയും കൈവശമുണ്ടെന്ന് ഇവിടെ പറഞ്ഞു. മാധ്യമങ്ങൾക്ക് ധാർമ്മികതയുണ്ടെങ്കിൽ ആ പരാതിയും തെളിവുകളും സർക്കാരിന് കൈമാറണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. ശ്രീ. വി. ടി. ബൽറാമിന്റെ കൈവശമുള്ള തെളിവുകളും സർക്കാരിന് കൈമാറണം. സർക്കാർ അതിന്മേൽ കർശനമായ നടപടി സ്വീകരിക്കും. അവിടെ ക്യാപ്പിറ്റേഷൻ ഫീസ്, ഇവിടെ ക്യാപ്പിറ്റേഷൻ ഫീസ്, 300 കോടി എന്നൊക്കെ വളരെ അവ്യക്തമായി പറയുന്നത് ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണെന്ന് ഈ നിയമസഭയിൽ ഞാൻ പറയുകയാണ്. ബന്ധപ്പെട്ട മാധ്യമവും ശ്രീ. വി. ടി. ബൽറാമും യു.ഡി.എഫ്-ഉം ഇന്നുതന്നെ ആ തെളിവുകൾ സർക്കാരിന് കൈമാറിയാൽ കർശനമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുകയാണ്.

പുതിയ സീറ്റുകൾ ധാരാളമായി വന്നതിൽ ഞങ്ങൾക്കൊരു റോളുണ്ടെന്ന് ഇവിടെ പറഞ്ഞു. ശരിയാണ്, പുതിയ സീറ്റ് അനുവദിച്ചിട്ടുണ്ട്. സർക്കാർ പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള, മെഡിക്കൽ കോളേജുകളിൽ വരുമെന്ന് പ്രതീക്ഷിച്ചിരുന്ന സീറ്റ് ഇല്ലാതായില്ലേ എന്നതാണ് ചോദ്യം. ലോധാ കമ്മിറ്റിയുടെ റിപ്പോർട്ട് ഇന്നത്തെ ദിനപ്പത്രങ്ങളിലുണ്ട്. അത് വായിക്കു. ആവശ്യമായ സൗകര്യമൊരുക്കാത്തതിനാൽ പുതിയ മെഡിക്കൽ കോളേജുകൾക്കെതിരെ എം.സി.ഐ. കർശനമായ നടപടിയെടുക്കണമെന്നും അവയുടെ അംഗീകാരം റദ്ദാക്കണമെന്നുമാണ് ലോധാ

കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. എന്നിട്ട് ആ കോളേജ് ഇത്തവണ എം.സി.ഐ. അംഗീകരിച്ചിരുന്നുവെങ്കിൽ ഇത്ര സീറ്റ് കിട്ടുമായിരുന്നു, ഞങ്ങൾ പ്രഖ്യാപിച്ച കോളേജാണ്, അതുകൊണ്ട് അത്രയും സീറ്റ് നഷ്ടപ്പെട്ടുപോയില്ലേയെന്ന് സ്വപ്നം കാണുകയാണ്. എന്താണ് ഇതിനടിസ്ഥാനം? ഞങ്ങൾ ആ കോളേജിനെ സംബന്ധിച്ചും പരിശോധിക്കും. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കഴിഞ്ഞ തവണ ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ സർക്കാരുമായി കരാറുണ്ടാക്കാതെ തെക്കുവടക്ക് നടന്നു. അവർക്ക് തോന്നിയ ഫീസും വാങ്ങി. സീറ്റിന് ഒരു കോടി രൂപ വീതം വാങ്ങിയെന്നാണ് പറയുന്നത്. ശ്രീ. വി. ടി. ബൽറാം പറഞ്ഞതുപോലെ കഴിഞ്ഞ തവണ 600 സീറ്റിൽ 600 കോടിരൂപ വാങ്ങിയിട്ടുണ്ടെങ്കിൽ അതാണ് വാങ്ങിട്ടുള്ളതെന്ന് ഞങ്ങളും പറയുന്നു. എന്ത് നടപടി സ്വീകരിച്ചു? അന്ന് ജെയിംസ് കമ്മിറ്റിയുണ്ടായിരുന്നില്ലേ? എന്ത് നടപടിയാണ് അവർ സ്വീകരിച്ചത്? അത് ഇവിടെ വ്യക്തമാക്കേണ്ട കാര്യമാണ്. ആറ് കോളേജുകൾ അവരുടെ 100 സീറ്റുകളിൽ വീതം 600 സീറ്റിൽ അവർക്ക് തോന്നിയ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങി കാശുണ്ടാക്കി. ആർക്കാണ് ഇതിന്റെ കമ്മീഷൻ കിട്ടിയത്? അപ്പോൾ എവിടെയായിരുന്നു ജെയിംസ് കമ്മിറ്റി; ജെയിംസ് കമ്മിറ്റി ചെറുവിരലനക്കിയോ? ഞങ്ങൾ ഇന്നലെ രാത്രിവരെ ജെയിംസ് കമ്മിറ്റിയോട് യോഗം ചേരാൻ പറഞ്ഞത് ഇന്നലെ വരെ നടന്ന അഡ്മിഷനകത്ത് എന്തെങ്കിലും ക്രമക്കേടുണ്ടോയെന്ന് പരിശോധിക്കാനാണ്. മൂന്ന് കോളേജുകൾ സർക്കാരുമായി കരാറുണ്ടാക്കാതെ മാറി നിന്നപ്പോൾ ആ കോളേജുകൾ അവർക്കിഷ്ടമുള്ളതുപോലെ പോകട്ടെ, അവർ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിക്കോട്ടെ എന്ന് തീരുമാനിക്കാതെ ആ മൂന്ന് കോളേജുകളേയും പിടികൂടാനാണ് തീരുമാനിച്ചത്. ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നത് തടസ്സപ്പെടുത്താനാണ് തീരുമാനിച്ചത്. ഇത്രയും വ്യക്തമായ നടപടിയെടുത്ത് ഈ സർക്കാർ മുന്നോട്ടുപോകുന്നതിൽ നിങ്ങൾക്ക് നല്ല ബേജാറുണ്ട്. കാരണം നിങ്ങൾ മാനേജ്മെന്റിന്റെ ആളായിട്ടാണ് സംസാരിക്കുന്നത്. ആ മാനേജ്മെന്റിനുവേണ്ടി വക്കാലത്തുപറയാനാണ് ഈ പുകമറ സൃഷ്ടിച്ചുകൊണ്ട് ഇവിടെ വരുന്നതെന്ന് നന്നായി ഈ നാട്ടിലെ ജനങ്ങൾക്കറിയാം. മാനേജ്മെന്റിനെ വരച്ചവരയിൽ നിർത്തണം. ആരാണ് മാനേജ്മെന്റിനെ വരച്ചവരയിൽ നിർത്തിയത്? 20 കോളേജുകളെ വരച്ചവരയിൽ നിർത്തിയത് ഈ സർക്കാരാണ്. മൂന്ന് കോളേജുകൾ ഞങ്ങൾ വരച്ചവരയിൽ നിൽക്കാത്തതിന്റെ പേരിലാണ് എൻട്രൻസ് കമ്മീഷണറും ജെയിംസ് കമ്മിറ്റിയും ഇടപെട്ട് അവർക്കെതിരെ എന്ത് നിയമനടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചത്. അക്കാര്യത്തിൽ ഞങ്ങൾ

സുപ്രീംകോടതിവരെ പോകാൻ തയ്യാറായിരിക്കുകയാണ്. ഇത്രയും വ്യക്തമായ ഒരു തീരുമാനം ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. തലവരിപ്പണം വാങ്ങാനുള്ള അവസരം ഇല്ലാതാക്കുകയും മെരിറ്റ് സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒരലങ്കോലവുമില്ലാതെ സെപ്റ്റംബർ 30-ാം തീയതി അലോട്ട്മെന്റ് പ്രോസസ് പൂർത്തിയാകുകയാണ്. അലോട്ട്മെന്റിന്റെ കാര്യത്തിൽ ഇതുവരെയില്ലാത്ത സമാധാനവും കൃത്യതയും ഈ വർഷം സർക്കാർ നടപ്പിലാക്കിയെന്നുള്ളതിൽ ജനങ്ങൾ അഭിനന്ദിക്കുകയാണ്. ജനങ്ങളുടെ പിന്തുണയില്ലാത്ത ഒരു സമരവും നിലനിൽക്കില്ല. സമരം തുടങ്ങുമ്പോൾ ആലോചിക്കണമായിരുന്നു. അടിസ്ഥാനമില്ലാത്ത ഒരു പ്രശ്നവുമായി സമരത്തിന് പുറപ്പെട്ടാൽ ആ സമരം അവസാനിപ്പിക്കാൻ വളരെ ബുദ്ധിമുട്ടായിരിക്കും. അതിന് ഞങ്ങളെ പഴിച്ചിട്ട് കാര്യമില്ല. ഞങ്ങളുടെ നിലപാട് നിയമസഭയിലും വ്യക്തമാണ്. ഞങ്ങൾ ബഹുജനങ്ങളോട് പറയുന്നതും വ്യക്തമാണ്. ഏറ്റവും നല്ല കരാറാണ് സ്വാശ്രയ മാനേജ്മെന്റുമായി എൽ.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ 350 കുട്ടികൾക്കുകൂടി മെരിറ്റ് ആനുകൂല്യത്തോടുകൂടി അലോട്ട്മെന്റ് ലഭിച്ച് പഠിക്കാൻ തയ്യാറായി നിൽക്കുമ്പോൾ, സെപ്തംബർ 30-ാം തീയതി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാകുമ്പോൾ വീണ്ടും ഇത്തരം അലങ്കോലങ്ങളുമായി ഇറങ്ങുന്നത് ആരെ സഹായിക്കാനാണെന്ന് അവർ തന്നെ പരിശോധിച്ചാൽ മതി. ഈ വിഷയം നിരവധി തവണ സഭയിൽ വിശദീകരിച്ചിട്ടുള്ളതാണ്. ഇന്നും ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യകതയുമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇന്ന് രാവിലെ പത്രം വായിച്ചപ്പോഴാണ് അങ്ങ് ഇന്നലെയൊരു യോഗം വിളിച്ചുവെന്ന് അറിഞ്ഞത്. ഏത് യോഗമാണെന്ന് എനിക്ക് യാതൊരു അറിവുമില്ല. .....(ബഹളം)............

മി. സ്പീക്കർ : .......പ്ലീസ്......നിങ്ങൾ നിശബ്ദരായിരിക്കു. അദ്ദേഹം സംസാരിക്കട്ടെ ......(ബഹളം)............ അങ്ങ് സംസാരിച്ചപ്പോൾ കമന്റ് പറഞ്ഞതിന് ധാർമ്മികരോഷം കൊണ്ടതാണല്ലോ? ആ ധാർമ്മികതയൊക്കെ ഇപ്പോൾ പോയോ? നിമിഷങ്ങൾക്കകം നിലപാട് മാറുന്നത് ശരിയല്ല. .......പ്ലീസ്...... sit down.

ശ്രീ. പിണറായി വിജയൻ : സർ, ഇന്നലെ അങ്ങ് സഭ നിർത്തിവച്ചതിനുശേഷം ഞാൻ കുറച്ചുസമയം ഇവിടെത്തന്നെയിരുന്നു. പിന്നീട് ഇവിടെത്തന്നെയുള്ള മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇരിക്കുകയായിരുന്നു. ബെല്ലടിച്ചശേഷമാണ് ഇവിടേക്ക് ഞാൻ വീണ്ടും വന്നത്. അങ്ങ് ഒരു യോഗവും വിളിച്ചിട്ടില്ല. യോഗത്തിന്റെ എന്തെങ്കിലും വിവരം എന്നെ അറിയിച്ചിട്ടുമില്ല. ......(ബഹളം)...........

മി. സ്പീക്കർ : .......പ്ലീസ്...... ചെയർ വ്യക്തമാക്കാനുള്ളത് ചെയർ വ്യക്തമാക്കിക്കൊള്ളാം. നിങ്ങൾ ഇരിക്കൂ. മുഖ്യമന്ത്രി പറഞ്ഞുകഴിയട്ടെ. അക്കാര്യത്തിൽ നിങ്ങൾ ആശങ്കപ്പെടേണ്ട. നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ : സർ, പല കാര്യങ്ങൾക്കും കേരളത്തിൽ ചില മാധ്യമങ്ങൾ ബുദ്ധി ഉപദേശിച്ചു നൽകാറുണ്ടെന്നുള്ളത് നമ്മൾക്കെല്ലാവർക്കുമറിയാം. അതും ഏറ്റെടുത്ത് വന്നതിന്റെ പരിഹാസ്യത സ്വയം ബോദ്ധ്യപ്പെട്ടാൽ നന്നായിരിക്കും. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങനെയൊരു യോഗം വിളിച്ചിട്ടില്ല. യോഗത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി എന്ന നിലയിൽ എന്നോട് ആവശ്യപ്പെട്ടിട്ടുമില്ല. അത് മനസ്സിലാക്കിയാൽ നല്ലത്. ......(ബഹളം)...........

മി. സ്പീക്കർ : ചെയർ വ്യക്തമാക്കേണ്ടത് വ്യക്തമാക്കിക്കൊള്ളും. നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ : ഏതോ മാധ്യമമെഴുതിയത് അതുപോലെ സ്വീകരിച്ച് പറഞ്ഞതിന്റെ അബദ്ധമാണ് ഇപ്പോൾ സംഭവിച്ചത്. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം, ഇന്ന് ഒരു പത്രത്തിൽ തലവരിപ്പണം വാങ്ങിയെന്ന വാർത്തയുണ്ടെന്നാണ്. അത്തരം ഒരു വാർത്തയുണ്ടെന്നുള്ളത് ശരിയാണ്. ആ വാർത്തയിൽ പറയുന്ന കാര്യങ്ങളിൽ എന്തെങ്കിലും വസ്തുതയുണ്ടോയെന്ന് വിജിലൻസിനെക്കൊണ്ട് പരിശോധിപ്പിക്കാം. എനിക്ക് പ്രതിപക്ഷാംഗങ്ങളോട് പൊതുവായി അഭ്യർത്ഥിക്കാനുള്ളത്, എവിടെയെങ്കിലും തലവരിപ്പണം വാങ്ങിയെന്നുള്ള പരാതി നിങ്ങളുടെ കയ്യിലുണ്ടെങ്കിൽ അത് സർക്കാരിന് കൈമാറണം. അതും വിജിലൻസിന് കൈമാറാൻ സർക്കാർ സന്നദ്ധമാണ്. തലവരിപ്പണം വാങ്ങുന്നത് നിയമവിരുദ്ധമായ നടപടിയാണ്. അതിനെതിരെ കർക്കശ നടപടി സ്വീകരിക്കും. പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നതിന് നിങ്ങൾ നേരത്തേ തുടക്കം കുറിച്ചതാണ്. പക്ഷേ അതിന്റെ നടപടികൾ ആരംഭിച്ചിരുന്നില്ല. അതിന് ഇനി വലിയ താമസമില്ല. ഈ സർക്കാർ കോളേജ് ഏറ്റെടുക്കാൻതന്നെ തീരുമാനിച്ചിരിക്കുകയാണ്, ഏറ്റെടുക്കുന്നതോടെ അവിടത്തെ ഫീസ് നിരക്കും

മറ്റുകാര്യങ്ങളുമെല്ലാം മാറും. അതൊരു സർക്കാർ കോളേജായി മാറും. അക്കാര്യത്തിൽ പ്രശ്നങ്ങളുണ്ടാക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. സുപ്രീംകോടതിയുടെ വിധി വന്നുകഴിഞ്ഞ സാഹചര്യത്തിൽ അതിൽനിന്നും വ്യത്യസ്തമായ എന്തെങ്കിലും നിലപാട് ഏതെങ്കിലും സ്വാശ്രയ കോളേജ് സ്വീകരിച്ചാൽ ആ കോളേജിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. അതേ നിലതന്നെയാണ് സ്വീകരിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ "സുപ്രീം കോടതി വിധിപ്രകാരം അഡ്മിഷൻ പൂർത്തിയാകാത്ത സീറ്റുകളിൽ കേന്ദ്രീകൃത കൗൺസിലിംഗ് നടത്താൻ കഴിയാതെ........." എന്നുപറയുന്നു. കേന്ദ്രീകൃത കൗൺസിലിംഗൊന്നും ഇനിയില്ല. ഒഴിവ് വരുന്ന സീറ്റിലേക്ക് സർക്കാർതന്നെ പ്രവേശനം നടത്തുകയല്ലേ വേണ്ടത്? അങ്ങനെതന്നെ വ്യക്തമാക്കുന്നതാണ് നല്ലത്. ഒരു തരത്തിലുമുള്ള ആശങ്കയും വേണ്ട. നമ്മുടെ കുട്ടികളുടെയും നാടിന്റെയും ഭാവി സംരക്ഷിക്കത്തക്ക നിലപാട് തന്നെയാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇത് പ്രത്യേകിച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന് പറഞ്ഞത് വളരെ നല്ല കാര്യമാണ്. അത് കഴിഞ്ഞ സർക്കാർ തീരുമാനിച്ചതാണ്. അതിന്റെ നടപടി പൂർത്തിയായിരുന്നില്ല; നടപടി പൂർത്തിയാക്കണം. ഈ വർഷത്തെ അലോട്ട്മെന്റിന്റെ ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തും ഇവിടത്തെ സ്വകാര്യ സ്വാശ്രയ കോളേജിൽ നിന്ന് വ്യത്യസ്തമായ ഒരു ഫീസ് സ്ട്രക്ചറായിരുന്നു പരിയാരം മെഡിക്കൽ കോളേജിനുണ്ടായിരുന്നത്. അതായിരുന്നു എല്ലാക്കാലത്തും ഉണ്ടായിരുന്നത്. അത് പുതിയ സിസ്റ്റമല്ല. ഇപ്രാവശ്യവും എൻ.ആർ.ഐ., മാനേജ്മെന്റ് സീറ്റുകളിൽ പരിയാരം മെഡിക്കൽ കോളേജിൽ കുറഞ്ഞ ഫീസാണ്. പ്രൈവറ്റ് സ്വാശ്രയ കോളേജിനെക്കാൾ ഓരോ ലക്ഷം കുറവാണ് നിശ്ചയിച്ചിരുന്നത്. സർക്കാർ മെരിറ്റ് സീറ്റിൽ ഒരുലക്ഷം രൂപയാണ് വർദ്ധിപ്പിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തും യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷവും പരിയാരം മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് കൂടി യോഗംചേർന്ന് എഗ്രി ചെയ്തുകൊണ്ട് കുറഞ്ഞ ഫീസാണ് മുന്നോട്ടുവച്ചത്. ഇപ്രാവശ്യം ഗവൺമെന്റ് മെരിറ്റ് സീറ്റിൽ ഒന്നരലക്ഷം രൂപ എന്നുള്ളത് രണ്ടര ലക്ഷം രൂപയായി. അടുത്ത കൊല്ലം ഏറ്റെടുത്താൽ വളരെ നല്ലത്. ഈ വർഷം ചേരുന്ന കുട്ടികൾക്ക് അഞ്ചുവർഷവും ഇപ്പോൾ കൂട്ടിയ ഫീസ് നൽകണം. അത് ശരിയാണോ; അതൊന്ന് തിരുത്തിക്കൂടേ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, സർക്കാർ കോളേജ് വന്നാൽ അവിടത്തെ ഫീസ് നിരക്ക് എങ്ങനെയായിരിക്കുമെന്നത് നമുക്കെല്ലാവർക്കുമറിയാമല്ലോ; സർക്കാർ കോളേജിന്റെ ഫീസ് നിരക്ക് തന്നെയാണ് ബാധകമാകുന്നത്. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതോടെ അവിടെ സർക്കാർ കോളേജ് സംവിധാനമായി മാറും. ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകട്ടെ. എന്നിട്ട് നമുക്ക് എന്താണെന്നുള്ളത് പരിശോധിക്കാം. ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ ആ കോളേജ് സർക്കാർ കോളേജായി മാറുകയാണ്. സർക്കാർ കോളേജിനകത്ത് മറ്റൊരു സംവിധാനം പാടില്ല.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, പക്ഷേ ഒരു ആശയക്കുഴപ്പമുള്ളത് ഈ വർഷത്തെ അലോട്ട്മെന്റിന് ആരുവിചാരിച്ചാലും സർക്കാർ ഫീസ് നൽകാൻ കഴിയില്ല; കാരണം കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ ഇതേ പ്രശ്നം അന്നത്തെ സർക്കാർ അഭിമുഖീകരിച്ചതാണ്. കൂടിയ ഫീസാണ് എന്നതിനാൽ അപേക്ഷിക്കാതിരുന്ന വളരെയധികം വിദ്യാർത്ഥികളുണ്ട്. സർക്കാർ കോളേജാകുമ്പോൾ ഒരു കൊല്ലം 25000 രൂപ ഫീസ് നൽകി പഠിക്കാം. പക്ഷേ നമ്മൾ ഇന്ന് വച്ചിരിക്കുന്ന ഫീസ് വളരെ കൂടിയതാണ്, അതുകൊണ്ട് അപ്ലൈ ചെയ്യാത്ത വിദ്യാർത്ഥികളുമുണ്ട്. അനേകം വിദ്യാർത്ഥികൾ പുറത്തുനിൽക്കുകയാണ്. 25,000 രൂപയാണ് ഫീസായിരുന്നെങ്കിൽ അപ്ലൈ ചെയ്യുമായിരുന്നു; എന്റെ അവസരമാണ് നിഷേധിച്ചിരിക്കുന്നത്; എന്നെ കബളിപ്പിച്ചിരിക്കുകയാണ് എന്ന് അവർ പരാതിപ്പെടുകയാണ്. ഈ വർഷം — സർക്കാർ ഏറ്റെടുത്താലും നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല; കൂടിയ ഫീസ് തന്നെ നൽകേണ്ടിവരും. അതുകൊണ്ട് സർക്കാർ മെരിറ്റ് സീറ്റിലെ ഒരു ലക്ഷം രൂപയുടെ വർദ്ധനവെന്ന് പറയുന്നത് അമിതമായ വർദ്ധനവാണ്. സ്വകാര്യ സ്വാശ്രയ കോളേജിൽ 65,000 രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഇവിടെ ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u> : സർ, പരിയാരം മെഡിക്കൽ കോളേജ് സഹകരണ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു കോളേജ് എന്ന നിലയ്ക്ക് എന്താണോ നമ്മൾ നിശ്ചയിക്കുന്നത് അത് മാത്രമേ നടപ്പിലാക്കൂ. പരിയാരം മെഡിക്കൽ കോളേജിന്റെ അവസ്ഥ ഇപ്പോൾ എന്താണെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. കാരണം, മെഡിക്കൽ കോളേജ് ഏറ്റെടുക്കുമ്പോൾ അതിന്റെ ബാദ്ധ്യത എത്രയാണെന്ന് നിങ്ങൾ നേരത്തേ പരിശോധിച്ചിട്ടുണ്ടാകും. എല്ലാവർക്കും അതറിയാം. നമ്മുടെ നിലപാടിന്റെ ഭാഗമായി പരിയാരം മെഡിക്കൽ കോളേജിന് കൂടുതൽ ബാദ്ധ്യത

വരാനുള്ള നടപടികൾ മാത്രമേ നേരത്തേ ഉണ്ടായിട്ടുള്ളൂ. നേരെമറിച്ച് മറ്റൊരു കോളേജാകുമ്പോൾ അവർ പല വഴികളിലൂടെ കാര്യങ്ങൾ ശരിയാക്കിയിരിക്കും. അതുകൊണ്ടാണ് ഞാൻ നേരത്തെ പുറംവരവ് എന്ന് പറഞ്ഞതിനെ ആക്ഷേപിക്കാൻ ചിലർ തയ്യാറായത്. അത് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഒരു വസ്തുതയാണ്. അതാണ് ഇത്തവണ പൂർണ്ണമായി ഒഴിവാക്കിയത്. അത് വേറൊരു ഭാഗം. ആ ഭാഗമല്ല നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത്. പക്ഷേ നമ്മൾ കാണേണ്ട കാര്യം, സഹകരണ സ്ഥാപനമല്ലാത്ത ഒരു സ്ഥാപനമാകുമ്പോൾ അവരുടെ ലാഭം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള മറ്റ് നടപടികൾ അവർ സ്വീകരിക്കുമായിരുന്നു. പരിയാരം മെഡിക്കൽ കോളേജിന് അങ്ങനെ യാതൊരു വഴിയുമില്ല. കോളേജ് നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തിനിൽക്കുന്നു. നേരത്തേ എടുത്ത തീരുമാനങ്ങൾ സർക്കാർ നടപ്പിലാക്കിയതുകൊണ്ടും സഹകരണ സ്ഥാപനം എന്ന നിലയ്ക്കും അതിന് അവർ വഴിപ്പെട്ട് നിന്നിട്ടുണ്ട്. പക്ഷേ കാര്യങ്ങളെല്ലാം മനസ്സിലാക്കുന്ന ഒരു സർക്കാർ എന്ന നിലയ്ക്ക് അവരോട് മാത്രം 'നിങ്ങളുടെ ഫീസ് കുറയ്ക്കണ'മെന്ന് ആവശ്യപ്പെടാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അപ്പോൾ നാട്ടിൽ നിലനിൽക്കുന്ന ഫീസ് സമ്പ്രദായം അവിടെ തുടരും. അതേസമയം എത്രയുംപെട്ടെന്ന് ആ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്യും. അതോടെ ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഉന്നയിക്കുന്ന തരത്തിലുള്ള ഒരു പ്രശ്നവുമില്ലാതെ വരികയും ചെയ്യും. മറ്റ് സാങ്കേതിക പ്രശ്നങ്ങൾ എന്താണെന്നുള്ളത് നമുക്ക് കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്യാം. അതാണ് നല്ലത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഈ പുറംവരവൊക്കെ നിർത്തിയിട്ട് സ്വാശ്രയ കോളേജുകളിൽ നിങ്ങൾ ഫീസ് വർദ്ധിപ്പിച്ചുകൊടുത്തു. ഒന്നാമതായി, ആ വർദ്ധനവിനെക്കാൾ കൂടുതൽ പരിയാരം മെഡിക്കൽ കോളേജിന് നൽകുന്നത് ശരിയാണോ? രണ്ടാമതായി, മാനേജ്മെന്റ് സീറ്റിലും എൻ.ആർ.ഐ. സീറ്റിലും നിങ്ങൾ ആ കുറവ് വരുത്തി. മാനേജ്മെന്റ് സീറ്റിൽ സ്വകാര്യ സ്വാശ്രയ കോളേജിൽ 11 ലക്ഷം രൂപ അനുവദിച്ചപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ 10 ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ. എൻ.ആർ.ഐ. സീറ്റിൽ 15 ലക്ഷം രൂപ അനുവദിച്ചുകൊടുത്തപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ 14 ലക്ഷം രൂപ മാത്രമേ അനുവദിച്ചുള്ളൂ. സ്വാശ്രയ കോളേജിൽ 65,000 രൂപ അനുവദിച്ചപ്പോൾ പരിയാരം മെഡിക്കൽ കോളേജിൽ ഗവൺമെന്റ് മെരിറ്റ് സീറ്റിൽ വരേണ്ട കുട്ടികൾക്ക് 1,00,000 രൂപയാണ് ഫീസ്. ഗവൺമെന്റ് മെഡിക്കൽ കോളേജ്

കഴിഞ്ഞാൽ എല്ലാവരും ആഗ്രഹിക്കുന്ന അടുത്ത കോളേജ് പരിയാരം മെഡിക്കൽ കോളേജാണ്. അവിടെ ഗവൺമെന്റ് മെരിറ്റിൽ 1,00,000 രൂപ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് 65,000 രൂപയാണ് വർദ്ധിപ്പിച്ചുകൊടുത്തത്. അതിനൊരു ന്യായീകരണവുമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ : സർ, സർക്കാർ പ്രവേശിപ്പിക്കുന്ന 50 ശതമാനം സീറ്റിന്റെ കാര്യമാണല്ലോ പറയുന്നത്. ആ 50 ശതമാനം സീറ്റിന്റെ കാര്യത്തിൽ പരിയാരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടികളും പരിയാരം മെഡിക്കൽ കോളേജിന് പുറത്തുള്ള സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടികളും തമ്മിൽ ഫീസ് നിരക്കിൽ വ്യത്യാസമില്ല; ഇതാണ് സർക്കാർ സ്വീകരിച്ച നടപടി. ഒരു വ്യത്യാസവുമില്ല. ആദ്യത്തേത് 25,000 രൂപ നിരക്ക്. പിന്നീടുള്ളത് 1,85,000 രൂപ എന്നുള്ളത് രണ്ടര ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ആ രണ്ടര ലക്ഷം രൂപയാണ് എല്ലായിടത്തും നിലനിർത്തിയത്. ഇതാണ് ഇപ്പോഴുള്ള ഫീസ് നിരക്ക്. അതിനൊരു വ്യത്യാസവുമില്ല. അതായത് മറ്റ് കോളേജുകളിലെല്ലാമുള്ള നിരക്ക് എത്രയാണോ അതേ നിരക്കിൽത്തന്നെ പരിയാരം മെഡിക്കൽ കോളേജിൽ പഠിക്കുന്ന കുട്ടിയും പഠിക്കും. ഇതാണ് വസ്തുത.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സ്വാശ്രയ കോളേജുകളിലൊക്കെ 65,000 രൂപയാണ് ഫീസ് വർദ്ധിപ്പിച്ചത്. പരിയാരത്ത് ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ചു. കഴിഞ്ഞ പ്രാവശ്യം ഫീസ് ഒന്നര ലക്ഷം രൂപയായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തും ഉണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ഫീസ്. ഗവൺമെന്റ് ഇപ്പോൾ കോളേജ് ഏറ്റെടുക്കുന്നു; അടുത്ത വർഷം മുതൽ ഇവിടെ സൂചിപ്പിച്ച ഫീസ് ആണെങ്കിൽ, ഈയൊരു വർഷത്തേക്ക് മാത്രം ഇങ്ങനെ ചെയ്യുന്നത് എന്തുകൊണ്ടാണ്? എന്തുകൊണ്ട് എൻ.ആർ.ഐ., മാനേജ്മെന്റ് സീറ്റുകളിൽ ഫീസ് വർദ്ധിപ്പിച്ചില്ല? അവിടെയും തുല്യത ഉണ്ടാകണം. തുല്യതയാണെങ്കിൽ എൻ.ആർ.ഐ. ക്വാട്ടയിലും മാനേജ്മെന്റ് ക്വാട്ടയിലും എന്തിനാണ് ഓരോ ലക്ഷം രൂപ കുറച്ചുകൊടുത്തത്? മെരിറ്റിൽ വരുന്ന പാവപ്പെട്ട കുട്ടികൾക്കുമാത്രമാണ് ഈ വേർതിരിവ് വരുത്തിയിരിക്കുന്നത്. അത് ശരിയല്ല എന്നാണ് പറഞ്ഞത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി, ഈ കോളേജിനെ എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്ത് ഗവൺമെന്റ് കോളേജാക്കി മാറ്റിയതാണ്. നിങ്ങളാണ് ആ കോളേജിനെ തിരിച്ചുകൊടുത്തത്. അന്ന് ഏറ്റെടുത്തിരുന്നത് സർക്കാർ കോളേജായിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകുമായിരുന്നോ? നിങ്ങൾ വരുത്തിവച്ച വിനയാണിത്. അതിന് ഉത്തരവാദി നിങ്ങളാണ്.

ശ്രീ. പിണറായി വിജയൻ : സർ, മറ്റ് കുട്ടികൾക്ക് ഫീസിൽ കുറവുണ്ട് എന്നുള്ളത് ശരിയാണ്. അതുകൊണ്ട് 50 ശതമാനം സർക്കാർ സീറ്റിൽ പ്രവേശിപ്പിച്ച കുട്ടികളിൽ ഒരു വ്യത്യാസം വരുത്തണമെന്ന് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. അതിന് ഒരു അടിസ്ഥാനവുമില്ല. കാരണം ആ കോളേജിന്റെ പരിതാപകരമായ കഴിഞ്ഞ കാലത്തെ അവസ്ഥ വച്ച് അവർക്ക് നടത്തിക്കൊണ്ടുപോകാൻ വിഷമമുണ്ട് എന്നുള്ളതുകൊണ്ടുതന്നെ ആ കുറവ് ഇപ്പോൾ നടപ്പിലാക്കാൻ നിർവ്വാഹമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

മി. സ്പീക്കർ : സഭയെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിലുള്ള മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ചില അംഗങ്ങൾ ചില പരാമർശങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. നിയമസഭാ കവാടത്തിൽ ബഹുമാനപ്പെട്ട സാമാജികരുടെ സമരം നടക്കുന്ന പശ്ചാത്തലത്തിൽ അത് അവസാനിപ്പിക്കുന്നതിനും പ്രശ്നപരിഹാരത്തിനും ചെയറിന്റെ ഭാഗത്തുനിന്ന് കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ഇരുവിഭാഗവുമായി നടന്ന കൂടിയാലോചനകളിൽ സമവായം സാദ്ധ്യമായില്ലെന്ന് സഭയെ അറിയിക്കുകയും ചെയ്തു. അതിനപ്പുറം ഇന്നലെ കക്ഷിനേതാക്കളുടെ യോഗം വിളിക്കുകയോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അതിലേക്ക് ക്ഷണിക്കുകയോ ഉണ്ടായിട്ടില്ല. അത് എല്ലാ കക്ഷിനേതാക്കൾക്കും അറിയാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, സാധാരണ ഗതിയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഒരു യോഗം വിളിച്ചാൽ അതിൽ കക്ഷിനേതാക്കളെയും പ്രതിപക്ഷ നേതാവിനെയും ബന്ധപ്പെട്ടവരെയുമാണ് വിളിക്കാറുള്ളത്. അങ്ങ് അങ്ങനെ

വിളിച്ചില്ലായെന്നുള്ളത് ഇപ്പോഴാണ് അറിയുന്നത്. അങ്ങ് ഒരു യോഗം വിളിച്ചാൽ ഞങ്ങൾ ഏതായാലും വരും. അക്കാര്യത്തിൽ സംശയം വേണ്ട. പ്രതിപക്ഷത്തെ വിളിച്ചാൽ ഞങ്ങൾ വരും. ഭരണകക്ഷി വരുമോ ഇല്ലയോയെന്നുള്ളത് അങ്ങ് തീരുമാനിക്കേണ്ട കാര്യമാണ്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത് പ്രത്യേകം പറയേണ്ട കാര്യമുണ്ടോ; ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചാൽ സാധാരണ കക്ഷിനേതാക്കൾ, അപ്പുറവും ഇപ്പുറവും ഇരിക്കുന്നവരൊക്കെ പോകാറില്ലേ; അത് എന്തിനാണ് നിങ്ങൾ പ്രത്യേകിച്ച് പറയുന്നത്.

മി. സ്പീക്കർ : വിളിച്ചവരെല്ലാം വന്നിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. ഇ. പി. ജയരാജൻ മെച്ചപ്പെട്ടുവരുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞങ്ങൾ അടിയന്തരപ്രമേയം അവതരിപ്പിച്ചത് തെറ്റായിപ്പോയെന്ന് ഇവിടെ നമ്മുടെ ബഹുമാന്യനായ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞു. സോളാർ വിഷയത്തിൽ ശ്രീ. എ. കെ. ബാലൻ തന്നെ മൂന്ന് തവണ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട് എന്നാണ് എന്റെ ഓർമ്മ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, കഴിഞ്ഞ സഭയിൽ സോളാർ വിഷയത്തിൽ ഒരൊറ്റ അടിയന്തരപ്രമേയവും ഞാൻ അവതരിപ്പിച്ചിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് അവതരിപ്പിച്ചാലും ഇല്ലെങ്കിലും ഏഴോ എട്ടോ തവണ ആ വിഷയത്തിൽ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. ഏതൊക്കെ തീയതികളിലായിരുന്നു എന്നുള്ളതിന് തെളിവ് ഞാൻ തരാം. അപ്പോൾ ഇതൊരു പുതിയ കാര്യമല്ലെന്നാണ് ഞാൻ പറഞ്ഞത്. സ്വാശ്രയ വിഷയവുമായി ബന്ധപ്പെട്ട ഈ സമരം ഇത്രയും ദിവസം പിന്നിട്ടിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും സർക്കാരും സ്വീകരിക്കുന്ന നിലപാട് തികച്ചും നിഷേധാത്മകമാണ്. ഇവർ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഈ സമരത്തിന് ജനങ്ങളുടെ പിന്തുണ ഉണ്ടെന്നതാണ് കഴിഞ്ഞ

നാലഞ്ച് ദിവസങ്ങളിലെ സമരത്തിന്റെ ഗതി പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. സ്വാശ്രയ പ്രശ്നത്തിൽ ഒരു തരത്തിലുമുള്ള പ്രശ്നവുമില്ലെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതാണ് ആവർത്തിക്കുന്നത്. ഞങ്ങൾ 100 ശതമാനം സീറ്റ് ഏറ്റെടുത്തു, മാനേജ്മെന്റ് ഹൈക്കോടതിയിൽ കേസിന് പോയി, മാനേജ്മെന്റ് കേസ് ജയിച്ചു എന്നൊക്കെയാണ് ഇവിടെ നേരത്തെ പറഞ്ഞത്. എന്തുകൊണ്ട് അപ്പീൽ കൊടുത്തില്ലെന്നാണ് ഞങ്ങൾ ചോദിച്ചത്. ഞങ്ങൾ വിദ്യാർത്ഥികളുടെ ഭാവിയെക്കരുതി അപ്പീലിന് പോകുന്നില്ലെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. പ്രവേശന നടപടികൾ സെപ്റ്റംബർ 30-ന് അവസാനിപ്പിക്കണമെന്നുള്ളതുകൊണ്ട് സുപ്രീംകോടതിയിൽ പോയില്ല എന്നുപറഞ്ഞു. ഇപ്പോൾ സുപ്രീംകോടതിയിൽ പോകാൻ പോകുകയല്ലേ; ഇപ്പോൾ നിങ്ങൾ എന്തിനാണ് സുപ്രീംകോടതിയിൽ പോകുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, P. A. Inamdar and Others Vs. State of Maharashtra കേസിന്റെ വിധി നിലവിലുള്ളിടത്തോളംകാലം സ്വാശ്രയ മേഖലയിലെ 100 ശതമാനം സീറ്റും മാനേജ്മെന്റിനുള്ളതല്ലേ; അതിനെ മറികടക്കാൻ ശ്രീ. എം. എ. ബേബി ഇവിടെ ഒരു നിയമം കൊണ്ടുവന്നല്ലോ; ആ നിയമം ഇപ്പോഴുണ്ടോ; അക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാമല്ലോ? സ്വാശ്രയ മേഖലയിലെ ഒരൊറ്റ സീറ്റും മാനേജ്മെന്റിനല്ലാതെ സർക്കാരിനില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ശ്രീ. എം. എ. ബേബിയുടെ കാലത്തുണ്ടാക്കിയ വൻതോതിലുള്ള കുഴപ്പം പരിഹരിച്ചത് ഉമ്മൻ ചാണ്ടി സർക്കാരാണ്. അത് മനസ്സിലാക്കണം. നിങ്ങളാണ് കുഴപ്പമുണ്ടാക്കിയത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതെന്താണ്? സെപ്റ്റംബർ 30 വരെ മാത്രമേ ഞങ്ങൾക്ക് സമയമുള്ളൂ, അതിനാൽ സുപ്രീംകോടതിയിൽ നിന്ന് സമയം നീട്ടി ചോദിക്കാൻ പോവുകയാണെന്നാണ്. എന്തിനാണ് സുപ്രീംകോടതിയിൽ നിന്ന് സമയം നീട്ടി ചോദിക്കാൻ പോകുന്നത്; നീറ്റ് മെരിറ്റ് സീറ്റിലെ അഡ്മിഷൻ പൂർത്തിയായിട്ടുണ്ടോ? പൂർത്തിയായിട്ടില്ല. സുപ്രീംകോടതി മഹാരാഷ്ട്ര ഗവൺമെന്റിന് സമയം നീട്ടിക്കൊടുത്തു. ഈ ഗവൺമെന്റിന് പ്രവേശന നടപടികളുടെ കാര്യത്തിൽ ഓരോ ഘട്ടത്തിലും

അവ്യക്തതയാണുള്ളത്. സർക്കാർ വേണ്ട ഗൃഹപാഠം ചെയ്യുന്നില്ല. സർക്കാർ ആശയക്കുഴപ്പമുണ്ടാക്കുന്നു. നിങ്ങൾ സുപ്രീംകോടതിയിൽ പോയിരുന്നെങ്കിൽ ഇന്ന് കേരളത്തിന് അനുകൂലമായ വിധിയുണ്ടാകുമായിരുന്നു. ആ വിധി സമ്പാദിക്കാൻ തയ്യാറാകാത്തത് സ്വകാര്യ മാനേജ്മെന്റുകളുമായി നിങ്ങൾ നടത്തിയ കൂട്ടുകച്ചവടമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ എന്താണ് നടക്കുന്നത്? പല കോളേജുകളും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ആര് നിയന്ത്രിക്കും? സുപ്രീംകോടതി വിധിപ്രകാരം സെപ്റ്റംബർ 28-നകം അഡ്മിഷൻ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ബാക്കി സീറ്റുകൾ റിപ്പോർട്ട് ചെയ്യണമെന്നാണ്. ആരെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള മൂന്ന് കോളേജുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തത്. മൂന്ന് സീറ്റാണ് സർക്കാരിന് ലഭിച്ചത്. പ്രവേശനം പൂർത്തിയായെന്നുള്ള രേഖകൾ നൽകിക്കൊണ്ട് മറ്റു മാനേജ്മെന്റുകൾ സർക്കാരിനെ വെല്ലുവിളിക്കുന്നു; മാനേജ്മെന്റ് ജെയിംസ് കമ്മിറ്റിയെ വെല്ലുവിളിക്കുന്നു; മാനേജ്മെന്റ് എൻട്രൻസ് കമ്മീഷണറെ വെല്ലുവിളിക്കുന്നു. ഞാൻ ഇന്നലെ എൻട്രൻസ് കമ്മീഷണറുമായി സംസാരിച്ചു. സുപ്രീംകോടതിയുടെ വിധിപോലും ഇതുവരെ ലഭിച്ചിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അഞ്ചു മണിവരെ ഞാൻ ചോദിച്ചപ്പോഴും അദ്ദേഹം പറഞ്ഞത് സുപ്രീംകോടതിയുടെ വിധിപ്പകർപ്പ് കിട്ടിയില്ലെന്നാണ്. എന്തുകൊണ്ടാണ് അത് ലഭിക്കാത്തത്?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, അങ്ങയോട് എന്താണ് എൻട്രൻസ് കമ്മീഷണർ സംസാരിച്ചതെന്ന് എനിക്കറിയില്ല. ഇന്നലെ ഞാനും എൻട്രൻസ് കമ്മീഷണറും സുപ്രീംകോടതി വിധിയുടെ പകർപ്പുവച്ചാണ് സംസാരിച്ചത്. അങ്ങേക്ക് എന്തുകൊണ്ട് അത് കിട്ടിയില്ല? അങ്ങേക്ക് വേണമെങ്കിൽ ഇന്റർനെറ്റിൽനിന്നും വിധിയുടെ പകർപ്പ് എടുക്കാം. സുപ്രീംകോടതി വിധിയുടെ പകർപ്പ് ലഭിക്കാൻ വേറെ എന്തെല്ലാം മാർഗ്ഗങ്ങളുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. ബി. എസ്. മാവോജിയുമായി ഞാൻ അഞ്ചുമണിവരെ സംസാരിച്ചു.

ശ്രീ. എ. കെ. ബാലൻ : സർ, ഇന്റർനെറ്റിൽനിന്നും വിധിയുടെ പകർപ്പെടുക്കാൻ പാടില്ലായിരുന്നോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇന്റർനെറ്റിൽനിന്നും ലഭിച്ചില്ല. സുപ്രീംകോടതിയിൽ നിന്ന് കിട്ടിയില്ലെന്നാണ് എൻട്രൻസ് കമ്മീഷണർ പറഞ്ഞത്. അതിനുശേഷം ലഭിച്ചുകാണും, എനിക്കറിയില്ല. ഏതായാലും ഈ കാര്യത്തിൽ വേണ്ടത്ര അവധാനത സർക്കാർ കാട്ടിയിട്ടില്ല എന്നുള്ളതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. സ്വാശ്രയ മാനേജ്മെന്റുകൾക്ക് മൂക്കുകയറിടാൻ എന്തുകൊണ്ട് ഈ സർക്കാർ ശ്രമിക്കുന്നില്ല; അതിന് കിട്ടിയ അവസരം എന്തുകൊണ്ട് പാഴാക്കി? ഓരോ കാലഘട്ടത്തിലും കിട്ടിയ അവസരങ്ങൾ പാഴാക്കി വീണ്ടും സമയം ചോദിക്കുകയാണ്. ഇവിടെ അഡ്മിഷൻ പൂർത്തിയായെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു. എവിടെയാണ് പൂർത്തിയായത്? മാത്രമല്ല, ജെയിംസ് കമ്മിറ്റിക്ക് 1300 പരാതികൾ ലഭിച്ചു. ഈ പരാതികളൊക്കെ പ്രോസസ് ചെയ്യുകയാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെ പറഞ്ഞു. 36 കോളേജുകൾക്ക് പരാതി പരിഹരിച്ചുകൊടുത്തിട്ട് എത്ര കോളേജുകൾ അത് പാലിച്ചു? ഈ സംസ്ഥാനത്തെ സ്വകാര്യ മാനേജ്മെന്റുകൾക്ക് കൊള്ളയടിക്കാനുള്ള ഏറ്റവും നല്ല അവസരമാണ് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിയാരം മെഡിക്കൽ കോളേജിന്റെ കാര്യം ഇവിടെ പറഞ്ഞു. പരിയാരം മെഡിക്കൽ കോളേജിനാണ് വമ്പിച്ച ലാഭമുണ്ടാകുന്നത്. Charity begins at home. ആദ്യം നമ്മൾ മാതൃക കാണിക്കണം. നമ്മൾ മാതൃക കാണിച്ചാൽ മറ്റുള്ളവരും മാതൃക കാണിക്കും. ഇവിടെ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അമിതലാഭം ഉണ്ടാക്കിക്കൊടുക്കാൻ വേണ്ടി ശ്രമിക്കുകയാണ്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഇവിടെ പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് പറഞ്ഞ ഫീസ് പരിയാരം മെഡിക്കൽ കോളേജുകാർ അംഗീകരിച്ചിരുന്നുവെന്നാണ്. കാരണം അത് റീസണബിളായിരുന്നു. അത് അംഗീകരിച്ചുകൊണ്ട് അവർ മുന്നോട്ടുപോയി. ഇപ്പോൾ ഏറ്റവും കൂടുതൽ ലാഭം കിട്ടുന്നത് പരിയാരം സഹകരണ മെഡിക്കൽ കോളേജിനാണ്. 2015-ൽ ലഭിച്ചതിനെക്കാൾ 1.79 കോടി രൂപയാണ്

ഫീസിനത്തിൽ പരിയാരം മെഡിക്കൽ കോളേജിന് ലഭിക്കുന്നത്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കാനുള്ള തീരുമാനം കഴിഞ്ഞ സർക്കാർ എടുത്തതാണ്. അവിടെ വലിയ തോതിലുള്ള സാമ്പത്തിക നഷ്ടമുണ്ടെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ആ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന്റെ മുഴുവൻ ഉത്തരവാദിത്വവും അവിടത്തെ ഗവേണിംഗ് കമ്മിറ്റിക്കുള്ളതാണ്. അനാവശ്യമായി ആളുകളെ തിരുകിക്കയറ്റിയും പോസ്റ്റിംഗുകൾ നടത്തിയും വലിയ നഷ്ടമുണ്ടാക്കിയതിന്റെ ഉത്തരവാദിത്വം അവിടത്തെ ഗവേണിംഗ് കമ്മിറ്റിക്കാണ്. ആ ഉത്തരവാദിത്വം പാവപ്പെട്ട വിദ്യാർത്ഥികളുടെ തലയിൽ വയ്ക്കരുത്. നിങ്ങൾ ഏറ്റെടുക്കുമ്പോൾ നിങ്ങൾക്കത് മനസ്സിലാകും. അവിടെ 24 പി.ആർ.ഒ.-മാരെ നിയമിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്; ശരിയാണോ എന്നെനിക്കറിയില്ല. അങ്ങനെ ജീവനക്കാരെ നിയോഗിച്ചതിന്റെ ഫലമായിട്ടാണ് ഇത്രയും നഷ്ടം പരിയാരം മെഡിക്കൽ കോളേജിനുണ്ടായത്.

ഇവിടെ തലവരിപ്പണമില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നലെ പത്രസമ്മേളനത്തിൽ പറഞ്ഞു. ഇന്നും അദ്ദേഹമത് ആവർത്തിച്ചു. ഇന്നലെ മലയാള മനോരമ ചാനലിലും 18-ാം തീയതി മുതൽ 21-ാം തീയതിവരെ മാതൃഭൂമിയുടെ ചാനലിലും രണ്ട് വാർത്താ പരമ്പര - ഇക്കാര്യങ്ങൾ പുറത്തുകൊണ്ടുവന്നു. സ്വാശ്രയ മാനേജ്മെന്റുകൾ വൻതോതിലുള്ള കൊള്ള നടത്തി തലവരിപ്പണം വാങ്ങുന്നുവെന്നാണ് ആ വാർത്താ പരമ്പരയിൽ പറയുന്നത്. സർക്കാർ ആ വസ്തുത പരിശോധിക്കണം. അതുസംബന്ധിച്ചുള്ള സി.ഡി. ഞാനിവിടെ മേശപ്പുറത്തു വയ്ക്കാം. ശ്രീ. ആർ. രാജേഷ് ഉൾപ്പെടെയുള്ളവർക്ക് പരിശോധിക്കാം. നിങ്ങൾ തെളിവുകൾ ചോദിച്ചല്ലോ, ഇതാണ് ആ തെളിവ്. ഈ തെളിവുള്ള സി.ഡി. അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്. (സി.ഡി. മേശപ്പുറത്തു വച്ചു). ഈ സി.ഡി. പരിശോധിക്കണം. മനോരമ ചാനലിലും മാതൃഭൂമി ചാനലിലും രണ്ടുമൂന്നു ദിവസമായി വന്ന ശബ്ദരേഖകളാണ്. ശബ്ദരേഖയ്ക്കുവേണ്ടി എന്തു ബഹളമുണ്ടാക്കിയ ആളുകളാണ് നിങ്ങൾ. ശ്രീ. എ. കെ. ബാലൻ, ശബ്ദരേഖയോട് എന്തുമാത്രം പ്രേമം കാണിച്ച ആളുകളാണ് നിങ്ങൾ. നിങ്ങൾ ഈ

ശബ്ദരേഖ പരിശോധിക്കണം. പരിശോധിച്ചാൽ നിങ്ങൾക്ക് ബോദ്ധ്യപ്പെടും. ക്യാപിറ്റേഷൻ ഫീസ് വാങ്ങുന്നില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം ഏത് ഗ്രഹത്തിലാണ് ജീവിക്കുന്നതെന്ന് എനിക്കറിയില്ല. ക്യാപിറ്റേഷൻ ഫീസ് വാങ്ങിക്കുന്നതിന്റെ ശബ്ദരേഖ പുറത്തുവരുമ്പോൾ എന്താണ് നിങ്ങൾക്കു പറയാനുള്ളത്? തലവരിപ്പണം വാങ്ങാതിരിക്കാനാണ് ഫീസ് വർദ്ധിപ്പിച്ചതെന്ന് പറഞ്ഞു. തലവരിപ്പണവും വാങ്ങുന്നു, ഫീസും കൂട്ടുന്നു, മറ്റെല്ലാ വിധത്തിലുമുള്ള കോഴയും വാങ്ങുന്നു. ഒരു മെഡിക്കൽ സീറ്റിന് 1.10 കോടി രൂപ വരെ ഫീസ് നൽകേണ്ട ദുഃസ്ഥിതി കേരളത്തിൽ സംജാതമായിരിക്കുന്നു. അതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. സർക്കാർ നിർദ്ദേശം ലംഘിക്കുന്നു, സ്പോട്ട് അഡ്മിഷൻ നടക്കുന്നു. സർക്കാരിന് എന്ത് നിയന്ത്രണമാണുള്ളത്; ഇത് തടയാൻ ഗവൺമെന്റിന് എന്തു ചെയ്യാൻ സാധിക്കും?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>) : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുന്നത് സഭ വളരെ ആദരവോടുകൂടിയാണ് കേട്ടുകൊണ്ടിരിക്കുന്നത്. അങ്ങ് ഈ കഴിഞ്ഞ നാലഞ്ചു ദിവസവും അങ്ങയുടെ സാധാരണഗതിയിലുള്ള പെരുമാറ്റം മാറ്റി വച്ചിട്ട് സഭയിൽ മുഖ്യമന്ത്രിയെപ്പറ്റി പറയാൻ പാടില്ലാത്ത പലതും പറഞ്ഞു. ഇപ്പോഴെന്താണ് പറഞ്ഞത്, "ഏത് ഗ്രഹത്തിലാണ് മുഖ്യമന്ത്രി ജീവിക്കുന്നത്" എന്നാണ്. ലോകത്ത് എവിടെയെങ്കിലും ഒരു പ്രതിപക്ഷനേതാവ് സഭയിൽ അങ്ങനെ പറയുമോ; നിങ്ങൾ പറഞ്ഞോളൂ. അങ്ങനെ പറയുന്ന പ്രതിപക്ഷ നേതാവിനോട് ഏത് നരകത്തിലാണ് നിങ്ങൾ ജീവിക്കുന്നതെന്ന് ഞാൻ ചോദിച്ചാൽ ഓർഡറിലാകുമോ. അങ്ങനെ പറയാൻ പാടില്ല. അത് സ്വയം പിൻവലിക്കണം. അങ്ങനെ പറയാൻ പാടില്ല; ഞാനങ്ങനെ ചോദിക്കാൻ പാടില്ലെന്നുമാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ശ്രീ. ജി. സുധാകരൻ പലതും പറയും. അതിനൊന്നും മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം മറുപടിക്ക് അർഹനല്ല. ...(ബഹളം)....

ശ്രീ. കെ. എം. മാണി: സർ, നരകത്തിൽ വേണ്ട. ശുദ്ധീകരണ സ്ഥലത്തെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കിടക്കണം.

ശ്രീ. ജി. സുധാകരൻ: സർ, സഭയിൽ മറുപടി പറയാൻ പാടില്ലെന്ന് പറയാൻ ഇദ്ദേഹം ആരാണ്?

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് എനിക്ക് സമയം അനുവദിച്ചതാണ്, ഞാനാണ് സംസാരിക്കുന്നത്. I am on my legs. പാവപ്പെട്ട കുട്ടികൾക്ക് കേരളത്തിൽ പഠിക്കാൻ അവസരമില്ലാത്ത സാഹചര്യമുണ്ടാകുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, സ്പോട്ട് അഡ്മിഷൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അനുവദിച്ചുവെന്നു പറയുന്നത് ശരിയല്ല. സ്വാശ്രയ മാനേജ്മെന്റുകളുടെ അലോട്ട്മെന്റ് 28-ാം തീയതിയോടുകൂടി പൂർത്തിയായി. അവർക്ക് സ്പോട്ട് അഡ്മിഷൻ നടത്താനുള്ള അനുവാദം നൽകിയിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇവിടെ പാവപ്പെട്ട കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുകയാണ്. പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ വമ്പിച്ച ഫീസ് വർദ്ധനവ് സ്വാശ്രയ മേഖലയിലുള്ളവർക്ക് അവരുടെ കൊള്ളയ്ക്കൊരു പ്രചോദനം നൽകി എന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈ രീതിയിലുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. അതിനെ അംഗീകരിക്കാൻ നിവൃത്തിയില്ല. ഇവിടെ യു.ഡി.എഫ്. എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്നു. നിരാഹാര സമരത്തോടുള്ള സർക്കാരിന്റെ സമീപനമെന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നു കാണണമെന്നൊന്നും ഞാൻ പറയുന്നില്ല. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ അവരെപ്പോയി കണ്ടു. ഇക്കാര്യത്തിൽ സർക്കാരിന്റെ നിഷേധാത്മകമായ നിലപാട് അവസാനിപ്പിക്കണം. കേരളത്തിലെ യു.ഡി.എഫ്. ഒറ്റക്കെട്ടായി ഈ സമര രംഗത്ത് നിൽക്കുകയാണ്. സർക്കാരിന്റെ പിടിവാശി അവസാനിപ്പിക്കുന്നില്ലെങ്കിൽ ശക്തമായ സമര പരിപാടികളുമായി മുന്നോട്ടു പോകുമെന്ന് പറയാൻ ഞാൻ ഈ അവസരം

വിനിയോഗിക്കുകയാണ്. ഈ പ്രശ്നത്തിലെടുത്ത നിലപാടുകൾ തികച്ചും ജനവിരുദ്ധമാണ്, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിരുദ്ധമാണ്. സ്വകാര്യ മാനേജ്മെന്റുകൾക്ക് കേരളത്തെ കൊള്ളയടിക്കാനുള്ള അവസരം നൽകിയ സർക്കാരിന്റെ നടപടി ഒരു കാരണവശാലും അംഗീകരിക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ സഭയിൽ വാക്കൗട്ട് നടത്തുന്നില്ല. ഈ സഭയിൽത്തന്നെ ഇരുന്നുകൊണ്ട് പ്രതിഷേധിക്കാൻ ഈ സമയം ഉപയോഗിക്കുകയാണ് .

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

<u>ശ്രീ. കെ. എം. മാണി</u> : സർ, സർക്കാരിന്റെ നിലപാടിൽ വലിയൊരു വൈരുദ്ധ്യമുണ്ട്. സ്വാശ്രയ കോളേജുകളിൽ തലവരിപ്പണം വാങ്ങുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണെന്ന് സർക്കാർ ഒരുപക്ഷേ സമ്മതിക്കും. വേറൊരുവശം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് 'ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയെടുക്കാം' എന്നാണ്. ഇക്കാര്യം പറഞ്ഞ് സ്റ്റാമ്പൊട്ടിച്ച് ഗവൺമെന്റിന്റെ പുറകേ നടക്കണോ. ഇത് ഗവൺമെന്റിന് സ്വയം അറിയാവുന്ന കാര്യമാണ്. ഏതെങ്കിലുമൊരു കോളേജിനെതിരെ ഇതിനോടകം നടപടി സ്വീകരിക്കുകയുണ്ടായോ; ഗവൺമെന്റിനൊരു മെഷീനറിയില്ലേ? ആ മെഷീനറിയുപയോഗിച്ചുകൊണ്ട് ഒരു നടപടിയെടുക്കാൻ ഇതുവരെ കഴിയാതെ സ്വാശ്രയ കോളേജുകളുടെയും മാനേജ്മെന്റുകളുടെയും മുൻപിൽ നിസ്സംഗരായി നിൽക്കുന്ന സർക്കാരിനെക്കുറിച്ച് ഒന്നും പറയാനില്ല. ഈ തെറ്റായ, ആക്ഷേപകരമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട്, ഫീസ് വർദ്ധനയ്ക്ക് അനുകൂലമായി നിൽക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

# IV ശ്രദ്ധ ക്ഷണിക്കൽ

## ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, നമ്മുടെ നാടിന്റെ വികസനത്തിൽ വലിയ പങ്ക് വഹിച്ചവരാണ് പ്രവാസികളും മറുനാടൻ മലയാളികളും. മുംബൈ, ദില്ലി, ചെന്നൈ, ബാംഗ്ളൂർ, കൊൽക്കത്ത, ഹൈദ്രാബാദ്, അഹമ്മദാബാദ് തുടങ്ങിയ നിരവധി നഗരങ്ങളിൽ താമസിക്കുന്ന മറുനാടൻ മലയാളികൾ നേരിടുന്ന പ്രധാന വെല്ലുവിളി യാത്രാപ്രശ്നമാണ്. പലപ്പോഴും ട്രെയിനിൽ സുരക്ഷയില്ല. ട്രെയിനിൽ മതിയായ സുരക്ഷ ഒരുക്കാൻ റെയിൽവേയോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടണമെന്നാണ് എനിക്ക് ആദ്യമായി ഉന്നയിക്കാനുള്ളത്. മറ്റൊന്ന്, മുംബൈ ഉൾപ്പെടെയുള്ള നഗരങ്ങളിൽ പ്രവർത്തിക്കുന്ന നോർക്കയുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയണം. ഇപ്പോൾ നോർക്കയുടെ പ്രവർത്തനം വളരെ ദുർബലമാണ്. ഇവിടെനിന്ന് ട്രാൻസ്ഫർ ചെയ്യുന്ന ചില ഉദ്യോഗസ്ഥർ അവിടെ ചാർജെടുത്തതിനുശേഷം ലീവെടുക്കുകയാണ്. നോർക്കയുടെ പ്രവർത്തനം ഫലപ്രദമായി നടത്താൻ അവരുടെ ആവശ്യമുണ്ട്. അതത് നഗരത്തിലുള്ള മറുനാടൻ മലയാളികളിൽനിന്ന് അവിടേക്കാവശ്യമായ ആളുകളെ റിക്രൂട്ട് ചെയ്യാനുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിക്കണം. അതിനാവശ്യമായ നിയമ ഭേദഗതിയുൾപ്പെടെ കൊണ്ടുവരണമെന്ന ആവശ്യമാണ് മുന്നോട്ടു വയ്ക്കുന്നത്.

പ്രവാസി ക്ഷേമനിധിയിൽ മറുനാടൻ മലയാളികൾക്കും ചേരാവുന്നതാണ്. എന്നാൽ ഈ ക്ഷേമനിധിയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്; ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിന് വൻ നഗരങ്ങളിലെ നോർക്ക ഓഫീസുകളിൽ സംവിധാനമൊരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറുനാടൻ മലയാളികൾക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് അവർ ആവശ്യപ്പെടുന്നുണ്ട്. അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുംബൈയിലെ കേരള ഹൗസിലെ ഹാൾ അവിടെയുള്ള മലയാളി സംഘടനകൾക്ക് ചുരുങ്ങിയ ചെലവിൽ വാടകയ്ക്ക് നൽകുന്നില്ല എന്നൊരു പരാതിയുണ്ട്. തൊട്ടടുത്തുള്ള ഒറീസ്സ ഹൗസിലാണ് പലപ്പോഴും മലയാളി സംഘടനകൾ പരിപാടി നടത്തുന്നത്. കേരള ഹൗസിൽ ചുരുങ്ങിയ ചെലവിൽ പരിപാടികൾ നടത്താൻ മലയാളി സംഘടനകൾക്ക് അവസരം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മുംബൈയിലും ഡൽഹിയിലുമൊക്കെ ജീവിക്കുന്ന മലയാളി കുടുംബങ്ങളിലെ

കുട്ടികളെ മലയാളം പഠിപ്പിക്കാനുള്ളൊരു സംവിധാനം അവിടെയുണ്ട്. – അവിടെയുള്ള മലയാളി സംഘടനകൾ ഇത് നടത്തുന്നുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ മലയാളം മിഷന് സഹായധനം പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ അതിൽ തുടർനടപടി ഉണ്ടായില്ല. ചെറിയ തോതിലുള്ള സഹായം സംസ്ഥാന സർക്കാർ സംവിധാനങ്ങൾവഴി നൽകിയാൽ മലയാള പഠനം സുഗമമായി നടത്താൻ കഴിയും. അതുകൂടി നിർവ്വഹിക്കണമെന്ന കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, തൊഴിൽസുരക്ഷ, ജീവിതസുരക്ഷ, മരണമടയുന്ന കേരളീയരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, തൊഴിൽ പ്രശ്നങ്ങൾക്കായി നിയമസഹായ സെല്ലിന്റെ രൂപീകരണം, ഐ.ടി. മേഖലയിൽ പ്രധാനമായും ബാംഗ്ലൂർ, ഹൈദ്രാബാദ് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ പ്രശ്നങ്ങൾ, നോർക്ക റൂട്ട്സിന്റെ ഓഫീസുകളുടെ വിപുലീകരണം, മലയാള മിഷന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കൽ, കേരളത്തിലേക്കുള്ള യാത്രാസൗകര്യം ഇവയൊക്കെയാണ് രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ തൊഴിലെടുക്കുന്ന കേരളീയർ നേരിടുന്ന പ്രശ്നങ്ങൾ. ഇക്കാര്യത്തിൽ കേരളത്തിനു പുറത്തുള്ള കേരളം എന്ന ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ നടപ്പിലാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അന്യസംസ്ഥാനങ്ങളിൽ മരണമടയുന്ന മലയാളികളുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് ആശ്വാസ സഹായമായി നിലവിൽ 15,000 രൂപ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ സാന്ത്വന പദ്ധതിപ്രകാരം ചികിത്സാധനസഹായവും മരണാനന്തര ധനസഹായവും പ്രവാസിക്ഷേമ ബോർഡിൽ അംഗങ്ങളായവർക്ക് അനുവദനീയമായ ആനുകൂല്യങ്ങളും നൽകിവരുന്നു. പ്രവാസി തിരിച്ചറിയൽ കാർഡ് ഇൻഷ്വറൻസ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ളതിനാൽ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കം, പ്രക്ഷോഭം ഇവയിലെല്ലാം അകപ്പെട്ടുപോകുന്ന മലയാളികൾക്ക് നോർക്ക വകുപ്പും ഡൽഹിയിലെ കേരളാ ഹൗസും കേരള ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾ നടത്തുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന അന്യസംസ്ഥാന മലയാളികൾക്ക് ഉണ്ടാകുന്ന ഏതുതരം പ്രശ്നങ്ങൾക്കും അതതു സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലേക്കുള്ള ട്രെയിൻ, വിമാന ഗതാഗത സൗകര്യം അപര്യാപ്തമാണെന്നുള്ളത്

വസ്തുതയാണ്. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും യഥാസമയം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇന്ത്യക്ക് പുറത്ത് ജോലി ചെയ്യുന്നവരുടെ തൊഴിൽ, ജീവിതസുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും അവരുടെ കൃത്യമായ വിവരങ്ങൾ മനസ്സിലാക്കുന്നതിനുംവേണ്ടി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പാസ്പോർട്ട് ലിങ്ക്ഡ് ഡാറ്റാ കളക്ഷൻ ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ചില പ്രത്യേക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര സർക്കാർ ഇടപെടേണ്ട കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകതന്നെ ചെയ്യും. മുംബൈ, ഡൽഹി, കൊൽക്കത്ത, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലെല്ലാം നോർക്കയുടെ പ്രവർത്തനം ഏതു തരത്തിൽ വിപുലീകരിക്കാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കുന്നതാണ്. അതോടൊപ്പം മുംബൈ കേരള ഹൗസിന്റെ സൗകര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അവിടത്തെ സൗകര്യങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതായിരിക്കും. മലയാളി കുടുംബങ്ങളിലെ കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നതാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, ഇതര സംസ്ഥാനങ്ങളിലെ നോർക്കയുടെ ഓഫീസിലേക്ക് കേരളത്തിൽനിന്നും ട്രാൻസ്ഫർ ചെയ്യുന്ന ജീവനക്കാർ ജോയിൻ ചെയ്തശേഷം ലീവ് എടുക്കുകയാണ് ചെയ്യുന്നത്. ഇവിടെയുള്ള ജീവനക്കാർ മുംബൈയിലോ ഡൽഹിയിലോ പോയി ജോലി ചെയ്യുന്നതിന് കുടുംബപരമായ പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ട് അവിടെയുള്ള മലയാളികളിൽനിന്ന് റിക്രൂട്ട് ചെയ്യാനുള്ള നിയമഭേദഗതിക്ക് സർക്കാർ തയ്യാറാകുമോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. പിണറായി വിജയൻ</u> : സർ, അത് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട നയത്തിന്റെ കാര്യമാണ്. അക്കാര്യത്തിൽ പ്രാദേശികമായ റിക്രൂട്ട്മെന്റ് സാധാരണ ഇല്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ട് അതു പ്രയാസമുണ്ടാക്കുമെന്നാണ് തോന്നുന്നത്.

(നോട്ടീസ് നൽകിയ അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല. യു.ഡി.എഫ്. അംഗങ്ങൾ നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## V സബ്മിഷൻ

### (1) പറമ്പിക്കുളം - ആളിയാർ നദീജല കരാർ

ശ്രീ. ബി.ഡി. ദേവസ്സി : സർ, പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം 2016 ഫെബ്രുവരി 1, സെപ്റ്റംബർ 1 എന്നീ തീയതികളിൽ കേരള ഷോളയാർ ഡാം നിറയ്ക്കുന്നതിന് ആവശ്യമായ വെള്ളം തമിഴ്നാട് വിട്ടുതരേണ്ടതാണ്. എന്നാൽ ഇതു പാലിക്കാതെ തമിഴ്നാട് കരാർ ലംഘനമാണ് നടത്തിയിട്ടുള്ളത്. ഇതിനുമുൻപും തമിഴ്നാട് കരാർ ലംഘനം നടത്തിയിട്ടുണ്ട്. 1971-ൽ നടപ്പിൽവന്ന കരാറിന്റെ കാലാവധി 25 വർഷമാണ്. കാലാവധി കഴിഞ്ഞ് ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും കരാർ കാലാനുസൃതമായി പുതുക്കിയിട്ടില്ല. കരാർപ്രകാരം ലഭിക്കുന്ന വെള്ളം ഉപയോഗിച്ചാണ് ഷോളയാർ, പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതികളിൽ വൈദ്യുതോൽപ്പാദനം നടത്തുന്നത്. ഇവിടെനിന്നും വൈദ്യുതി ഉൽപ്പാദനത്തിനുശേഷം പുറത്തു വിടുന്ന വെള്ളമാണ് ചാലക്കുടിപുഴയുടെ നീരൊഴുക്കിനും വാഴച്ചാലിന്റെ മനോഹാരിതയ്ക്കും ആതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും എറണാകുളം, തൃശ്ശൂർ ജില്ലകളിലെ അഞ്ചു മണ്ഡലങ്ങളിലെ കുടിവെള്ള പദ്ധതികൾക്കും ജലസേചനത്തിനും ഉതകുന്ന തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീമിന്റെ പ്രവർത്തനത്തിനും ചാലക്കുടിപ്പുഴയുടെ ഇരുകരകളിലുമുള്ള നിരവധി കുടിവെള്ള-ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനത്തിനും ഓരുവെള്ളം തടയുന്നതിനും ഉപയോഗിക്കുന്നത്. അതിനാൽ പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം തമിഴ്നാട്ടിൽ നിന്ന് വിട്ടുകിട്ടുന്നതിനും കാലാവധി കഴിഞ്ഞ കരാർ കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 9-11-1958 മുതൽ പ്രാബല്യത്തോടെ 29-5-1970-ൽ കേരളവും തമിഴ്നാടും ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതിയാണ് പി.എ.പി എന്ന് അറിയപ്പെടുന്നത്. ആ കരാറിന്റെ വ്യവസ്ഥയനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരമുള്ള വ്യവസ്ഥകൾ ഓരോ 30 വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാം. കരാറിന്റെ കാലാവധിയെ സംബന്ധിച്ച് ഇതിൽ പരാമർശമില്ല. കരാർ പുനരവലോകനം ചെയ്യുന്ന നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 1988-2011 വരെയുള്ള കാലഘട്ടത്തിൽ ഉദ്യോഗസ്ഥ തലത്തിലും മുഖ്യമന്ത്രി തലത്തിലും മന്ത്രി തലത്തിലും നിരവധി ചർച്ചകൾ നടന്നെങ്കിലും അധികജല

ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളത്തിനും തമിഴ്നാടിനും പരസ്പര ധാരണയിലെത്തിച്ചേരാൻ കഴിഞ്ഞില്ല. കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർ ഹൗസിൽ അളന്ന് പുറത്തുവിടേണ്ടതാണ്. കേരള ഷോളയാറിലെ ജലവിതാനം ഒരു ജലവർഷത്തിൽ നിശ്ചിത തീയതികളിൽ 2663 അടിയിൽ നിർത്തേണ്ടതാണ്. നടപ്പു ജലവർഷത്തിന്റെ തുടക്കം മുതൽ സർക്കാരും ജലസേചന വകുപ്പും സംസ്ഥാന വൈദ്യുതി ബോർഡും കരാർ വ്യവസ്ഥകൾ പാലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും 2016 സെപ്റ്റംബർ 1-ന് ജലവിതാനം 2651.4 അടിയിലെത്തിക്കുവാനേ തമിഴ്നാടിന് സാധിച്ചുള്ളൂ . പൂർണ്ണ ജലനിരപ്പായ 2663 അടിയിൽ എത്തിക്കാത്ത സാഹചര്യത്തിൽ തമിഴ്നാട് ഷോളയാർ പവർഹൗസ്-2 തുടർച്ചയായി പ്രവർത്തിപ്പിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് 1-ന്റെ പ്രവർത്തനം നിയന്ത്രിച്ച് പരമാവധി ജലം കേരള ഷോളയാറിലെത്തിച്ച്, ജലനിരപ്പ് കരാർ പ്രകാരമുള്ള അളവിൽ എത്തിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന കാലയളവിലും കരാർ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥകൾപ്രകാരം ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരളം സ്വീകരിക്കുന്നതായിരിക്കും. അന്തർ സംസ്ഥാന നദീജല കരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അയൽ സംസ്ഥാനങ്ങളുമായി തുടർചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകളാണ് സംസ്ഥാനം ആരായുന്നത്. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന് അനൗപചാരിക ചർച്ച നടത്തിയിട്ടുണ്ട്. തമിഴ്നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

## (2) മുൻസിഫ് മജിസ്ട്രേറ്റ് കോടതി

ശ്രീ. കാരാട്ട് റസാഖ് : സർ, കേരളത്തിൽ മുൻസിഫ് കോടതിയില്ലാത്ത ഏക താലൂക്കാണ് താമരശ്ശേരി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II-നെ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി കൺവെർട്ട് ചെയ്യാൻ തീരുമാനമെടുക്കുകയും എട്ട് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. എന്നാൽ ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ മൂന്നിലൊന്ന് ഉദ്യോഗസ്ഥരുടെ തസ്തികകൾപോലും

സൃഷ്ടിക്കപ്പെടാത്തതിനാൽ നാളിതുവരെയും പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. തിരുവമ്പാടി, കോടഞ്ചേരി ഉൾപ്പെടെയുള്ള മലയോര മേഖലകളിലുള്ളവർ 75 കിലോമീറ്ററിലധികം അകലെയുള്ള കോഴിക്കോട് കോടതിയെയാണ് വിവിധ സിവിൽ വ്യവഹാരങ്ങൾക്കായി സമീപിക്കുന്നത്. ഇത് പൊതുജനങ്ങൾക്ക് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതിനാൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് താമരശ്ശേരിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ താൽപര്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, പുതുതായി കോടതികൾ ആരംഭിക്കാനുള്ള ലിസ്റ്റിൽ കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെടുത്തിയത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. ഈ കോടതി പ്രവർത്തനമാരംഭിക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിക്കുകയായിരുന്നു വേണ്ടിയിരുന്നത്. അതിനുപകരം നിലവിലുണ്ടായിരുന്ന പതിനഞ്ച് തസ്തികകൾ നിലനിർത്തിക്കൊണ്ട് അധിക തസ്തികകൾ സൃഷ്ടിക്കുകയില്ലെന്ന വ്യവസ്ഥയിൽ താമരശ്ശേരി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി II-നെ മാറ്റിക്കൊണ്ട് 30-1-2012-ൽ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് 27 തസ്തികകളെങ്കിലും കൂടുതലായി അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും 12-11-2013-ലാണ് എട്ട് തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. കോടതിയുടെ സുഗമമായ പ്രവർത്തനത്തിനും കേസുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കാനുമായി അവശേഷിക്കുന്ന പത്തൊൻപത് തസ്തികകൾകൂടി സൃഷ്ടിക്കണമെന്ന 26-8-2016-ൽ ലഭിച്ച ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശയ്ക്ക് സർക്കാർ സജീവ പരിഗണന നൽകി പരിശോധിച്ചുവരികയാണ്. താമരശ്ശേരിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രാവർത്തികമാക്കുന്നതിനാവശ്യമായ മുൻഗണന സർക്കാർ നൽകുന്നതായിരിക്കും.

## (3) വയൽ കമ്മിറ്റി പുനഃസ്ഥാപിക്കൽ

ശ്രീ. സി. കൃഷ്ണൻ: സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന ഭേദഗതി വൻകിടക്കാർക്ക് മാത്രം സഹായകരമാകുന്നതായിരുന്നു. സർക്കാർ ധനസഹായം ലഭിച്ച് വീടുവയ്ക്കുന്നതിന് മൂന്നും അഞ്ചും സെന്റ് സ്ഥലം വളരെ കഷ്ടപ്പെട്ട് വാങ്ങിയവരുമുണ്ട്. 2008-നുമുമ്പ്

അനുമതിയില്ലാതെ പരിവർത്തനപ്പെടുത്തിയത് റെഗുലറൈസ് ചെയ്യുന്നതിന് ഫെയർ വാല്യുവിന്റെ 25 ശതമാനം പിഴയായി ഒടുക്കണമെന്ന വ്യവസ്ഥ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സംബന്ധിച്ച് വളരെ പ്രയാസമുണ്ടാക്കുന്നതാണ്. കൂടാതെ നേരത്തെയുണ്ടായിരുന്ന പഴയ വീട് പൊളിച്ച് പുതിയത് പണിയുന്നവർക്കും ഒന്നാം നില പണിയുന്നവർക്കും ഈ ഭേദഗതി പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. അതിനാൽ സർക്കാർ ധനസഹായം ലഭിച്ച് വീട് വയ്ക്കുന്നവർക്കും നേരത്തെയുണ്ടായിരുന്ന പഴയ വീട് പൊളിച്ച് പുതിയ വീട് പണിയുന്നവർക്കും ഒന്നാം നില പണിയുന്നവർക്കും ഭവന നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നേരത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന വയൽ കമ്മിറ്റി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവുപ്രകാരം അപേക്ഷകന് ഗൃഹ നിർമ്മാണത്തിനായി മറ്റ് ഭൂമി ലഭ്യമല്ലായെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ ചെറിയ വിസ്തീർണ്ണത്തിലുള്ളത് നികത്തുന്നതിന് ജില്ലാ കളക്ടർ അനുമതി നൽകിയിരുന്നു. 2008-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ വന്നതിനുശേഷം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നെൽവയൽ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി രൂപാന്തരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഏരിയയിൽ പത്ത് സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയായിൽ അഞ്ച് സെന്റും പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുവാൻ ജില്ലാതല അധികൃത സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇത്തരം അനുമതി നൽകുന്നത് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിലാണ്. 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽത്തന്നെ പഞ്ചായത്ത് ഏരിയയിൽ പത്ത് സെന്റും കോർപ്പറേഷൻ/മുനിസിപ്പൽ ഏരിയായിൽ അഞ്ച് സെന്റും ഭൂമി വീട് വയ്ക്കുന്നതിനായി നികത്തുന്നതിന് തടസ്സമില്ല. എന്നാൽ പ്രസ്തുത ആക്ട് നിലവിൽ വരുന്നതിനുമുമ്പ് നികന്നതോ നികത്തപ്പെട്ടതോ ആയ നെൽവയലുകൾ റെഗുലറൈസ് ചെയ്യുന്നതിനാണ് 3(A) ഭേദഗതിക്ക് മുൻ സർക്കാർ രൂപം നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3(A) ഭേദഗതി

പിൻവലിക്കുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആയത് പിൻവലിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചിട്ടുള്ളത് ഭവന നിർമ്മാണത്തിന് അനുമതി നൽകുന്നതിനായി വയൽ കമ്മിറ്റികൾ പുനഃസ്ഥാപിക്കണമെന്നതാണ്. 3(A) ഭേദഗതി പിൻവലിക്കുന്നതോടുകൂടി ഇത്തരം അപേക്ഷകൾക്ക് പ്രാദേശിക കമ്മിറ്റികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർക്ക് അനുമതി നൽകുവാൻ കഴിയും. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത നിയമത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ എന്തെങ്കിലും വ്യവസ്ഥകളുള്ളപക്ഷം ആയത് വിശദമായി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

## (4) കടൽ ഭിത്തി നിർമ്മാണം

ശ്രീമതി ഗീതാ ഗോപി : സർ, നാട്ടിക, കയ്പമംഗലം മണ്ഡലങ്ങളിൽ കടൽ ക്ഷോഭം അതിരൂക്ഷമായ സാഹചര്യത്തിലാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നാട്ടിക മണ്ഡലത്തിൽ ചിലങ്ക ബീച്ച് മുതൽ തമ്പാൻകടവ് വരെയും കയ്പമംഗലം മണ്ഡലത്തിൽ അഴീക്കോട് മുതൽ കയ്പമംഗലം വരെയും കടലാക്രമണ ഭീഷണി നേരിടുകയാണ്. ഈ പ്രദേശങ്ങളിലെ ഏക്കർകണക്കിന് സ്ഥലങ്ങൾ കടലെടുത്തു. വൻമരങ്ങൾക്കും തെങ്ങുകൾക്കും വീടുകൾക്കുപോലും വൻ ഭീഷണി നേരിടുകയാണ്. അതുകൊണ്ട് മത്സ്യബന്ധന തൊഴിലാളികളും കുടുംബങ്ങളും താമസിക്കുന്ന ഏറെ അപകടകരമായ പ്രദേശങ്ങളിൽ അടിയന്തരമായി കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സത്വര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഈ രണ്ട് മണ്ഡലങ്ങളും ഒരേ തീരപ്രദേശമായതുകൊണ്ടാണ് കയ്പമംഗലം മണ്ഡലംകൂടി ഈ സബ്മിഷനിൽ ഉൾപ്പെടുത്തിയത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, നാട്ടികയിൽ ചിലങ്ക ബീച്ചുമുതൽ തമ്പാൻ കടവുവരെ നിലവിൽ കടൽഭിത്തി ഇല്ലാത്തതിനാൽ 1800 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനായി പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന്റെ ഡിസൈൻ അനുസരിച്ച് ഡ്രൈ സോഫ്റ്റ്വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അഴീക്കോട് മുതൽ കയ്പമംഗലം വരെയുള്ള തീരപ്രദേശത്ത് 210 മീറ്റർ നീളത്തിൽ കടൽ ഭിത്തി പുനർനിർമ്മാണം നടത്തുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ നാല്

പ്രവൃത്തികൾക്കായി ഒരു കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും തൃപ്തികരമായ പ്രതികരണം ലഭിക്കാത്തതിനാൽ ടെണ്ടർ റദ്ദ് ചെയ്ത് എസ്റ്റിമേറ്റ് പുനഃസമർപ്പണം ചെയ്യുകയും ടെണ്ടർ നടപടികൾ നടന്നുവരികയും ചെയ്യുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആകെ 20 കോടി രൂപയ്ക്ക് പതിമൂന്ന് പ്രവൃത്തികൾക്കായി ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കായും എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

### (5) നാളികേര സംഭരണം

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, കേരളത്തിലെ മുപ്പത്തിയഞ്ച് ലക്ഷത്തോളം വരുന്ന നാളികേര കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. കേരളത്തിലെ നാളികേര കർഷകർ ഉൽപ്പാദിപ്പിച്ച നാളികേരം വാങ്ങാൻ ആളില്ലാത്ത ഗുരുതരമായ പ്രതിസന്ധിയാണ് ഇന്ന് നിലനിൽക്കുന്നത്. ഒരു നാളികേരത്തിന് അഞ്ച് രൂപ പോലും ലഭിക്കുന്നില്ല എന്നതാണ് പ്രധാന വസ്തുത. കൃഷിഭവനുകൾവഴി നാളികേരം സംഭരിക്കുന്ന പരിപാടി കേരള സർക്കാർ സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ കുറേക്കാലമായി നാളികേര സംഭരണം നിർത്തിവച്ചിരിക്കുന്നതിന്റെ ഫലമായി നാളികേരം വിൽക്കാൻ കഴിയാതെ, വാങ്ങാൻ ആളില്ലാതെ കർഷകർ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഇതിനൊരു പരിഹാരം കാണണമെന്നതാണ് ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാളികേരം സംഭരിച്ച വകയിൽ മൂന്ന് കോടി എഴുപത് ലക്ഷത്തോളം രൂപ കാസർഗോഡ് ജില്ലയിലെ കർഷകർക്ക് നൽകാനുണ്ട്. ഈ തുക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇടപെട്ട് സ്വീകരിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. നാളികേരം സംഭരിച്ച് സംസ്കരിക്കാനുള്ള സംവിധാനം കേരളത്തിൽ ഇല്ലെന്നതാണ് പ്രധാന വസ്തുത. കേരഫെഡിന്റെ കോഴിക്കോട്ടും കൊല്ലത്തുമുള്ള രണ്ട് ഫാക്ടറികളാണ് പ്രധാനമായും നാളികേരം സംസ്കരിക്കുന്നത്. എന്നാൽ ഈ രണ്ട് ഫാക്ടറികളിലും സംസ്കരിക്കാൻ സാധിക്കാത്ത വിധത്തിൽ, ഉൾക്കൊള്ളാൻ കഴിയാത്ത വിധത്തിൽ നാളികേരം വരുന്നുവെന്നതാണ് പ്രധാന വസ്തുത. ആയതിനാൽ കൊപ്ര സംഭരിക്കുന്നതിനുള്ള നടപടികൂടി സർക്കാർ സ്വീകരിച്ചാൽ അത് നാട്ടിലെ നാളികേര കർഷകർക്ക് വലിയൊരു ആശ്വാസമായിരിക്കും. അതൊടൊപ്പം സംഭരിച്ച നാളികേരത്തിന് വില നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വസ്തുതാപരമാണ്. പക്ഷേ നാളികേരത്തിന്റെ സംഭരണം സർക്കാർ നിർത്തിവച്ചിട്ടില്ല. നിലവിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 380 കൃഷിഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടുകൂടിയാണ് പച്ച നാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നത്. എന്നാൽ ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ സ്വയംസഹായ സംഘങ്ങൾവഴി കൊപ്രയാക്കി സൂക്ഷിക്കുന്നതിനും ആയത് കേരഫെഡ് സംസ്കരിച്ച് വെളിച്ചെണ്ണയാക്കുന്നതിനും നിലവിലുള്ള സംഭരണശേഷിയിലും ഉൽപ്പാദനശേഷിയിലും വളരെ പരിമിതികളുണ്ട്. എന്നാൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നത്ര പച്ചത്തേങ്ങ സംഭരിക്കുന്നതിനും കൊപ്രയാക്കുന്നതിനും വെളിച്ചെണ്ണയാക്കി മാറ്റുന്നതിനുമുള്ള ശ്രമമാണ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. പച്ചത്തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നു. ഇതിനെത്തുടർന്ന് നാഫെഡിന്റെ സംഭരണശേഷി കൂടി ഉപയോഗപ്പെടുത്തി കൊപ്ര സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളും ഉപയോഗിക്കാവുന്നതാണ്. പദ്ധതി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി നാളികേര വികസന ബോർഡിന്റെ കീഴിൽവരുന്ന നാളികേര ഉൽപ്പാദന കമ്പനികളെക്കൂടി നാളികേര സംഭരണത്തിന് ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. ഇപ്രകാരം മാർക്കറ്റ് ഫെഡ്, കേരഫെഡ്, നാളികേര ഉൽപ്പാദന കമ്പനികൾ തുടങ്ങിയവ മുഖേന സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയോ നാഫെഡിന് കൈമാറുകയോ ചെയ്ത് സംഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരകർഷകർക്ക് കൊടുത്തുതീർക്കാനുള്ള തുക തിട്ടപ്പെടുത്തി ആയതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും ഇതോടൊപ്പം സ്വീകരിച്ചുവരുന്നു. എന്നാൽ കേരഫെഡിന്റെ പ്രവർത്തനങ്ങളിൽ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൃഷി വകുപ്പിന്റെ സ്പെഷ്യൽ വിജിലൻസ് സെൽ പരിശോധന നടത്തുകയും പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും അതിനെത്തുടർന്ന് വിശദമായ അന്വേഷണത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തുകയും അന്വേഷണം നടന്നുവരികയുമാണ്. കുടിശ്ശിക

തുക നൽകുന്ന കാര്യത്തിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ വന്നിട്ടുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സർക്കാർ ഗ്യാരണ്ടിയോടെ വായ്പ എടുക്കുന്നതിന് കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാണ് മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 56 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ കേരഫെഡിന്റെ കണക്കുകൾപ്രകാരം 77.81 കോടി രൂപയാണ് കുടിശ്ശികയായി നൽകാനുള്ളത്. ഈ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി സർക്കാരിന്റെ വിഹിതമായ 49 കോടി രൂപ കേരഫെഡിന് ലോണെടുക്കുന്നതിനായി ഗവൺമെന്റ് ഗ്യാരണ്ടി നിൽക്കുന്ന കാര്യം ഉറപ്പുനൽകിയിട്ടുണ്ട്. ഈ ദിവസം വരെയുള്ള കണക്കുപ്രകാരം 12185 മെട്രിക് ടൺ പച്ചത്തേങ്ങ പ്രോസസിംഗ് സെന്ററുകളിലും കൃഷിഭവനുകളിലും സ്റ്റോക്കിരിക്കുകയാണ്. ഇത് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ പലസ്ഥലങ്ങളിലും നാളികേരം സംഭരിക്കുന്നതിലുണ്ടാകുന്ന പാകപ്പിഴകൾ അതാത് സമയം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (6) അദ്ധ്യാപക നിയമനം

ശ്രീ. ആർ. രാമചന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ നൂറ് വർഷത്തിലധികം പഴക്കമുള്ള ഏറ്റവും ഉയർന്ന അക്കാദമിക് നിലവാരം പുലർത്തുന്ന സ്കൂളാണ് കരുനാഗപ്പള്ളി ഹയർ സെക്കണ്ടറി ആന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ നൂറ് ശതമാനം വിജയം കൈവരിച്ച സ്കൂളാണിത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. ഈ സ്കൂളിൽ മൂവായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അദ്ധ്യാപക ബാങ്കിൽ നിന്ന് നിയമിച്ചിരുന്ന ഒൻപത് അദ്ധ്യാപകരെ ഇത്തവണ പിൻവലിച്ചു. ഇതിൽ ആറ് പേരെ തിരികെ പ്രവേശിപ്പിച്ചു. ആറ് അദ്ധ്യാപകർ കുറവുള്ള സമയത്താണ് ഒൻപത് അദ്ധ്യാപകരെ പിൻവലിക്കുന്നത്. ഈ സ്കൂളിൽ അദ്ധ്യാപകരുടെ കുറവ് ഇപ്പോഴും നിലനിൽക്കുകയാണ്. അതിനാൽ അദ്ധ്യാപകരുടെ കുറവ് എത്രയുംവേഗം പരിഹരിച്ച് സ്കൂളിന്റെ അദ്ധ്യയന നിലവാരം ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 2011-12 മുതൽ 2015-16 വരെയുള്ള അഞ്ച് വർഷങ്ങളിൽ സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തുന്നതിനോ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. 29-1-2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വർഷങ്ങളിലെ തസ്തിക നിർണ്ണയം 2016 ഏപ്രിൽ, മേയ് മാസങ്ങളിലാണ് പൂർത്തീകരിച്ചത്. പ്രസ്തുത കാലയളവിൽ കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എല്ലാ വർഷവും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായെങ്കിലും തസ്തിക നിർണ്ണയം നടക്കാതിരുന്നതിനാൽ വർദ്ധിച്ചുവരുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപകരുടെ തസ്തികകൾ അനുവദിച്ച് നിയമനം നടത്താൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പഠനാവശ്യങ്ങൾ നിറവേറ്റുന്നതിനായി 2015-16-ൽ എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള 15 സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിച്ച് പ്രസ്തുത സ്കൂളിലെ അദ്ധ്യാപക ക്ഷാമം പരിഹരിച്ചു. 2016-17-ൽ സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസ നടപടികളുടെ ഭാഗമായി അദ്ധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനും സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നവർക്ക് നിയമനം നൽകുന്നതിനും വേണ്ടിയാണ് കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ വിന്യസിച്ചിരുന്ന 15 അദ്ധ്യാപകരെ മാറ്റിയത്. ഇതിനുപകരമായി പ്രസ്തുത വിദ്യാലയത്തിലേക്ക് 8 അദ്ധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയും രണ്ട് സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചും പത്ത് ഒഴിവുകൾ നികത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ഇപ്പോൾ 15 ഒഴിവുകൾ നിലനിൽക്കുന്നില്ല. അവശേഷിക്കുന്ന ഒഴിവുകളിലേക്ക് അടിയന്തരമായി അദ്ധ്യാപകരെ നിയമിക്കാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

1. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1662, പതിനാറാം സമ്മേളനത്തിലെ 1578, 1590 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 6092, പതിനഞ്ചാം സമ്മേളനത്തിലെ 3217 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

മി. സ്പീക്കർ : ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്യുന്നു.

(സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം കോൺഗ്രസ്സ് (എം), ബി.ജെ.പി. എന്നിവയൊഴികെയുള്ള പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്തു.)

ഓർഡർ..... ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 3-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.09-ന് പിരിഞ്ഞു.)

---